

# എന്റെ പുസ്തകം

സണ്ണി മാളിയേക്കൽ

(Autobiography)
**ENTE PUSTHAKAM**
by: **Sunny Maliakel**
First Edition: July 2017
Type Setting & Layout
Mariya Graphics, Tripunithura
Printing: St. Francis Press, Cochin - 18
Cover Design:  Jose Graphic
Copy Right:  Anney Sunny
Publishers: Alunkal Publications, Kandanad -
682 305
Distribution: Surya Publication
Price: 100.00



എറണാകുളം ജില്ലയിലെ ആലുവ തോട്ടയ്ക്കാട്ടുകര മാളിയേക്കൽ പൈലോയുടേയും, ശ്രീമതി ലീലാമ്മ പൈലോയുടേയും മകനായി 1960ൽ ജനനം. ആലുവ സെന്റ്മേരീസ് സ്കൂൾ, സെറ്റിൽമെന്റ് ഹൈസ്കൂൾ, യു.സി. കോളേജ്, എസ്.എം.വി. എന്നിവിടങ്ങളിലായി വിദ്യാഭ്യാസം.

1984 മുതൽ അമേരിക്കയിൽ പ്രവാസി ജീവിതം നയിക്കുന്നു. റെസ്റ്റോറന്റ് ബിസിനസ് രംഗത്ത് വർഷങ്ങളുടെ പ്രവർത്തിപരിചയം നേടാൻ കഴിഞ്ഞു എന്നു മാത്രമല്ല, പ്രവാസി മലയാളികളുടെ പ്രശ്നങ്ങളിൽ ഇടപെട്ടും, അവരുടെ കലാ സാഹിത്യ രംഗം പരിപോഷിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. കൊച്ചിൻ കലാഭവൻ തുടങ്ങി സിനിമാ സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവരെ അമേരിക്കൻ മലയാളികൾക്ക് പരിചയപ്പെടുത്തുകയും, ഏഷ്യാനെറ്റ് ടിവിയുടെ പ്രക്ഷേപണം അമേരിക്കയിൽ കൊണ്ടുവരാൻ ശ്രമിച്ചു എന്നതും എടുത്തു പറയേണ്ടതാണ്. ഇപ്പോൾ ഇന്ത്യാ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ടെക്സാസ് പ്രസിഡന്റായി പ്രവർത്തിക്കുന്നു.

ഭാര്യ: ആനി സണ്ണി
മക്കൾ:– സൂസൻ, സക്കറിയ, റ്റാമി.
മരുമക്കൾ:– അലക്സ് വൈദ്യൻ, ജിറ്റോ സെബാസ്റ്റ്യൻ.
പേരക്കുട്ടികൾ:– ഒലീവിയ ആൻ സെബാസ്റ്റ്യൻ, നോഹ അലക്സ്
വിലാസം:– 6105 Basker Ville dr. Rock Wall-Texas-75087, U.S.A.

# അവതാരിക

സ്നേഹമുള്ള സണ്ണിയ്ക്ക്,

അപ്രതീക്ഷിതമായിട്ടാണ് ഞാനതു കണ്ടത്! നീ മെയിലിൽ കൂടി അയച്ചു തന്ന നമ്മുടെ പഴയ കഥകൾ! എല്ലാം ഞാൻ വായിച്ചു. ഇത്രനാളായിട്ടും ഇതെല്ലാം നീ ഓർത്തിരിക്കുന്നല്ലോയെന്നോർത്ത് എനിക്കതിശയം തോന്നി.!!!

ചാക്കോസാറിന്റെ പറമ്പിലെ പഞ്ഞിമരത്തിൽ നിന്നും കാറ്റത്ത് അപ്പൂപ്പൻ താടി വേർപെട്ട് ഒഴുകിനടക്കുന്നതും അതിനെ പിടിക്കാൻ മോളി പിന്നാലെ ഓടിയതും, ആലീസു പുസ്തകത്താളിൽ മയിൽപ്പീലി ഒളിപ്പിച്ചുവച്ച കാര്യങ്ങളൊക്കെ നീ എഴുതിയതു വായിച്ചപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി. സത്യത്തിൽ മനസ് ആ പഴയകാലത്തിലേക്കു പോയി.

തീർച്ചയായും ഇതെല്ലാം ഭംഗിയായി എഴുതി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണം. എല്ലാവർക്കും ഇഷ്ടപ്പെടും. ഞാനും അച്ചാച്ചനും കൂടി അമേരിക്കയിലേക്കു പോന്നപ്പോൾ, നമ്മുടെ ആലുവായിലെ വീട്ടിൽ നീയൊരു ജ്യോതിഷക്കാരനെ താമസിപ്പിച്ച വിവരം ഞാനിപ്പോഴാണ് അറിയുന്നത്. ഇതിനിടയിൽ നീ ജ്യോതിഷവും പഠിച്ചോ.?

നമ്മുടെ അച്ചാച്ചനെക്കുറിച്ച് നീ എഴുതിയത് വായിച്ചപ്പോൾ സത്യത്തിൽ കണ്ണു നിറഞ്ഞു പോയി. കൂടുതലൊന്നും ഞാൻ എഴുതുന്നില്ല. എത്രയും വേഗം ബാക്കി കൂടി എഴുതി പുസ്തകരൂപത്തിലാക്കണം.

സ്നേഹപൂർവ്വം

കുഞ്ഞാച്ചൻ

*(എന്റെ ചേട്ടൻ മരിക്കുന്നതിനു മാസങ്ങൾക്കു മുൻപേ എഴുതിത്തുടങ്ങിയ ആത്മകഥയുടെ ചില ഭാഗങ്ങൾ ഞാൻ അയച്ചുകൊടുത്തു. വായിച്ചിട്ട് എനിക്കെഴുതിയ മറുപടിയുടെ മലയാള പരിഭാഷ.)*

# മുഖവുര

അപ്പൂപ്പൻ താടിയും, മയിൽപ്പീലിയും പാറി നടക്കുന്ന എന്റെ ഗ്രാമം.....! എന്റെ സ്വപ്നങ്ങളും, ചിന്തകളും, സ്നേഹവും, ബന്ധ ങ്ങളും അങ്ങിനെ എനിക്കു പ്രിയപ്പെട്ടതെല്ലാം പങ്കുവച്ച എന്റെ നാട്.....!!

ഇനിയെനിക്ക് ഓർമ്മ മാത്രം!!!

നെൽക്കതിരുകളും തെങ്ങോലകളും കണികണ്ടുണരാൻ ഒരിക്കലും എനിക്കാവില്ലന്നറിയാം. ആ നിമിഷങ്ങളെല്ലാം ഓർമ്മയുടെ ചെപ്പി ലേക്കു വഴിമാറിപ്പോയി. വർഷങ്ങൾക്കു മുൻപ് എന്റെയൊരു സുഹൃത്തു പറഞ്ഞു:–

“ഏഴു ദിവസത്തിനകം ഏഴുകടലും കടന്നു നീ അമേരിക്കയിലേക്കു പോകും. പിന്നെ ഒരിക്കലും തിരിച്ചുവരില്ല”....!!!

അച്ചട്ടായിരുന്നു ആ വാക്കുകൾ. മഞ്ഞു വീഴ്ചയും, കുളിർകാറ്റും നിറഞ്ഞൊരു സായാഹ്നത്തിൽ അതായത് 32 വർഷങ്ങൾക്കു മുൻപ് അമേരിക്കൻ മണ്ണിൽ പറന്നിറങ്ങിയ എന്റെ പ്രവാസി ജീവി തകഥയാണിത്.

ആത്മകഥ എഴുതണമെന്നുള്ള ആഗ്രഹംമനസിൽ ഉരുണ്ടു കൂടിയപ്പോൾ, കുറിച്ചിട്ട വരികൾ വായിച്ച എന്റെ ചേട്ട നിൽ നിന്നു കിട്ടിയ മറുപടിയാണ് മുഴുവനായി എഴുതി പൂർത്തീക രിക്കാൻ എനിക്കുണ്ടായ പ്രചോദനം. അച്ചടിമഷി പുരളുന്ന എന്റെ ആദ്യകൃതി.

ആദ്യ പകുതിയിൽ എന്റെ ബാല്യവും, രണ്ടാം പകുതിയിൽ പ്രവാസി ജീവിത അനുഭവങ്ങളും. പിന്നിട്ട വഴികളിലൂടെ ഒരു തിരിഞ്ഞുനോട്ടം. സ്നേഹവും, നൊമ്പരവും കൂടിക്കലർന്ന ജീവി തത്തിന്റെ അകത്തളങ്ങളിലേക്ക് ഉറ്റുനോക്കാൻ നടത്തുന്ന ശ്രമം.

ആരേയും വേദനിപ്പിക്കണം എന്ന ഉദ്ദേശത്തിൽ ഒന്നും എഴു തിയിട്ടില്ല. അങ്ങനെ തോന്നുന്നുവെങ്കിൽ മാപ്പ്. നന്ദിയോടെ

ഓർക്കേണ്ട മുഖങ്ങളെപ്പറ്റി പറഞ്ഞില്ലെങ്കിൽ അതൊരു നന്ദി കേടാണല്ലോ എന്നതിരിച്ചറിവോടെ എഴുതട്ടെ

നാളുകൾക്കുമുൻപ് ഞാൻ കുത്തിക്കുറിച്ചിട്ട എന്റെ ജീവിതാനുഭവകഥകൾ ഒരു കാലിഫോർണിയാ യാത്രയിലാണ് ശ്രീ. ജോസ് ആലുങ്കലിനെ ഞാൻ കാണിക്കുന്നതും സംസാരിക്കുന്നതും. അദ്ദേഹം അതെല്ലാം അടുക്കും ചിട്ടയോടും കൂടി ഒരഭ്രകാവ്യം പോലെ രചന നിർവ്വഹിക്കുക മാത്രമല്ല. ഇതൊരു പുസ്തകരൂപത്തിലാക്കാൻ കൂടി എന്നെ സഹായിക്കുകയും ചെയ്തത് ഞാൻ നന്ദിയോടെ ഓർക്കുന്നു.

സ്നേഹപൂർവ്വം

സണ്ണി മാളിയേക്കൽ

# പ്രസാധകക്കുറിപ്പ്

അന്നം തേടി പറന്നുപോകുന്ന പറവ. അതുതന്നെയല്ലേ മനുഷ്യന്റെ പ്രവാസവും? വേദനയാണ് പ്രവാസം. ഗ്രന്ഥകർത്താവ് ഒരിടത്ത് പറയുന്നുണ്ട്. ലോകത്തിന്റെ ഏതു കോണിൽ ഇരുന്നാലും ഞാനടക്കമുള്ള ഏതു മലയാളിയേയും മോഹിപ്പിക്കുന്നൊരു വികാരമുണ്ട്. എന്റെ നാട്! ഞാൻ പഠിച്ച വിദ്യാലയം!!

ജന്മനാടും, ബന്ധങ്ങളും ഉപേക്ഷിച്ച്, അന്യമായൊരിടത്ത് വേറിട്ട രീതികൾ പേറി ജീവിക്കുന്ന മനുഷ്യർ. മനസുകൊണ്ടെങ്കിലും പ്രവാസികളാകാത്ത ഒരാളുപോലും ഉണ്ടാകില്ല ലോകത്തിൽ. ശ്രീരാമന്റെ വനവാസംപോലും മറ്റൊരു തലത്തിൽ പ്രവാസമാണ്. നമ്മുടെ രാഷ്ട്രപിതാവ് പോലും 25 വർഷക്കാലം പ്രവാസജീവിതത്തിലായിരുന്നു. പക്ഷേ ഒരു കാര്യം പ്രവാസം മനുഷ്യന് കരുത്തും, ആത്മധൈര്യവും പകരുന്നു എന്നത് സത്യമായ കാര്യമാണ്.

പിന്നിട്ട കാലവും അതിന്റെ സുവർണ്ണ നിമിഷങ്ങളും ഓർമ്മയുടെ ചെപ്പിൽ അടച്ചുപൂട്ടി അമേരിക്കയിൽ കുടിയേറി അവിടുത്തെ ജീവിതാനുഭവങ്ങൾ ഒരു കഥവായിക്കുന്ന ലാഘവത്തോടെ വിവരിക്കുന്ന ഗ്രന്ഥകർത്താവിന്റെ രചനാശൈലി വളരെ ശ്ലാഘനീയം തന്നെ. ശാലീനസുന്ദരമായൊരു അന്തരീക്ഷത്തിൽ ജനിച്ചു വളർന്നതുകൊണ്ടായിരിക്കാം ആ ഓർമ്മകളും ആ മനസും ഇന്നും കൈമോശം വന്നിട്ടില്ല. ഈ പുസ്തകം നിങ്ങൾക്ക് നല്ലൊരു വായനാനുഭവം തരും എന്നതിൽ ഒരു സംശയവും വേണ്ട.

ആലുങ്കൽ പബ്ലിക്കേഷൻസ്
എറണാകുളം – കൊച്ചി, ഇന്ത്യ

# 1

**".....ഏതായാലും സണ്ണിക്കുട്ടി ആ ചെയ്തത് ഒട്ടും ശരിയായില്ല. ഒന്നല്ലങ്കി പഠിച്ചുനടക്കുന്ന കുട്ടിയല്ലേ? ആ പെങ്കൊച്ചിന്റെ ജീവിതം നശിച്ചില്ലേ?"**

**അ**മ്മച്ചിയുടെ മടിയിൽക്കിടന്നു ഞാൻ കഥ കേൾക്കും.

എന്റെ പ്രിയ വല്ല്യവല്ല്യമ്മച്ചി.

അമ്മയുടെ അപ്പന്റെ അമ്മ. മൂന്നു തലമുറയുടെ സ്നേഹം നുകർന്ന എന്റെ ബാല്യം. സ്നേഹത്തിൽ പൊതിയുമായിരുന്നു വല്ല്യവല്ല്യമ്മച്ചി.

"നിന്നെ എപ്പോഴും ഒരു മുലപ്പാലിന്റെ മണമാണല്ലോടാ..."?

അപ്പോൾ ഞാൻ പറയും:–

"വല്ല്യമ്മച്ചിയെ മുറുക്കാന്റെ മണമാണെന്ന്."

വല്ല്യവല്ല്യമ്മച്ചി നന്നായി മുറുക്കും. ആ മണം ഇപ്പോഴും എന്റെ ശ്വാസത്തിലുണ്ട്. ഇന്ന് ആരെങ്കിലും വെറ്റില മുറുക്കുന്നതുകാണുമ്പോൾ, അറിയാതെ എന്റെ മനസ് വല്ല്യമ്മച്ചിയിലേക്ക് ഓടിയെത്തും. എനിക്കത്ര ഇഷ്ടമായിരുന്നു. അതിനൊരു കാരണമുണ്ട്. എനിക്കൊന്നു സംസാരിയ്ക്കണമെങ്കിൽ തല ഉയർത്തി മുകളിലേക്കു നോക്കേണ്ട ആവശ്യം ഇല്ല. നാലോ അഞ്ചോ വയസു മാത്രം പ്രായമുള്ള എന്റെ പൊക്കം ഊഹിക്കാമല്ലോ? അത്രയും പൊക്കമേ വല്ല്യമ്മച്ചിക്ക് ഉണ്ടായിരുന്നുള്ളൂ. പ്രായാധിക്യം കൊണ്ടു സംഭവിച്ചു പോയൊരു കൂന്.

എന്റെ വിനോദങ്ങൾ രണ്ടാണ്. സമയംകിട്ടുമ്പോഴെല്ലാം

മുലപ്പാൽ കുടിക്കുക. ഏഴുവയസുവരെ മുലപ്പാൽ കുടിക്കുമായിരുന്നു. പിന്നെ വല്ല്യമ്മച്ചിയുടെ കഥകേൾക്കലും.

സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം തടുക്കുപായും വിരിച്ചിട്ട് വല്ല്യമ്മച്ചിയുടെ മടിയിൽക്കിടന്നു ഞാൻ കഥ കേൾക്കും. പേടിപ്പിക്കുന്ന കഥകൾ പറയും വല്ല്യവല്ല്യമ്മച്ചി. പകൽ സമയങ്ങളിൽ കുട്ടികൾ കാട്ടിക്കൂട്ടുന്ന വികൃതികൾക്ക് അന്ന് പ്രായമായ അമ്മമാർ കൊടുക്കുന്ന ശിക്ഷയാണ് ഉറങ്ങാൻ നേരം പേടിപ്പിക്കുന്ന കഥകൾ പറഞ്ഞുകേൾപ്പിക്കുക എന്നത്. അങ്ങിനെയാണ് ദേ... മാക്കാൻ വരണ്, ദേ... കോക്കാൻ വരണ് എന്ന പദപ്രയോഗങ്ങൾതന്നെ ഞാൻ കേട്ടുതുടങ്ങിയത്.

അപ്പോഴേക്കും ചെവികൾ പൊത്തി കണ്ണുകൾ ഇറുക്കി അടച്ചുകിടക്കും ഞാൻ. പിന്നെ അറിയാതെ ഉറങ്ങിപ്പോകും.

പിറ്റേ ദിവസം വല്ല്യമ്മച്ചിക്കിട്ട് ഞാനൊരു പണികൊടുക്കും. വലിയ തേങ്ങാക്കുട്ടയുടെ അടിയിൽ കയറി ഒളിച്ചിരിക്കും. എന്നെ എല്ലായിടത്തും അന്വേഷിക്കും. അവസാനം തേങ്ങാക്കുട്ടയുടെ അടിയിൽ കയറി ഒളിച്ചിരിക്കുന്ന എന്നെ കണ്ടുപിടിച്ച് നല്ല തല്ലുതരും. എന്നെ തല്ലാനുള്ള അധികാരം വല്ല്യമ്മച്ചിയ്ക്കാണ്. പലപ്പോഴും ഓരോന്നു പറഞ്ഞ് ചേച്ചിമാർ എന്നെ പ്രകോപിപ്പിക്കുമ്പോൾ ഞാൻ നല്ല തല്ലുകൊടുക്കും. അച്ചാച്ചൻ ഈർക്കിലിയുമായി വന്ന് എന്നെ അടിക്കും. ആ സന്ദർഭങ്ങളിൽ വല്ല്യവല്ല്യമ്മച്ചി രക്ഷയ്ക്കായി ഓടിയെത്തും. എന്നിട്ടു പറയും:–

“പെമ്പിള്ളേര് കെടന്നു തുള്ളിതുള്ളി എന്റെ മോനെ തല്ലുകൊള്ളിച്ചിട്ടു കിടന്നു ചിരിക്കണതു കണ്ടോ”?

എനിക്കു ചെറിയൊരു അസുഖം വന്നാൽപ്പോലും വല്ല്യവല്ല്യമ്മച്ചിയുടെ ആധിയും, പ്രയാസവും ഇന്നും ഞാനോർക്കുന്നു. പകൽ മുഴുവൻ വല്ല്യവല്ല്യമ്മച്ചി ചിന്തയിലായിരിക്കും. രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ എന്നോടു പറയേണ്ട

പേടിപ്പിക്കുന്ന കഥകളെക്കുറിച്ചുള്ള ചിന്തയിൽ.

ചിലപ്പോൾ പണിക്കാരൻ അയ്യപ്പന്റെ കഥ പറയും. ഞാൻ ഇന്നും ഓർക്കുന്നു അയ്യപ്പനെ. തെക്കേപറമ്പിന്റെ മൂലയ്ക്ക് ഒരു പന നില്പുണ്ട്. പറമ്പുകിളയ്ക്കുമ്പോൾ അവിടം മാത്രം ഒഴിച്ചിടും. വീട്ടിൽ എല്ലാവരും പറഞ്ഞു ഇത്തവണ പറമ്പു കിളയ്ക്കുമ്പോൾ അവിടം കൂടിയൊന്നു കിളയ്ക്കണമെന്ന്. അയ്യപ്പൻ കിളച്ചുകൊണ്ടിരുന്നപ്പോൾ അയൽവക്കത്തുള്ള പലരും തടസം പറഞ്ഞു. അയ്യപ്പൻ കേട്ടില്ല. പണി കഴിഞ്ഞ് പുഴയിൽ കുളിയ്ക്കാൻപോയ അയ്യപ്പൻ പുഴയിലെ കൽക്കെട്ടിൽ വീണു. കണ്ടുനിന്നവർ ഓടിച്ചെന്നു അയ്യപ്പനെ പൊക്കിയെടുത്തു.അപ്പോൾ ദേഹത്തു മുഴുവൻ നെല്ലിക്കാമുഴുപ്പുള്ള കുരുക്കൾ. ഈ കഥ പൊടിപ്പും തൊങ്ങലു മൊക്കെ ചേർത്ത് വല്ല്യമ്മച്ചി പറഞ്ഞു തുടങ്ങുന്നത് ഇങ്ങനെയാണ്.

“പണി കഴിഞ്ഞ അയ്യപ്പൻ ഷാപ്പിൽ കയറി കള്ളും മോന്തി ഒരു ചൂട്ടും കത്തിച്ചു പിടിച്ച് വീട്ടിലേക്കു പോകുകയായിരുന്നു. (വഴിവിളക്ക് ഇല്ലാത്ത കാലമായതിനാൽ അക്കാലത്ത് രാത്രികാലങ്ങളിൽ യാത്ര ചെയ്യുമ്പോൾ സാധാരണ തെങ്ങിന്റെ ഉണങ്ങിയ ഓല കൂട്ടിക്കെട്ടി അതു കത്തിച്ചുകൊണ്ടു നടക്കുമായിരുന്നു. ഇന്നത്തെ കുട്ടികൾക്ക് ഒരു പക്ഷേ ഇത് അറിയാൻ സാദ്ധ്യതയില്ല.) വീട്ടിൽച്ചെന്ന അയ്യപ്പൻ ചൂട്ടുകെട്ട് കുത്തിക്കെടുത്തിയപ്പോൾ, നാലു കണ്ണും, നാലു കൈകളും ഉള്ള ഒരു രൂപം തൊട്ടു മുൻപിൽ. ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ ഏതു കുട്ടിയാ പേടിക്കാത്തത്.

ആലുവ തോട്ടയ്ക്കാട്ടുകരയിലാണു ഞങ്ങളുടെ വീട്. അതിനോട് അടുത്തുതന്നെയാണ് അമ്മവീടും. ചേട്ടന്റേയും, ചേച്ചിമാരുടേയും തണലിൽ എന്റെ കുട്ടിക്കാലം വളരെ രസകരമായിരുന്നു. വേനൽ അവധി ആകുമ്പോൾ ഞങ്ങളെല്ലാം അമ്മവീട്ടിൽ ഒത്തുകൂടും. പിന്നെ ഒന്നര മാസത്തെ ആഘോഷപരിപാടിയുടെ കൊടിയേറ്റം.

ആത്മകഥയുടെ രചന തുടങ്ങിയപ്പോഴാണ് മനസ് ആ പഴയ കാലത്തേക്കു ഊളിയിട്ടു പോയത്. ബന്ധുവീടുകളിൽ നിന്നുള്ള സമപ്രായക്കാരായ മറ്റു കുട്ടികളും ഉണ്ടാകും. അതിൽ ശാന്തക്കുട്ടിയോടാണ് എനിക്കേറെ ഇഷ്ടം. കാരണം കട്ടിയുള്ള പേപ്പർ കൊണ്ട് ശാന്തക്കുട്ടി വളരെ മനോഹരമായി കടലാസു തോണിയുണ്ടാക്കും. മുറ്റത്തെ ചക്കരമാവിന്റെ കൊമ്പത്തുകെട്ടിയ ഊഞ്ഞാലിൽ ഓരോരുത്തരായി ആട്ടം തുടങ്ങുമ്പോഴാണ് തെല്ലുമാറിയിരുന്ന് ശാന്തക്കുട്ടി തോണിയുടെ നിർമ്മാണം തുടങ്ങുന്നത്. ഊഞ്ഞാലാട്ടമായിരിക്കും എല്ലാ ദിവസത്തേയും അവസാന ഇനം. പിന്നെ ഞങ്ങളെല്ലാവരും ശാന്തക്കുട്ടി ഉണ്ടാക്കിയ തോണിയും കൊണ്ട് തെക്കേ പറമ്പിലെ കുളക്കടവിലേക്കു പോകും. കുഞ്ഞോളങ്ങൾ വന്നു മുത്തമിടുന്ന കുളക്കടവിലെ കൽവരമ്പത്ത് ഞങ്ങളിരിക്കും. നീറ്റിലിറക്കുന്ന തോണിയിൽ വയ്ക്കാനായി സൗരഭ്യമുള്ള ചെറുപൂക്കളുമായി അപ്പോഴേയ്ക്കും കുഞ്ഞാറ്റയും എത്തും. ഞങ്ങളുടെ ഒരു അകന്ന ബന്ധുവിന്റെ മകൾ കുഞ്ഞാറ്റ.

ഇന്ന് കുഞ്ഞാറ്റയെക്കുറിച്ച് ഓർക്കുമ്പോൾ അറിയാതെ മനസ് തേങ്ങിപ്പോകുന്നു. തിമിർത്തുപെയ്യുന്ന ഒരു മഴയത്ത് ഒറ്റയ്ക്ക് അവൾ ഉണ്ടാക്കിയ കടലാസുതോണി കുളത്തിലൂടെ ഒഴുക്കാൻ പോയതാണ്, ആരും കാണാതെ. വൈകുന്നേരം നാലുമണി. നാലുമണിയ്ക്ക് ഒരു പ്രത്യേകതയുണ്ട്. അമ്മിണിക്കുഞ്ഞമ്മ ഓട്ടുപാത്രത്തിൽ കോലുകൊണ്ട് അടിച്ചു ശബ്ദമുണ്ടാക്കും. പിന്നെ ഞങ്ങളെല്ലാം ഊണു മുറിയിലേക്കുള്ള ഓട്ടമായിരിക്കും. കുഞ്ഞമ്മ ഉണ്ടാക്കിയ പായസം കഴിയ്ക്കാൻ. എല്ലാവരും ഓടിയെത്തി. പക്ഷേ കുഞ്ഞാറ്റ മാത്രം എത്തിയില്ല. പലരും പലവഴിക്ക് ഓടി. രാത്രിയുടെ ഏതോ സമയത്ത് പണിക്കാരൻ ചോതി ചലനമറ്റ കുഞ്ഞാറ്റയുടെ ശരീരവുമായി എത്തി. രാത്രിയുടെ ഏകാന്തതയിലിരുന്ന് ഈ വരികൾ കുറിച്ചപ്പോൾ മനസിലൊരു തേങ്ങൽ.

വേനൽ അവധിയും കഴിഞ്ഞ് തിരിച്ചു വീട്ടിലെത്തിയാലും മനസ് ് അമ്മവീട്ടിൽ തന്നെയായിരിക്കും. ആ വിഷമം മാറ്റാനായി ഞാൻ പുഴക്കടവിലേക്കു പോകും. ഞങ്ങളുടെ വീടിനോടു ചേർന്നാണ് ആലുവാപ്പുഴ. എന്നിട്ടു നിരനിരയായി കിടക്കുന്ന കെട്ടുവള്ളങ്ങൾ കാണും. അതൊരു കാഴ്ച തന്നെയാണ്. കുടുംബസമേതം കുളിച്ചു താമസിക്കുവാൻ കെട്ടുവള്ളങ്ങളിൽ വരുന്നവർ. പാചകം ചെയ്യലും താമസവും എല്ലാം വള്ളത്തിൽ. ചിലർ പുഴയിൽ ചൂണ്ടയിട്ട് മീൻ പിടിക്കും. അതുതന്നെയാണ് “നദി” യെന്ന പഴയകാല സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നതും.

സിനിമാ തീയേറ്ററിലെ വെള്ളിത്തിരയിൽ മാത്രം കണ്ടിരുന്ന നസീറിനേയും, ശാരദയേയും ഞാൻ നേരിൽകണ്ടത് ഈ സിനിമയുടെ ചിത്രീകരണവേളയിലാണ്.

വിരസത മാറ്റാനായി ഞാൻ കളിപ്പാട്ടങ്ങൾ ഉണ്ടാക്കും. തെങ്ങിന്റെ ഓലകൊണ്ടുള്ള ഓലപ്പന്ത്, ഓലപ്പാമ്പ്, ഓലപ്പീപ്പി, ഓലവാച്ച് ഇതു കാണുമ്പോൾ ചേച്ചിമാരും ഓടിയെത്തും. അവര് ചിരട്ടയിൽ മണ്ണുകൊണ്ട് മണ്ണപ്പം ഉണ്ടാക്കും. എന്നേയും കളിയിൽ കൂട്ടും. ഇലകളൊക്കെ കൊണ്ടുവന്ന് ചെറുതായി അരിഞ്ഞ് ചിരട്ടയിലാക്കി മൂന്ന് കല്ലുകൾ കൊണ്ട് അടുപ്പു മാതിരി ഉണ്ടാക്കി പാചകം ചെയ്യലും, ഞാൻ കൈയ്യും കഴുകി ഭക്ഷണം കഴിക്കാൻ വരുന്നതുമെല്ലാം ഓർത്ത് ഇന്നും ഞാൻ ചിരിക്കാറുണ്ട്.

“നിങ്ങടെ കളികഴിഞ്ഞ് ചിരട്ട വലിച്ചെറിയല്ലേ. ഇസ്തിരിപ്പെട്ടിയിൽ ഇട്ടു കത്തിക്കാനുള്ളതാ”ണെന്നും പറഞ്ഞ് വല്ല്യമ്മച്ചി അപ്പോഴേക്കും വഴക്കു പറഞ്ഞുകൊണ്ടുവരും. തേപ്പുപെട്ടിയിൽ ചിരട്ട ഇട്ടുകത്തിച്ച് കനലാക്കി അതിന്റെ ചൂടുകൊണ്ടാണ് വസ്ത്രങ്ങളെല്ലാം പണ്ടുകാലത്ത് അയേൺ ചെയ്തിരുന്നതെന്ന് ഇന്നത്തെ കുട്ടികളോടു പറഞ്ഞാൽ അവർ നമ്മേ കളിയാക്കും ശിലായുഗത്തിൽ ജനിച്ചവരെന്നു പറഞ്ഞ്.

വല്ല്യമ്മച്ചിയുടെ മൂത്ത മകനായിരുന്നു എന്റെ അമ്മയുടെ അപ്പൻ. ചെങ്ങന്നൂരിൽ ജനിയ്ക്കുകയും, പിന്നീട് ജോലി സംബന്ധമായി കോട്ടയത്തു പാമ്പാടിയിൽ താമസിയ്ക്കുമ്പോഴായിരുന്നു കല്ല്യാണമെന്നും, വല്ല്യമ്മച്ചിയുടെ പിതാവ് പേരുകേട്ട വിഷഹാരി ആയിരുന്നെന്നും പറഞ്ഞുകേട്ടിട്ടുണ്ട്.

എന്റെ പിതാവ് കോട്ടയത്തു ജനിച്ചു വളർന്ന് കോട്ടയം സി.എം.എസ് കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം ബർമ്മാഷെൽ കമ്പനിയിൽ ജോലി നോക്കുന്ന സമയത്തായിരുന്നു വിവാഹം. 1952 ഫെബ്രുവരി 8–ാം തീയതി ആലുവ തൃക്കുന്നത്തു സെമിനാരിയിൽ വച്ച്.

ഞങ്ങൾ നാലുമക്കൾ. കുഞ്ഞുമോൻ, മോളി, ആലീസ്, സണ്ണി. ജോലിയേക്കാളും നല്ലത് ബിസിനസ് ആണെന്നു മനസിലാക്കിയ അച്ചാച്ചൻ, ബർമ്മാഷെല്ലിൽ നിന്നു രാജിവച്ചുപോന്ന്, ആലുവ ചന്തയ്ക്കു സമീപം നല്ല രീതിയിൽ ഒരു കച്ചവട സ്ഥാപനം തുടങ്ങി. കൊച്ചിൻ സ്റ്റോഴ്സ് & ഇൻഡസ്ട്രീസ് എന്ന ഇരുമ്പുകട. അങ്ങിനെ അച്ചാച്ചന് ഒരു പേരു വീണു കിട്ടി. ഇരുമ്പുകട പൈലോചേട്ടൻ. എല്ലാവരുടേയും പ്രിയങ്കരനായിരുന്നു അച്ചാച്ചൻ. മറ്റു കടക്കാർ വിൽക്കുന്നതിനേക്കാളും വില കുറച്ച് സാധനങ്ങൾ വിറ്റാൽപ്പിന്നെ പ്രിയങ്കരൻ ആകാതിരിക്കുമോ...?

അച്ചാച്ചൻ എറണാകുളത്ത് ചരക്കെടുക്കാൻ പോകും. ചരക്കുമായി വരുന്നത് വള്ളത്തിൽ ആയിരിക്കും. മറ്റു പലരും വാഹനത്തിൽ കൊണ്ടുവരുമ്പോൾ അച്ചാച്ചൻ കെട്ടുവള്ളത്തിലും. അതുകൊണ്ടു മാത്രമാണ് അച്ചാച്ചന് വില കുറച്ച് സാധനങ്ങൾ വിൽക്കാൻ സാധിക്കുന്നത്.

അച്ചാച്ചൻ ചരക്കെടുക്കാൻ എറണാകുളത്തു പോകുമ്പോൾ ചിലപ്പോൾ ഞാനും കൂടെപ്പോകും. അതിന്റെ ഉദ്ദേശം മറ്റൊന്നാണ്. എറണാകുളത്തെ ഏറ്റവും വലിയ ഹോട്ടലാണ് സീലോർഡ് അവിടെ കയറി ഭക്ഷണം. പിന്നെ തിരിച്ച് ചരക്കു

മായി വള്ളത്തിലും. പ്രകൃതിയുടെ വിസ്മയം ആസ്വദിച്ചുകൊണ്ടുള്ള ആ യാത്ര ഒരിക്കലും മറക്കാൻ പറ്റില്ല. ഒരിക്കൽ ഞാൻ കാളവണ്ടിയിലും യാത്ര ചെയ്തു. വളരെയേറെ രസകരമാണ് ആ യാത്ര. എട്ടുപത്തു കാളവണ്ടികൾ നിരനിരയായി നീങ്ങും. മുൻപേ പോകുന്ന വണ്ടിക്കാരൻ മാത്രം രാത്രി ഉണർന്നിരുന്ന് കാളകളെ നിയന്ത്രിക്കും. പിന്നാലെയുള്ള കാളകൾ മുൻപിൽ നീങ്ങുന്നവരുടെ ദിശനോക്കി സഞ്ചരിക്കും. നിത്യപരിചയം കൊണ്ടായിരിക്കാം കാളകൾ വളവൊക്കെ കൃത്യമായി തിരിഞ്ഞ് ആലുവായിൽ എത്തും. അപ്പോഴേക്കും നേരം പുലർന്നിരിക്കും.

ഞങ്ങൾ താമസിച്ചിരുന്ന തോട്ടയ്ക്കാട്ടുകര താഴ്ന്ന പ്രദേശമായിരുന്നു. പണ്ടൊക്കെ ഈ പ്രദേശം പാടമായിരുന്നെന്നും, അതു മുല്ലപ്പള്ളി മനവക സ്ഥലമായിരുന്നെന്നും, പിന്നീട് മണ്ണിട്ട് നികത്തിയതാണെന്നൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട്.

മഴക്കാലം വന്നാൽ വെള്ളം ഇറങ്ങിപ്പോകാൻ ദിവസങ്ങൾ എടുക്കും. ആ സമയത്ത് പ്രദേശവാസികളും ഞങ്ങളെല്ലാവരും കൂടി ആലുവ യു.സി. കോളേജിലേക്കു പോകും. അങ്ങിനെ ഒരു ദിവസം അതായത് 1961ലെ വെള്ളപ്പൊക്ക സമയത്ത് ഞങ്ങളെല്ലാം വഞ്ചിയിൽ പോകുന്നു. നല്ല അടിയൊഴുക്ക്, കുത്തിയൊലിച്ചാണ് വെള്ളം വരുന്നത്, വള്ളത്തിന്റെ സൈഡിൽ ഇരുന്ന എന്റെ ചേട്ടൻ എങ്ങിനേയോ വെള്ളത്തിൽ വീണു. അമ്മ കരച്ചിൽ തുടങ്ങി. വഞ്ചിക്കാരന്റെ സാമർത്ഥ്യം കൊണ്ടു മാത്രമാണ് അന്നു ചേട്ടൻ രക്ഷപ്പെട്ടതെന്ന് വല്ല്യമ്മച്ചി പറയുമായിരുന്നു.

ആ സംഭവം അച്ചാച്ചനെ വല്ലാതെ വിഷമിപ്പിച്ചു. വെള്ളം പൊങ്ങുന്ന സമയത്ത് യു.സി. കോളേജിലേക്കു പോകുന്ന പരിപാടി ഇതോടെ അവസാനിക്കുന്നുവെന്നു പറഞ്ഞ് ഞങ്ങളുടെ വീട് അച്ചാച്ചൻ രണ്ടു നില‌യായി ഉയർത്തി.

ചേച്ചിമാരുടേയും, ചേട്ടന്റേയും തണലിൽ എന്റെ വിദ്യാഭ്യാസം വളരെ രസകരമായിരുന്നു. വള്ളിനിക്കറും, വെള്ളയിൽ നീലവരയുള്ള ഷർട്ടും ധരിച്ച് ചേച്ചിമാരുടെ അരികുപറ്റി രാവിലെ സ്കൂളിലേക്കു വച്ചുപിടിക്കും. ചെമ്മൺപാത തുടങ്ങുന്ന ചാക്കോസാറിന്റെ പറമ്പിലെ പഞ്ഞി മരത്തിൽ നിന്നും കാറ്റത്ത് അപ്പൂപ്പൻ താടി വേർപെട്ട് താളാത്മകമായി ഒഴുകിനടക്കുന്നതും, അതിനെ പിടിക്കാൻ മോളിചേച്ചി പിന്നാലെ ഓടുന്നതും, പിടിതരാതെ പറന്നകലുന്നതും ഇപ്പോഴും എന്റെ മനസിലുണ്ട്.

ആലീസു ചേച്ചിയുടെ വിനോദം മറ്റൊന്നാണ്. ആരും കാണാതെ പുസ്തകത്താളുകളിൽ മയിൽപ്പീലി ഒളിപ്പിച്ചുവയ്ക്കും. എന്നിട്ട് ഇടയ്ക്കിടെ പുസ്തകം തുറന്നു നോക്കും, മയിൽപ്പീലി പ്രസവിച്ചിട്ടുണ്ടോയെന്നറിയാൻ. അക്കാലത്തെ ഒരു വിശ്വാസമാണ് മാനം കാണാതെ മയിൽപ്പീലി ഒളിപ്പിച്ചുവച്ചാൽ പ്രസവിയ്ക്കുമെന്നുള്ളത്.

അപ്പൂപ്പൻതാടിയുടെ പിറകേ ഓടുന്ന ചേച്ചിയെ ശ്രദ്ധിച്ചു നിന്നപ്പോഴാണ് എന്റെ കണ്ണുകൾ അറിയാതെ ഞങ്ങൾക്കു പുറകിൽ നിന്ന കുറുപ്പുമാഷിലേക്കു പോയത്. ഗൗരവത്തിൽ ഞങ്ങളെ നോക്കിപ്പോയ മാഷ് സ്കൂളിൽ ചെന്നപ്പോൾ എന്റെ ചേട്ടനോട് ആ ദേഷ്യം തീർത്തു. പാഠഭാഗം വായിച്ചപ്പോൾ തപ്പിത്തടഞ്ഞു എന്ന ഒറ്റക്കാരണം പറഞ്ഞു കുറെ തല്ലി. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി വീട്ടിലെത്തിയപ്പോൾ അമ്മച്ചി കാര്യം തിരക്കി. പിറ്റേദിവസം കലിതുള്ളി സ്കൂളിൽ വന്ന അച്ചാച്ചൻ ഞങ്ങളുടെ നാലു പേരുടേയും ടി.സി. വാങ്ങി. ചേച്ചിമാരെ രണ്ടുപേരെയും കോൺവെന്റ് സ്കൂളിലും, എന്നേയും ചേട്ടനേയും ആലുവ സെറ്റിൽമെന്റ് സ്കൂളിലേക്കും മാറ്റി.

കൗമാരം അതിന്റെ എല്ലാ ഭാവാത്മകതയോടും വിഹരിക്കുന്ന സ്കൂൾ. പരിഷ്കാരത്തിന്റെ പേരിലുള്ള വച്ചുകെ

ട്ടലൊന്നും ഇല്ലാത്ത തനി ഗ്രാമീണാന്തരീക്ഷം നിറഞ്ഞു നിന്ന വിദ്യാലയം. എന്റെ ബാല്യകൗമാരങ്ങൾ പുഷ്പിച്ച് പന്തലിച്ച എന്റെ വിദ്യാലയം. അവിടെ വച്ചാണ് എനിക്കു രണ്ടു സുഹൃത്തുക്കളെ കിട്ടുന്നത്. അഗസ്റ്റിൻ, രമണൻ.

പഠിക്കുന്ന ചെറുപ്പകാലമാണ് സൗഹൃദങ്ങളുടെ വർണ്ണ കാലം. വിദ്യാഭ്യാസമെന്നാൽ കൂട്ടുകാരാണെന്നു ഞാൻ മന സിലാക്കിയിരുന്ന കാലം. ആത്മാവ് ഏകാന്തമായിരിക്കു മ്പോൾ നമ്മളാരും ആശിച്ചുപോകും ഒരു സുഹൃത്ത് ഉണ്ടാ യിരുന്നെങ്കിലെന്ന്? സ്വകാര്യമായ കാര്യങ്ങളൊക്കെ പറയാ നും അവരുടേതു കേൾക്കാനുമുള്ളൊരു മോഹം.!!

ലോകത്തിന്റെ ഏതു കോണിൽ ഇരുന്നാലും, ഞാനട ക്കമുള്ള ഏതു മലയാളിയേയും മോഹിപ്പിക്കുന്ന ഒരു വികാര മുണ്ട് ഞാൻ പഠിച്ച വിദ്യാലയം!! എന്റെ നാട്! ഒരിക്കലും മടങ്ങി വരില്ലെന്നറിഞ്ഞിട്ടും മനസുകൊണ്ട് മടങ്ങാൻ കൊതി ക്കുന്ന കുട്ടിക്കാലത്തെക്കുറിച്ച്, മങ്ങാതെ മായാതെ മനസിൽ നിറഞ്ഞു നിൽക്കുന്ന ബാല്യത്തെക്കുറിച്ചുള്ള ഓർമ്മകൾ, സ്വപ്ന സദൃശ്യമായ ആ ഓർമ്മകളിലേക്കു ഞാനൊന്നു ഊളിയിടട്ടേ....!

ഞാനും, അഗസ്റ്റിനും, രമണനും കൂടി കാട്ടിക്കൂട്ടാത്ത വികൃതികൾ ഇല്ല. തിരിഞ്ഞുനോക്കുമ്പോൾ ചെയ്തുകൂട്ടിയ രസകരമായ വികൃതികൾ ഒന്നിനു പിറകേ ഒന്നായി തെളി ഞ്ഞുവരുന്നു.

മാവിനു കല്ലെറിയാൻ മിടുക്കൻ രമണനാണ്. ഉന്നം നോക്കി എറിയും. പക്ഷേ മാങ്ങയല്ല വീഴുന്നത്. തൊട്ടടുത്ത പുരയിലെ ഓടായിരിക്കും പൊട്ടി താഴേ വീഴുന്നത്. ഒരിക്കൽ കൈയ്യോടെ പിടികൂടി. വൈകുന്നേര സമയം. അവനേ യും തൂക്കിയെടുത്തു വീട്ടുടമസ്ഥൻ രമണന്റെ വീട്ടിലേക്കു ചെന്നു. അവിടെ പോലീസ് വണ്ടി കിടക്കുന്നതുകണ്ട് വീട്ടുട മസ്ഥൻ ചോദിച്ചു:–

“ഇതെന്താ ഇവിടെ പോലീസ്....?”

“ഡി വൈ എസ്പിയാ എന്റച്ചൻ”

പിന്നെ അയാളുടെ പൊടിപോലും അവിടെ കണ്ടില്ല.

എട്ടാം ക്ലാസിലേക്കു ജയിച്ചു ചെന്നപ്പോൾ എന്നെ ക്ലാസ് ലീഡറാക്കി. അന്നു ക്ലാസ് ലീഡർ എന്നു പറഞ്ഞാൽ ഒരു ഗമ തന്നെയാണ്. ഓടി നടന്ന് എല്ലാ കാര്യങ്ങളും ചെയ്യും. അങ്ങിനെ ഒരു ദിവസം ക്ലാസ് തുടങ്ങി രണ്ടാമത്തെ പിരീഡ് നടന്നുകൊണ്ടിരുന്നപ്പോൾ വാതിലിന്നരുകിൽ വെളുത്തു മെലിഞ്ഞ ഒരു പെൺകുട്ടി. മുട്ടിറക്കം പാവാട. ഗോൾഡൻ കളർ ബ്ലൗസ്. മാറോടു ചേർത്തു പിടിച്ചിരിക്കുന്ന പുസ്തകം. മറുകയ്യിൽ ചോറ്റുപാത്രം. മുഖത്തൊരു വിഷാദ ഭാവം. താഴത്തെ ചുണ്ട് അല്പം ഉള്ളിലോട്ടു കയറിയ ഒരു കൊച്ചു സുന്ദരി. ഞാൻ ആ കുട്ടിയെ വളരെ ശ്രദ്ധയോടെ കണ്ണെടുക്കാതെ നോക്കി നിന്നു. ടീച്ചർ തിരിഞ്ഞുനിന്ന് ബോർഡിൽ എഴുതുന്നു. കുട്ടികളെല്ലാം ടീച്ചർ ബോർഡിൽ എഴുതിയത് പകർത്തി എഴുതുന്ന തിരക്കിലും.

ഞാൻ എഴുന്നേറ്റു നിന്ന് ടീച്ചറോടു പറഞ്ഞു:–

“ദേ.... ടീച്ചർ ഒരു കുട്ടി”.

ടീച്ചർ തിരിഞ്ഞുവന്നപ്പോൾ ക്ലാസിന്റെ വാതിൽപ്പടിയിൽ നിൽക്കുന്ന കുട്ടിയെ കണ്ടു.

“ഹും... എന്താ”?

പേടിച്ചരണ്ട് ആ കുട്ടി പറഞ്ഞു:–

“ക്ലാസിൽ ചേരാൻ വന്നതാ.... വരാൻ വൈകിപ്പോയി”.

“ഓ... പുതിയ അഡ്മിഷൻ”?

“ങ്ഹും.... ശരി ശരി... കയറിയിരിക്കൂ”.

പൊന്നമ്മ ടീച്ചർ എന്നെ വിളിച്ചു. ആ പുതിയ കുട്ടിയുടെ പേര് അറ്റന്റൻസ് രജിസ്റ്ററിൽ ചേർത്തേക്കൂ എന്നു പറഞ്ഞ് രജിസ്റ്റർ ബുക്ക് എടുത്തു തന്നു. ഞാൻ ആ കുട്ടി

ഇരുന്ന ബഞ്ചിന്റെ അരുകിൽ ചെന്ന് പേരു ചോദിച്ചു രജിസ്റ്റർ ബുക്കിൽ എഴുതി. ആ പേര് സത്യത്തിൽ ബുക്കിലല്ല എഴുതിയത്. എന്റെ ഹൃദയത്തിലാണ്. വർഷങ്ങൾക്കുമുൻപ് മനസിൽ കുറിച്ചിട്ട ആ പേരും, സൗഹൃദവും ഇപ്പോഴും ഞാൻ കാത്തുസൂക്ഷിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈ വരികൾ ഞാനിവിടെ കുറിച്ചിട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഭാര്യ എന്നോടു ചോദിച്ചത്:–

“ബ്ലൗസിന്റെ നിറം വരെ ഇപ്പോഴും ഓർത്തിരിക്കുന്നു അല്ലേ...?”

ഭാര്യയോടു പറയാത്ത ഒരു കാര്യവും എന്റെ ജീവിതത്തിൽ ഇല്ല. എന്നിട്ട് ഭാര്യ ഒരു ചോദ്യം.

“നിങ്ങൾ ത്രിമൂർത്തികൾ കൂടി സാറ്റുകളി ഉണ്ടായിരുന്നല്ലോ? ആ കൂട്ടത്തിൽ ഇവളും ഉണ്ടോ?”

“ഉണ്ടെങ്കിൽ.....?”

“അല്ല..... ഒളിച്ചിരിക്കുന്ന കുട്ടിയെ കണ്ടുപിടിക്കുമ്പോൾ ഓടിച്ചെന്ന് ഒരു കെട്ടിപ്പിടുത്തം ഉണ്ടല്ലോ?”

“അതിനെന്താ?”

“എന്നാ അതുപോലെ ഇപ്പോ എന്നെയൊന്നു കെട്ടിപ്പിടിച്ചേ....!”

ഞാനൊരു ചിരിയിൽ ഒതുക്കി. എനിക്കല്ലേ അറിയൂ അതൊരു ദിവ്യമായ പ്രേമമായിരുന്നുവെന്ന്, പടർന്നു പന്തലിച്ച് വഷളാകാതെ കാത്തുസൂക്ഷിച്ച പ്രേമം. പ്രേമത്തിനു പല അർത്ഥങ്ങളുണ്ടെന്നു ഞാൻ മനസിലാക്കിയിരുന്ന കാലം.

നമുക്ക് വിഷയത്തിലേക്കു വരാം. രജിസ്റ്ററിൽ പേരു ചേർത്ത് ക്ലാസ് ടീച്ചർക്ക് കൊടുക്കാൻ കൊണ്ടുപോകുന്ന കൂട്ടത്തിൽ, ഡസ്കിൽ ഇരുന്ന ആ കുട്ടിയുടെ ചോറ്റുപാത്രവും എടുത്ത് എല്ലാവരുടേയും ചോറ്റുപാത്രം വയ്ക്കുന്ന

കൂട്ടത്തിൽ കൊണ്ടുപോയി വച്ചു. ഉച്ചയ്ക്ക് ടീച്ചേഴ്സ് റൂമിൽ പോയി വന്നു ഭക്ഷണം കഴിക്കാനായി ഞാനെന്റെ ചോറ്റു പാത്രം എടുക്കാനായി തുനിഞ്ഞപ്പോൾ മറ്റൊരു പെൺകുട്ടി ഓടിവന്ന് എന്നോടു പറഞ്ഞു:-

"ദേ... ആ പുതിയ കുട്ടി അവിടെയിരുന്നു കരയുന്നു. ഒരു പോലെയുള്ള പാത്രമായിരുന്നതിനാൽ അറിയാതെ തന്റെ പാത്രത്തിലെ ചോറെടുത്തു കഴിച്ചു."

ഞാൻ വളരെ ഗമയോടെ അടുത്തേക്കു ചെന്നു സമാധാനിപ്പിച്ചു. തമാശ പറഞ്ഞു കരച്ചിൽ മാറ്റിയിട്ടു പറഞ്ഞു:-

"ഇനി മുതൽ താൻ കഴിക്കുന്ന ഭക്ഷണമെല്ലാം ഞാൻ തരുന്നതാണെന്നു കരുതിയാൽ മതി."

ഒരു കൂട്ടച്ചിരി ഉയർന്നു. കാട്ടുതീപോലെ എല്ലാവരും ഇതറിഞ്ഞു.

സണ്ണിക്ക് പ്രേമത്തിന്റെ ആരംഭം ആയെന്ന്.

ഞങ്ങളുടെ മലയാളം അദ്ധ്യാപകൻ ഗോപിസാർ നല്ല രസികനാണ്. ജ്യോതിഷത്തിൽ പ്രഗൽഭൻ. ഞാനും, അഗസ്റ്റിനും, രമണനും കൂടി ഗ്രൗണ്ടിലേക്കു നടന്നുപോകുമ്പോൾ എതിരേ വന്നു ഗോപിസാർ. എന്നിട്ടു പറഞ്ഞു.

"എനിക്കു സണ്ണിയോടു ഒരു കാര്യം പറയാനുണ്ട്. എടാ.. ഒരേ ക്ലാസിൽ പഠിക്കുന്ന കുട്ടിയെ പ്രേമിക്കരുത്. കാരണം പഠനം കഴിഞ്ഞാൽ അവളെ അപ്പൻ കെട്ടിച്ചുവിടും. നീ വടക്കോട്ടും നോക്കി ഇരിക്കേണ്ടിയും വരും. അതുകൊണ്ട് താഴ്ന്ന ക്ലാസിൽ പഠിക്കുന്ന കുട്ടിയെ പ്രേമിക്കണം. എന്നാലാണ് കാര്യം സാധിക്കുകയുള്ളൂ." വർഷങ്ങൾക്കു മുമ്പ് ഗോപിസാർ പറഞ്ഞത് ഈയിടെ പ്രേമം എന്ന സിനിമയിൽ കണ്ടു. പ്രേമത്തെക്കുറിച്ച് വാചാലമായി സംസാരിക്കും ഈ ഗോപിസാർ. പ്രേമത്തിന്റെ ആദ്യപാഠം ഞങ്ങളെ പഠിപ്പിച്ചത് ഗോപിസാറാണ്.

എന്റെ വീട്ടിലൊന്നും അന്നു കാറില്ല. വീട്ടിലെന്നല്ല നാട്ടിൽ തന്നെ കാറുള്ളവർ വളരെ കുറവാണ്. പക്ഷേ എന്റെ സുഹൃത്ത് അഗസ്റ്റിന്റെ വീട്ടിൽ കാറുണ്ട്. ഒന്നല്ല. മൂന്നെണ്ണം. അത്യാവശ്യക്കാർക്ക് വാടകയ്ക്കു കൊടുക്കും. അതിന്റെ ഗമയിലാണ് എപ്പോഴും അവന്റെ നടപ്പ്.

ആലുവായിലെ ഞങ്ങളുടെ സുഹൃത്തുക്കളായ പ്രേമൻ, പാറായി ബാബു, എന്നിവർ മുഖേന അന്നു ഞങ്ങൾക്കു കൊച്ചു പുസ്തകം കിട്ടും. അന്നു കൊച്ചു പുസ്തകം എന്നു പറഞ്ഞാൽ കൗമാരക്കാരുടെ ഇടയിൽ ഒരു സംഭവം തന്നെ യാണ്. ഈ പ്രേമന്റെ കൈയ്യിൽ കൊച്ചു പുസ്തകങ്ങളുടെ ഒരു ലൈബ്രറി തന്നെയുണ്ട്. രമണനാണ് പുസ്തകത്തിന്റെ ഇടയിൽ ഒളിപ്പിച്ചു വച്ചുകൊണ്ടുവരുന്നത്. ഞങ്ങൾ മൂന്നു പേരും കൂടി വെള്ളിയാഴ്ച ദിവസം ഉച്ചയ്ക്ക് ഇന്റർവെൽ കൂടുതലുള്ള സമയത്ത് ആരും കാണാതെ ഗ്രൗണ്ടിന്റെ വടക്കു വശത്തുള്ള റബർ തോട്ടത്തിൽ ഇരുന്നു വായിക്കും. അഗസ്റ്റി നാണ് വായിച്ചു കേൾപ്പിക്കുന്നത്. വെറുതെയൊരു വായന യല്ല. എല്ലാ ഭാവങ്ങളും ചേർന്ന് വികാരങ്ങളെ ഉണർത്തുന്ന വിധത്തിലുള്ള വായന. എന്റെ തലയ്ക്കകത്ത് ഒരു തരം പറഞ്ഞറിയിക്കാൻ പറ്റാത്ത മരവിപ്പ് അനുഭവപ്പെടും. വായ നയുടെ മൂർദ്ധന്യാവസ്ഥയിൽ എത്തുമ്പോൾ ഇട്ടിരിക്കുന്ന നിക്കറിന്റെ നടുവിൽ കൈപ്പത്തികൊണ്ട് അമർത്തും. കുറെ കഴിയുമ്പോൾ ആ മരവിപ്പും പോകും.

ഇനിയാണ് എന്റെ ഭാര്യ പറഞ്ഞപോലെ സാറ്റുകളി. അതു അഗസ്റ്റിൻ കണ്ടുപിടിച്ച സൂത്രമാണ്. മാസങ്ങളോളം ചിന്തിച്ച പ്പോൾ കിട്ടിയതാണെന്നാണു അന്നു അഗസ്റ്റിൻ ഞങ്ങളോടു പറഞ്ഞത്. വെള്ളിയാഴ്ചയാണല്ലോ ഇങ്ങനെയുള്ള പരി പാടികളുടെ അരങ്ങേറ്റം. അങ്ങിനെ ഒരു വെള്ളിയാഴ്ച പതിവു പോലെ സാറ്റുകളി തുടങ്ങി. ഒരാൾ കണ്ണുപൊത്തി പത്തു വരെ എണ്ണും. ആ സമയം കളിയിൽ ചേർന്നവർ ഓടി ഒളി ക്കും. ഞങ്ങൾ കളിയിൽ പെൺകുട്ടികളേയും ചേർക്കും.

പത്തുവരെ എണ്ണും. കണ്ടുപിടിക്കുന്ന പെൺകുട്ടിയെ ഓടിച്ചെന്നു കെട്ടിപ്പിടിക്കും. അതിൽ ഞങ്ങൾ കണ്ട സൂത്രം കെട്ടിപ്പിടിക്കുമ്പോൾ പെൺകുട്ടിയുടെ അവിടെയിവിടെയൊക്കെ ഒന്നു തൊടാമല്ലോ.  ഒരു ആശ്വാസം. ചിലവില്ലാതെ കിട്ടുന്ന തല്ലേ? പിന്നീടാണ് ഒരു കാര്യം എനിക്കു മനസിലായത് കളിയിൽ ഇങ്ങനെ കെട്ടിപ്പിടിക്കുന്നതിൽ പെൺകുട്ടികൾക്കും എതിർപ്പില്ലെന്ന്.

അങ്ങിനെ ഒരു ദിവസം ഞാനും അമ്മച്ചിയും കൂടി പള്ളി കഴിഞ്ഞ് വീട്ടിലേക്കു വരുന്നു. പീറ്ററു ചേട്ടന്റെ കടയുടെ മുന്നിലെത്തിയപ്പോൾ ത്രേസ്യാമ്മച്ചേടത്തിയും, ഏലമ്മചേടത്തിയും കൂടി ഗൗരവമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.  ഞങ്ങളെ കണ്ടപ്പോൾ ശബ്ദം താഴ്ത്തി ഏലമ്മ ചേടത്തി പറഞ്ഞു:

‘‘ഏതായാലും സണ്ണിക്കുട്ടി ആ ചെയ്തത് ഒട്ടും ശരിയായില്ല. ഒന്നല്ലെങ്കിൽ പഠിച്ചുനടക്കുന്ന കുട്ടിയല്ലേ? ആ പെങ്കൊച്ചിന്റെ ജീവിതം നശിച്ചില്ലേ? അവളെ നശിപ്പിക്കാൻ നോക്കിയത് തെറ്റുതന്നെ. ഇതറിഞ്ഞാൽ അവളുടെ അപ്പൻ ആ തോമാസുചേട്ടൻ വെറുതെയിരിക്കുമെന്നു കരുതുന്നുണ്ടോ? വെട്ടൊന്നു മുറി രണ്ട് എന്ന സ്വഭാവക്കാരനാ അയാൾ. എന്തൊക്കെ സംഭവിക്കുമോ ആവോ.? ഏതായാലും ഈ യാഴ്ച അറിയാം രണ്ടിലൊന്ന്.’’

ഇതുകേട്ട അമ്മച്ചി എന്റെ മുഖത്തേക്കു കണ്ണെടുക്കാതെ നോക്കിനിന്നിട്ടു അവരോടു ചോദിച്ചു:–

“എന്താ ഏലമ്മേ കാര്യം? ഇവൻ എന്തു കാട്ടീന്നാ ഈ പറഞ്ഞു വരുന്നത് ”?

“അയ്യോ ചേടത്തി.... ഇവന്റെ കാര്യമല്ല ഞങ്ങളു പറഞ്ഞത്. മംഗളം വാരികേലെ ആറ്റക്കിളി കഥയിലെ സണ്ണിക്കുട്ടീടെ കാര്യമാ ഞങ്ങളു പറഞ്ഞത്. പതിനൊന്നു മണിയാകും വാരിക വരാൻ. ഞങ്ങൾ അതിനുവേണ്ടി കാത്തിരിക്വാ.”

സത്യത്തിൽ എന്റെ ശ്വാസം നേരെ വീണത് അപ്പോഴാണ്. ഞാനും ഒന്നു പേടിച്ചുപോയി. കാരണം ആ സമയത്തൊക്കെ സാറ്റുകളിയും കെട്ടിപ്പിടുത്തവും തകൃതിയായി നടക്കുകയല്ലേ? ഇതെങ്ങാനും ഇവർ അറിഞ്ഞോ എന്ന ഭയമായിരുന്നു ആദ്യമെനിക്ക്. വെറുതെയാണെങ്കിലും ഒരു നിമിഷം എന്റെ മനസു വിഷമിപ്പിക്കാൻ കാരണക്കാരനായ മുട്ടത്തുവർക്കിയെ മനസാൽ ശപിച്ചുകൊണ്ടു ഞാൻ നടന്നു നീങ്ങി.

●

# 2

## അഗസ്റ്റിന്റെ കൈയ്യിൽ നിന്നും കടലാസു വാങ്ങി മാഷ് ഉറക്കേ വിളിച്ചുപറഞ്ഞു:– 'നെഹ്രു '

**മാ**ജിക്ക് ആദ്യമായി കാണുന്നത് സ്കൂളിൽ വച്ചാണ്. വല്ലപ്പോഴൊക്കെ വെള്ളിയാഴ്ച ദിവസം ഉച്ചകഴിഞ്ഞ് രണ്ടു പീരിയഡ് ഒഴിവാക്കി പകരം മാജിക്ഷോ നടത്തും. കാണാൻ ടിക്കറ്റെടുക്കണം. തലേദിവസം ക്ലാസ് ടീച്ചർ പറഞ്ഞു , "നിങ്ങളെല്ലാവരും ടിക്കറ്റിനു പണം കൊണ്ടുവരണം". രാവിലെ സ്കൂളിലേക്കു പോകാനായി ഒരുങ്ങിയപ്പോൾ ചേട്ടനു പനി! പിന്നെ ഞാൻ അമ്മച്ചിയിൽ നിന്നു പണവും വാങ്ങി സ്കൂളിലേക്കു പോയി.

ഉച്ചഭക്ഷണവും കഴിഞ്ഞ് ഞാനും, രമണനും, അഗസ്റ്റിനും കൂടി ഗ്രൗണ്ടിന്റെ മൂലയ്ക്കുള്ള റബർ തോട്ടത്തിലേക്കു പോകുന്നവഴി ഒരു ബെല്ലടികേട്ടു തിരിഞ്ഞുനോക്കിയപ്പോൾ, സൈക്കിളിൽ ഭാണ്ഡക്കെട്ടും വെച്ചുകെട്ടി ഒരാൾ ഞങ്ങളെ കൈകാട്ടി വിളിച്ചു.

ഞങ്ങൾ അയാളുടെ അടുത്തേക്കു ചെന്നു. അയാൾ പറഞ്ഞു:–

"നിങ്ങൾ ഈ സ്കൂളിലെ വിദ്യാർത്ഥികളല്ലേ"?

"അതെ".

"മക്കളേ എനിക്കൊരു സഹായം ചെയ്യണം".

“ഞങ്ങളെന്തു സഹായം ചെയ്യാനാണ് ”?

“പറയാം... ഞാനാണ് ഇന്നു സ്കൂളിൽ മാജിക്ഷോ അവതരിപ്പിക്കുന്നത് ”.

കേട്ടയുടനെ രമണനു ചിരിപൊട്ടിപ്പോയി. രമണൻ ചിരിച്ചതിലും തെറ്റുപറയാനില്ല. ഒരു വികൃതരൂപം. എനിക്കും ആദ്യം വിശ്വസിക്കാനായില്ലെങ്കിലും അയാൾ പറഞ്ഞു തുടങ്ങിയപ്പോൾ അതു മാറി.

“നിങ്ങൾക്കു മൂന്നുപേർക്കും ഞാനൊരു പരിപാടി തരാം. പക്ഷേ, എന്റെയൊപ്പം സ്റ്റേജിൽ കയറണം”.

ഷൈൻ ചെയ്യാൻ പറ്റിയൊരു അവസരമാണല്ലോയെന്നു മനസിൽ ഓർത്തു. ഞാനെന്താണു ചെയ്യേണ്ടതെന്നു അഗസ്റ്റിനും, നിങ്ങൾ പറയുന്നതുപോലെ അനുസരിക്കാമെന്നു ഞാനും, രമണനും പറഞ്ഞു.

“പക്ഷെ.... ഒരു കാര്യം! നിങ്ങൾ ചെയ്യാൻ പോകുന്ന കാര്യം മാജിക്ഷോ കഴിഞ്ഞ് ഞാൻ പോകുന്നതുവരെ ആരോടും പറയരുത് ”.

അഗസ്റ്റിൻ ചാടിക്കേറി മാജിക്കുകാരനോടു പറഞ്ഞു “അതിനു ഞങ്ങൾക്കെന്തെങ്കിലും പ്രതിഫലം തരണം”.

“എന്താ ഞാൻ തരേണ്ടത്”?

“ഐസ്ഫ്രൂട്ട് വാങ്ങാനുള്ള പണം”

ചിരിച്ചുകൊണ്ടയാൾ പോക്കറ്റിൽ നിന്നും രണ്ടു രൂപയുടെ ഒരു നോട്ടെടുത്തു തന്നു. ഞങ്ങളുടെ മുഖത്ത് ലഡുപൊട്ടി. മാജിക്കുകാരനോടു ഒന്നുകൂടി ചേർന്നുനിന്നു. അയാൾ തുടർന്നു.

“പരിപാടി നടന്നുകൊണ്ടിരിക്കുമ്പോൾ, രണ്ടുമൂന്നു കുട്ടികൾ സ്റ്റേജിലേക്കു വരണമെന്നു പറയുമ്പോൾ നിങ്ങൾ

മൂന്നുപേരും സ്റ്റേജിലേക്കു വരണം. എന്നിട്ട് അവിടെ വച്ച് നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ഞാൻ ഇപ്പോ പറഞ്ഞു മന സിലാക്കിത്തരാം".

അഗസ്റ്റിന്റെ തോളത്ത് മാജിക്കുകാരൻ കൈപിടിച്ചു കൊണ്ടു പറഞ്ഞു:–

"സ്റ്റേജിൽ വച്ച് നിനക്കു ഞാനൊരു പേനയും കടലാസും തരും. ഇഷ്ടമുള്ള ഒരാളുടെ പേരെഴുതാൻ പറയും അപ്പോൾ നീ നെഹ്റു എന്നെഴുതണം".

രമണന്റെ നേരെ നോക്കിയിട്ട് പറഞ്ഞു.

''അതുപോലെ നിന്നോടും പറയും ഇഷ്ടമുള്ള ഒരു പലഹാരത്തിന്റെ പേരെഴുതാൻ അപ്പോൾ നീ അലുവ എന്നെ ഴുതണം. മറന്നുപോകരുത്. തെറ്റിച്ചെഴുതിയാൽ മാജിക്കു പൊളിയും".

പിന്നെ എന്നോടായി

''എന്താമോന്റെ പേര്"? "സണ്ണി". നീ നന്നായി ഒന്നു അഭിനയി ക്കണം. അതായത് നിന്റെ ചെവി ഞാൻ മേശയോ ടുചേർത്തുവച്ചിട്ട്ചോദിക്കുംഎന്തെങ്കിലും കേൾക്കുന്നു ണ്ടോയെന്ന് ആദ്യം കേൾക്കുന്നില്ലെന്നു പറയണം. അപ്പോൾ ഞാൻ പറയും ചെവി ഒന്നു കൂടി അമർത്തിപ്പിടിക്കാൻ. എന്നിട്ട് ഞാൻ ചോദിക്കുമ്പോൾ നന്നായി കേൾക്കുന്നു ണ്ടെന്നും. ഒരു പെണ്ണു പാടുന്ന ശബ്ദമാണ് കേൾക്കുന്ന തെന്നും പറയണം. ശരി. ഇനി നിന്റെ ചെവി എടുക്കാൻ ഞാൻ പറയുമ്പോൾ ഒരുതരത്തിലും എടുക്കാൻ പറ്റാത്ത വിധത്തിൽ അഭിനയിക്കണം. ഇടയ്ക്ക് വേദന പോലെയൊക്കെ ഒന്നു അഭിനയിക്കണം. നിന്റെ ചെവി യുടെ മീതെ എന്റെ മാന്ത്രികവടി ചുഴറ്റി എടുക്കൂ നിന്റെ തല എന്നു പറയുമ്പോ പെട്ടെന്ന് എടുക്കണം. എന്നിട്ട് ചെവിയിൽ വിരലിട്ട് എന്തോ അസ്വസ്തത പോലെ

അഭിനയിക്കണം. നിനക്കതു പോലെ ചെയ്യാൻ പറ്റുമോ? "സംഗതിയൊക്കെ ഞാൻ ചെയ്യാം. പക്ഷെ അതിനു വേറെ കൂലി തരണം." ചിരിച്ചുകൊണ്ട് മാജിക്കുകാരൻ പറഞ്ഞു:–

"നീ രക്ഷപ്പെടും. പറയേണ്ട സമയത്ത് പറയേണ്ടതു പോലെ പറഞ്ഞ് കൂലിവാങ്ങാൻ അറിയാം".

ഏതായാലും അയാൾ പോക്കറ്റിൽ നിന്നു മുഷിഞ്ഞ ഒരു രൂപ നോട്ടെടുത്ത് എനിക്കു തന്നിട്ട് സൈക്കിൾ ചവിട്ടി ധൃതി യിൽ പോയി. അഗസ്റ്റിൻ എന്റെ കൈയ്യിൽ നിന്നും സൂത്ര ത്തിൽ കാശുവാങ്ങിച്ചെടുത്തു. എന്നിട്ടു ഞങ്ങൾ സ്കൂളിനു മുന്നിൽ നിൽക്കുന്ന ഐസ്ഫ്രൂട്ട്കാരന്റെ അടുത്തേക്കു നട ന്നു. നടക്കുന്നതിനിടയിൽ രമണൻ ചോദിച്ചു:

"അയാൾ പറഞ്ഞതു സത്യമാണോ....? അയാൾ വല്ല ഭ്രാന്തനും ആണോ"?

"അതൊക്കെ നീ അറിയണതെന്തിനാ നമുക്കു പണം കിട്ടി യില്ലേ" അഗസ്റ്റിന്റെ വക കമന്റ്.

ഐസ്ഫ്രൂട്ടും കഴിച്ച് ഞങ്ങൾ ഓഡിറ്റോറിയത്തിലേക്കു നട ന്നു. അവിടെ ക്ലാസ് ടീച്ചർ നില്പുണ്ടായിരുന്നു. ഞങ്ങൾക്കു മൂന്നുപേർക്കും പാസു തന്നു. ഓഡിറ്റോറിയത്തിലേക്കു കയറി. സ്വല്പം കഴിഞ്ഞ് സ്റ്റേജിലേക്കു ആ മാജിക്കുകാരൻ വന്നു. സത്യത്തിൽ ഞാൻ ഞെട്ടിപ്പോയി. തലപ്പാവും മാന്ത്രികവ ടിയും തിളങ്ങുന്ന വസ്ത്രവും ധരിച്ചുള്ള അദ്ദേഹത്തിന്റെ പ്രകടനം ഇപ്പോഴും എന്റെ മനസിലുണ്ട്. ആദ്യമൊക്കെ ചില ഞൊടുക്കു വിദ്യകൾ കാണിച്ചു. കുട്ടികൾ കയ്യടിച്ചു. അവ സാനം മൈക്കിലൂടെ അയാൾ വിളിച്ചു പറഞ്ഞു.

അടുത്ത പരിപാടിയിലേക്ക് രണ്ടുമൂന്നു കുട്ടികൾ സ്റ്റേജി ലേക്കു വരണം.

കേട്ടപാതി അഞ്ചെട്ടുകുട്ടികൾ സ്റ്റേജിലേക്കു വന്നു. കൂട്ട ത്തിൽ ഞങ്ങളും. ഓരോരോ കാരണങ്ങൾ പറഞ്ഞ് ഞങ്ങളെ

മൂന്നുപേരെയും ഒഴിച്ച് മറ്റുള്ളവരെ മജീഷ്യൻ പറഞ്ഞു വിട്ടു.

ആദ്യം അഗസ്റ്റിനെ വിളിച്ച് ഒരു കസേരയിൽ ഇരുത്തി. പറഞ്ഞപോലെ ഒരു പേനയും കടലാസും കൈയ്യിൽ കൊടുത്തു. പതിനെട്ട് പുതപ്പിട്ട് അവനെ മൂടി. മാന്ത്രികവടി എടുത്ത് പുതപ്പിനു മുകളിലൂടെ ചുഴറ്റി മന്ത്രം ചൊല്ലി ഇഷ്ടമുള്ള ഒരാളുടെ പേരെഴുതുവാൻ പറഞ്ഞു. എന്നിട്ട് മജീഷ്യൻ സ്റ്റേജിൽ നിന്നു ഇറങ്ങിവന്ന് എല്ലാവരും കാൺകെ ബോർഡിൽ നെഹ്റു എന്നെഴുതി. മലയാളം അധ്യാപകൻ അടുത്തു നില്പുണ്ടായിരുന്നു. അദ്ദേഹത്തോടു പറഞ്ഞു:

“സാർ പുതപ്പു മാറ്റിയിട്ട് അവൻ എന്താണു കടലാസിൽ എഴുതിയിരിക്കുന്നതെന്നു നോക്കണമെന്നു പറഞ്ഞു. പുതപ്പുമാറ്റി അഗസ്റ്റിന്റെ കയ്യിൽ നിന്നും കടലാസു വാങ്ങി മാഷ് ഉറക്കെ വിളിച്ചു പറഞ്ഞു. “നെഹ്രു” കയ്യടി, ബഹളം, ആർപ്പുവിളി, വലിയൊരു കാര്യം ചെയ്തപോലെ മജീഷ്യനും”.

രമണന്റെ ഊഴം വന്നു. അവനേയും ഇതുപോലെ തന്നെ ചെയ്തു. ഇഷ്ടമുള്ള ഒരു പലഹാരത്തിന്റെ പേരെഴുതാൻ. കുറച്ചുകഴിഞ്ഞ് മജീഷ്യൻ സ്റ്റേജിൽ നിന്നിറങ്ങിവന്ന് ഒരു ബോക്സ് തുറന്ന് അതിൽ നിന്നും ഒരു അലുവാക്കഷണം എല്ലാവരേയും കാണിച്ചു. മറ്റൊരു അധ്യാപകനോടു പറഞ്ഞു അവന്റെ പുതപ്പുമാറ്റി എഴുതിയതു നോക്കാൻ. നോക്കിയശേഷം അദ്ധ്യാപകൻ ഉറക്കെ വിളിച്ചു പറഞ്ഞു “അലുവ” വീണ്ടും കയ്യടി ബഹളം.

എന്റെ ഊഴം വന്നു. മജീഷ്യൻ പറഞ്ഞപോലെ തന്നെ നല്ലവണ്ണം അഭിനയിച്ചു. സ്റ്റേജിൽ നിന്ന് ഇറങ്ങി വന്നപ്പോൾ സാമൂഹ്യപാഠം പഠിപ്പിക്കുന്ന ജോൺസൺ മത്തായി സാർ എന്നോടു ചോദിച്ചു.

“സണ്ണീ നിന്റെ ചെവിക്ക് കുഴപ്പമൊന്നും ഇല്ലല്ലോ”?

എനിക്കു മനസിൽ ചിരിവന്നു. ഇതു ഞാനും മാജിക്കുകാരനും തമ്മിലുള്ള ഒരു അഡ്ജസ്റ്റ്മെന്റാണെന്നു പറയണമെന്നു തോന്നിയെങ്കിലും പറഞ്ഞില്ല. പക്ഷെ, ഒന്നു ഞാൻ സാറിനോടു പറഞ്ഞു

“അഗസ്റ്റിനും രമണനും പേരുകൾ മാറ്റി എഴുതിയിരുന്നെങ്കിൽ സ്ഥിതി ഇതാകുമായിരുന്നില്ല.”

എന്റെ മറുപടികേട്ട ജോൺ മത്തായി സാർ പെട്ടെന്ന് ചിന്തയിലാണ്ടു.

●

# 3

## *ഞാൻ കണ്ടതും....*
## *കാണാതെ പോയതും*

**വ**ലിയൊരു കോളാമ്പി മൈക്കും വെച്ചുകെട്ടി സൈക്കിളിൽ വിളിച്ചു പറഞ്ഞുകൊണ്ടുപോയി.!

"പ്രിയമുള്ള നാട്ടുകാരെ തോട്ടയ്ക്കാട്ടുകര കുഴിക്കണ്ടം മൈതാനിയിൽ സുപ്രസിദ്ധ സൈക്കിൾ യജ്ഞ വിദഗ്ദ്ധൻ ശ്രീ. അബ്ദുൾ പാനായിക്കുളം 21 ദിവസം നിർത്താതെയുള്ള സൈക്കിൾ അഭ്യാസ പ്രകടനം നടത്തുന്നു. കൂടാതെ കുമാരി വിജയകാന്തിയുടെ റിക്കാർഡ് ഡാൻസും. സഹൃദയരായ എല്ലാ നാട്ടുകാരേയും ഞങ്ങൾ കുഴിക്കണ്ടം മൈതാനിയിലേക്കു ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു".

ഇതുകേട്ട ചേട്ടൻ പറഞ്ഞു:–

"എടാ.... നമുക്കൊന്നു പോയാലോ...?"

അമ്മയുടെ അനുജത്തി മേരിക്കുട്ടിക്കൊച്ചമ്മ രാജസ്ഥാനിൽ നിന്നുകൊണ്ടുവന്ന മഫ്ളറും ചുറ്റി, നേരത്തേ അത്താഴവും കഴിച്ച് ഞങ്ങൾ മൈതാനിയിലേക്കു വച്ചു പിടിച്ചു. അയൽവക്കത്തെ കാളിപ്പുലക്കള്ളി കക്ഷത്തിൽ പായും ചുരുട്ടിപ്പിടിച്ച് മുറുക്കിത്തുപ്പി ഞങ്ങളുടെ മുൻപേ പോകുന്നുണ്ടായിരുന്നു. മൈതാനം അടുക്കുന്നതിനു മുൻപുതന്നെ കോളാമ്പി മൈക്കിലൂടെ തമിഴ് പാട്ടുകൾ ഒഴുകിവന്നുകൊണ്ടിരുന്നു.

ഞങ്ങൾ ചെല്ലുമ്പോൾ മൈതാനം നിറയെ ആളുക ളുണ്ടായിരുന്നു. കച്ചവടം കിട്ടാൻ സാധ്യതയുണ്ടെന്നു തോന്നിയതുകൊണ്ടായിരിക്കാം കവലയിൽ ചായക്കട നട ത്തിയിരുന്ന പൂക്കുഞ്ഞ് സമീപത്ത് താല്ക്കാലികമായൊരു ഷെഡു വച്ചുകെട്ടി ചായക്കട തുടങ്ങിയത്. ഈച്ചയിൽ പൊതിഞ്ഞ ഈന്തപ്പഴവും, വാഴനാരിൽ കോർത്ത നാടൻ മുറുക്കും, ഉണ്ടംപൊരിയും ചില്ലിന്റെ അലമാരിയിൽക്കൂടി ഞാൻ കണ്ടു. തൊട്ടടുത്ത് ചാരായം വിൽക്കുന്ന പാപ്പച്ചന്റെ കടയിൽ നിന്നു വലിയ ബഹളവും കേട്ടു. കൂടിനിന്നവരെ വകഞ്ഞു മാറ്റി ഞാനും ചേട്ടനും മുൻവശത്തുതന്നെ സ്ഥാനം പിടി ച്ചു. പെട്രോ മാക്സിന്റെ വെളിച്ചത്തിൽ പൊടിപടലങ്ങളുടെ ഇടയിൽക്കൂടി ഈയാംപാറ്റകൾ പറക്കുന്നതു കാണാൻ നല്ല രസമായിരുന്നു. സൈക്കിൾ വാടകയ്ക്കു കൊടുക്കുന്ന പെരുച്ചാഴി ബാലന്റെ മാനസിക രോഗിയായ അനുജൻ വാസു എന്റെ അടുത്തുവന്നിരുന്നു. അതുകണ്ട് ചേട്ടൻ ഒന്നു ഭയന്നു. എല്ലാവർക്കും വാസുവിനെ പേടിയാണെങ്കിലും എന്നോട് വാസുവിന് വലിയ സ്നേഹമാണ്.

അബ്ദുൾ പാനായിക്കുളം തിളങ്ങുന്ന ഷർട്ടും ചുവന്ന നിറത്തിലുള്ള പാന്റും ധരിച്ച് ബെല്ലും ബ്രേയ്ക്കും ഒന്നും ഇല്ലാത്ത സൈക്കിളിൽ അഭ്യാസ പ്രകടനങ്ങൾ നടത്തി ക്കൊണ്ടിരുന്നു. രാത്രിയും, പകലും, നിമിഷനേരം പോലും ഉറങ്ങാറില്ലെന്നാണ് ഇയാളുടെ അവകാശവാദം. ഇതിന്റെ നിജസ്ഥിതി അറിയാൻ നാട്ടിലെ ചിലർ രാത്രിയിൽ പതുങ്ങി പതുങ്ങി ചെന്നെന്നും, അയാളുടെ കൂട്ടാളികൾ തല്ലി ഓടി ച്ചെന്നും അന്നു കേട്ടിരുന്നു.

ഏതായാലും നല്ലൊരു അഭ്യാസിയായിരുന്നു അബ്ദുൾ പാനായിക്കുളം. സൈക്കിൾ ഓടിച്ചുകൊണ്ടുള്ള അയാ ളുടെ ചില കസർത്തുകൾ ഇന്നും ഞാൻ ഓർക്കുന്നു. നിലത്തു കിടക്കുന്ന ടൗവ്വൽ സൈക്കിൾ ഓടിച്ചുകൊണ്ടുതന്നെ

എടുക്കുക ബെല്ലും, ബ്രേയ്ക്കും ഒന്നും ഇല്ലാതെ ഓടിക്കൊണ്ടിരിക്കുന്ന സൈക്കിൾ പൊക്കി ബായ്ക്കിലെ ടയർമാത്രം നിലത്തു കുത്തി മുൻവശത്തെ ടയർ വായുവിലാക്കി അഭ്യാസപ്രകടനങ്ങൾ ഇതെല്ലാം നിരന്തര പരിശീലനം കൊണ്ടാണെങ്കിലും അയാൾ അനായസേന ചെയ്തുകൊണ്ടിരുന്നു.

അഞ്ചാറു കൂട്ടാളികളും കൂടെയുണ്ടാകും. ഒരു തെങ്ങിൽ നിന്നും മറ്റൊരു തെങ്ങിലേക്ക് കമ്പി വലിച്ചുകെട്ടി അതിനു മീതെ നടക്കുക. തീ വളയത്തിന്റെ ഉള്ളിലൂടെ ചാടുക. കൂടെയുള്ള വിജയകാന്തിയുടെ മുടിയിൽ കയറുകെട്ടി പിന്നിൽ സൈക്കിളിൽ നാലഞ്ചുപേരെ ഇരുത്തി വലിക്കുക. ഇതെല്ലാം അഭ്യാസപ്രകടനങ്ങളുടെ ഭാഗമായിരുന്നു. അവസാനത്തെ ഇനമായിരുന്നു വിജയകാന്തിയുടെ റിക്കാർഡ് ഡാൻസ്.

തിളങ്ങുന്ന ഒരു മുറിപ്പാവാടയും, വെൽവറ്റ് ബ്ലൗസും ധരിച്ച് വിജയകാന്തിയുടെ റിക്കാർഡ് ഡാൻസ് നടന്നുകൊണ്ടിരിക്കുമ്പോൾ ഇവരുടെ കൂട്ടാളികളിൽ ഒരുവൻ ഒരു പാട്ടയും കുലുക്കി എല്ലാവരുടേയും അടുത്തു പിരിവിനു വന്നു.

ചാരായം കുടിച്ച് ലക്കുകെട്ട പൂക്കോടം ഉണ്ണി കാശ് പാട്ടയിൽ ഇട്ടുകൊടുക്കാതെ വിജയകാന്തിയുടെ അടുത്തുചെന്ന് രണ്ടുമൂന്നു നോട്ടുകൾ അവളുടെ ബ്ലൗസിൽ തിരികിക്കൊടുത്തു. അതിന്റെ പ്രതിഫലം എന്നോണം വിടർന്ന കണ്ണുമായി വിജയകാന്തി തന്റെ തുടുത്ത മാറിടം ഒന്നു കുലുക്കി. അതുകണ്ടു ഇളകിച്ചിരിച്ച എന്നെ ചേട്ടൻ "അടങ്ങിയിരിക്കടാ" എന്നു പറഞ്ഞ് തോളത്തു ഒരു തല്ലു വച്ചുതന്നു. അപ്പോഴേക്കും ജനക്കൂട്ടത്തിന്റെ ഇടയിൽ നിന്നും കമന്റു വന്നു.

"ആ വെള്ളം വാങ്ങിവച്ചേക്കു ഉണ്ണി. തല്ലു കിട്ടാതെ വേഗം വീട്ടിൽപ്പോകാൻ നോക്ക്."

ഏതായാലും നല്ല രസമായിരുന്നു കാഴ്ചകൾ. കുറെനേരം കഴിഞ്ഞ് ഉറക്കം കൺപോളകളെ തഴുകാൻ തുടങ്ങിയപ്പോൾ ഞാനും, ചേട്ടനും അവിടന്നു എണീറ്റു റോഡിലേക്കു നടന്നു.

പെട്ടെന്ന് ഒരു കാർ ബ്രേക്ക് ഇടുന്ന ശബ്ദം കേട്ടു. ശബ്ദം കേട്ട ഭാഗത്തേക്കു ജനങ്ങൾ ഓടിക്കൂടുന്നു. ഞങ്ങളും ചെന്നു നോക്കി. അച്ചാച്ചന്റെ ഇരുമ്പുകടയിൽ ജോലി നോക്കുന്ന ഹരി രക്തത്തിൽ കുളിച്ചു കിടക്കുന്നു. ഇടിച്ചു തെറിപ്പിച്ച കാർ നിർത്താതെ പോയെന്ന് പലരും പറയുന്നതു കേട്ടു. എന്തായാലും കൂടി നിന്ന എല്ലാവരും കൂടി ഹരിയെ ആശുപത്രിയിലേക്കു കൊണ്ടുപോയി. പിറ്റേ ദിവസം അറിയാൻ കഴിഞ്ഞു ഹരിയുടെ വലതുകാലും, വലതു കൈയ്യും ഒടിഞ്ഞെന്നും പ്ലാസ്റ്റർ ഇട്ട് വീട്ടിലേക്കു കൊണ്ടുപോന്നുവെന്നും.

ഞാനും ചേട്ടനും കൂടി ഒരുദിവസം രാവിലെ കുളിക്കാൻ പുഴക്കടവിലേക്കു പോകുന്നവഴി ഹരിയുടെ വീട്ടിൽ കയറി വിവരങ്ങളെല്ലാം വിശദമായി തിരക്കി.

മലയാള മനോരമയുടെ ബാലരമ എന്ന മാസികയുമായി സഹകരിച്ച് ചേട്ടനും, കൂട്ടുകാരും ചേർന്ന് അന്നൊരു കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിച്ചിരുന്നു. അതിൽ “ഞാൻ കണ്ട അപകടം” എന്ന പേരിൽ ഒരു ലേഖനം എഴുതി. ഹരിയുടെ കാർ അപകടത്തെക്കുറിച്ച്. ഇതു വായിച്ച നാട്ടിലെ പലരും ചേട്ടനെ അഭിനന്ദിച്ചു.

വർഷങ്ങൾക്കുശേഷം ഞങ്ങളെല്ലാവരും അമേരിക്കയിൽ എത്തി ചേട്ടന് ഹൗസിംഗ് അതോറിറ്റിയിൽ ജോലിയായിരുന്നു. ന്യൂജേഴ്സിയിൽ. ഞാൻ ടെക്സാസിലും. രണ്ടുപേരും അമേരിക്കയിൽ രണ്ടു സ്ഥലത്തായിരുന്നെങ്കിലും, ഫോണിൽ ബന്ധപ്പെടാത്ത ഒരു ദിവസം പോലും ഉണ്ടായിരുന്നില്ല. ദിവസം രണ്ടും മൂന്നും പ്രാവശ്യം ചേട്ടൻ വിളിക്കാൻ തുടങ്ങിയത് റിട്ടയർമെന്റിനു ശേഷമാണ്. സംസാരിക്കുമ്പോഴെല്ലാം

റിട്ടയർമെന്റിലെ വിരസര പ്രകടമായിരുന്നു. സംസാരത്തിനൊടുവിൽ മരണത്തെക്കുറിച്ചും മരണാന്തര കർമ്മത്തെക്കുറിച്ചൊക്കെ സംസാരിക്കും. ഒരിക്കൽ എന്നോടു ചോദിച്ചു:-

“ഞാൻ മരിച്ചാൽ ചരമ പ്രസംഗത്തിൽ നീ എന്താണു പറയാൻ ഉദ്ദേശിക്കുന്നത്. എനിക്ക് അതൊന്നു കേൾക്കണം.”

അതിനുള്ള എന്റെ മറുപടികേട്ട് ചേട്ടൻ ചിരിച്ചുപോയി. അറംപറ്റിയതുപോലെയായിരുന്നു ആ വാക്കുകൾ. പിന്നെ ആ ചിരി കേൾക്കാനുള്ള ഭാഗ്യം എനിക്കില്ലാതെ പോയി.

പിറ്റേ ദിവസം ഒരു സുഹൃത്തിന്റെ മകന്റെ കല്യാണത്തിനു കാനഡയിൽ പോയി തിരികെ വരുമ്പോൾ ന്യൂജേഴ്സിയിലെ ന്യൂവാർക്ക് എയർപോർട്ടിൽ കാലിടറി വീണ ചേട്ടൻ അബോധാവസ്ഥയിലായി. 2015 ജൂൺ 16-ാം തീയതി.

നില വളരെ ഗുരുതരമാണെന്നും, കോമ സ്റ്റേജിൽ ആണെന്നൊക്കെ മോളിച്ചേച്ചി ഫോൺ വിളിച്ചു പറഞ്ഞപ്പോൾ, മനസിനെ നിയന്ത്രിക്കാൻ എനിക്കു കഴിഞ്ഞില്ല. ഇളം മനസിൽ അന്നു ഞാൻ കണ്ട ഹരിയുടെ അപകടം എന്റെ മനസിൽ മായാതെ നിന്നിരുന്നു. ആ നിലയിൽ ചേട്ടനെ കാണാനുള്ള മനഃസാന്നിദ്ധ്യം ഇല്ലാത്തതിനാൽ ഞാൻ മോളിച്ചേച്ചിയോടു കാര്യം പറഞ്ഞു. പിറ്റേന്ന് ഞാൻ അറിഞ്ഞു, ആ ശ്ബദം നിലച്ചുപോയെന്ന്. എന്നോടു മാത്രം ഒന്നും പറയാതെ ചേട്ടൻ പോയെന്ന്. “ഞാൻ കാണാതെപോയ അപകടം.”

●

# 4

## തട്ടാൻ പുരുഷനും, ചേച്ചിയുടെ താലിയും

ഇന്ന് വീടിന്റെ മുൻവശത്ത് എത്ര തരം വിലകൂടിയ കാറുകൾ കിടപ്പുണ്ടെന്നതു നോക്കിയാണ് വീട്ടുകാരുടെ പ്രതാപം അളക്കുന്നതെങ്കിൽ പണ്ടുകാലത്ത് വീടിന്റെ മുൻവശത്ത് പശുത്തൊഴുത്തിലുള്ള കന്നുകാലികളുടെ എണ്ണം നോക്കിയാണ് പ്രതാപം കൽപിക്കുന്നത്.

വീടുകളിൽ ഒരു അതിഥി വന്നാൽ തൊഴുത്തിൽ ചെന്ന് കന്നുകാലികളുടെ വിശേഷങ്ങളൊക്കെ ചോദിക്കുന്നതും ഗൃഹനാഥൻ അഭിമാനത്തോടെ പശുക്കളെപ്പറ്റി വിവരിക്കുന്നതും പതിവാണ്. അന്ന് ഞങ്ങൾക്ക് മൂന്ന് നാല് പശുക്കൾ ഉണ്ടായിരുന്നു. അമ്മച്ചിയാണ് പശുവിനെ കുളിപ്പിക്കുന്നതും, വൈക്കോൽ കൊടുക്കുന്നതും, പശുവിനെ കറക്കുന്നതുമെല്ലാം.

വാവ് അടുക്കുമ്പോൾ പശുക്കൾ വല്ലാത്ത രീതിയിൽ അമറുന്നതും അതിനെ ചവുട്ടിക്കാൻ കൊണ്ടുപോകുന്നതുമായകാര്യം അച്ചാച്ചനും, അമ്മച്ചിയും കൂടി പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. ആദ്യമൊന്നും ഇതെന്താണെന്ന് എനിക്കു

മനസിലായിരുന്നില്ല. ക്രമേണ കാര്യങ്ങൾ മനസിലായിത്തുടങ്ങി. കന്നിമാസത്തിൽ പട്ടികൾക്കും, വാവ് അടുക്കുമ്പോൾ പശുക്കൾക്കും വികാരം അധികരിക്കും. ആ സമയത്ത് ഇണ ചേരണം. അതിനു കഴിയാതെ വരുമ്പോഴാണ് ശബ്ദമുണ്ടാക്കി അസ്വസ്ഥത പ്രകടിപ്പിക്കുന്നത്. ഞങ്ങളുടെ ഒരു പണിക്കാരനുണ്ട് അയ്യപ്പൻ. അയ്യപ്പനാണ് പശുക്കളെ ചവുട്ടിക്കാൻ കൊണ്ടുപോകുന്നത്. ഒരു ദിവസം ഞാൻ അമ്മച്ചിയോടു ചോദിച്ചു

"അമ്മച്ചി, അയ്യപ്പൻ പശുവിനെ ചവുട്ടിക്കാൻ കൊണ്ടു പോകുമ്പോൾ ഞാനും കൂടെയൊന്നു പൊയ്ക്കോട്ടേ... എനിക്ക് ഇതെന്താണെന്നു മനസിലാക്കാനാ."

"മൊട്ടേന്ന് വിരിഞ്ഞിട്ടില്ല. അവന് പശുക്കളെ ചവുട്ടിക്കുന്നത് കാണണം. പൊയ്ക്കോളണം എന്റെ മുമ്പീന്ന്."

അതെനിക്കു വാശിയായി. ഞാൻ അഗസ്റ്റിനോടു വിവരം പറഞ്ഞു. അവനറിയാം ഇത്തരം കേന്ദ്രങ്ങൾ. ഞങ്ങൾ ഒരു ദിവസം ഈ കേന്ദ്രത്തിനടുത്തു ചെന്ന് ഈ പ്രക്രിയ കണ്ടു. ഞങ്ങൾ ആകാംഷയോടെ നോക്കിനിൽക്കുന്നതു കണ്ട കാളകളുടെ ഉടമസ്ഥൻ "പൊയ്ക്കേടാ പുള്ളേരെ" എന്ന് പറഞ്ഞ് ഞങ്ങളെ ആട്ടിയോടിച്ചത് ഇന്നും ഞാൻ ഓർക്കുന്നു.

അമ്മച്ചിയുടെ വിനോദങ്ങൾ രണ്ടാണ്. ഒന്നാമത്തേതാണ് പശുപരിപാലനം. മറ്റൊന്ന് ഒടിഞ്ഞതും. വളഞ്ഞതും, പൊട്ടിയതുമായ സ്വർണ്ണങ്ങൾ ഉരുക്കി പുതിയതു പണിയൽ. ഇന്നത്തെപ്പോലെ വലിയ സ്വർണ്ണക്കടകളോ, ഉപഭോക്താക്കൾ അവിടെപ്പോയി ഉയർന്ന ഗുണനിലവാരത്തിലുള്ള ഹാൾമാർക്ക് 916 സ്വർണ്ണം വാങ്ങുന്ന സമ്പ്രദായമൊന്നുമില്ല. പലരും തട്ടാൻമാർ എന്നറിയപ്പെടുന്ന സ്വർണ്ണപ്പണിക്കാരുടെ അടുത്തുചെന്ന് പണിയിപ്പിക്കുകയാണു പതിവ്. ചിലർ വീടുകളിലേക്കു തട്ടാന്മാരെ വിളിച്ചു വരുത്തിയും പണികഴിപ്പിക്കാറുണ്ട്.

തോട്ടയ്ക്കാട്ടുകരയിൽ പുരുഷൻ എന്നൊരു തട്ടാൻ

ഉണ്ടായിരുന്നു. അമ്മച്ചിക്കും ചേച്ചിമാർക്കും വേണ്ടിവരുന്ന ആഭരണങ്ങളെല്ലാം അയാളാണ് പണിതിരുന്നത്. അങ്ങിനെ മോളിചേച്ചിക്കു വള പണിയാനായി തട്ടാൻ പുരുഷന്റെ അടുത്ത് അമ്മേച്ചി പഴക്കം കൊണ്ട് പൊട്ടിയ രണ്ടു മാല കൊടുത്തിരുന്നു. ചെല്ലുമ്പോ, ചെല്ലുമ്പോ ഓരോ അവുധി പറയും. ഒരുവിധത്തിൽ പറഞ്ഞാൽ അമ്മേച്ചിക്ക് അതൊരു സന്തോഷമാണ്. തട്ടാൻ പുരുഷന്റെ അടുത്തു പോകുന്നുവെന്ന് പറഞ്ഞ് ചേച്ചിമാരേയും കൂട്ടി ഒരു സർക്കീട്ട്.

ഒരു ദിവസം അമ്മേച്ചി എന്നോടു പറഞ്ഞു. "എടാ നാളെ നമുക്കൊന്നു തട്ടാൻ പുരുഷന്റെ കടവരെ പോകണം."

ഞാൻ അതിശയിച്ചുപോയി. സാധാരണ അമ്മേച്ചിക്ക് കൂട്ടുപോകുന്നത് ചേച്ചിമാരാണ്. ഇത്തവണ എന്നെ കൂട്ടിക്കൊണ്ടുപോകുന്നതിൽ എന്തോ ഒരു കാര്യമുണ്ട ല്ലോയെന്ന് മനസിലോർത്തു.

പിറ്റേദിവസം രാവിലെ ഞാനും അമ്മേച്ചിയും കൂടി തട്ടാൻ പുരുഷന്റെ കടയിലേക്കു നടന്നു പൊയ്ക്കൊണ്ടിരുന്നപ്പോൾ അമ്മേച്ചി പറഞ്ഞു:

''എടാ... പുരുഷന്റെ കടയിൽ ചെല്ലുമ്പോൾ ഞാൻ നിന്റെ കൈയ്യിൽ ഒരു സാധനം തരും. അതു കിട്ടിയാൽ ഉടൻ വീട്ടിലേക്കു ഓടിപോയ്ക്കോളണം. ഞാൻ ചിലപ്പോ നിന്നെ വിളിച്ചെന്നിരിക്കും. കേൾക്കാത്ത മട്ടിൽ ഓടിക്കോളണം." ഇതെന്തോ പന്തികേടാണല്ലോയെന്നു ഞാൻ മനസിൽ ഓർത്തു. അമ്മേച്ചിയോട് ഞാൻ പറഞ്ഞു.

"അങ്ങിനെ ഓടണമെങ്കിൽ എനിക്കെന്തെങ്കിലും വാങ്ങിത്തരണം."

"എന്ത് "? "പഞ്ഞിമിട്ടായി". ഇവന്റെയൊരു കാര്യംഎന്നു പറഞ്ഞ് അടുത്തു കണ്ട ബേക്കറിയിലേക്കു കയറി.

ഞങ്ങൾ ചെല്ലുമ്പോൾ മൂശയിൽ കിടക്കുന്ന സ്വർണ്ണം ഒരു കുഴലുകൊണ്ട് ഊതിക്കൊണ്ടിരിക്കുകയായിരുന്നു തട്ടാൻ പുരുഷൻ. അമ്മവീട്ടിൽ വച്ച് ഒരിക്കൽ ഒരു തട്ടാൻ മാലപണിയുന്നത് ഞാൻ നേരിൽ കണ്ടിട്ടുണ്ട്.

പൊട്ടിയത് വിളക്കുക, നീളം കൂട്ടുക, കുറയ്ക്കുക, മാറ്റിപ്പണിയുക ഇതിനൊക്കെ വേണ്ടിയാണ് തട്ടാന്മാരെ വീട്ടിൽ വിളിച്ചുവരുത്തുന്നത്. സ്വർണ്ണം ദ്രാവകത്തിലിട്ട് കഴുകുമ്പോൾ തിളക്കമേറുന്നതും, തീയിലിട്ട് വിളക്കുന്നതുമെല്ലാം അന്ന് വലിയ അത്ഭുതത്തോടെ ഞാൻ നോക്കിനിന്നു കണ്ടിട്ടുണ്ട്.

ഞങ്ങളെ കണ്ടയുടനെ പുരുഷൻ പറഞ്ഞു:–

“ങാ.. കൊച്ചമ്മേ... വളയുടെ പണി തുടങ്ങിയിട്ടുണ്ട്. രണ്ടു ദിവസത്തിനുള്ളിൽ തന്നേക്കാം”.

“അതു സാരമില്ല. ഞാൻ വന്നത് നീ വള പണിതു കഴിഞ്ഞില്ലെങ്കിൽ ഇപ്പോഴത്തെ പുതിയ സ്റ്റൈൽ നോക്കി അതുപോലെ പണിയണമെന്നു പറയാൻ വേണ്ടിയാ”.

“ഓ അതുശരി” എന്നും പറഞ്ഞ് പുതിയ സ്റ്റൈലിലുള്ള രണ്ടുമൂന്നു വളകൾ അമ്മച്ചിയുടെ കൈയ്യിലേക്കു കൊടുത്തു. കുറച്ചുനേരം അമ്മച്ചി തിരിച്ചും മറിച്ചും നോക്കിനിന്നിട്ട് അത് എന്റെ കൈയ്യിലേക്കു തന്നു. കിട്ടിയ ഉടനേ ഞാൻ വീട്ടിലേക്ക് ഓടി. എന്റെ ഓട്ടത്തിനിടയിൽ അമ്മച്ചി വിളിച്ചുപറയുന്നുണ്ടായിരുന്നു.

“എടാ... വള ഇങ്ങുതാ. അതു നമ്മുടേതല്ല”. അമ്മച്ചി പുരുഷനോടു പറഞ്ഞു:–

“പുരുഷാ നീ വീട്ടിലേക്കു വന്നേക്ക്. വളതന്നേക്കാം. ഞങ്ങളുടെ വളയാണെന്നു കരുതി ചേച്ചിയ്ക്ക് കൊടുക്കാൻ വേണ്ടി അവൻ ഓടിയതാ.

അമ്മച്ചി വീട്ടിൽ എത്തിയ ഉടനേ തട്ടാൻ പുരുഷനും എത്തി. പുരുഷനെ കണ്ടയുടനെ അമ്മച്ചി പറഞ്ഞു:–

“ഉടനേ തരാം, ഉടനേ തരാം” എന്നു പറഞ്ഞു നീ എന്നെ കളിപ്പിക്കാൻ തുടങ്ങിയിട്ട് കുറെ നാളുകളായി. ആദ്യം എന്റെ വള പണിതു താ. എന്നിട്ടു തരാം നിന്റെ വള”.

തട്ടാൻ പുരുഷൻ പോയ ഉടനേ അമ്മച്ചിയുടെ അപാര മായ ബുദ്ധിയെക്കുറിച്ച് ഞാൻ ചിന്തിക്കാൻ തുടങ്ങി. സത്യ ത്തിൽ അന്നുമുതലാണ് ഞാൻ ചിന്തിക്കാൻ തുടങ്ങിയത്. പിന്നീട് എന്റെ ജീവിതത്തിലെ പല പ്രതിസന്ധികളിൽ നിന്നും രക്ഷപ്പെട്ടിട്ടുള്ളത് അമ്മച്ചിയുടെ ആ ബുദ്ധിയാണ്.

സ്വർണ്ണത്തിന്റെ കാര്യം പറഞ്ഞപ്പോഴാണ് ഞാൻ മറ്റൊരു കാര്യം ഓർത്തത്. അതായത് മോളിചേച്ചിയുടെ കല്യാണം കഴിഞ്ഞു വന്ന ദിവസം. ചേച്ചി ചരടിൽ കെട്ടിയിരുന്ന താലി മറ്റൊരു മാലയിലേക്കു മാറ്റിയില്ലായിരുന്നു. കിണറി നോടു ചേർന്നുള്ള കുളിമുറിയിൽ കുളിക്കാൻ പോയ ചേച്ചി കിണറ്റിൽ നിന്നു വെള്ളം കോരുന്നതിനിടയിൽ ചരടു പൊട്ടി താലി കിണറ്റിലേക്കു വീണു. ചേച്ചി കരച്ചിൽ തുടങ്ങി. ഞങ്ങളെല്ലാം ഓടിച്ചെന്നു. കേട്ടറിഞ്ഞ് അയൽവാസികളും എത്തി. പലരും പല അഭിപ്രായങ്ങൾ പറയാൻ തുടങ്ങി.

കിണറിനു ചുറ്റും ആളുകൂടിയിരിക്കുന്നതു കണ്ട് അയൽ വീട്ടിലെ ചന്ദ്രൻ ചേട്ടൻ പാതാളക്കരണ്ടിയുമായി വന്നു.

“വിഷമിക്കണ്ടാ ഞാൻ എടുത്തുതരാം”.

“എന്തെടുക്കുന്ന കാര്യമാ ചന്ദ്രൻ പറയണത് ”?

“ബക്കറ്റല്ലേ”?

കൂട്ടച്ചിരി ഉയർന്നു. ചേച്ചിയുടെ കരച്ചിൽ കൂടി. ഇടയ്ക്ക് അമ്മച്ചി പറയുന്നുണ്ടായിരുന്നു. “ഒന്നടങ്ങു പെണ്ണേ അതു കിട്ടും. നീ വിഷമിക്കാതെ”.

വേനൽക്കാലമായതിനാൽ മുട്ടിനു വെള്ളമേ ഉണ്ടായിരുന്നു ള്ളൂ. ഏറ്റവും അടിയിൽ നെല്ലിപ്പലകയുണ്ട്. മീതെ കിടക്കുന്ന മണൽ കോരിയെടുക്കാമെന്നു പറഞ്ഞ് ഞാൻ കിണറ്റിൽ

ഇറങ്ങി. ഓരോ ബക്കറ്റിലും മണൽ വാരി തീരാറായി. മുകളിലെത്തിയ മണൽ അവിടെ കൂടി നിന്നവരെല്ലാംകൂടി അരിച്ചുപെറുക്കിക്കൊണ്ടിരുന്നപ്പോൾ, വേളാങ്കണ്ണി മാതാവിന്റെ ഫോട്ടോയുംകൊണ്ട് ഒരു സ്ത്രീ വീട്ടിലേക്കു വന്നിട്ട് അമ്മച്ചിയോടു പറഞ്ഞു:–

“അമ്പതു വീടുതെണ്ടി വേളാങ്കണ്ണിക്കു പോകുന്ന നേർച്ചയ്ക്കു വന്നതാ. എന്തെങ്കിലും തരണം”.

“ഇവിടെ ഞങ്ങളൊരു പ്രശ്നത്തിലാ. ഇവളുടെ താലി കിണറ്റിൽ പോയി. അതെടുക്കാനുള്ള ശ്രമത്തിലാ. നീ മാതാവിനോട് മനസുരുകി പ്രാർത്ഥിക്ക് കിട്ടിയാൽ ഉറപ്പായി ഞാൻ നേർച്ചതരാം”.

അവസാന ബക്കറ്റിലെ മണലുംകൊണ്ട് കിണറ്റിൽ നിന്നു ഞാൻ മുകളിൽ വന്നു. ഇതെല്ലാം കണ്ടുകൊണ്ട് നേർച്ചയ്ക്കു വന്ന ആ സ്ത്രീ പേരമരച്ചുവട്ടിൽ കണ്ണടച്ചു പ്രാർത്ഥിച്ചു കൊണ്ടു നിൽക്കുന്നതു ഞാൻ കണ്ടു. ഇടയ്ക്ക് ചേച്ചി എന്നുറക്കെ വിളിച്ചുകൊണ്ട് നേർച്ചയ്ക്കു വന്ന സ്ത്രീ പരിശോധന കഴിഞ്ഞ മണ്ണിലെ ഒരു ചെറിയ കല്ലിനടിയിൽ കിടന്ന താലിയെടുത്തു. ഇതുകണ്ട എന്റെ ചേച്ചി ഓടി ആ സ്ത്രീയുടെ അടുത്തേക്കു ചെന്നു. നേർച്ചയ്ക്കു വന്ന സ്ത്രീ ചേച്ചിക്ക് താലി കൊടുക്കുന്നതിനു മുൻപ് ഇങ്ങനെ പറഞ്ഞു:–

‘’ചേച്ചിയുടെ ശ്രദ്ധക്കുറവുകൊണ്ടാണ് താലി കിണറ്റിൽ പോയത്’’. അമ്മച്ചി അവർക്ക് ഭക്ഷണവും പണവും കൊടുത്തുവിട്ടു.

●

# 5

## *തൊമ്മിച്ചേട്ടനും പാമ്പാട്ടിയും പിന്നെ ഞാനും*

**അ**ക്കാലത്ത് ഒരു വീട്ടിൽ എന്തെങ്കിലും വിശേഷമുണ്ടായാൽ നിമിഷനേരംകൊണ്ട് നാട്ടിലുടനീളം വാർത്ത പരക്കും. അതുപോലെ അത്യാഹിതം സംഭവിച്ചാലും വീട്ടിലുള്ളവരേക്കാൾ ഉത്തരവാദിത്വത്തോടെ മറ്റുള്ളവർ സഹായഹസ്തവുമായി മുന്നോട്ടു വന്നിരുന്നു. നാട്ടുകാരുമായി നല്ലൊരു ബന്ധം നിലനിർത്തുന്നതിൽ സവിശേഷമായ വൈഭവം തന്നെയുണ്ടായിരുന്നു അക്കാലത്ത്. പരസ്പരം സഹവർത്തിക്കുക എന്നത് ഒരു കലയായി കൊണ്ടുനടന്നിരുന്ന കാലം. എന്റെ അച്ചാച്ചന്റെ ഇരുമ്പുകടയുടെ സമീപത്ത് തൊമ്മിച്ചേട്ടൻ ശവപ്പെട്ടിക്കച്ചവടം നടത്തുന്നുണ്ട്. ആലുവായിലേയും, പരിസരത്തേയും ഏക ശവപ്പെട്ടിക്കടയാണത്. ശരിയായ ഒരു ബിസിനസുകാരനാണ് തൊമ്മിച്ചേട്ടനെന്നു ഞാൻ മനസിലാക്കിയ ഒരു കഥപറയാം.

എന്റെ സുഹൃത്ത് ഫെഡറൽ ബാങ്കിൽ ജോലിചെയ്യുന്ന മാത്തച്ചന്റെ പിതാവ് ഹോൾസെയിൽ എണ്ണ വാങ്ങി ചെറിയ കുപ്പികളിൽ നിറച്ച് ‘കർഷകൻ’ എന്ന ബ്രാൻഡിൽ ലേബലും ഒട്ടിച്ച് ചെറിയ ചെറിയ കടകളിൽ കൊടുത്ത് ബിസിനസ് നടത്തിയിരുന്നു. അതുകൊണ്ട് എല്ലാവരും “കർഷകൻ ചേട്ടൻ” എന്നു വിളിച്ചിരുന്നു. കാണാൻ നല്ല സുമു

ഖനാണ്. ആറടിക്കുമേൽ പൊക്കം. ഒരു ദിവസം ബാങ്കിൽ ജോലി ചെയ്യുന്ന എന്റെ മറ്റൊരു സുഹൃത്ത് സോമൻ വന്നു പറഞ്ഞു.

"സണ്ണി നമ്മുടെ കർഷകൻ ചേട്ടൻ മരിച്ചു".

ഉടനെ ഞങ്ങൾ മാത്തച്ചന്റെ വീട്ടിലേക്കു പോയി. ഞങ്ങളെ കണ്ടയുടനെ മാത്തച്ചൻ പറഞ്ഞു:–

"എടാ.... ഒരു ഉപകാരം ചെയ്യണം. പെട്ടിയുടെ കാര്യമൊന്നു ശരിയാക്കണം".

ഓ... ശരിയെന്നും പറഞ്ഞ് ഞങ്ങൾ തൊമ്മിച്ചേട്ടന്റെ കട യിലേക്കു ചെന്നു. ഞങ്ങളെ കണ്ടയുടനെ തൊമ്മിച്ചേട്ടൻ പറഞ്ഞു:

"ങ്ഹും... എന്താ രണ്ടുപേരുംകൂടി പതിവില്ലാതെ...?

"നമ്മുടെ കർഷകൻ ചേട്ടൻ മരിച്ചു".

സാധാരണ പെട്ടിവാങ്ങാൻ ചെല്ലുമ്പോൾ കച്ചവടക്കാരനു സന്തോഷമായിരിക്കും. ഇതു നേരെ മറിച്ചായിരുന്നു പ്രതിക രണം.

"അയ്യോ ചതിച്ചല്ലോ അത് ആറേ രണ്ടല്ലേ"?

ഒന്നും മനസിലാകാതെ പകച്ചു നിന്നുപോയി ഞങ്ങൾ. ഞങ്ങളുടെ മുഖഭാവം കണ്ടതുകൊണ്ടായിരിക്കാം ചേട്ടൻ ഇങ്ങനെ പറഞ്ഞത്.

"എടാ... അയാൾക്ക് ആറടി രണ്ടിഞ്ച് ഉയരമുണ്ട്. ഈ പരിസരത്ത് ആറടിക്കുമേൽ ഉയരമുള്ള മൂന്നു പേരെയുള്ളൂ. അതിലൊരാളാ കർഷകൻ ചേട്ടൻ. ഈ സമീപപ്രദേശങ്ങളി ലുള്ളവരുടെ വണ്ണം പൊക്കം എല്ലാം എനിക്കു മനപ്പാഠമാ ണ്. ആരെല്ലാം പ്രായമായി നില്പുണ്ടന്നെും എനിക്കറിയാം". ഞാൻ എല്ലാവർക്കും കൃത്യമായ അളവിലുള്ള പെട്ടിയേ

കൊടുക്കാറുള്ളൂ. മരിച്ച ആൾക്ക് അയാളേക്കാൾ വലിയ പെട്ടി കൊടുത്താൽ കുടുംബത്തിൽ മറ്റൊരു മരണംകൂടി ഉണ്ടാകുമെന്നൊരു വിശ്വാസം ഉണ്ട്. അതുകൊണ്ട് ആറടിക്കുമേലുള്ള പെട്ടി ഞാൻ ഉണ്ടാക്കി വയ്ക്കാറില്ല. ഒരു കാര്യം ചെയ്തോ മൂന്നു മണിക്കൂർ കഴിഞ്ഞു പോന്നോ പെട്ടി റെഡിയാക്കി വച്ചേക്കാം. പണവും കൊണ്ടുപോര്.

എത്ര ദീർഘവീക്ഷണമുള്ള ബിസിനസുകാരൻ. ഏതുതരത്തിലുള്ള കച്ചവടമായാലും അതിനെക്കുറിച്ച് വ്യക്തമായൊരു ധാരണവേണമെന്നുള്ള കാര്യം എന്റെ മനസിൽ കയറിയത് അന്നാണ്. ഇതിനു സമാനമായ മറ്റൊരു കഥ പറയാം. അത് എന്നേയും കൂടി ബാധിക്കുന്നതായതുകൊണ്ടാണ് പെട്ടെന്ന് ഓർമ്മ വന്നത്.

അതായത് ഞാൻ പത്താംക്ലാസു പാസായി നിൽക്കുന്ന സമയം. ആലുവ യു.സി. കോളേജിൽ ചേരാനായി ഒരുക്കങ്ങൾ നടക്കുന്നു. മുണ്ടുടുത്തു പോകാനുള്ള മടികൊണ്ട് അച്ചാച്ചനോടു പറഞ്ഞ് രണ്ടുജോഡി പാന്റു തയ്പിച്ചു. അന്ന് പാന്റ് എന്നൊക്കെ പറഞ്ഞാൽ ഒരു ഗമ തന്നെയാണ്. ഞങ്ങളുടെ വീടിനടുത്ത് വാസു എന്നൊരു മിലട്ടറിക്കാരനുണ്ടായിരുന്നു. പാന്റിട്ട ഒരാളെ ഞാൻ ആദ്യമായി കാണുന്നത് അയാളെയാണ്. കറുപ്പും, പച്ചയും ഇടകലർന്ന ഒരു പാന്റും, കയ്യിലൊരു തകരപ്പെട്ടിയുമായി അയാൾ നാട്ടിൽ വരുന്നത് ഞാൻ കൗതുകത്തോടെ നോക്കി നിന്നിട്ടുണ്ട്.

പാന്റ് തയ്പിച്ചു കഴിഞ്ഞപ്പോഴാണ് ഷൂസിന്റെ കാര്യം ഓർമ്മവന്നത്. ഇനി ഇതെങ്ങിനെ അച്ചാച്ചനോടു പറയും. ഏതായാലും സമയവും കാലവും നോക്കി അച്ചാച്ചന്റെ മുന്നിൽ വിഷയം അവതരിപ്പിച്ചു. കേട്ടപാതി അച്ചാച്ചൻ പറഞ്ഞു:-

“അതിനെന്താ വാങ്ങിച്ചോ. ബാറ്റയിൽ ചെന്നാൽ നല്ല ഷൂസു കിട്ടും.”

സന്തോഷമായി. അന്ന് ബാറ്റയുടെ ഷൂസ് നല്ലതാണെന്ന വിശ്വാസം.പണവും വാങ്ങി, റെയിൽവേ മൈതാനിയി ലേക്കു കടന്നപ്പോൾ ഒരാൾക്കൂട്ടം എന്റെ ശ്രദ്ധയിൽപ്പെട്ടു. ആകാംക്ഷയോടെ വട്ടം കൂടിനിന്നവരെ വകഞ്ഞുമാറ്റി മുൻ പിലേക്കു ചെന്നു. ഒരു പാമ്പാട്ടി ഉഗ്രവിഷമുള്ള മൂർഖൻ പാമ്പിനെ മകുടി ഊതി കളിപ്പിക്കുന്നു. സമീപത്ത് മറ്റ് അഞ്ചാ റുകുട്ടകളും ഞാൻ കണ്ടു. പാമ്പാട്ടിയുടെ സഹായി ഒരുത്തൻ വാചാലമായി തമിഴ് കലർന്ന മലയാളത്തിൽ സംസാരിച്ചു കൊണ്ടിരുന്നു.

ഇങ്കേ പാറിങ്കേ... ഹിമാലയത്തിന്റെ താഴ്വരയിൽ നിന്നു ലഭിച്ചിട്ടുള്ള ഒരു പ്രത്യേകതരം ചെടിയുടെ വേ രാണ് ഇത്. നിങ്ങൾ ഇതു കൈവശം വച്ചാൽ പാമ്പുകൾ നിങ്ങളെ ഉപദ്രവിക്കില്ല. വില ഒരു രൂപ. ആർക്കാണ് വേ ണ്ടത്...? പലരേയും സമീപിച്ചു. ആരും വാങ്ങിയില്ല. ആർക്കും വേണ്ടല്ലേ എന്നു ഉറക്കെ വിളിച്ചുപറഞ്ഞപ്പോൾ ഒരാൾ പണംകൊടുത്തു വാങ്ങി. വീണ്ടും അയാൾ പലരേയും സമീ പിച്ചെങ്കിലും ആരും വാങ്ങിയില്ല. തിരികെ അയാൾ പണംകൊടുത്തു വാങ്ങിയ ആളുടെ സമീപത്തു ചെന്നിട്ട് പറഞ്ഞു:–

''സുഹൃത്തേ നിങ്ങൾ മാത്രം പണം തന്നുവാങ്ങാ നുള്ള മനസു കാട്ടി. അതുകൊണ്ട് പണം ഞാൻ നിങ്ങൾക്കു തിരിച്ചു തരുന്നു. ആ വേര് നിങ്ങൾ എടുത്തോ! തികച്ചും സൗജന്യമായി".

വീണ്ടും അയാൾ ബാഗിൽ നിന്നും ഇളം മഞ്ഞയും വെളുപ്പും നിറഞ്ഞ രണ്ട് ചെറിയ കല്ലുകൾ എടുത്ത് സംസാരം തുടങ്ങി.

സുഹൃത്തുക്കളേ അപൂർവ്വങ്ങളിൽ അപൂർവ്വമായി മാത്രം ലഭിക്കുന്ന ഒരു തരം കല്ലാണ് ഇത്. ഹിമാലയത്തിലെ ചില പ്രത്യേക സ്ഥലങ്ങളിൽ മാത്രം ലഭിക്കുന്നതാണ് ഈ കല്ല്.

ഇതു നിങ്ങളുടെ ഭവനങ്ങളിൽ സൂക്ഷിച്ചാൽ വിഷജന്തുക്കൾ നിങ്ങളുടെ വീടിന്റെ സമീപത്തുപോലും വരില്ല. ആർക്കാണു വേണ്ടത്. പക്ഷേ വില കൂടുതലാണ്. അഞ്ചു രൂപ.

ഉടനേ ഞാൻ പറഞ്ഞു: “ഒരെണ്ണം എനിക്ക്”

ഷൂ വാങ്ങാൻ കരുതിയ പണത്തിൽ നിന്നും 5 രൂപ എടുത്തു കൊടുത്ത് കല്ലു വാങ്ങി. കാരണം മറ്റേയാൾക്ക് പണം തിരികെ കൊടുത്തപോലെ ആരും വാങ്ങാതാകുമ്പോ എനിക്കും തരും എന്ന പ്രതീക്ഷ.

പാമ്പുകളെ കളിപ്പിച്ചുകൊണ്ടിരുന്ന പാമ്പാട്ടി കളി മതിയാക്കി പാമ്പുകളെ കുട്ടകളിൽ കയറ്റുന്നു. ആൾക്കാർ എല്ലാം പിരിഞ്ഞു തുടങ്ങി ഞാൻ പറഞ്ഞു:–

“ചേട്ടാ എന്റെ പണം. ഈ കല്ല് എനിക്കു വേണ്ടാ...”

“വേണ്ടെങ്കിൽ ആ കാട്ടിലേക്കു വലിച്ചെറിഞ്ഞു കളഞ്ഞേര്”.

ഇതും പറഞ്ഞിട്ട് അയാൾ പോയി. പാമ്പാട്ടിയുടെ സമീപത്തു നിന്നും പാമ്പാട്ടിയെ സഹായിക്കുന്ന ഒരാളെ ഞാൻ ശ്രദ്ധിച്ചു നോക്കി. അയാളാണ് ആദ്യം പണം കൊടുത്ത് വേരു വാങ്ങിയത്. ഇവരെല്ലാം ഈ സംഘത്തിലെ ആൾക്കാരാണെന്നു മനസിലായപ്പോൾ എനിക്കു ചതിപറ്റിയല്ലോയെന്നു മനസിൽ ഓർത്തു. ഷൂ വാങ്ങൽ നടക്കില്ല. പണം പോയി. അച്ചാച്ചനോട് ഞാൻ എന്തു പറയും? ചേട്ടൻ ദേഷ്യപ്പെടും. പല ചിന്തകൾ എന്നെ അലട്ടി. എല്ലാ ധൈര്യവും സംഭരിച്ച് വിറച്ചു വിറച്ച് ഞാൻ വീട്ടിലേക്ക് ചെന്നു. വരാന്തയിൽ അച്ചാച്ചൻ ചാരുകസേരയിൽ കിടക്കുന്നു. തൊട്ടടുത്ത് ചേട്ടനും. വരാന്തയിലേക്കു കയറി അച്ചാച്ചനോടു നടന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു പറഞ്ഞു.

ഇതു കേട്ട അച്ചാച്ചൻ ചിരിച്ചുകൊണ്ട് എന്നെ അടുത്തേക്കു വിളിച്ചു. അടിക്കാൻ ഓങ്ങിയ ചേട്ടനെ തടുത്തുകൊണ്ട് അച്ചാച്ചൻ സ്നേഹരൂപേണ പറഞ്ഞു.

“മോനെ നിന്റെ ഒരു പണവും പോയിട്ടില്ല. നല്ലൊരു ഗുണ പാഠമാണ് നിനക്ക് ആ പാമ്പാട്ടിയിൽ നിന്നും കിട്ടിയത്. അതു കൊണ്ട് നീ വിഷമിക്കണ്ടാ. നിന്റെ ജീവിതത്തിൽ ഈ പാമ്പാട്ടിയും പോയ പണവും എന്നും നീ ഓർക്കും.”

അച്ചാച്ചൻ പറഞ്ഞത് സത്യമായിരുന്നെന്ന് പിന്നീട് എനിക്കു മനസിലായി. ഇന്ന് ഈ ബിസിനസ് രംഗത്ത് കാലുറപ്പിക്കാനുള്ള ധൈര്യം കിട്ടിയത് ആ പാമ്പാട്ടിയും, പോയ പണവുമാണ്. എംബിഎ എന്ന ആദ്യപാഠം ഞാൻ ആ പാമ്പാട്ടിയിൽ നിന്നു പഠിച്ചു. വായിച്ചു പഠിച്ചാൽ മാത്രം കിട്ടുന്ന ഒന്നല്ല ബിസിനസ് അഡ്മിനിസ്ട്രേഷൻ എന്ന് ധൈര്യമായി എനിക്കു പറയാൻ കഴിയും.

●

# 6

## *അടച്ചുപൂട്ടിയ പള്ളിയും, പിച്ചവച്ച ബാല്യവും*

**അ**ങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമാണ് ആലുവ തൃക്കുന്നത്തു സെമിനാരി പള്ളി. എന്റെ ഇടവക പള്ളി. എന്റെ മാതാപിതാക്കളുടെ വിവാഹം നടന്ന പള്ളി. എന്നെ മാമ്മോദീസാ മുക്കിയ പള്ളി.

പള്ളിയും, സൺഡേ സ്കൂളും, കൂട്ടുകാരും എല്ലാം മറക്കാനാവാത്ത അനുഭവങ്ങൾ തന്നിട്ടുണ്ട്. ഒരു അനുഭവത്തിലേക്കൊന്നു തിരിഞ്ഞു നോക്കട്ടേ....!

അന്ന് എന്റെ ചേട്ടൻ സൺഡേ സ്കൂളിൽ വളരെ ആക്ടീവ് ആയിരുന്നു. മാത്തപ്പൻ സാറാണ് ഹെഡ്മാസ്റ്റർ. ബൈബിൾ ഇത്രയധികം ഹൃഹസ്തമാക്കിയ മറ്റൊരു അധ്യാപകനെ ഞാൻ കണ്ടിട്ടില്ല.

സൺഡേസ്കൂളിൽ രണ്ടാം ക്ലാസിലാണെന്നു തോന്നുന്നു. ഞാനാദ്യം മൈക്കിൽ സംസാരിക്കുന്നത്. പ്രസംഗമത്സരത്തിൽ ചേട്ടൻ എന്റെ പേരും കൊടുത്തു. പ്രസംഗിക്കേണ്ടതെല്ലാം നേരത്തെ തന്നെ എഴുതി വായിച്ചു പഠിച്ച് മനഃപ്പാഠമാക്കി. ചേട്ടനോടു ഞാൻ ചോദിച്ചു

“എങ്ങിനെയാണ് പ്രസംഗിക്കേണ്ടത്...?”

‘‘നീ സ്റ്റേജിൽ കയറി മൈക്കിന്റെ മുന്നിൽ ചെന്നു നിന്നിട്ട് രണ്ടു മൂന്നു പ്രാവശ്യം ശ്വാസം അകത്തേക്കു വലിച്ചു വിടണം. അതു കഴിഞ്ഞ് ഇവിടെ സന്നിഹിതരായിരിക്കുന്ന വൈദികരെ, ബഹുമാനപ്പെട്ട അധ്യാപകരെ ശേഷം കൂടിയിരിക്കുന്ന എല്ലാവർക്കും ദൈവനാമത്തിൽ എന്റെ കൂപ്പുകൈ എന്നു പറയണം’’. അത്രയും തെറ്റുകൂടാതെ പറഞ്ഞതായി ഞാൻ ഓർക്കുന്നു.

ആദ്യപിതാവായ എബ്രഹാം തന്റെ ഏകജാതനായ പുത്രൻ ഇസഹാക്കിനെ മോറിയ മലയിൽ കൊണ്ടുപോയി ദൈവത്തിന്റെ ആജ്ഞപ്രകാരം ബലി കഴിക്കുന്ന വിഷയമാണ് എഴുതിപ്പഠിച്ച് മനഃപ്പാഠമാക്കിയത്. “അനുസരണം ബലിയേക്കാൾ നന്ന്” എന്ന തലക്കെട്ടിൽ.

എല്ലാവർക്കും ദൈവനാമത്തിൽ കൂപ്പുകൈ എന്നു പറഞ്ഞതിനു ശേഷം മാത്രമേ നീ സദസിലേക്കു നോക്കാവൂ എന്നു പറഞ്ഞിരുന്നതുകൊണ്ടാണ് അത്രയും ഭാഗം തെറ്റുകൂടാതെ പറയാൻ കഴിഞ്ഞു.

പക്ഷേ സദസിലേക്കു നോക്കിയപ്പോൾ പണി പാളി. എല്ലാവരും എന്നെത്തന്നെ നോക്കിയിരിക്കുന്നതു കണ്ട് ഞാൻ പകച്ചുപോയി. പിന്നൊന്നും എനിക്ക് ഓർമ്മയില്ല. ചേട്ടൻ സ്റ്റേജിലേക്കു കയറിവന്ന് എന്നെ കൂട്ടിക്കൊണ്ടുപോയതായി ഓർക്കുന്നു.

ചേട്ടനും, ചേച്ചിമാരും പറഞ്ഞത് ഇങ്ങനെ എല്ലാവർക്കും എന്റെ കൂപ്പുകൈ എന്നു പറഞ്ഞതിനുശേഷം നീ സദസിലേക്കു പകച്ചു നോക്കി മൂക്കിൽ വിരലും ഇട്ടുകൊണ്ടു നിൽക്കുകയായിരുന്നു. ഞാനിന്ന് ഇതെഴുതുമ്പോൾ ഓർമ്മ വരുന്നത് ഞാനന്നു സ്റ്റേജിൽ കാട്ടിക്കൂട്ടിയതുതന്നെയാണ്.

പ്രാഞ്ചിയേട്ടൻ എന്ന സിനിമയിൽ മമ്മൂട്ടി അവതരിപ്പിച്ചത്. നാളുകളോളം എന്നെ കളിയാക്കി നടക്കാൻ ചേച്ചിമാർക്കും ചേട്ടനും ഒരു വിഷയമായിരുന്നു ആ സംഭവം.

ഞങ്ങൾ കുട്ടികളുടെ മാത്രം വിഹാരവേദിയായിരുന്നില്ല പള്ളിമുറ്റം. വിശാലമായ മൈതാനത്ത് ചേട്ടന്മാർ ബാറ്റ്മിന്റൻ കളിക്കും. അന്ന് അടിച്ചു തെറിപ്പിക്കാൻ ഇപ്പോഴത്തെ ഷട്ടിൽ കോർക്ക് പ്രചാരത്തിലില്ല. പകരം മഞ്ഞ നിറത്തിൽ വളരെ മൃദുവായ ഒരു ബോളാണുള്ളത്. കമ്പളി നൂലുകൊണ്ട് നിർമ്മിച്ച ആ ചെറുപന്തിൽ സ്പർശിച്ചാൽ പഞ്ഞിപോലിരിക്കും. പിന്നീട് ഷട്ടിൽ വന്നപ്പോൾ ആ ചെറുപന്ത് അപ്രത്യക്ഷമായി.

ആരോഗ്യകരമായ സൗഹൃദങ്ങളുടെ വിഹാര കേന്ദ്രമായിരുന്നു പള്ളിയും, പള്ളിമുറ്റവും. എന്റെ അച്ചാച്ചൻ പള്ളിയിലെ സെക്രട്ടറി ആയിരുന്നു. അക്കാലത്താണ് പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള കൊടിമരം അച്ചാച്ചൻ സംഭാവന നല്കിയത്. ചുറ്റുവട്ടത്തുള്ളവരും ദൂരെയുള്ളവരും എല്ലാം ഒറ്റക്കെട്ടായിരുന്നു പള്ളിയിലെ ആവശ്യങ്ങളിൽ സഹകരിച്ചിരുന്നത്. പെരുന്നാൾ വന്നാൽ വളരെ ആഘോഷമായി പെരുന്നാൾ നടത്തിയിരുന്നു. അങ്ങനെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും നന്മനിറഞ്ഞ ആ പുണ്യസ്ഥലം ഇന്ന് വിശ്വാസികളായ ഒരുത്തർക്കും കയറാൻ പറ്റാത്ത സ്ഥിതിയിലേക്ക് മാറിയതിൽ വളരെയേറെ സങ്കടമുണ്ട്. വയലിൽ പറമ്പിൽ തിരുമേനിയുടെ കാലശേഷമണ് അഭിവന്ദ്യ തിയോഫലീസ് തിരുമേനി ഭദ്രാസന അധിപനായി ചുമതല ഏൽക്കുന്നത്.

അവിടന്നു തുടങ്ങി പരസ്പര വിദ്വേഷത്തിന്റെ ഇടിമുഴക്കം. വിശാലമായി കിടന്നിരുന്ന സെമിനാരി പറമ്പ് അതിഗംഭീരമായി എന്നു പറഞ്ഞാൽ ഇന്നുവരെ ആരും കാണാത്ത വിധ

ത്തിൽ അലങ്കരിച്ച് തെങ്ങുകൾക്ക് വെള്ള പൂശി, ചെടികൾ മോടിപിടിപ്പിച്ച്, പലതരത്തിലുള്ള കളർ ലൈറ്റുകൾ കൊണ്ട് ഒരിഞ്ചു സ്ഥലം പോലും വിടാതെ മനോഹരമായി അലങ്കരിച്ച് പാശ്ച്യാത്യ സംഗീതത്തിന്റെ അകമ്പടിയോടെ അവിടെയൊരു വിരുന്നൊരുക്കി തെയോഫിലോസ് തിരുമേനിയെ ആദരിക്കുന്ന ചടങ്ങ്.

വിദേശികളും, സമ്പന്നരായ സ്വദേശികൾക്കും മാത്രം പ്രവേശനം ഉണ്ടായിരുന്ന ഒരു പാർട്ടി. പള്ളിയിലെ ഇടവകക്കാർക്കും സഭാവിശ്വാസികൾക്കും പ്രവേശനം നിഷേധിക്കുന്ന വമ്പൻ പാർട്ടി.

ഞാൻ ഇന്നും ഓർക്കുന്നു. കൂട്ടുകാരും ഞാനും പള്ളിയുടെ മതിലിനു മുകളിൽ കയറിയിരുന്നു ഈ ആഘോഷവും സൽക്കാരവും കണ്ടു. ആർക്കുവേണ്ടിയായിരുന്നു, ആരെ സന്തോഷിപ്പിക്കാൻ വേണ്ടിയായിരുന്നു ഇങ്ങനെയൊരു സ്വീകരണം സംഘടിപ്പിച്ചത്.

സമത്വ സാഹോദര്യം കെട്ടുറപ്പിക്കേണ്ട ആത്മീയ നേതൃത്വം പണ്ട് ഉണ്ടതും പാളയിൽ തൂറിയതുമായ അന്ത്യോക്യായും സിംഹാസനവും വട്ടിപ്പണവും“ഇ”പാലവും മറ്റും പറഞ്ഞ് സാധാരണക്കാരന്റെ സ്നേഹവും വിശ്വാസവും തകർത്തുകളഞ്ഞ് തായ്‌വേരിനു കോടാലി വയ്ക്കുന്ന സംഭവമല്ലേ കാട്ടിക്കൂട്ടിയത്. എന്നിട്ട് എന്തു നേടി? തമ്മിലടിപ്പിക്കാൻ ശ്രമിക്കുകയല്ല വേണ്ടിയിരുന്നത് വിശ്വാസികളുടെ ഇടയിൽ അവരോടൊത്തു ജീവിക്കണം. ഇന്നത്തെ സേവ്യേറിയോസ് തിരുമേനിയാണ് അന്നത്തെ ഇടവക വികാരി അബ്രഹാം അച്ചൻ. ഇടവകയിലെ ഓരോ ആളുകളേയും, അവരുടെ പ്രശ്നങ്ങളേയും മനസിലാക്കി അവർക്ക് വേണ്ട ഉപദേശവും കൊടുത്ത് ജീവിക്കുന്ന നല്ലൊരു ആത്മീയ നേതാവ്.

ചില വൈകുന്നേരങ്ങളിൽ അച്ചൻ ഇടവക അംഗങ്ങളുടെ വീടുകൾ സന്ദർശിക്കുന്ന കൂട്ടത്തിൽ എന്റെ വീട്ടിലും വരാറുണ്ട്. സ്നേഹത്തോടു കൂടി സംസാരിക്കുകയും ആത്മീയ ജീവിതത്തിൽ നല്ല കെട്ടുറപ്പു വേണമെന്ന് ഉപദേശിക്കുകയും ചെയ്യാറുണ്ട്. അമ്മച്ചി സ്വന്തം സഹോദരനോടു പറയുന്നതുപോലെ ഹൃദയം തുറന്ന് വീട്ടുകാര്യങ്ങളും പ്രത്യേകിച്ച് ചേട്ടന്റെ തലവേദനയും, അതേ തുടർന്ന് നഷ്ടപ്പെടുന്ന ക്ലാസുകളെക്കുറിച്ചൊക്കെ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അച്ചന്റെ ഉപദേശം കേട്ട് അച്ചൻ തിരിച്ചുപോകുമ്പോൾ അമ്മച്ചിക്കുണ്ടാകുന്ന സന്തോഷവും ഞാൻ കണ്ടിട്ടുണ്ട്.

ഞായറാഴ്ചകളിൽ പള്ളിയിൽ പോയി അച്ചന്റെ കുർബാനയിൽ പങ്കെടുത്താൽ കിട്ടുന്ന മാനസിക സന്തോഷം പറഞ്ഞറിയിക്കാൻ പറ്റില്ല. അത്രയ്ക്കു ഹൃദയസ്പർശിയായ പ്രസംഗങ്ങളും മറ്റുമായിരിക്കും. ഞാൻ ഇപ്പോഴും ഓർക്കുന്നു ഒരു ദുഃഖവെള്ളിയാഴ്ച അച്ചന്റെ പ്രാർത്ഥന

“എന്റെ പ്രാണനാഥാ.... നീ എങ്ങോട്ടു പോകുന്നു എന്നു പറഞ്ഞ് അവർ മാടപ്രാവിനെപ്പോലെ കുറുകി....”

പ്രാർത്ഥനയുടെ ശൈലി കേട്ട് പ്രാർത്ഥനാ നിർഭരരായി കരഞ്ഞുകൊണ്ട് നിൽക്കുന്ന വിശ്വാസികളുടെ മുഖം ഇന്നും എന്റെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുന്നു. വളരെ സന്തോഷമായി കഴിഞ്ഞിരുന്ന വിശ്വാസികളുടെ ഇടയിലേക്കു പെട്ടെന്നു വീശിയടിച്ച കാറ്റുപോലെയായിരുന്നു പ്രശ്നങ്ങളുടെ തുടക്കം. കാലാകാലങ്ങളായി പഴക്കമുള്ളതാണ് സഭാ വഴക്ക് എന്നുള്ളത് അറിയാം. ആലുവ തൃക്കുന്നത്തുസെമിനാരി പള്ളിയിലെ വഴക്കും വക്കാണവും തുടങ്ങാൻ എന്താണു കാരണമെന്നുള്ളത് ഇപ്പോഴും ഒരു ചോദ്യചിഹ്നമാണ്. പള്ളിയിലെ

കുർബാനയ്ക്കു ശേഷം കൈമുത്തുവാൻ വരിവരിയായി നിന്നവർ തമ്മിൽ ഉന്തും തള്ളും. പ്രശ്നങ്ങൾ തുടരുന്നു. പ്രശ്നങ്ങൾ നിയന്ത്രിക്കാൻ പറ്റാതാകുമ്പോ പോലീസ് വരുന്നു. അതങ്ങിനെ പതിവായി. എന്നേയും സുഹൃത്തുക്കളേയും സംബന്ധിച്ച് ഒരു ത്രിൽ. 1975ലെ പള്ളിപ്പെരുന്നാൾ സമയം. പയ്യനാണെങ്കിലും സെമിനാരിയിലെ എല്ലാവരുമായി നല്ല ലോഹ്യത്തിലായിരുന്നു ഞാൻ. ഇത്തവണ പെരുന്നാൾ കഴിയുമ്പോൾ ഒരു സൂപ്പർ അടി നടക്കാൻ സാധ്യതയുണ്ടന്നു പലരും പറയുന്നത് ഞാൻ കേട്ടിരുന്നു.

അങ്ങിനെ വൈകുന്നേരമായപ്പോൾ എം.ടി വർക്കി സാറിന്റെ കളമശേരിയിലുള്ള കമ്പനിയിലെ തൊഴിലാളികൾ തമ്പിയെന്ന ആളുടെ നേതൃത്വത്തിൽ പള്ളി വാടകയ്ക്കു കൊടുത്തിരുന്ന കെട്ടിടത്തിന്റെ പുറകിലൂടെ കമ്പിവടിയും കയ്യിൽ മുളകുപൊടിയുമായി സെമിനാരിക്കകത്തു കാത്തു നിന്നു. അടി ഉറപ്പായി എന്നു കരുതി. എനിക്കന്ന് ക്യാന്റീൻ ചുമതലയാണ്. കച്ചവടം പൊടിപൊടിക്കുന്നു. ക്യാന്റീനു ചുറ്റും പലരും ശബ്ദം താഴ്ത്തി സംസാരിക്കുന്നതു ഞാൻ കേട്ടു. പക്ഷേ അന്നു രാത്രി ആരിൽ നിന്നും ഒരു പ്രകോപനവും ഉണ്ടായില്ല. പക്ഷേ ഈ മുന്നൊരുക്കങ്ങൾ കാട്ടുതീ പോലെ എല്ലാവരും അറിഞ്ഞു.

ഏതു സമയവും പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നൊരു ശ്രുതി പരന്നു. അതേ തുടർന്ന് പള്ളി പൂട്ടാൻ ഉത്തരവു വന്നു. പിന്നെ ഇന്നേവരെ ആ പള്ളിയിൽ ഒരു കുർബാന കാണുവാൻ എനിക്കു മാത്രമല്ല ആർക്കും സാധിച്ചിട്ടില്ല. ഈ സമയത്ത് വികാരി അച്ചൻ എന്നെയൊരു ഉത്തരവാദിത്വം ഏല്പിച്ചു. പള്ളിയെ സംബന്ധിക്കുന്ന കാര്യങ്ങളെക്കുറിച്ച് എല്ലാ പത്രങ്ങളിലും വാർത്ത എത്തിക്കുക എന്ന

ചുമതല. വാർത്തയുടെ അവസാനം ഗവൺമെന്റിന്റേയും എതിർ കക്ഷിയുടേയും നിലപാട് അവഹേളനീയമാണെന്നു പ്രസ്താവിക്കണം. കാർബൺപേപ്പർ വച്ച് ദേശാഭിമാനി മുതൽ മനോരമ വരെയുള്ള പത്രങ്ങളിൽ വാർത്ത എത്തിച്ചുകൊണ്ടിരുന്നു. ഇതിനു വേണ്ടിവരുന്ന ചിലവുകൾ എല്ലാം പള്ളിയിൽ നിന്നു തരും. കൂട്ടത്തിൽ എന്റെ ചിലവും കുശാൽ.

ഒരു ദിവസം ഞാൻ പറഞ്ഞു “അച്ചോ പേപ്പർ വാങ്ങാനും വാർത്ത കൊടുക്കാൻ പോകാനൊന്നും പണമില്ലല്ലോ”.

“എടാ തെക്കേ മുറിയിൽ ഒരു കുട്ട വച്ചിട്ടുണ്ട് അതിൽ ധാരാളം കവറുകൾ കിടപ്പുണ്ട് അതിൽ നിന്നും നിനക്കാവശ്യമുള്ള കവറുകൾ പൊട്ടിച്ച് പണം എടുത്തോ”

ഞാൻ ചെന്നു നോക്കിയപ്പോൾ കാതോലിക്കാദിനപ്പിരിവിന്റെ കവറുകളായിരുന്നു അത്.

“അച്ചോ ഇതു ഞാൻ പൊട്ടിക്കില്ല. ഇതു കാതോലിക്കാ ദിനപ്പിരിവിന്റെ കവറുകളല്ലേ...?”

“അതൊന്നും സാരമില്ല നീ എടുത്തോ...”

പണ്ടൊക്കെ എന്റെ വീട്ടിൽ കാതോലിക്കാ ദിനപ്പിരിവിന്റെ കവർകിട്ടും. അമ്മച്ചി പള്ളിയിൽ നെറ്റിയിൽ തൊടുന്ന വെളിച്ചെണ്ണ കൊണ്ട് കവറിൽ കുരിശുവരച്ച് വളരെ പ്രാർത്ഥനയോടെ കവറിൽ പണം നിക്ഷേപിച്ച് ഭദ്രമായി ബൈബിൾ തുറന്ന് അതിൽ വയ്ക്കും. അടുത്ത ഞായറാഴ്ച പള്ളിയിൽ പോകുമ്പോൾ ഭയഭക്തിയോടെ ആ കവർ പള്ളിയിൽ ഏല്പിക്കും. ഈ പണം വൈദികരെ പഠിപ്പിക്കുന്നതിനും മറ്റും വേണ്ടിയിട്ടുള്ളതാണെന്നും അതിൽ തൊടുകപോലും ചെയ്യരുതെന്ന് അമ്മച്ചി പറഞ്ഞിട്ടുള്ളത് ഇന്നും ഞാൻ ഓർക്കുന്നു.

ആ പണമാണ് പള്ളി വഴക്കിന്റെ വാർത്ത പത്രങ്ങളിൽ

കൊടുക്കാനുള്ള ചിലവിനുവേണ്ടി എന്നോടു എടുത്തോളാൻ പറഞ്ഞത്. സഭയോടുള്ള സ്നേഹവും ബഹുമാനവും അന്നെനിക്കു നഷ്ടപ്പെട്ടു. അറിവില്ലായ്മയുടെ കാലഘട്ടമായിരുന്നെങ്കിലും അറിഞ്ഞുകൊണ്ട് ധാരാളം നല്ലവരായ ആളുകളെ വിശ്വാസത്തിന്റെ പേരിൽ തമ്മിലടിപ്പിച്ചവരുടെ കൂടെ നിൽക്കേണ്ടി വന്നല്ലോ എന്നോർക്കുമ്പോൾ ഇന്നും എനിക്കു വിഷമം തോന്നുന്നു. പള്ളിമുറ്റത്തെ ചരലുകൾക്കിടയിൽ ഗുണ്ടാസംഘം ഒളിപ്പിച്ചുവച്ച വടിവാൾ. പള്ളി പൂട്ടിക്കാനല്ലാതെ മറ്റെന്തു സാധിച്ചു. ഇന്നും ഉത്തരം കിട്ടാത്ത ചോദ്യം.

●

# 7

***“പാലം കടക്കുവോളം നാരായണ***
***പാലം കടന്നാൽ കൂരായണ...”***

എസ്.എസ്.എൽ.സി. എന്ന അതി സാഹസത്തിൽ നിന്നും രക്ഷപ്പെട്ട അഗസ്റ്റിൻ ദുബായിൽ പോകാൻ തീരുമാനിച്ചു. അതിന്റെ ആദ്യ നടപടിയെന്നോണം കോഴിക്കോട്ടുള്ള വിസാ ഏജന്റ് അഹമ്മദിനെ കാണാൻ ഞാനും മൂത്ത അളിയനും, അഗസ്റ്റിനും, മില്ലിലെ ബേബിയും കൂടി കോഴിക്കോട്ടു പോയ രസകരമായൊരു കഥയുണ്ട്.

ഞങ്ങൾ ഏജന്റിനെ കണ്ട് തിരിച്ചുവരുന്ന വഴി രാത്രി ഏതാണ്ട് ഒരു മണി സമയം. ഞങ്ങളുടെ കാറിന് ഒരാൾ കൈകാണിച്ചു. വണ്ടി ഓടിച്ചിരുന്ന അഗസ്റ്റിൻ കുറച്ചു മാറ്റി കാർ നിർത്തിയശേഷം പറഞ്ഞു:–

“പാവം വണ്ടികിട്ടാതെ കാത്തുനിൽക്കുകയായിരിക്കും. എന്താ അയാളേയും കൂടി കേറ്റണോ....?”

“സ്ഥലം ഉണ്ടല്ലോ... വേണേൽ കേറ്റിക്കോ” അളിയൻ പറഞ്ഞു. ഈ സമയം അയാൾ ഓടി കാറിനടുത്തെത്തി.

“നിങ്ങൾക്കു ബുദ്ധിമുട്ടില്ലെങ്കിൽ തൃശൂർ വരെ എനിക്കൊരു ലിഫ്റ്റ് തരാമോ?”

“ങ്ഹും.... പുറകിൽ കേറിക്കോ.”

സന്തോഷത്തോടെ അയാൾ കാറിൽ കയറി. ഒറ്റനോട്ടത്തിൽ

സംസാരപ്രിയനാണെന്നു മനസിലാക്കിയ അളിയൻ അയാളോടു സംസാരിച്ചുകൊണ്ടിരുന്നു. അയാൾ പറഞ്ഞു:–

“എനിക്കു തടിക്കച്ചവടമാണ്. അതിന്റെ ഒരാവശ്യത്തിനു പോയതാ.”

രണ്ടുപേരും കൂടി തടിയെക്കുറിച്ചും, തടിക്കച്ചവടത്തെക്കുറിച്ചൊക്കെ സംസാരിച്ചുകൊണ്ടിരുന്നു. ഇടയ്ക്ക് അയാൾ പറഞ്ഞു എനിക്ക് ചെറുതായി ജ്യോതിഷവും അറിയാം.

“ഓ... അതു ശരി. ഇടയ്ക്ക് ഞാനൊന്നു ചോദിച്ചോട്ടെ. നിങ്ങൾ മറ്റുള്ളവരുടെ കാര്യങ്ങളൊക്കെ നാളുനോക്കിയും, ഗണിച്ചുനോക്കിയും ഒക്കെ പറയാറുണ്ടല്ലോ? എന്നാൽ അവനവന്റെ കാര്യങ്ങൾ പറയാൻ പറ്റുമോ? ഉദാഹരണത്തിന് നിങ്ങൾ ഇനി എത്രനാൾ ജീവിക്കും എന്നൊക്കെ.”

“അതെന്താ ചേട്ടൻ അങ്ങിനെ ചോദിച്ചത്?”

“അല്ലാ ഞങ്ങൾ പാലം പണിയുന്ന കോൺട്രാക്ടേഴ്സാണ്. എറണാകുളത്ത് അരൂരിൽ ഒരു പാലം പണിതുകൊണ്ടിരിക്കുന്നു. അതിന്റെ തൂണ് ഉറയ്ക്കുന്നില്ല. കോഴിക്കോട്ടുള്ള ഞങ്ങളുടെ ഒരു സുഹൃത്തിനെക്കണ്ട് അതിന്റെ പോംവഴി തേടാനായി പോയതാ. അയാളു പറഞ്ഞു വാർക്കുമ്പോൾ ഒരാളെ ജീവനോടെ കമ്പിയുടെ ഇടയിൽ ഇട്ട് വാർത്താൽ തൂണ് ഉറയ്ക്കുമെന്ന്. പണ്ടുകാലത്തൊക്കെ ഇതുപോലെ ചെയ്തിട്ടുണ്ടെന്നാ അയാളു പറഞ്ഞത്. അതിനു പറ്റിയ ഒരാളെ എങ്ങനെ കണ്ടെത്തും എന്ന ചിന്തയിലായിരുന്നു ഇത്രയും നേരം ഞങ്ങൾ. ആ സമയത്താണ് തേടിയവള്ളി കാലിൽ ചുറ്റി എന്നു പറയുംപോലെ നിങ്ങളു വന്നു ചാടിയത്. ഞങ്ങൾക്കു സന്തോഷമായി.”

“എന്നെ കൊല്ലല്ലേ സാറേ, ഭാര്യയും മക്കളും ഉള്ള ഒരു പ്രാരാബ്ധക്കാരനാണേ'' എന്ന അയാളുടെ അലർച്ച ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നു. ഞങ്ങൾ വെറു

മൊരു തമാശിനു പറഞ്ഞതാണെന്നൊക്കെ പറഞ്ഞിട്ടും അയാൾക്കു വിശ്വാസമായില്ല. ഏതായായാലും തൃശൂർ എത്തി ചായകുടിച്ച് സന്തോഷമായിട്ട് പിരിഞ്ഞു. സത്യത്തിൽ വണ്ടി യിലിരുന്നു ഞാനൊന്നു പേടിച്ചു. കാരണം, അത്രമാത്രം അയാൾ പകച്ചു പോയിരുന്നു. ഗതികേടിന് വല്ല ഹാർട്ട് അറ്റാക്കും വന്നിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു എന്ന ചിന്ത.

❖ ❖ ❖ ❖

ദുബായിൽ പോകുന്ന അഗസ്റ്റിനു അതിഗംഭീരമായ യാത്രയയപ്പാണ് ഞങ്ങൾ സംഘടിപ്പിച്ചത്. പിറ്റേന്ന് അവൻ ബോംബെയിലേക്കു തീവണ്ടി കയറി. ആഴ്ചകളും മാസങ്ങളും കഴിഞ്ഞു. അഗസ്റ്റിന്റെ ഒരു വിവരവുമില്ല. അങ്ങിനെ ഞാൻ ബോംബെയിലുള്ള അഗസ്റ്റിന്റെ ബന്ധുവുമായി ബന്ധപ്പെട്ട പ്പോഴാണ് ഏജന്റ് അഗസ്റ്റിന്റെ പാസ്പോർട്ടുമായി മുങ്ങിയ വിവരം അറിഞ്ഞത്. ഉടനേ ഞാൻ ബോംബെയ്ക്കുപോയി. ഞാൻ ചെല്ലുമ്പോൾ മാനസികമായി തളർന്ന് വിസ കട്ടിലിൽ ഇരിക്കുന്നു. “വിസകട്ടിൽ” എന്നു പറഞ്ഞാൽ അന്നൊക്കെ ദുബായിൽ പോകാൻ വരുന്നവർക്ക് രണ്ടുമൂന്നു മണിക്കൂർ നേരത്തേക്കോ അല്ലെങ്കിൽ കുറച്ചു ദിവസത്തേക്കോ താമസി ക്കാൻ വലിയൊരു ഹാളിൽ 3 തട്ടുകളുള്ള കട്ടിലുകൾ കിട്ടും. ഒരു തട്ടിൽ ഒരാൾ വീതം. അങ്ങിനെ നൂറും നൂറ്റമ്പതും കട്ടി ലുകളുള്ള സ്ഥലത്താണ് അവന്റെ താല്കാലിക ജീവിതം.

ഞാനും അഗസ്റ്റിനും കൂടി ഏജന്റിനെ തപ്പി ബോംബെ യെല്ലാം അരിച്ചുപെറുക്കി. കൂട്ടത്തിൽ ലോകത്തിലെ ഏറ്റവും വലിയ ചേരി എന്നറിയപ്പെടുന്ന ധാരാവിയിലും തിര ച്ചിൽ നടത്തി. കണ്ടെത്താനാകാതെ തിരിച്ചു പോന്നാലോ എന്നു ചിന്തിച്ച് ഇരുന്നപ്പോഴാണ് അപ്രതീക്ഷിതമായൊരു ജോലി ഒത്തുകിട്ടിയത്. അന്ന് ദുബായിൽ നിന്നും ബോംബെ എയർപോർട്ടിൽ വന്നിറങ്ങുന്ന മലയാളികളെ കേരളത്തി

ലേക്കു കൊണ്ടുവരുന്നതിനായി തുടങ്ങിയ ലക്ഷ്വറി കോച്ച് ബസ് ഓടിക്കാനുള്ള പണി. ഹെവി ലൈസൻസ് ഉണ്ടായിരുന്നതിനാൽ ബുദ്ധിമുട്ടുണ്ടായില്ല. ബോംബെയിൽ നിന്നും തൃശൂരിലേക്കായിരുന്നു ആ ബസ്. രണ്ടുവർഷം അവൻ ആ ജോലി നോക്കുമ്പോഴും നാട്ടിലുള്ളവർ കരുതിയിരുന്നത് അഗസ്റ്റിൻ ദുബായിൽ ആണെന്നായിരുന്നു.

അഗസ്റ്റിൻ ആ പണി ഉപേക്ഷിച്ച് നാട്ടിൽ വന്നു. എന്റെ അമ്മച്ചിയുടെ അനുജത്തിയും, ഭർത്താവും ദീർഘകാലം ഒറീസയിൽ ആയിരുന്നു. നാട്ടിലെത്തിയ അവർക്ക് എന്തെങ്കിലും ഒരു ബിസിനസ് തുടങ്ങണമെന്നുള്ള ആഗ്രഹം മനസിലുദിച്ചു. അവരുടെ ഒരു ബന്ധു ഫോർട്ടുകൊച്ചി – ആലുവ റൂട്ടിൽ ഒരു ബസ ് ഓടിക്കുന്നുണ്ട്. എങ്കിൽ എന്തുകൊണ്ട് അതുപോലൊന്നു നമുക്കും ആയിക്കൂടാ എന്ന ചിന്തയിൽ നിന്നും അവർ കോയമ്പത്തൂരിൽ പുതിയൊരു ബസ് ബോഡി ബുക്കു ചെയ്തു.

ഒരു ദിവസം അവർ എന്നെ വീട്ടിലേക്കു വിളിപ്പിച്ചിട്ടു പറഞ്ഞു.

“സണ്ണീ ഞങ്ങൾ പുതിയൊരു ചെയ്സ് ബുക്കുചെയ്തിട്ടുണ്ട് കോയമ്പത്തൂരിൽ. അതൊന്നു Body Built ചെയ്ത് നല്ലൊരു റൂട്ടിൽ ഓടിക്കണം. ആ ചുമതല ഞാൻ നിന്നെ ഏല്പിക്കുന്നു. എന്തു പറയുന്നു?”

“എനിക്കൊട്ടും താല്പര്യമില്ല. കാരണം കേട്ടറിവ് ശരിയാണെങ്കിൽ ഇത്രയും ബുദ്ധിമുട്ടുള്ളൊരു പണി വേറെയില്ല. മാത്രമല്ല റൂട്ട് പെർമിറ്റ് കിട്ടാനുള്ള ബുദ്ധിമുട്ട്.”

ദീർഘനേരത്തെ സംസാരത്തിനൊടുവിൽ എനിക്കതു ഏറ്റെടുക്കേണ്ട ഗതികേടു വന്നു. ഞാൻ അഗസ്റ്റിനുമായി സംസാരിച്ചു.

“നമുക്കെന്തെങ്കിലും ഗുണം കിട്ടുന്ന പണിയാണെങ്കിൽ

നോക്കാം. നീ വിട്ടു കളയണ്ടാ...''

ഒരാഴ്ച കഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും കൂടി കോയമ്പത്തൂരിൽ Bus Body വാങ്ങാൻ പോയി. തിരിച്ചു പോരാൻ നേരം അഗസ്റ്റിൻ പറഞ്ഞു:–

''സണ്ണീ നമുക്കിത്തിരി സാധനം കടത്തിയാലോ? ഇവിടെ വളരെ വിലകുറവാ. എന്തു പറയുന്നു?'' ഞാൻ എതിർപ്പ് പറഞ്ഞെങ്കിലും അവന്റെ നിർബന്ധത്തിനു വഴങ്ങി ചെയ്സിന്റെ അടിയിൽ സാധനം ഒളിപ്പിച്ച് കെട്ടി വച്ചു. ചെക്ക് പോസ്റ്റിനടുത്തു വന്നപ്പോൾ പോലീസ് കൈകാട്ടി. അയാളൊരു തമിഴൻ ആയിരുന്നു. ഞാൻ തമിഴിലൊരു കാച്ചു കാച്ചി. ആ തമിഴ് ഡയലോഗിൽ അയാൾ വീണു ഞങ്ങൾ രക്ഷപ്പെട്ടു. എന്റെ ജീവിതത്തിൽ ആദ്യത്തേതും അവസാനത്തേതുമായ സ്പിരിറ്റ് കടത്ത്. ഒറ്റയടിക്ക് കൈനിറയെ പണം.

ആലുവായിൽ തന്നെ Body Built ചെയ്യാൻ ഏല്പിച്ചു അപ്പോഴാണ് ബസ് റൂട്ടിനെക്കുറിച്ചുള്ള ചിന്തവന്നത്. അപ്പോൾ അഗസ്റ്റിൻ പറഞ്ഞു.

''റോഡിലിരുന്നു ചിന്തിച്ചാൽ ഒന്നും നടക്കില്ല. നമുക്കൊരു ബാറിലിരുന്നു സംസാരിക്കാം.''

ആലുവാപ്പുഴയുടെ തീരത്തുള്ള ബാറിലിരുന്നു സംസാരം തുടങ്ങി. ചിലനേരം സംസാരം ഉച്ചത്തിലാകും. ഇതു കേട്ടിരുന്ന ഉയരം കൂടിയ ഒരാൾ ഞങ്ങളുടെ അടുത്തേക്കു വന്നു. തൊട്ടടുത്ത കസേരയിൽ ഇരുന്നിട്ട് ഞങ്ങളോടു ചോദിച്ചു:–

''നിങ്ങൾക്കു ബസ് ഉണ്ടോ?''

''ഇല്ല. പുതിയതൊരെണ്ണം Body Built ചെയ്യുന്നുണ്ട്. അതിനൊരു റൂട്ടു കിട്ടാനുള്ള മാർഗ്ഗത്തെപ്പറ്റിയുള്ള ചർച്ചയിലാണ്.''

ഇതുകേട്ട അഗസ്റ്റിൻ ചാടിക്കേറി പറഞ്ഞു:–

''സണ്ണീ ഇപ്പോഴാണ് ഞാനൊരു കാര്യം ഓർത്തത്. എടാ

നിന്റെ കണ്ടനാട്ടുള്ള അളിയന്റെ ബന്ധു എം.ജെ. പൈലിയല്ലേ ഇപ്പോഴത്തെ R.T.O. മെമ്പർ. അയാൾ വിചാരിച്ചാൽ നിഷ്പ്രയാസം ഒരു പെർമിറ്റ് കിട്ടുമല്ലോ...?"

ഞങ്ങളുടെ സംസാരത്തിനിടയിലേക്കു കയറിവന്ന ആ ഉയരം കൂടിയ അപരിചിതൻ പറഞ്ഞു:–

"തൽക്കാലം ഞാനൊരു ഐഡിയ പറയാം. എനിക്കൊരു ബസ് ഉണ്ട്. P.T.S. ആലുവ തേവര റൂട്ടിൽ ഓടുന്നു. പക്ഷേ വണ്ടി വർക്ക്ഷോപ്പിലാ. പണികഴിഞ്ഞുവരാൻ സമയമെടുക്കും. കളക്ഷനിൽ ഒരു വിഹിതം തരാമെങ്കിൽ എന്റെ റൂട്ടിൽ ഓടിക്കോ. ഏതായാലും അഞ്ചാറു മാസമെടുക്കും വണ്ടി പണികഴിഞ്ഞു പുറത്തിറങ്ങാൻ."

സന്തോഷത്തോടെ ഞങ്ങൾ പിരിഞ്ഞു. വൈകാതെ തന്നെ Body Built കഴിഞ്ഞ് വണ്ടി നിരത്തിലിറക്കി. വളയം ഞാൻ അഗസ്റ്റിനെ ഏല്പിച്ചു. കണ്ടക്ടറുടെ വേഷം ധരിച്ച് ഞാൻ മുന്നിലും. ചെറുപ്പക്കാരനായ എനിക്ക് ചെറുപ്പത്തിന്റേതായ എല്ലാ തരികിടകളും ഒട്ടിച്ചേർന്നുനിന്നിരുന്നു. മുന്നിലുള്ള സ്ത്രീകൾ മുഴുവൻ ടിക്കറ്റെടുത്താലും "ഇനി ആരെങ്കിലും ടിക്കറ്റ് എടുക്കാനുണ്ടോയെന്ന്" പറഞ്ഞു ഞാൻ ചുറ്റിപ്പറ്റി നിൽക്കും. അപ്പോഴേക്കും പുറകിൽ നിന്നു വിളിവരും.

''കണ്ടക്ടർസാറെ എല്ലാ ടിക്കറ്റും അവിടത്തന്നെ കൊടുത്തു തീർക്കല്ലേ. ഇങ്ങോട്ടും ഒന്നു വാ. എനിക്കു ഇടപ്പള്ളിയിൽ ഇറങ്ങാനുള്ളതാ. സ്റ്റോപ്പായി. വിളിച്ചവനെ മനസിൽ തെറിയും പറഞ്ഞ് കലികേറി ഞാൻ പുറകിലേക്കു പോയി. മുന്നിൽ കണ്ട ഒരു ചേട്ടനോടു പറഞ്ഞു. ചേട്ടാ ഒന്നു മുന്നിലേക്ക് കേറി നിൽക്ക്." അതു കേൾക്കേണ്ട താമസം തിക്കിതിരക്കി അയാൾ മുന്നിലേക്ക് പോകുന്ന കാഴ്ച ഞാൻ അതിശയത്തോടെ നോക്കിനിന്നു.

അങ്ങിനെ പുറകിലുള്ളവർക്ക് എത്രയും വേഗം ടിക്കറ്റ്

കൊടുത്തു ഞാൻ പുറകുവശത്തെ ഡോറിൽക്കൂടി ഇറങ്ങി മുൻവശത്തു വന്നിരിക്കും. അപ്പോഴേക്കും ചില മുതിർന്നവർ മുന്നിൽ കയറിയിട്ടുണ്ടാകും. ഇതു കാണുമ്പോൾ എനിക്കു കലിയിളകും ഞാൻ പറയും:

“ചേട്ടാ മുട്ടിയവർ, മുട്ടിയവർ ഒന്നു പുറകോട്ടു മാറി നിന്നേ....”

ബസിൽ കൂട്ടച്ചിരി ഉയരും. അനുസരണത്തോടെ ഗത്യന്ത രമില്ലാതെ അവർ പുറകോട്ടുമാറുന്നതും ഞാൻ കണ്ടിട്ടുണ്ട്.

ഒരു ദിവസം ആലുവ ബസ് സ്റ്റാന്റിൽ നിന്നു ബസ് പുറ പ്പെടാനായി നിൽക്കുന്നു. നിറയെ ആളുകൾ. ബാത്ത്റൂമിൽ പോയി വന്ന അഗസ്റ്റിൻ പറഞ്ഞു:

“സണ്ണീ എനിക്കു വയറിളക്കം ഞാൻ വരുന്നില്ല.”

ഇതുകേട്ട് ഞാനൊന്നു പകച്ചുപോയെങ്കിലും അളി യന്റെ ടാങ്കർ ലോറി ഓടിച്ചു പരിചയം ഉള്ളതിനാൽ ഞാൻ പറഞ്ഞു:-

“എന്നാ ഞാൻ ഓടിക്കട്ടേ...?”

“പിന്നെന്താ. നിനക്കു ഹെവി ഉള്ളതല്ലേ? പോരാത്തതിനു സിറ്റിയിൽ കൂടി ടാങ്കർലോറി ഓടിച്ചു നല്ല പരിചയവും. ധൈര്യ മായി ഓടിച്ചോ. നല്ല ലോഡുള്ളതിനാൽ പെട്ടെന്നു ബ്രേയ്ക്ക് ചവിട്ടരുത്. അതൊന്നു ശ്രദ്ധിച്ചാൽ മതി.”

അങ്ങിനെ ഡ്രൈവറുടെ സീറ്റിൽ കയറിയിരുന്ന എന്നെ മുന്നിലുള്ള പെണ്ണുങ്ങളെല്ലാം കണ്ണെടുക്കാതെ നോക്കി നിന്നിട്ടു പറഞ്ഞു.

“ചേട്ടാ തിരിച്ചെത്തിയേക്കാം എന്നു പറഞ്ഞാ വീട്ടിൽ നിന്നും പോന്നത്. സാധിക്കുമോ?”

“പിന്നെന്താ ധൈര്യമായി പിടിച്ചു നിന്നോ. എത്തിക്കുന്ന കാര്യം ഞാനേറ്റു.”

പാലാരിവട്ടം വളവുവന്നപ്പോൾ പെട്ടെന്ന് എനിക്കൊന്നു ബ്രേക്ക് ചവിട്ടേണ്ടി വന്നു. പിടിക്കാതെ നിന്ന കോളേജ് പെണ്ണുങ്ങളെല്ലാം കൂടി എന്റെ മേത്തേക്കു കമിഴ്ന്നുകെട്ടി വീണു. തേവരയിൽ ചെന്ന് ഞങ്ങളെല്ലാം ഭക്ഷണം കഴിക്കാൻ നടന്നുപോയപ്പോൾ "നിന്റെ കവിളിൽ ലിപ്സ്റ്റിക്കിന്റെ പാടു ണ്ടല്ലോയെന്നു" ടിക്കറ്റു കൊടുത്ത രാഘവൻ പറഞ്ഞത് ഞാൻ ഇപ്പോഴും ഓർക്കുന്നു. 12 മണിക്ക് വണ്ടി തേവര ഫെറിയിൽ എത്തിയാൽ ഒരു മണിക്കൂർ ഇടനേരം. നല്ല ഭക്ഷണം കിട്ടുന്ന ഹോട്ടലാണ് സത്യൻ ചേട്ടന്റെ കട. അങ്ങിനെ ഭക്ഷണം കഴി ക്കാനായി കാത്തിരുന്നപ്പോൾ മൂന്നുനാലു പെണ്ണുങ്ങൾ കട യിലേക്കു കയറിവന്നു. എല്ലാവരോടും കൊഞ്ചിക്കുഴഞ്ഞുള്ള പെരുമാറ്റം. എനിക്കെന്തോ പന്തികേടു തോന്നി. ഞാൻ പയ്യെ സംസാരിച്ച് അടുത്തുകൂടി. ചിരിച്ചു മറിഞ്ഞുള്ള എന്റെ സംസാരം ശ്രദ്ധിച്ചുകൊണ്ടിരുന്ന സത്യൻ ചേട്ടൻ എന്നെ കൈകാട്ടി വിളിച്ചു. ഞാൻ ചെന്നു.

"മോനെ അവരങ്ങിനെ കൊഞ്ചിക്കുഴയും. പിന്നെ നീ ആരും കാണാതെ അവളെ തോണ്ടാനോ, അവിടെയിവിടെ യൊക്കെ ഒന്നു പിടിക്കാനുള്ള ശ്രമവും നടത്തും. അവര് ഒരെതിർപ്പും പറയില്ല. വൈകീട്ടത്തെ ട്രിപ്പിനു ഇവിടെ ബസുവരുമ്പോൾ വളാൻതുരുത്തിൽ നിന്നും ഒരു കൂട്ടർ പൂമാലയുമായി നിന്നെ കാത്തുനിൽപ്പുണ്ടാകും. നിന്റേയും അവളുടേയും കഴുത്തിൽ മാലയിടീക്കാൻ. അങ്ങിനെയൊരു സംഭവം കഴിഞ്ഞാഴ്ച നടന്നതേയുള്ളൂ. പെശകു പാർട്ടിയാ. ചെമ്മീൻ കിള്ളുന്ന പെണ്ണുങ്ങളാ. നിന്റെ കഴുത്തേൽ തൂങ്ങും. വേണ്ടാത്ത പണിക്കു പോകല്ലേ....!"

ഇതുകേട്ടു ഞാൻ ഞെട്ടിപ്പോയി. കാരണം സത്യൻ ചേട്ടൻ പറഞ്ഞതുപോലെയൊന്നു തോണ്ടാനും പിടിക്കാനുമുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു ഞാൻ.

അതികഠിനമായ ശ്രമത്തിലൂടെ ബസ് ലാഭകരമാക്കി ഞാൻ.

അങ്ങിനെയിരിക്കെ ബസിന് ഒരു സ്ഥിരം പെർമിറ്റ് കിട്ടാനുള്ള ശ്രമത്തിന്റെ ഭാഗമായി എന്റെ കണ്ടനാട്ടുള്ള മൂത്ത അളിയന്റെ ബന്ധുവായ കോൺഗ്രസ് നേതാവ് എം.ജെ. പൈലിയെ  കാണാൻ പോയി.

എറണാകുളം മഹാരാജാസ് കോളേജിനടുത്തുള്ള കോൺഗ്രസ് ഹൗസിലാണു ഞാൻ എപ്പോഴും അദ്ദേഹത്തെ കാണാൻ ചെല്ലുന്നത്. ചെല്ലുമ്പോഴെല്ലാം നമുക്കു ഭക്ഷണം കഴിച്ചുകൊണ്ടു സംസാരിക്കാം എന്നു പറഞ്ഞ് സിലോൺ ബേക്ക് ഹൗസിലേക്കു പോകും. കൈയ്യിൽ പണം കുറവായതിനാൽ പലപ്പോഴും ഇയാൾ കഴിക്കുന്ന ഭക്ഷണം നോക്കിയിരുന്നു ഞാൻ വിശപ്പടക്കിയിട്ടുണ്ട്. ഭക്ഷണമെല്ലാം കഴിഞ്ഞ് കക്ഷി പറയും "നീ അടുത്തയാഴ്ച പോര് ഞാൻ വേണ്ട ഏർപ്പാടു ചെയ്തുതരാം." ഇതു സ്ഥിരം പതിവായി. ഇത്തവണ എല്ലാം ശരിയാക്കാം എന്നാണു പറയുന്നതെങ്കിൽ തെറി പറഞ്ഞിട്ടേ കാര്യമുള്ളൂ എന്നു മനസിൽ ഓർത്തു ചെന്നു. ചെന്നപ്പോഴും സ്ഥിരം പല്ലവി.

അവസാനം ഗത്യന്തരമില്ലാതെ എനിക്കതു പറയേണ്ടി വന്നു.

"ചേട്ടന്റെ പുറകേ നടക്കുന്നതും, കോഴിക്ക് മുലവന്നു എന്നു പറയുന്നതും ഒരുപോലെയാ..." പക്ഷേ ഞാൻ മറ്റൊരു മാർഗ്ഗം കണ്ടുപിടിച്ചു. ദിവസങ്ങൾക്കകം ബസ് റൂട്ട് സംഘടിപ്പിച്ചു. അതു സംഘടിപ്പിച്ചു തന്നതും ഇതുപൊലൊരു രാഷ്ട്രീയ നേതാവായിരുന്നു എന്നതാണ് സത്യം.

എനിക്കു വളരെ സന്തോഷമായി.  അങ്ങിനെയിരിക്കെ ഒരു ദിവസം കൊച്ചമ്മയുടെ ഭർത്താവ് എന്നെ വന്നു കണ്ടു. എന്നിട്ടു വളരെ തന്ത്രപരമായി പറഞ്ഞു.

"ഓ... എത്രകാലമെന്നു പറഞ്ഞാ ഞങ്ങൾ നിന്നെ ബുദ്ധിമുട്ടിക്കുന്നത്. ബസിന്റെ കാര്യങ്ങളൊക്കെ ഇനി ഞങ്ങൾ നോക്കിക്കോളാം." ഒരു പഴഞ്ചൊല്ലുണ്ടല്ലോ "പാലം കട

ക്കുവോളം നാരായണ. പാലം കടന്നാൽ കൂരായണ." ഒരു ബസ് ് നടത്തിക്കൊണ്ടുപോകുന്നതിന്റെ എല്ലാ വശങ്ങളും ഞാൻ ഇതിനോടകം പഠിച്ചുകഴിഞ്ഞിരുന്നു. ആ ബിസിനസ് സാമ്രാജ്യം ഞാൻ പടിപടിയായി ഉയർത്തിക്കൊണ്ടുവന്നപ്പോ ഴായിരുന്നു അപ്രതീക്ഷിതമായി കിട്ടിയ അടി.

നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ ഇതു പോലുള്ള പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടാകാം. അതു കാണുമ്പോൾ നമ്മുടെ മനസ് പെട്ടെന്നു വാടിയെന്നിരിക്കും. ഇത്തരത്തിലുള്ള പ്രതിസന്ധികൾകണ്ട് ഇളകുകയോ പത റുകയോ ചെയ്യാതിരുന്നത് നന്നായെന്ന് ഇതെഴുതുമ്പോൾ എനിക്കു തോന്നി. നമ്മേ എല്പിക്കുന്ന ഏതു ജോലിയും നാം സത്യസന്ധമായി ചെയ്യുക.

അമേരിക്കൻ ജീവിതത്തിൽ എത്രയോ പ്രതിസന്ധികളിലൂ ടെയാണു ഞാൻ കടന്നുപോയത്. അപ്പോഴൊക്കെ പതറാതെ ഇരുന്നത് സത്യത്തിൽ എനിക്കു കിട്ടിയ ഈ അടിയാണ്.

●

# 8

## *അച്ചാച്ചന്റെ ബിസിനസ് സാമ്രാജ്യം പൊളിയുന്നു*

**എ**ന്റെ അച്ചാച്ചൻ ആലുവായിൽ ഇരുമ്പുകട നടത്തിയിരുന്നപ്പോൾ തന്നെ, എറണാകുളം മാർക്കറ്റ് റോഡിൽ ഒരു കടതുടങ്ങി. പഴയ ഇരുമ്പു സാധനങ്ങൾ ലേലത്തിൽ പിടിച്ച് കോയമ്പത്തൂരിൽ കൊണ്ടുപോയി വിൽക്കുന്ന ബിസിനസ്. പല സ്ഥലങ്ങളിൽ നിന്നും സാധനങ്ങൾ ശേഖരിക്കുന്ന കൂട്ടത്തിൽ കളമശേരി എച്ച്.ഐ.എൽ–ൽ നിന്നും ശേഖരിച്ചിരുന്നു. അതെല്ലാം കമ്പനിവളപ്പിലെ കെമിക്കൽ പ്ലാന്റിനോടു ചേർന്നുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്തായിരുന്നു ശേഖരിച്ചിരുന്നത്. അങ്ങിനെ ഒരു ദിവസം ലോറിയിലേക്കു സാധനങ്ങൾ കയറ്റിയപ്പോൾ വലിയൊരു ഗർഡർ കെമിക്കൽ പ്ലാന്റിലേക്കു വീണു ടാങ്കു പൊട്ടി കെമിക്കൽ പുറത്തേക്ക് ഒഴുകി. അച്ചാച്ചൻ ഇരുമ്പു സാധനങ്ങൾ ഇട്ടിരിക്കുന്നിടത്തു വന്നു കെട്ടി നിന്നു. പ്ലാന്റിന് ഇൻഷ്വറൻസ് ഉള്ളതിനാൽ കമ്പനി നടപടിയൊന്നും എടുത്തില്ല. അച്ചാച്ചൻ അത്രകാര്യമാക്കിയതുമില്ല. പക്ഷേ ദിവസം ചെല്ലുന്തോറും ഇരുമ്പുസാധനങ്ങൾ ദ്രവിക്കാൻ തുടങ്ങി. പൊടിപൊടി പോലെയായി. നഷ്ടമെന്നു പറഞ്ഞാൽപ്പോര ഭീമമായ നഷ്ടം. അച്ചാച്ചന്റെ ബിസിനസ് സാമ്രാജ്യം പൊളിയാൻ തുടങ്ങി. നഷ്ടം നികത്താൻ ആലുവായിലെ കട വിറ്റു. കൈയ്യിൽ

പത്തുരൂപ പോലും എടുക്കാൻ പറ്റാത്ത അവസ്ഥ. മാനസി കമായി ഞങ്ങളെല്ലാം തളർന്നിരുന്നപ്പോൾ ദാ വരുന്നു അടുത്തത്. കഷ്ടകാലം വരുമ്പോൾ എല്ലാം കൂട്ടത്തോടെ എന്നു പറയുംപോലെ ഒരു തലവേദനയിൽ തുടങ്ങിയ അമ്മച്ചിയുടെ രോഗം മനസിലാക്കിയപ്പോഴേക്കും വളരെ വൈകിപ്പോയി. ബ്രെയ്ൻ ട്യൂമറാണെന്നു ഡോക്ടർ വിധിയെഴുതി. എന്തു ചെയ്യണമെന്നറിയാതെ ഞങ്ങളെല്ലാം പകച്ചു നിന്നു.

പർവ്വതസമാനമായ, പ്രയാസങ്ങളുടെ മുന്നിൽ ഞാൻ പതറാതെനിന്നു. അഗാധമായ കൊക്കകളും, കൊടും വളവുകളുമുള്ള ഹൈറേഞ്ചിലെ റോഡുകളിലൂടെ ഓടിച്ചു പോകുന്ന ബസിൽ നാം യാത്ര ചെയ്യാറുണ്ട്. ബസ് ഓടിക്കുന്ന ഡ്രൈവറുടെ കൈയ്യിലാണു നമ്മുടെ ജീവനിരിക്കുന്നതെന്നു നമുക്കറിയാം. അശ്രദ്ധയോടുകൂടിയുള്ള ഡ്രൈവറുടെ ഒരു കൈപ്പെരുമാറ്റം മതി ആഴമേറിയകൊക്കയിലേക്കു വണ്ടി മറിയാനും നമ്മുടെ ജീവൻ അപകടത്തിലാകാനും. പക്ഷേ ഡ്രൈവറെ വിശ്വസിച്ചു നാം യാത്ര ചെയ്യുന്നു.

ഇവിടെ ഞാൻ എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന ദൈവത്തിൽ വിശ്വാസം അർപ്പിച്ചു. ഞാൻ തളരാതെയിരിക്കാൻ എനിക്കു ദൈവം കൂട്ടായി നടന്നു.

വളരെ അപ്രതീക്ഷിതമായിട്ടാണ് എന്റെ സുഹൃത്ത് ജോസി എന്നെത്തേടി വീട്ടിൽവന്നത്. അവൻ എന്നേയും കൂട്ടി എന്റെ വീടിനടുത്തുള്ള അവന്റെ വർക്ക് ഷോപ്പിലേക്കു പോയി.

“സണ്ണീ എന്റെ ഈ വർക്ക്ഷോപ്പ് ഞാൻ നിനക്കു ലീസിനു തരാം. എനിക്ക് കളമശേരിയിൽ മറ്റൊരു വർക്ക്ഷോപ്പ് ഉണ്ട്. രണ്ടിലും ശ്രദ്ധിക്കാൻ ബുദ്ധിമുട്ടാണ്. താല്പര്യമുണ്ടെങ്കിൽ എന്നെ വിവരം അറിയിക്ക്”.

ഞാനും, അഗസ്റ്റിനും കൂടി വർക്ക്ഷോപ്പ് ഏറ്റെടുത്തു.

ആത്മാർത്ഥമായി പണിയെടുത്തു. എനിക്കന്ന് പതിനേഴു വയസ്. ഇന്ന് പലരും എന്നോടു പറയാറുണ്ട് സണ്ണിക്ക് കച്ച വടക്കാരന്റെ മനസാണെന്ന്. പൂർണ്ണമായി ഞാനതു വിശ്വസി ക്കുന്നില്ല. പതിനേഴുവയസു മാത്രം പ്രായമുള്ള എന്റെ കണ്ണിൽ ഇരുട്ടുകയറിയപ്പോൾ രക്ഷപ്പെടാനുള്ള ശ്രമത്തിൽ ഞാൻ പോലും അറിയാതെ എന്റെ മനസിൽ പലതും കയറിപ്പറ്റി. അതിപ്പോഴും എന്നോടൊപ്പം ഒട്ടിച്ചേർന്നു നിൽക്കുന്നു എന്നത് സത്യമായിരിക്കാം.

ആയിടക്ക് കോലഞ്ചേരിയിൽ ചേട്ടനും കൂട്ടുകാരുമായി ചേർന്ന് ഒരു പാരലൽ കോളേജ് തുടങ്ങി. ഒരു ദിവസം മൂത്ത അളിയൻ വീട്ടിൽ വന്നിട്ടു പറഞ്ഞു: "ഞാനൊരു കാര്യം പറയാം. ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിഹാരവുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്".

"എന്താ നീ കാര്യം തെളിച്ചു പറയ്..."

"അതായത് നമ്മുടെ കുഞ്ഞുമോന് (എന്റെ ചേട്ടന്) ഒരു കല്യാണ ആലോചന വന്നിട്ടുണ്ട്. പെണ്ണിന് അമേരിക്കയിൽ ജോലി. നല്ല സാമ്പത്തിക ചുറ്റുപാടൊക്കെയുണ്ട്. ഇവനെ അവര് കണ്ടിട്ടുണ്ട്. പെണ്ണ് ഇപ്പോൾ നാട്ടിൽ വന്നിട്ടുണ്ട്. എന്റെ യൊരു സുഹൃത്തു മുഖേനയാണ് ഈ ആലോചന വന്നത്. കേട്ടിട്ട് തെറ്റില്ലെന്നു തോന്നുന്നു. നിങ്ങൾ ആലോചിച്ച് തീരു മാനമെടുക്ക്".

പ്രശ്നങ്ങളുടെ നടുക്കടലിൽ നിൽക്കുകയല്ലേ...? എങ്ങിനെ യെങ്കിലും കരകയറണം. ഏതായാലും പെണ്ണുകാണാൻ തന്നെ തീരുമാനിച്ചു. കണ്ടു. രണ്ടുകൂട്ടർക്കും ഇഷ്ടമായി അങ്ങനെ 1980 ജനുവരി 19-ാം തീയതി ചേട്ടന്റെ കല്യാണം നടന്നു. ചെറിയ രീതിയിൽ ഒരു കല്യാണം. സുഖമില്ലാതെ, ഏതുസമയ വും എന്തും സംഭവിക്കാം എന്ന നിലയിൽ ഇരിക്കുന്ന അമ്മച്ചി. പിന്നെ എങ്ങിനെ ആഘോഷമാക്കും കല്യാണം.

ഈ സമയം എന്റെ ഇളയ സഹോദരി ആലീസ് എം. എസ്.സി മാത്തമാറ്റിക്സിൽ ഡിഗ്രി എടുത്ത് ജോലിക്കു വേണ്ടി ശ്രമിക്കുന്ന സമയം. ഡോ. ജയൻ എന്ന ഞങ്ങളുടെ ഒരു സുഹൃത്തുമുഖേന നൈജീരിയായിൽ ഒരു അദ്ധ്യാപിക യുടെ ജോലിക്ക് അപേക്ഷിച്ചിരുന്നു. നിയമനത്തിന്റെ കത്തു വന്നു. എല്ലാവർക്കും സന്തോഷം പിന്നെ ചേട്ടന്റെയും ചേച്ചിയുടെയും പാസ്പോർട്ടിനും വിസ ശരിയാക്കാനും വേണ്ടി ഞാൻ ഓട്ടം തുടങ്ങി. രണ്ടുമാസമായപ്പോഴേക്കും പാസ്പോർട്ടിന്റേയും വിസയുടെയും കാര്യങ്ങളും രണ്ടു പേർക്കും ശരിയായി. അപ്പോഴേക്കും അമ്മയുടെ അസുഖം മൂർദ്ധന്യാവസ്ഥയിൽ എത്തി. അവസാനം തല തുറന്നുള്ള ഓപ്പ റേഷൻ വരെ വേണമെന്നു ഡോക്ടർ പറഞ്ഞതിനാൽ ഞങ്ങ ളാരും എതിരും പറഞ്ഞില്ല. ഞാൻ ഇന്നും ഓർക്കുന്നു 1980 സെപ്തംബർ 22–ാം തീയതി. ഓപ്പറേഷൻ കഴിഞ്ഞ് തീയേ റ്ററിൽ നിന്നു പുറത്തേക്കുവന്ന അമ്മ ഇടയ്ക്കിടയ്ക്ക് ബോധം തെളിയും അപ്പോൾ എന്നെ കൈകാട്ടി വിളിക്കും. ഓരോരോ കാര്യങ്ങൾ പറയും. നീയങ്ങനെ ചെയ്യണം, ഇങ്ങനെ ചെയ്യണമെന്നൊക്കെ. എല്ലാം ഞാൻ കേട്ടു. 1980 ഒക്ടോബർ മാസം 20–ാം തീയതി വൈകിട്ട് 7.58ന് ആ ശ്വാസം നിലച്ചു.

മരണം കാലെക്കൂട്ടി അറിയാമായിരുന്നതിനാൽ വലി യൊരു പ്രയാസം ഉണ്ടായിരുന്നില്ല. എന്നാലും വിട്ടു പിരിഞ്ഞുപോകുമ്പോഴുള്ള ദുഃഖം മക്കളായ ഞങ്ങൾക്കു മറക്കാനാകുമോ? ചേട്ടനും ചേച്ചിക്കും പോകേണ്ട ദിവസ ങ്ങൾ അടുത്തുവന്നു. അപ്പനേയും എന്നേയും തനിച്ചാക്കി യിട്ട് സ്വന്തം നിലനിൽപ്പിനുവേണ്ടി പോകാൻ രണ്ടുപേർക്കും പ്രയാസമായിരുന്നെങ്കിലും. ദുഃഖം മനസിൽ ഒതുക്കി.

അങ്ങിനെ ആളും, ആരവവും ഉണ്ടായിരുന്ന വീട്ടിൽ ഞാനും, അപ്പനും തനിച്ചായി. ആ ഏകാന്തത ഒരുതരം മരവി

പ്പാണ് എനിക്കു സമ്മാനിച്ചത്. വീടിനടുത്തു താമസിച്ചിരുന്ന മേരിച്ചേടത്തി, പങ്കിയമ്മ, ഏലമ്മ ചേടത്തി, ഉണ്ണികൃഷ്ണന്റെ ഭാര്യ രാധചേച്ചി, രാഘവൻചേട്ടന്റെ ഭാര്യ ലീല, ജോസഫുചേട്ടന്റെ ഭാര്യ മേരി ടീച്ചർ ഇവരെല്ലാം സ്നേഹത്തോടും, സഹതാപത്തോടും കൂടി സംസാരിക്കുമെങ്കിലും രണ്ട് ആണുങ്ങൾ മാത്രം താമസിക്കുന്ന വീട്ടിലേക്കു വരുന്നതിനും മറ്റും അന്നത്തെ കാലഘട്ടത്തിൽ പരിമിതികൾ ഉണ്ടായിരുന്നു. മനസിന്റെ പിരിമുറുക്കത്തിന് ഒരു അയവു വന്നത് നൈജീരിയായിലെ ലാഗോസ് എന്ന സ്ഥലത്ത് സ്കൂളിൽ അദ്ധ്യാപികയായി ഞാൻ ജോലിയിൽ പ്രവേശിച്ചു എന്നു പറഞ്ഞ് ആലീസിന്റെ കത്തു വന്നപ്പോഴാണ്.

താമസിയാതെ ചേട്ടന്റെ കത്തും വന്നു. ഞാൻ വളരെ പ്രതീക്ഷിച്ചതിൽ നിന്നു വിപരീതമായൊരു കത്തായിരുന്നു അത്. “എടാ നമ്മൾ ഉദ്ദേശിക്കുന്നതുപോലെയുള്ള ഒരു രാജ്യമൊന്നുമല്ല അമേരിക്ക. ഒരുപാട് കർശനമായ നിയമങ്ങളൊക്കെയുള്ള രാജ്യമാണിത്. കൂട്ടിൽ അടച്ചകിളിയെപ്പോലെ ജീവിക്കേണ്ടിവരും. അതുകൊണ്ട് ഒരു കാരണവശാലും അമേരിക്കയിലേക്കു പോരുന്ന കാര്യത്തെപ്പറ്റി നീ ചിന്തിക്കണ്ട”.

അമേരിക്കയിൽ ചെന്നാലുടൻ എന്നെയും ചേട്ടൻ വിളിക്കുമെന്നുള്ള പ്രതീക്ഷ വെറുതയായി. സ്വന്തം കാലിൽ നിൽക്കണമെന്ന ആഗ്രഹം മനസിൽ കയറി. അന്ന് പൗലോസ് അളിയൻ എറണാകുളം നോർത്തിൽ മാസ് ഹോട്ടലിനോടു ചേർന്ന് ഒരു ട്രാൻസ്പോർട്ടിങ്ങ് ഓഫീസ് നടത്തിയിരുന്നു. അളിയനെ സഹായിക്കാനായി ഞാൻ ഇടക്കൊക്കെ അവിടെ ചെല്ലും. അളിയനെ സഹായിക്കുന്നതോടൊപ്പം ഓഫീസിന്റെ തൊട്ടടുത്തുള്ള സയൻസ് അക്കാഡമിയിൽ ചേർന്ന് എന്റെ മുടങ്ങിപ്പോയ പഠനം തുടങ്ങി. കൊച്ചിൻ കലാഭവനിൽ ചേർന്ന് ഡ്രംസ് പഠിക്കണം എന്നൊരു ആഗ്രഹം മനസിലുണ്ടായി. പക്ഷെ സി.എ.സി.യിൽ ഞാൻ ചേർന്നു. നല്ല

പ്രഗൽഭനായ അദ്ധ്യാപകൻ ആന്റോമാഷിന്റെ കീഴിലായി രുന്നു പഠനം. പഠനത്തിലെ എന്റെ മികവ് കണ്ടതുകൊണ്ടാ യിരിക്കാം ഒരു ദിവസം ആന്റോ മാഷ് എന്നോട് പറഞ്ഞു.

വൈകിട്ട് 7 മണി മുതൽ 10 മണിവരെ ഐലന്റിലെ മഹാരാജ ഹോട്ടലിൽ നിനക്കൊരു ജോലി ശരിയാക്കി തരാം മാന്യമായ ശമ്പളം. ജോലി കഴിഞ്ഞാൽ ആലുവായ്ക്ക് ബസ് കിട്ടില്ലല്ലോ. അതിനു കമ്പനി വക ഒരു സ്കൂട്ടറും കിട്ടും. എന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. വർക്ക്ഷോപ്പും അല്ലറ ചില്ലറ പരിപാടികളുമായി നടക്കുന്ന എനിക്ക് ആദ്യമായൊരു ജോലി. അതും ഡ്രംസ് വായിക്കാൻ. വളരെയേറെ സന്തോ ഷത്തോടെ മഹാറാണി ഹോട്ടലിൽ ചെന്നു. ചെന്നപ്പോഴാണ് മനസിലായത് ഡ്രംസ് വായിക്കേണ്ടത് വൈകീട്ട് അവിടെ നടക്കുന്ന കാബറെ ഡാൻസിനാണെന്ന്. ആദ്യം ഞാനൊന്നു മടിച്ചു. അവിടുത്തെ മാനേജർ ഫ്രാൻസിസ് പറഞ്ഞു "നീ പഠിച്ച തൊഴിൽ അതുകൊണ്ടു നീ ജീവിക്കാൻ ശ്രമിക്കുന്നു. മറ്റു വശങ്ങളിലേക്ക് നിയെന്തിനു ചിന്തിക്കണം...."?

പിന്നെ ഒന്നും ചിന്തിച്ചില്ല. ജോലി തുടങ്ങി. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനു സമീപത്തുനിന്നും വേശ്യാ പെണ്ണുങ്ങളെ കൊണ്ടുവന്ന് നല്ല വസ്ത്രം ധരിപ്പിച്ച്, നല്ല രീതി യിൽ മേയ്ക്കപ്പ് ഒക്കെ ചെയ്ത്., മിസ് അനാർക്കലി, മിസ് ഡാലിയ ഇങ്ങനെയുള്ള പേരും കൊടുത്ത് നല്ല ഫോട്ടോയൊക്കെ പ്രദർശിപ്പിച്ച് ബാറിൽ വരുന്നവരെ പറ്റിക്കുന്ന പരിപാടി. പിന്നെ കള്ളും കുടിച്ച് മദോന്മത്തരായി ഇരിക്കുന്നവർ ഇതു അനാർക്കലി തന്നെയാണോ എന്ന് അന്വേഷിക്കാൻ എവിടെ നേരം. അവരുടെ മനസിനെ ത്രസിപ്പിക്കുന്ന ഡാൻസുവേണ മെന്നു മാത്രം. ഞാൻ വളരെ രഹസ്യമായി കൊണ്ടുനടന്ന ജോലി അളിയൻ അറിഞ്ഞു. അളിയൻ കർശനമായി പറഞ്ഞു. "മേലാൽ നീ ആ ജോലിക്കു പോകരുതെന്ന്..."

●

# 9

## ഏറ്റവും നല്ലതെന്നു നാം കരുതുന്ന ഗുണങ്ങളെക്കുറിച്ചുള്ള വിശ്വാസം അമിതമായിപ്പോയാൽ അപകടം

**ത**ന്റെ വ്യാപാര സംബന്ധമായ നിരവധി പ്രശ്നങ്ങൾ മൂലം അസ്വസ്തചിത്തനായി കഴിയുകയായിരുന്നു എന്റെ അച്ചാച്ചൻ. അതിനൊരു അയവു വരുത്താൻ ഇടയ്ക്കൊക്കെ സുഹൃത്തായ ഡോ. റോയിയെ കാണാൻ പോകും. ഒരു ദിവസം അച്ചാച്ചന്റെ വിഷമങ്ങളെപ്പറ്റി പറഞ്ഞപ്പോൾ ഡോക്ടർ ഒരു മരുന്നിനു കുറിച്ചുകൊടുത്തു.

തിരിച്ചുപോകുന്നവഴി മെഡിക്കൽഷോപ്പിൽ തിരക്കിയെങ്കിലും കിട്ടിയില്ല. വീട്ടിൽ എത്തിയപ്പോൾ എന്നെ വിളിച്ചുപറഞ്ഞു:–

“എടാ സണ്ണി.... ഡോ. റോയി കുറിച്ചുതന്ന മരുന്ന് അന്വേഷിച്ച കടയിലൊന്നും കിട്ടിയില്ല. നിയൊന്നു തിരക്കണമെന്നു” പറഞ്ഞ് കുറിപ്പടി എന്നെ ഏല്പിച്ചു. പിറ്റേദിവസം വർക്ക്ഷോപ്പിലേക്കു പോകാനായി ഇറങ്ങാൻ നേരം വെറുതെ ഞാൻ ആ കുറിപ്പടി വായിച്ചു നോക്കി.

റോമർ – 12.2. എടുത്തു നോക്കുക സംശയം തോന്നിയ

ഞാൻ ബൈബിൾ എടുത്ത് റോമർക്ക് എഴുതിയ ലേഖനം 12–ാം അദ്ധ്യായത്തിൽ രണ്ടാം വാക്യം വായിച്ചു നോക്കി. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മനസു പുതുക്കി രൂപാന്തരപ്പെടുത്തുക". ഞാൻ അച്ചാച്ചനോടു പറഞ്ഞു. "ഡോക്ടർ കുറിച്ചുതന്ന മരുന്ന് ഇവിടെതന്നെയുണ്ട്. ദാ.... ഇതൊന്നു വായിച്ചുനോക്ക്" എന്നുപറഞ്ഞ് ബൈബിൾ കൊടുത്തു. പിന്നെ ഡോക്ടറിന്റെ സ്ഥിരം സന്ദർശകനായി അച്ചാച്ചൻ, അത്ഭുതാവഹമായ ഒരു മാറ്റമായിരുന്നു ഞാൻ പിന്നെ അച്ചാച്ചനിൽ കണ്ടത്.

അങ്ങനെ ഒരുദിവസം ഡോക്ടറിനോട് അച്ചാച്ചൻ പറഞ്ഞു:–

"എന്റെ ഇളയ മകൾ നൈജീരിയയിൽ നിന്നും വന്നിട്ടുണ്ട്. അവൾ അവിടെ ഒരു സ്കൂളിൽ പഠിപ്പിക്കുകയാ. ലീവുകഴിഞ്ഞ് പോകുന്നതിനു മുമ്പ് അവളുടെ കല്ല്യാണം നടത്തണം. പക്ഷേ, അവൾ പറയുന്നത് കല്ല്യാണം കഴിഞ്ഞാൽ ചെക്കനെ അങ്ങോട്ടു കൊണ്ടുപോകാൻ പറ്റില്ലന്നാ. അല്ലങ്കിപ്പിന്നെ നൈജീരിയയിലെ ജോലി രാജിവച്ച് ഇവിടെയുള്ള ഏതെങ്കിലും പയ്യന്മാരെ നോക്കണം".

ഇതുകേട്ട ഡോക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു:–

"എടോ പൈലോ, തേടിയ വള്ളി കാലിൽ ചുറ്റി എന്നു താൻ കേട്ടിട്ടുണ്ടോ...."?

"എന്താ റോയി, കാര്യം പറ"?

"കേട്ടോ പൈലോ എന്റെ കുടുംബത്തിൽപ്പെട്ട ഒരു പയ്യനും നൈജീരിയായിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു. ദേ... അവനും ലീവിനു വന്നിരിക്കുന്നു. അവനും പറയുന്നത് ഇതേ പ്രശ്നം".

വൈകിട്ടു വീട്ടിൽ വന്ന അച്ചാച്ചന്റെ മുഖത്തെ സന്തോഷം കണ്ട് ഞങ്ങൾ കാര്യങ്ങൾ തിരക്കി. ആലീസിനു വളരെയേറെ

സന്തോഷം. നാളുകൾക്കു ശേഷം വീട്ടിൽ സന്തോഷത്തിന്റെ പൂത്തിരി കത്തി. പിറ്റേദിവസം മൂത്ത അളിയൻ പയ്യന്റെ നാടായ പൊയ്ക്കാട്ടുശേരിയിൽ പോയി വിവരം തിരക്കി. അളിയനും സന്തോഷം. എറണാകുളം എം.ജി. റോഡിലുള്ള ഗ്രാന്റ് ഹോട്ടലിൽ വച്ച് പെണ്ണുകാണൽ ചടങ്ങ്. വലിയൊരു ഹീലുള്ള ചെരിപ്പും ഇട്ടുനിന്ന ചേച്ചി പയ്യന്റെ പൊക്കം കണ്ട് പേടിച്ചതും, ഞാൻ പുറത്തുപോയി ഹീൽ ഇല്ലാത്ത മറ്റൊരു ചെരുപ്പു വാങ്ങിക്കൊടുത്തതും ഇന്നും ഓർമ്മിക്കുന്നു. അങ്ങനെ അധികം വൈകാതെ വിവാഹവും നടന്നു.

ആലീസു ചേച്ചിയുടെ കല്ല്യാണം കഴിഞ്ഞ് രണ്ടാഴ്ച കഴിഞ്ഞപ്പോൾ എന്റെ ചേട്ടന്റെ അളിയന് ഒരു കല്ല്യാണക്കാര്യവുമായി ചേട്ടൻ വീട്ടിൽ വന്നിട്ടു പറഞ്ഞു:–

"അളിയന് ഒരു പെണ്ണുവേണം. അതും ഡോക്ടർ ആയിരിക്കണമെന്നു നിർബന്ധം. നിങ്ങളുടെ അറിവിൽപ്പെട്ട ആരെങ്കിലും ഉണ്ടെങ്കിൽ പറയണം". ഇതുകേട്ട മോളിച്ചേച്ചി പറഞ്ഞു.

"എനിക്കറിയാവുന്നൊരു പെണ്ണുണ്ട്. എന്റെ കൂടെ പഠിച്ചത്. M.B.B.S. കഴിഞ്ഞ് ഇപ്പോൾ R.M.O.ആയി ആലുവ മാടപ്പറമ്പു ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു".

"ഓ.... അതു ശരി. നമുക്കൊന്നു ആലോചിച്ചാലോ...."? അങ്ങിനെ ഞാനും മോളിച്ചേച്ചിയുംകൂടി കാണാനായി ഹോസ്പിറ്റലിൽ ചെന്നു. കണ്ടമാത്രയിൽ എനിക്ക് ഇഷ്ടപ്പെട്ടു. ഡോക്ടർ ആണെന്ന ഒരു അഹംഭാവവും ഇല്ല. ലളിതമായ വസ്ത്രധാരണം. കഴുത്തിൽ ചെറിയൊരു മാല. ഞങ്ങൾ സംസാരിച്ചു. അപ്പോൾ ഡോക്ടർ പറഞ്ഞു:–

''എനിക്കു സ്വന്തമായൊരു തീരുമാനമില്ല. അപ്പനോടും, അമ്മയോടും ചോദിക്കണം. അതിലുപരി, എന്തു തീരുമാനവും എടുക്കുന്നത് എന്റെ അമ്മാച്ചനാണ്. അമ്മാച്ചൻ തൊട്ട

ടുത്താണ് താമസിക്കുന്നത്. ഞാൻ അവരോടു വിളിച്ചു പറയാം നിങ്ങൾ ചെന്നോളു...."

യാത്രപറഞ്ഞിറങ്ങി. തിരിച്ചു കാറിൽ യാത്ര ചെയ്യു മ്പോൾ ഞാൻ മോളിച്ചേച്ചിയോടു പറഞ്ഞു: ചെക്കൻ അമേരിക്കയിൽ ജോലിയാണെന്നു പറഞ്ഞപ്പോൾ ഡോക്ടറിന്റെ മുഖത്തൊരു സന്തോഷം ചേച്ചി ശ്രദ്ധിച്ചിരുന്നോ....? അങ്ങിനെ, ചേട്ടൻ, ചേട്ടന്റെ അളിയൻ, ഞാൻ, മോളിചേച്ചി, കണ്ടനാട്ടെ അളിയൻ എല്ലാവരുംകൂടി കുര്യയ്പ്പിന്റെ ജീപ്പിൽ പോകുന്നു. ചേട്ടനും, ചേട്ടന്റെ അളിയനും അമേരിക്കക്കാരനാണെന്ന ഗമയിൽ ഇരുന്നു. സമൃദ്ധമായി കായ്ഫലം തിങ്ങിനിറഞ്ഞു നിൽക്കുന്ന തെങ്ങിൻ തോപ്പുകൾ ഉള്ള വഴിയിലൂടെ ജീപ്പ് ചെന്നു നിന്നത് ഒരു വീടിന്റെ മുൻവശത്തായിരുന്നു. അവിടെ സുമുഖനായ ഒരു പ്രായംചെന്ന മനുഷ്യൻ തെങ്ങിന്റെ തടത്തിൽ വെള്ളം ഒഴിച്ചുകൊണ്ടു നിൽക്കുന്നതു കണ്ട് ചോദിച്ചു:–

"ചേട്ടാ.... പാറയിൽ ആന്റണി മാഷിന്റെ വീടേതാ...."?

അയാൾ കൈ ഉയർത്തി തെക്കുഭാഗത്തേക്കു കൈ ചൂണ്ടിയിട്ടു പറഞ്ഞു "ദാ.... ആ കാണുന്ന വീടാ..." ജീപ്പു സ്റ്റാർട്ടു ചെയ്യാൻ ശ്രമിച്ചപ്പോൾ അയാൾ പറഞ്ഞു: "വണ്ടി പോകില്ല. നടന്നു പോണം. ജീപ്പ് ഇവിടെ കിടന്നോട്ടെ..."

ഞങ്ങളെല്ലാവരും ജീപ്പിൽ നിന്നും ഇറങ്ങി ആ ചേട്ടൻ പറഞ്ഞ വീടിനെ ലക്ഷ്യംവച്ചു നടന്നു. പഴയൊരു ഓടിട്ട പുരാതനമായൊരു തറവാടു വീട്. ഞങ്ങളുടെ കാൽപ്പെരുമാറ്റവും, ശബ്ദവും കേട്ടിട്ടായിരിക്കാം പ്രൗഢയായ ഒരു സ്ത്രീ വീടിനകത്തു നിന്നും ഇറങ്ങിവന്നു. ഞങ്ങളോടു ചോദിച്ചു:– "ആരാ.... മനസിലായില്ല". "ഞങ്ങൾ മാടപ്പറമ്പു ഹോസ്പിറ്റലിലെ ഡോക്ടർ...." വാക്കു മുഴുവിപ്പിക്കുന്നതിനു മുൻപ് ആ സ്ത്രീ പറഞ്ഞു:– "ഓ.... അവൾ പറഞ്ഞിരുന്നു. ഇങ്ങനെ

ഒരു കൂട്ടർ വരുന്നുണ്ടെന്ന്". "വരൂ.... അകത്തേക്കു കയറിയിരിക്കൂ..." ഞങ്ങൾ കയറി ഇരുന്നപ്പോഴേക്കും വഴിയിൽവച്ചു വീടു കാണിച്ചുതന്ന ചേട്ടനും വീട്ടിലേക്കു വന്നു. സ്വയം പരിചയപ്പെടുത്തിയിട്ടു പറഞ്ഞു:–

"നിങ്ങൾ തിരക്കിയ പാറയിൽ ആന്റണിമാഷ് ഞാൻ തന്നെ". എല്ലാവരേയും പരിചയപ്പെട്ടതിനു ശേഷം മൂത്ത അളിയൻ പറഞ്ഞു

"ഞങ്ങളൊരു കല്ല്യാണ ആലോചനയുമായി വന്നതാണ്". പീന്നീടു സംസാരിച്ചതു മുഴുവൻ മോളിചേച്ചിയായിരുന്നു.

"ചേട്ടന്റെ മകളെ എനിക്ക് അറിയാം. ഇന്നലെ ഞാൻ ആലുവയിലെ ഹോസ്പിറ്റലിൽ പോയി കണ്ടിരുന്നു. അവള് പറഞ്ഞതുകൊണ്ടാണ് വന്നത്. ചേട്ടന്റെ അളിയനെ ചൂണ്ടിക്കാട്ടിയിട്ട് പറഞ്ഞു, ഇതാണു പയ്യൻ. അമേരിക്കയിൽ ചാർട്ടേഡ് അക്കൗണ്ടന്റായി ജോലി നോക്കുന്നു. അവർക്ക് ഡിമാന്റുകളൊന്നും തന്നെയില്ല. കെട്ടാൻ പോകുന്ന പെണ്ണൊരു ഡോക്ടർ ആയിരിക്കണമെന്നേയുള്ളു. അമേരിക്കയിലേക്കു കൊണ്ടുപോകാനുള്ള വിസയും കാര്യങ്ങളൊക്കെ ഇവര് ഏർപ്പാടാക്കും. പയ്യൻ അമേരിക്കയിൽ നല്ല പൊസിഷനിലാണ്". ഇതുകേട്ട പെണ്ണിന്റെ അപ്പൻ പറഞ്ഞു:–

"പൊസിഷൻ എന്നുപറഞ്ഞാൽ ഇന്ത്യയിലെ ചാർട്ടേഡ് അക്കൗണ്ടന്റ് അമേരിക്കയിൽ സർട്ടിഫൈയ്ഡ് പബ്ലിക് അക്കൗണ്ടന്റ് എന്നു പറയും. ഞാൻ അമേരിക്കയിൽ ആയിരുന്നു ന്യൂയോർക്കിൽ. കൊളംബിയാ യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ 20 വർഷം ജോലി ചെയ്തു. പ്രൊഫസർ ആയിരുന്നു. എനിക്ക് നാലു മക്കളാണ് രണ്ടുപേർ ഡോക്ടേഴ്സ് ആണ്. ഒരാൾ നാസയിൽ സയന്റിസ്റ്റാണ്. നിങ്ങൾ കല്ല്യാണം ആലോചിക്കുന്ന കുട്ടിയും അമേരിക്കയിൽ ആയിരുന്നു. അവൾക്ക് അമേരിക്കൻ ഗ്രീൻകാർഡ് ഉണ്ട്. അവൾക്ക്

ആതുര സേവനരംഗത്ത് പ്രവർത്തിക്കണമെന്നു പറഞ്ഞതുകൊണ്ടാ ഞങ്ങളിങ്ങോട്ടു പോന്നത്. മക്കൾ ഇപ്പോഴും അമേരിക്കയിൽതന്നെ. പിന്നെ ഞങ്ങളുടെ വാർദ്ധക്യകാലം സ്വന്തം നാട്ടിൽ വേണമെന്നുള്ള ആഗ്രഹംകൊണ്ട് ഇങ്ങോട്ടുപോന്നു. വിവാഹത്തെക്കുറിച്ചു പറയുകയാണെങ്കിൽ അവൾക്കു സമ്മതമാണെങ്കിൽ യാതൊരു പ്രശ്നവുമില്ല".

അപ്പോഴേക്കും തണുത്ത ഓറഞ്ചു ജൂസുമായി അമ്മയും എത്തി. എല്ലാവർക്കും കൊടുത്തു. മറ്റൊരു മറുപടിയും പറയാതെ ഞങ്ങൾ ഇരുന്നു. പറയാൻ വാക്കുകൾ കിട്ടുന്നില്ലന്നുള്ളതാണു സത്യം. യാത്ര പറഞ്ഞിറങ്ങി. ജീപ്പിൽ യാത്ര തുടരുമ്പോഴും എല്ലാവരിലും ഒരു മൂകതയായിരുന്നു.

ഏറ്റവും നല്ലതെന്നു നാം കരുതുന്ന ഗുണങ്ങളെക്കുറിച്ചുള്ള വിശ്വാസം അമിതമായിപ്പോകരുതെന്ന പാഠം ഞാൻ പഠിച്ചു. തുലാസിന്റെ സൂചി നേരെ നില്ക്കണമെങ്കിൽ അതിന്റെ രണ്ടു തട്ടിലും തുല്ല്യഭാരം ഉണ്ടായിരിക്കണം.

●

# 10

## *ആദിത്യൻ ആറ്, ശശി പത്ത്, കുജനു ഒരു ഏഴ്...?*

**ചേ**ട്ടന്റെ തിരക്കും ബഹളവുമെല്ലാം ഇതോടെ കഴിഞ്ഞു. വീട്ടിൽ സ്വസ്ഥമായി കിട്ടി. ഞങ്ങൾ ഭാവികാര്യങ്ങളെക്കുറിച്ച് സംസാരം തുടങ്ങി. അച്ചാച്ചന് അമേരിക്കയിലേക്കു പോകണമെന്നുള്ള ആഗ്രഹം തുടങ്ങി. കാരണം ഇവിടെയിരുന്നാൽ ഓരോന്നു ചിന്തിച്ചു ഇല്ലാത്ത അസുഖങ്ങൾ വരുത്തിവയ്ക്കുന്നതിലും ഭേദമല്ലേ ഒരു ചെയ്ഞ്ച്. ശരിയാണെന്നു ചേട്ടനും പറഞ്ഞു. എല്ലാം ഉടൻ ശരിയാക്കാമെന്നു പറഞ്ഞ് ചേട്ടൻ അമേരിക്കയിലേക്കും ചേച്ചിയും അളിയനും നൈജീരിയായിലേക്കും പോയി.

ഏറെ താമസിയാതെ അമേരിക്കയിൽ നിന്നും അപ്പനു പോകാനുള്ള അഫിഡവിറ്റ ഓഫ് സപ്പോർട്ട് (വരുന്നയാളിന്റെ ഉത്തരവാദിത്വം ഞാൻ പൂർണ്ണമായും ഏറ്റെടുക്കുന്നു എന്നു തെളിയിക്കുന്ന രേഖകൾ) വന്നു. പിന്നെ മദ്രാസിൽ പോകാനായി ഞങ്ങൾ ഒരുക്കം തുടങ്ങി. രണ്ടുമൂന്നു ദിവസം കഴിഞ്ഞ് ഞങ്ങൾ മദ്രാസിലുള്ള അമേരിക്കൻ കോൺസുലേറ്റിൽ ചെന്നു. ഇന്നത്തെപ്പോലെയല്ല. ചെന്നാൽ തണുത്ത

വെള്ളവും ബിസ്ക്കറ്റും തരും. അപേക്ഷ അവരു തന്നെ പൂരിപ്പിച്ചു തരും. ഉച്ചകഴിഞ്ഞായിരുന്നു ഇന്റർവ്യൂ. ആ സമയത്താണ് നാട്ടിൽ നിന്നു പോന്നപ്പോൾ അഫിഡവിറ്റ എടുക്കാൻ മറന്നുപോയ കാര്യം ഓർമ്മവന്നത്. ഏതാ യാലും ഇന്റർവ്യൂവിനു ഹാജരായി. പക്ഷേ വിസ കിട്ടിയില്ല. അപ്പൻ എന്നേയും വിളിച്ചുകൊണ്ട് പുറത്തേക്കിറങ്ങി. ഒരു ഓട്ടോ എടുത്ത് നേരെ മദ്രാസ് ഹൈക്കോടതിവളപ്പിലേക്കു ചെന്നു. അവിടെ ചെറിയ ചെറിയ മുറികളിലായി വക്കീ ലന്മാർ ഇരിക്കുന്നുണ്ടായിരുന്നു. അതിൽ ഒരു വക്കീലി നോട് അപ്പൻ എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. വക്കീൽ തലകുലുക്കി ശരിസാർ, ശരിസാർ എന്നു പറയുന്നതുമാത്രം ഞാൻ കേട്ടു.

എന്നിട്ട് എന്നോടു പറഞ്ഞു: “എടാ നമുക്ക് ഇന്നു തിരിച്ചു പോകണ്ട നാളെ ഒന്നു കൂടി അമേരിക്കൻ കോൺസുലേറ്റിൽ പോകണം”. “എന്താ അച്ചാച്ചാ കാര്യം....”? “എടാ എനിക്കു വിസ കിട്ടാതെ വന്നപ്പോൾ ഞാൻ അപേക്ഷ പൂരിപ്പിച്ച പെണ്ണി നോടു ചോദിച്ചു: എന്താണു വിസ കിട്ടാഞ്ഞതിന്റെ കാരണ മെന്ന്. അവൾ ഒരു സോറി മാത്രം പറഞ്ഞു. എന്താ കാര ണമെന്ന് അറിയണമല്ലോ? അതിനുവേണ്ടിയാ ഒന്നുകൂടി കോൺസുലേറ്റിൽ പോകുന്നത്”. തലേന്നു കണ്ട വക്കീലി നേയും കൂട്ടി പിറ്റേ ദിവസം ചെന്നു. അന്നു മറ്റൊരു ലേഡി യായിരുന്നു. അവരോട് അപ്പൻ കാര്യങ്ങൾ വിശദമായി പറഞ്ഞു. “എന്റെ മകന്റെ കുട്ടിയുടെ മാമ്മോദീസാ ചടങ്ങി നുവേണ്ടിയാണു പോകുന്നത്. വിസ തരാൻ പറ്റില്ലെങ്കിൽ അതിന്റെ കാരണം ഒന്നു എഴുതിത്തരണം. നിങ്ങൾക്ക് എഴു താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എന്റെ വക്കീല് എഴുതിക്കോളും കാര്യം പറഞ്ഞാൽ മതി. അത് മകന് അയച്ചു കൊടുക്കണം”.

അച്ചാച്ചന്റെ മുഖത്തേക്കു ആ ലേഡി സൂക്ഷിച്ചു നോക്കിയിട്ട് അച്ചാച്ചന്റെ കൈയ്യിൽ നിന്നും പാസ്പോർട്ടും വാങ്ങി. ഞങ്ങളോട് വെയിറ്റ് ചെയ്യാൻ പറഞ്ഞു. കുറച്ചു സമ

യത്തിനുശേഷം അവർ അച്ചാച്ചന്റെ പാസ്പോർട്ടുമായി വന്നു. അതു തിരികെ തന്നിട്ടു പറഞ്ഞു:–

“വിസ സ്റ്റാമ്പ് ചെയ്തിട്ടുണ്ട്”.

അതിൽ നിന്നും ഒരു കാര്യം എനിക്കു മനസിലായി. അഫിഡവിറ്റ ഓഫ് സപ്പോർട്ടിലൊന്നും ഒരു കാര്യമില്ലെന്നും പറയേണ്ടതുപോലെ പറഞ്ഞാൽ വിസ കിട്ടുമെന്നും. പലപ്പോഴും പലർക്കും വിസ കിട്ടാതെ വരുന്നതിലുള്ള കാരണം നമ്മുടെ സംസാരത്തിലെ പിഴവുകളാണ്. എന്താ യാലും അധികം താമസിയാതെ തന്നെ അച്ചാച്ചൻ അമേരിക്ക യിലേക്കു പറന്നു.

വീട്ടിൽ ഞാൻ തനിച്ചായി. വലിയൊരു ഏകാതന്തത. പലപ്പോഴും വളരെ വൈകി മാത്രമേ വീട്ടിൽ എത്താറുള്ളൂ. അങ്ങിനെ ഒരു ദിവസം ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ ജോലിനോക്കുന്ന നന്ദകുമാർ എന്നൊരു സുഹൃത്തുമായി പരിചയപ്പെട്ടു. കക്ഷി ജോലി സംബന്ധമായി ആലുവായിൽ താമസിക്കുവാൻ ഒരു വീട് അന്വേഷിച്ചു നടക്കുന്ന സമയം. സംസാരിക്കുന്ന കൂട്ടത്തിൽ ഞാൻ പറഞ്ഞു:

“വിരോധമില്ലെങ്കിൽ എന്റെ വീട്ടിൽ താമസിക്കാം. ഞാൻ വീട്ടിൽ തനിച്ചാണ്.”

അങ്ങിനെ നന്ദകുമാർ എന്റെ കൂടെ താമസം തുടങ്ങി കുറച്ചു ദിവസം കഴിഞ്ഞപ്പോഴാണ് മനസിലാക്കുന്നത് ഇദ്ദേഹം ജ്യോതിഷത്തിൽ വളരെ പ്രാവിണ്യം നേടിയ ആളാണെന്ന്. ധാരാളം ആളുകൾ ഇദ്ദേഹത്തെ അന്വേഷിച്ച് വീട്ടിൽ വരാൻ തുടങ്ങി. ജാതകം കുറിക്കാനും വിവാഹപ്പൊരുത്തം നോക്കാ നും ഒക്കെയായി.

ഒരു ദിവസം ഞാൻ ആലുവ ബസ് സ്റ്റാന്റിൽ നിൽക്കു മ്പോൾ എന്നെ അറിയുന്ന ഒരാൾ വന്നു ചോദിച്ചു:–

“ഓ.. അതു ശരി. ജ്യോതിഷം ഒക്കെ അറിയാമല്ലേ...? ഒരു ദിവസം ഞാൻ വീട്ടിലേക്കു വരാം. എനിക്കു ചില കാര്യങ്ങളൊക്കെ അറിയാനുണ്ട്.”

സത്യത്തിൽ എനിക്കു ചിരിവന്നു. തെറ്റിദ്ധരിച്ചു പറയുന്നതാണെന്നെനിക്കു മനസ്സിലായി. എങ്കിൽ ഇതൊന്നു പഠിച്ചെടുത്താലെന്താ എന്നൊരു ചിന്ത മനസിൽ ഉദിച്ചു.

ഒരു ദിവസം രണ്ടു ഫാമിലി. അതായത് പെണ്ണിന്റേയും, ചെക്കന്റേയും. അവർ മക്കളുടെ കല്യാണതീയതി കുറിക്കുവാൻ വന്നു. വന്നയുടനെ അവർ പറഞ്ഞു:

ഇവരുടെ ജാതകപ്പൊരുത്തമൊക്കെ ഞങ്ങൾ നേരത്തേ നോക്കിയതാണ്. വർഷങ്ങളായി ഇവർ സ്നേഹത്തിലായിരുന്നു. കല്യാണത്തിന്റെ തീയതി മാത്രം കുറിച്ചു തന്നാൽ മതിയെന്നു പറഞ്ഞു ജാതകം നന്ദനെ ഏല്പിച്ചു. നന്ദൻ വെറ്റില എടുത്തു മുറുക്കി മുറ്റത്തേക്കു നീട്ടിത്തുപ്പി. ശ്വാസം ഒന്നു ഉള്ളിലേക്കു വലിച്ചു. എന്നിട്ടു പറഞ്ഞു.

“ഈ വിവാഹം ഒരു കാരണവശാലും നടക്കരുത് അഥവാ നടന്നാൽ ഒരു മരണം ഉറപ്പ്”.

കൊടുത്ത ജാതകവും തട്ടിപ്പറിച്ച് അവർ പോയി. അവർ പോയശേഷം ഞാൻ പറഞ്ഞു: “നന്ദാ നീ പറഞ്ഞത് അല്പം കട്ടിയായിപ്പോയി.മരണം സംഭവിക്കുമെന്നു നീയെങ്ങനെ മനസിലാക്കി”. നന്ദൻ പറഞ്ഞു.

“സണ്ണി അതിൽ പ്രശ്നം കാണുന്നുണ്ട്. ഞാൻ വെറുതെ പറഞ്ഞതല്ല. ജ്യോത്സ്യവും, ന്യൂമറോളജിയും, അഗസ്തമുനിയുടെ ചില കുറിപ്പുകളിൽ നിന്നും കിട്ടിയ നിമിത്തശാസ്ത്ര പ്രകാരമാണ് ഞാനതു പറഞ്ഞത്.ഞാനിവിടെ താമസിക്കാൻ തുടങ്ങിയിട്ട് മുറ്റത്തു നിൽക്കുന്ന തെങ്ങിൽ നിന്നും ഇതുവരെ ഒരു പച്ചത്തേങ്ങ വീണിട്ടില്ല. വീഴുക മാത്രമല്ല. പൊട്ടിച്ചിതറിപ്പോയി. ചിലപ്പോൾ നീ ശ്രദ്ധിച്ചുകാണില്ല. അവരും ഞാനു

മായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സംഭവിച്ചതാണ്".

ഞാൻ മുറ്റത്തേക്കു നോക്കി ഒന്നും കണ്ടില്ല. ശ്രദ്ധയോടെ എല്ലാ തെങ്ങിൻ ചുവട്ടിലേക്കും നോക്കി കുറച്ചുമാറി കിണറിന്റെ അടുത്തുള്ള തെങ്ങിൽ നിന്നും വീണ തേങ്ങ കുളിമുറിയുടെ അടുത്തുള്ള കൽക്കെട്ടിൽ വീണു പൊട്ടിച്ചിതറി കിടക്കുന്നു. എനിക്കു പഠിക്കണമെന്നുള്ള ആഗ്രഹം കൂടി. രാത്രി ഏറെ വൈകിവരെ ഞങ്ങൾ ജ്യോത്സ്യത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു. സംസാരത്തിനിടയിൽ നന്ദൻ പറയും. ആദിത്യൻ ആറ്, ശനി പത്ത്, കുജനു ഒരു ഏഴ്. ഇത് കണക്കുകളാ. നിനക്കു പഠിക്കണമെങ്കിൽ ഞാൻ പഠിപ്പിക്കാം. ഞാൻ പറയുന്നതിൽ മുഴുവൻ ശ്രദ്ധയും കൊടുക്കണം. ഇങ്ങനെയുള്ള കണക്കു കൂട്ടലുകൾ നോക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ ഇതിൽ അടിമയാകരുത്. വിവരവും ലോകപരിചയവുമുള്ള ഒരാൾ ഇന്നു മഴ വരാൻ സാധ്യതയുണ്ടെന്നു പറഞ്ഞാൽ ഒന്നുകിൽ യാത്ര ഒഴിവാക്കുകയോ അല്ലെങ്കിൽ ഒരു കുട കൈയ്യിൽ കരുതുകയോ ചെയ്താൽ മഴ നനയാതിരിക്കും. ഇതു രണ്ടും വകവയ്ക്കാതെ പുറത്തേക്കു പോയാൽ എന്താ സംഭവിക്കുക മഴനനയും. ജ്യോത്സ്യത്തിന്റെ കണക്കു കൂട്ടലുകളും അങ്ങിനെ തന്നെയാണ്.

അങ്ങിനെ എന്നെ കാര്യങ്ങൾ പയ്യെ പയ്യെ പറഞ്ഞു മനസിലാക്കാൻ തുടങ്ങി. ജനിക്കുന്ന സമയംനോക്കി ദശാസന്ധികൾ മനസിലാക്കുന്നത് എങ്ങിനെയെന്നു എന്നെ പഠിപ്പിച്ചു. പഠിക്കുന്തോറും എനിക്കുള്ള താല്പര്യം കൂടിക്കൂടി വന്നു. വൈകുന്നേരങ്ങളിൽ ശിവരാത്രി മണപ്പുറത്തുള്ള ആൽത്തറയിലേക്കു പോകും. പലരും പ്രത്യേകിച്ച് ഭിക്ഷാംദേഹികളും അവിടെ ഉണ്ടാകും. ജ്യോത്സ്യത്തെക്കുറിച്ചായിരിക്കും കൂടുതലും സംസാരം.

ഒരു ദിവസം ഞാൻ കണ്ടതാണ്. പാതിരാത്രിയായി കാണും. കത്തിക്കാത്ത ഒരു നിലവിളക്കിനു മുന്നിലിരുന്നു

മന്ത്രം ജപിക്കുന്നത്. അതിന്റെ അവസാനം കത്തിക്കാത്ത നിലവിളക്കിലെ തിരി താനെ കത്തി. ആ വെളിച്ചത്തിൽ ഞാൻ കണ്ടു വിയർത്തു കുളിച്ചിരിക്കുന്ന നന്ദനെ.

കുറച്ചു നാളുകൾക്കു ശേഷം ജാതകം തട്ടിപ്പറിച്ച് നന്ദനെ തെറിയും പറഞ്ഞുപോയ ആ ഭാര്യയും ഭർത്താവും കൂടി വന്നു. അവരുടെ മുഖം വിളറിയിരുന്നു. നന്ദൻ മുൻവശത്തെ ചാരുകസേരയിൽ കിടക്കുകയായിരുന്നു. അവരെ കണ്ടയുടനെ നന്ദൻ പറഞ്ഞു:-

“എന്താ കാർന്നോരേ കയറി വരിക. പയ്യൻ പോയി അല്ലേ”? ഞാൻ ഞെട്ടിപ്പോയി. ഭാര്യയും ഭർത്താവും സ്തംഭിച്ചു നിന്നു. “അപകടമരണം ആയിരുന്നല്ലേ”? അവര് കരയാൻ തുടങ്ങി. കരച്ചിലിനൊടുവിൽ ആ സ്ത്രീ പറഞ്ഞു “അന്നു ഞങ്ങൾ അപമര്യാദയായി പെരുമാറി. ക്ഷമചോദിക്കാൻ വേണ്ടി വന്നതാ”. പിന്നൊന്നും പറയാൻ അവർക്കു കഴിഞ്ഞില്ല. യാത്ര പറഞ്ഞിറങ്ങി. അവര് പോയിക്കഴിഞ്ഞപ്പോൾ നന്ദൻ എന്നോടു പറഞ്ഞു.

“കേട്ടോ സണ്ണി മഴ വരാൻ സാധ്യതയുണ്ടെന്ന് പരിചയ സമ്പന്നർ പറഞ്ഞാൽ ഒരു കുട എടുക്കുക”.

●

# 11

## *ജീവിതം കൈവിട്ടുപോയവർ*

ഇനിയൊരു നാട്ടുവിശേഷം. ആലുവായിൽ പണ്ട് " വെടിമറ റാവുത്തർ" എന്നൊരു ഗുണ്ട ഉണ്ടായിരുന്നു. ആലുവ, എറണാകുളം പരിസരങ്ങളിലെ ടെക്സ്റ്റൈൽ ഷോപ്പുകൾ, ചെറിയ വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന സമര പരിപാടികൾ ഉടമയിൽ നിന്നും പണം വാങ്ങി അടിച്ചൊതുക്കലാണ് റാവുത്തരുടേയും സംഘത്തിന്റേയും പരിപാടി. എന്തു ചെയ്യാനും മടിയില്ലാത്തൊരു ഗുണ്ടാസംഘം.

മിക്ക മനുഷ്യരുടേയും പ്രവർത്തിയുടെ പിന്നിൽ വർത്തിക്കുന്ന പ്രേരണ അവയിൽ നിന്നു കിട്ടുന്ന പ്രതിഫലത്തിനു വേണ്ടിയുള്ള ആഗ്രഹമാകുന്നു. ഒന്നുകിൽ പണം അല്ലെങ്കിൽ പേരും, പ്രശസ്തിയും. പക്ഷേ ഇതൊന്നുമല്ലാതെ അപ്രതീക്ഷിതമായി അക്രമത്തിലേക്കു വഴുതി വീഴുകയും പിന്നെ ഒരിക്കലും അതിൽ നിന്നൊരു മോചനം നേടാൻ കഴിയാതെ വരുകയും ചെയ്യുന്നവർ ധാരാളമുണ്ട്. അങ്ങിനെ ഒരുവനെക്കുറിച്ചു ഞാൻ എഴുതുന്നു. കാരണം, അവൻ എന്റെയൊരു സുഹൃത്തായിരുന്നു. സുരേഷ് എന്നാണവന്റെ പേര്. സുമുഖൻ. ഒത്ത പൊക്കവും വണ്ണവുമുള്ള സുരേഷ് ശാന്തസ്വഭാ

വക്കാരനായിരുന്നു. പഠനത്തിൽ സമർത്ഥൻ. അതിലുമുപരി നല്ലൊരു കലാകാരൻ. അവന് “കത്തി സുരേഷ്” എന്നൊരു സ്ഥാനപ്പേരു കിട്ടിയ കഥയിലേക്കു പോകാം.

വാച്ച് റിപ്പയർ ആയിരുന്നു സുരേഷിന്റെ അച്ചൻ. എന്റെ അച്ചാച്ചന്റെ കടയുടെ സമീപത്തായിരുന്നു അയാളുടെ കട. അച്ഛനെ സഹായിക്കാനായി സുരേഷ് ചിലപ്പോഴൊക്കെ കട യിൽ വരും. ഞാൻ അച്ചാച്ചന്റെ കടയിലുണ്ടെന്നറിഞ്ഞാൽ ഉടൻ സുരേഷും എത്തും. എന്നിട്ട് അച്ചാച്ചനോടു പറയും:–

“പൈലോ ചേട്ടാ, എനിക്കൊരു സിനിമയ്ക്കു പോണം. സണ്ണിയേയും ഒന്നു കൂട്ടിക്കോട്ടേ?” അച്ചാച്ചന് അവനെ വലിയ ഇഷ്ടമാണ്. അതുകൊണ്ട് അച്ചാച്ചൻ സമ്മതിക്കും. അന്നത്തെ ദിവസം ഞങ്ങൾക്കൊരു അടിച്ചുപൊളിയാണ്. എന്തോ തെറ്റി ദ്ധാരണ മൂലം ചില രാഷ്ട്രീയ ഗുണ്ടകൾ അയാളുടെ കട അടിച്ചു തകർത്തു. ദേഷ്യം തീരാതെ വീട് ആക്രമിച്ചു. അദ്ദേ ഹത്തിന്റെ ഭാര്യേയും മകളേയും ഉപദ്രവിച്ചു. ഈ സമയം സുരേഷ് വീട്ടിൽ ഇല്ലായിരുന്നു. വീട്ടിലെത്തിയ സുരേഷ് കാ ര്യം തിരക്കി. അക്രമികൾ ആരെന്ന് മനസിലാക്കിയ അവൻ വിറഞ്ഞു തുള്ളി. കൈയ്യിൽ കിട്ടിയ ഒരു കത്തിയുമായി പുറത്തേക്ക് ഓടി മറഞ്ഞു. പിന്നീട് ഒരിക്കലും അവൻ ആ വീടിന്റെ ചവിട്ടുപടികൾ കയറിയിട്ടില്ല. തെരുവിലായിരുന്നു അവന്റെ ജീവിതം.

ഒരു ദിവസം ഞാൻ ആലുവ ബാങ്ക് ജംഗ്ഷനിലുള്ള മിൽമാ ബൂത്തിൽ നിൽക്കുമ്പോൾ എന്റെയൊരു പരിചയക്കാരനായ തോമസുകുട്ടിയെ ഇടതു കൈ കഴുത്തിനോടു ചേർത്തുപിടിച്ച് കൈയ്യിലിരുന്ന ഒരു പ്രത്യേകതരം കത്തിയുടെ മുനകൊണ്ട് സുരേഷ് തലങ്ങും വിലങ്ങും കുത്തുന്ന കാഴ്ചയാണ് കണ്ടത്. ആരും പരിസരത്തേക്കു അടുക്കുന്നതുപോലുമില്ല. ചോര യിൽ കുളിച്ച് പ്രാണരക്ഷാർത്ഥം തോമസുകുട്ടി ഓടിയപ്പോൾ ഞാൻ സുരേഷിന്റെ അടുത്തേക്കു ചെന്നു. പറഞ്ഞറിയിക്കാൻ

പറ്റാത്തൊരു മുഖഭാവമായിരുന്നു ഞാൻ അവനിൽ കണ്ടത്. ഞാൻ ചോദിച്ചു:

"സുരേഷേ... നീ എന്താണീ കാണിച്ചത്?

നിനക്കെന്തുപറ്റി...?"

ശാന്തമായി ചിരിച്ചുകൊണ്ടവൻ പറഞ്ഞ വാക്കുകൾ ഇതെഴുതുമ്പോൾ എന്റെ മനസിൽ തെളിഞ്ഞു വരുന്നു.

''എന്റെ ജീവിതം കൈവിട്ടുപോയി സണ്ണീ.... നീ പൊയ്ക്കോ.'' വിതുമ്പലോടെയാണ് അവനതു പറഞ്ഞു തീർത്തത്.

എങ്ങിനെയാണു ജീവിതം കൈവിട്ടുപോകുക? ജീവിതമല്ല കൈവിട്ടുപോയത്. അവനിൽ കുടികൊള്ളുന്ന ശക്തിയാണ് കൈവിട്ടുപോയത്. ഈശ്വര നിർമ്മിതമായ ശക്തികേന്ദ്രമാണ് ഓരോ മനുഷ്യനും. അവിശ്വാസമാകുന്ന ആവരണത്താൽ മൂടപ്പെട്ടിരിക്കുന്നതുകൊണ്ട്, ആ ശക്തിയുടെ വിശ്വരൂപം പലർക്കും ഇനിയും മനസിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണു സത്യം. തന്റെ അച്ഛനും, അമ്മയും, പെങ്ങളും എന്നൊരു വീണ്ടുവിചാരമില്ലാതെ പെട്ടെന്നൊരു ആവേശത്തിൽ എടുത്തു ചാടിയപ്പോൾ ജീവിതം കൈവിട്ടുപോയി. ഇനി എന്തു ജീവിതം എന്ന വിചാരത്തോടുകൂടി അസംഖ്യം ആളുകൾ അലഞ്ഞുതിരിയാറുണ്ട്. പരാജയബോധത്തെ കുത്തി ഉണർത്തുന്ന ചിന്തകൾ ഒന്നിനു പിറകേ മറ്റൊന്നായി അവരെ എത്തിപ്പിടിക്കും. പിടിയിൽ നിന്നു രക്ഷപ്പെടാനായി ചിലർ മദ്യത്തെ കൂട്ടുപിടിക്കും. മനുഷ്യന്റെ ചിന്താശക്തി നഷ്ടപ്പെടും. ഇത്തരത്തിൽ ഒരെത്തും പിടിയുമില്ലാതെ സ്വയം നശിക്കുന്ന അനവധി ആളുകളെ നമുക്കു കാണാൻ സാധിക്കും. ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവിതം കൈവിട്ടുപോയി എന്നു പറഞ്ഞ സുരേഷിന്റെ ജീവിത കഥയാണ് പിന്നീട് കിരീടം എന്ന പ്രശസ്ത സിനിമയായി രൂപാന്തരപ്പെട്ടത്.

ഞാനൊന്നു വിശദീകരിക്കാം. തെരുവിലെ ജീവിതം അവനെ ക്രിമിനലിസത്തിന്റെ കൊടുമുടിയിൽ എത്തിച്ചു. എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തി മുന്നേറുകയായിരുന്നു സുരേഷ്. വെടിമറ റാവുത്തരുടെ സഹായി ആയി മാറിയ കത്തി സുരേഷ്, തൃശൂർ ജില്ല മുഴുവൻ ഓടിനടന്ന് തന്റെ കഴിവുകൾ തെളിയിച്ചു.

ചാലക്കുടി അരിക്കശേരി ഷാപ്പിലെ നിത്യ സന്ദർശകനായിരുന്നു സുരേഷ്. നമ്മുടെ പ്രിയ സിനിമാതാരം തിലകൻ ചേട്ടന്റെ ഉടമസ്ഥതയിലുള്ള ചാലക്കുടി സാരഥി തീയേറ്റേഴ്സിന്റെ പുതിയ നാടകത്തിന്റെ കഥാരചനയുടെ ഭാഗമായി ലോഹിതദാസിനേയും കൂട്ടി ഇടയ്ക്കൊക്കെ ഷാപ്പിൽ വരുമായിരുന്നു തിലകൻ ചേട്ടൻ. അങ്ങിനെ ഒരു ദിവസം ഇവർ ഷാപ്പിൽ ഇരിക്കുമ്പോൾ കത്തി സുരേഷ് കയറി വന്നു. തന്റെ ആയുധമായ കത്തി തൊട്ടടുത്തു കണ്ട ഡെസ്ക്കിൽ ശക്തിയോടെ കുത്തിവച്ചു. ഭവ്യതയോടെ കുടിച്ചുകൊണ്ടിരിക്കുന്നവരെല്ലാം എഴുന്നേറ്റു നിന്നു സുരേഷിനെ ആദരിച്ചു. പക്ഷേ, ഒരാൾ മാത്രം ഇതു കണ്ടതായി ഭാവിച്ചതേയില്ല. ഒരു പാവം മരപ്പണിക്കാരൻ. നീണ്ടു മെലിഞ്ഞ ശരീരമുള്ള അയ്യപ്പനാശാരി.

സുരേഷിന് അതു സഹിച്ചില്ല. ആശാരിയുടെ അടുത്തേക്കു ചെന്നു. ആശാരിയുടെ മുന്നിൽ ഗ്ലാസിൽ നിറച്ചുവച്ചിരുന്ന കള്ള് സുരേഷ് ഒറ്റ വലിക്ക് കുടിച്ച ശേഷം ഗ്ലാസ് ശബ്ദത്തോടെ ഡെസ്ക്കിൽ വച്ചു. ആശാരിക്ക് അത് ഇഷ്ടപ്പെട്ടില്ല. അയാളുടെ കൈ പതുക്കെ പണിസഞ്ചിയിലേക്കു നീണ്ടു. കൈയ്യിൽ കിട്ടിയ ഉളികൊണ്ട് ചാടിഎഴുന്നേറ്റ് പുറംതിരിഞ്ഞു അട്ടഹസിച്ചു സംസാരിച്ചുകൊണ്ടിരുന്ന സുരേഷിന്റെ കഴുത്തിൽ കുത്തിയിറക്കി. നിമിഷങ്ങൾക്കുള്ളിൽ സുരേഷ് നിലംപൊത്തി. മരണത്തിലേക്കവൻ പയ്യെ പയ്യെവഴുതിവീഴുകയായിരുന്നു. ഷാപ്പിൽ ഉണ്ടായിരുന്നവരെല്ലാം നിമിഷങ്ങൾക്കുള്ളിൽ ഓടിമറഞ്ഞു.

പേടിച്ചരണ്ട് അയ്യപ്പനാശാരിയും. വീട്ടിലെത്തിയ ആശാരി എല്ലാം ഉപേക്ഷിച്ച് നാട്ടിൽ നിന്നേ പൊയ്ക്കളഞ്ഞു ആ രാത്രി യിൽ.

ഒറ്റ നിമിഷത്തെ ആവേശം വരുത്തിവച്ച വിന. ഇങ്ങനെ കൈവിട്ടുപോകുന്ന എത്രയെത്ര ജീവിതങ്ങൾ?

ഞാൻ വായിച്ചൊരു കഥ ഓർമ്മയിൽ തെളിഞ്ഞുവരു ന്നു. തുർക്കി സുൽത്താന്റെ അരമനയിൽ ഒരു പാവപ്പെട്ട സ്ത്രീ ഒരു സങ്കടവുമായി ചെന്നു. സുൽത്താൻ ചോദിച്ചു:– "നിങ്ങൾക്കെന്താണു പറയാനുള്ളത്?"

"തിരുമേനി ക്ഷമിക്കണം. ഈ അടിയന്റെ സങ്കടം കേൾക്ക ണം. കഴിഞ്ഞ രാത്രി ക്ഷീണത്താൽ ഞാൻ ബോധമറ്റ് ഉറ ങ്ങിപ്പോയി. എനിക്കുണ്ടായിരുന്ന പണവും, വസ്ത്രങ്ങളും കള്ളന്മാർ മോഷ്ടിച്ചുകൊണ്ടുപോയി. അവിടുന്ന് എനിക്ക് നഷ്ടപരിഹാരം തരണം."

"നാം നഷ്ടപരിഹാരം തരണമെന്നോ...? നിങ്ങളെന്തി നാണു ബോധമറ്റുറങ്ങിയത്?"

അതിനു ആ സ്ത്രീ പറഞ്ഞ മറുപടിയാണ് ശ്രദ്ധേയം.

"തിരുമേനി ഉണർന്നിരിക്കുമെന്നു ഞാൻ കരുതി. അതു കൊണ്ടാണ് ഞാൻ ബോധമറ്റ് ഉറങ്ങിയത്." ആ സ്ത്രീയുടെ മറുപടി സുൽത്താന്റെ ചിന്തയെ ഉണർത്തി. അവർ പറഞ്ഞതു സത്യമല്ലേ? ഉത്തമനായ ഭരണാധികാരി തന്റെ പ്ര ജകളുടെ സ്വത്തും ജീവനും മാനവും കാത്തുസൂക്ഷിക്കേ ണ്ടവനല്ലേ...?

ഇവിടെ പ്രജകളുടെ മാനവും എന്നു ഞാൻ എടുത്തുപറയു ന്നതിൽ ഒരു കാരണമുണ്ട്. ഞങ്ങളുടെ നാട്ടിൽ കടത്തുകടവ് മേരി എന്നൊരു സ്ത്രീയുണ്ട്. കടവിനടുത്ത് ചായക്കടനടത്തി യിരുന്ന മേരിചേച്ചി. അവരുടെ മക്കളാണ്, ലിസമ്മയും, ജോയി യും. സൗന്ദര്യം വാരിക്കോരി കിട്ടിയ ലിസമ്മ വീട്ടിൽത്തന്നെ

തയ്യൽവേല ചെയ്തിരുന്നു. ജോയി അല്ലറചില്ലറ തടിക്കച്ചവട വുമായി നടക്കുന്നു. ഒരു സന്തുഷ്ട കുടുംബം. ഒരു ദിവസം കള്ളനെപ്പോലെ അവരുടെ ജീവിതത്തിലേക്കും വന്നു ദുര ന്തം. ക്രമേണ അവരേയും നാടുമുഴുവൻ അറിയപ്പെട്ടുതുടങ്ങി കടത്തുകടവു മേരിയെന്ന സ്ഥാനപ്പേരിൽ. ആ കഥയൊന്നു പറയട്ടെ.

ഒരു മഴക്കാലസമയം. മഴയെന്നു പറഞ്ഞാൽ മലവെള്ളപ്പാ ച്ചിലാണ്. ആലുവാപ്പുഴ കരകവിഞ്ഞ് ഒഴുകും. കുത്തിയൊലി ച്ചുവരുന്ന വെള്ളത്തിൽ ആട്, കോഴി എന്നിവ കൂടാതെ ചില തടികളും ഉണ്ടാകും. ഒരു വെളുപ്പാൻകാലത്ത് പുഴയിലൂടെ ഒഴുകിവന്ന തടി കയർ കെട്ടി വലിച്ച് കരയിൽ കയറ്റുന്ന സമ യത്ത് പോലീസ് വന്ന് ജോയിയെ അറസ്റ്റുചെയ്തു കാട്ടുതടി മോഷ്ടിച്ചു എന്ന പേരും പറഞ്ഞ് സ്റ്റേഷനിൽ ഇട്ടു മർദ്ദിച്ച് അവശനാക്കി. ചോദിക്കാൻ ചെന്ന അമ്മയേയും സഹോ ദരിയേയും കൃത്യനിർവ്വഹണത്തിനു തടസം നിന്നു എന്ന പേരും പറഞ്ഞ് ലോക്കപ്പിലിട്ടു. ഒരാഴ്ചയോളം ശാരീരികമായി പീഡിപ്പിച്ചു. പുറത്തിറങ്ങി ഒരു മാസം കഴിഞ്ഞപ്പോൾ ജോയി യുടെ സഹോദരി ലിസമ്മയ്ക്ക് മനസിലായി ഞാൻ ഗർഭിണി യാണെന്ന്. തുർക്കി സുൽത്താന്റെ അടുത്തു സങ്കടം ബോധി പ്പിക്കാൻ ചെന്ന സ്ത്രീയുടെ സങ്കടം കേട്ട് അദ്ദേഹം ബോധ വാനായപ്പോൾ ഇവിടെ അവളുടെ മാനം കവർന്നെടുത്തു സന്തോഷിച്ചു അധികാരികൾ. എല്ലാം പെട്ടെന്നറിഞ്ഞു പുറം ലോകം. പിന്നെ അമ്മയ്ക്കും മകൾക്കും രാത്രികാലങ്ങളിൽ വിരുന്നുകാരുടെ തിരക്കായിരുന്നു. തിരക്കു കണ്ട ജോയി തീവ ണ്ടിയ്ക്കു മുന്നിൽ ചാടി ജീവനൊടുക്കി.

കത്തി സുരേഷ് പറഞ്ഞതുപോലെ ജീവിതം കൈവിട്ടു പോയി പലർക്കും. മൂടപ്പെട്ടു കിടക്കുന്ന നമ്മളിലെ ശക്തിയെ നാം തന്നെ കണ്ടെത്തണം. അപ്പോൾ ജീവിതം ഒരിക്കലും കൈവിട്ടുപോകില്ല.

●

# 12

## *എന്നെ മോഹിപ്പിച്ച ഒളിബിക്സ്*

**നീ**ലാകാശം കാർമേഘം കൊണ്ടു നിറഞ്ഞു. മിന്നൽപ്പിണർ കരിമേഘത്തെ കീറി മുറിച്ചു. ഉഗ്രമായ കാറ്റും, മഴയും. മനുഷ്യജീവിതത്തിന്റെ പ്രതീകമാണ് കാലവർഷം.

നമ്മുടെ ജീവിതാകാശത്തും കാർമുകിൽ പരക്കും. ഉഗ്രമായ കാറ്റും, മഴയും മൂലം നമ്മുടെ പ്രതീക്ഷകളും കടപുഴകി വീഴും. എന്നാൽ കാലവർഷം മാറും. നീലാകാശം തെളിയും. പുഞ്ചിരി തൂകി സൂര്യൻ വീണ്ടും പ്രത്യക്ഷനാകും.

1984ൽ എ.സി.ജോസ് സ്പോർട്സ് മന്ത്രിയായിരിക്കുമ്പോൾ പി.റ്റി. ഉഷ ഉൾപ്പെടെ ഒരു സംഘം ആൾക്കാർ അമേരിക്കയിലെ ലോസ് ആഞ്ചൽസിൽ നടക്കുന്ന ഒളിമ്പിക്സിൽ പങ്കെടുക്കാൻ പോകുന്നതായി ഒരു വാർത്ത പത്രത്തിൽ വന്നു. അന്നു ഞാൻ അളിയന്റെ ഓഫീസിൽ ഇരിക്കുകയായിരുന്നു. അളിയനോടു ഞാനീ വിവരം പറഞ്ഞപ്പോൾ പറഞ്ഞു:

“നീയും ഒന്നു ശ്രമിച്ചുനോക്ക് ചിലപ്പോൾ നടക്കും.”

ഉള്ളിലുള്ള ആഗ്രഹത്തിന്റെ പൂർത്തീകരണത്തിനായി

ഇവരെ കൊണ്ടുപോകുന്ന അഡ്മിറൽ ട്രാവൽസിന്റെ എം.ഡി. തോമസ് വടക്കേ കുറ്റിനെ കാണാൻ ചെന്നു. 15,000 രൂപ ചിലവു വരും. വിസയുടെ കാര്യങ്ങളൊക്കെ നിങ്ങൾ ചെയ്യണമെന്നു പറഞ്ഞു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പലരും അമേരിക്കൻ കോൺസുലേറ്റിൽ വിസക്കു പോയിത്തുടങ്ങി. അതിൽ ചിലർക്കു കിട്ടാതെ തിരിച്ചുപോന്നെന്നും, അതിൽ ചേട്ടന്റെ ബന്ധുക്കളും ഉണ്ടായിരുന്നെന്നും എനിക്കു അറിവു കിട്ടി. എറണാകുളത്തുള്ള എന്റെ സുഹൃത്തു സോമനെ കണ്ട് ഈ വിവരം പറഞ്ഞപ്പോൾ അവനും പറഞ്ഞു: "എടാ നിനക്കൊന്നു ശ്രമിച്ചു കൂടെ." ഞാൻ പറഞ്ഞു പോകണമെന്നു ആഗ്രഹം ഉണ്ടായതുകൊണ്ടൊരു കാര്യവുമില്ല. വിസ കിട്ടണം. അതിനു ധാരാളം രേഖകൾ ഹാജരാക്കണം. എന്റെ കൈയ്യിൽ എവിടെയാ രേഖ. നിന്റെ ചേട്ടനും, അപ്പനും അമേരിക്കയിലല്ലേ. അവരോട് പറയെടാ.

ഞാൻ ആലോചിച്ചു അങ്ങിനെ ഞാൻ മാതൃഭൂമി പത്രത്തിലെ എന്റെയൊരു സുഹൃത്ത് സേതുവിനെ ചെന്നു കണ്ടു. വിവരം പറഞ്ഞു. നേരത്തേ പല വാർത്തകളും ഞാൻ മാതൃഭൂമി പത്രത്തിൽ സേതു മുഖാന്തിരം കൊടുത്തിട്ടുണ്ട്. ആ പരിചയം വച്ച് അയാൾ പറഞ്ഞു: "ഞാനൊരു കത്തു തരാം സണ്ണി മാളിയേക്കൽ മാതൃഭൂമി പത്രത്തിലെ സ്പോർട്ട്സ് ലേഖകനാണെന്നും അമേരിക്കയിലെ ലോസാഞ്ചൽസിൽ നടക്കുന്ന ഒളിമ്പിക്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു എന്നും കാണിച്ച്. നടക്കുമോ എന്ന് അറിയില്ല. എന്നാലും ഒന്നു ശ്രമിച്ചു നോക്കൂ" എന്ന് പറഞ്ഞ് മാതൃഭൂമി പത്രത്തിന്റെ ലെറ്റർ ഹെഡിൽ ഒരു കത്തു തന്നു. എന്തായാലും വെറുതെയൊന്നു ശ്രമിച്ചു നോക്കാമെന്നു മനസിൽ വിചാരിച്ച് കണ്ടനാട്ടുചെന്ന് അളിയനോടു കാര്യമെല്ലാം പറഞ്ഞ് ഞാൻ ആലുവായിലെ വീട്ടിൽ എത്തിയപ്പോൾ സമയം വളരെ വൈകി. എന്നെ കാണാതെ വിഷമിച്ച് മുറ്റത്തുകൂടി ഉലാത്തുകയായിരുന്നു നന്ദൻ. ഞാൻ വിവരമെല്ലാം പറഞ്ഞു: വെറ്റില

മുറുക്കുവാൻ ഒരുങ്ങുകയായിരുന്ന നന്ദൻ നന്നായിട്ടൊന്നു മുറുക്കി, തല ആട്ടിക്കൊണ്ട് ഉലാത്ത് തുടർന്നു. ഒടുവിൽ നീട്ടിത്തുപ്പിക്കൊണ്ട് എന്നോടു പറഞ്ഞു:–

"നീ ഏഴു ദിവസത്തിനുള്ളിൽ ഏഴു കടലും കടന്ന് അമേരിക്കയിലേക്കു പോകും. പിന്നെ ഒരിക്കലും തിരിച്ചു വരില്ല". ഇതു കേട്ട ഞാൻ ചിരിച്ചു. "ഇല്ല നന്ദൻ എനിക്കു പോകാൻ പറ്റില്ല. ഇതിനകം തന്നെ എന്റെ ബിസിനസ് ഡെവലപ്പുചെയ്യാൻ ധാരാളം പണം ഇറക്കിക്കഴിഞ്ഞു. എനിക്കു ധാരാളം പണം കിട്ടാനുമുണ്ട്. ഇതെല്ലാം ഇട്ടെറിഞ്ഞ് ഞാൻ എങ്ങനെ പോകും. തന്നെയുമല്ല, ഞാൻ അന്വേഷിച്ചതിൽ 15,000 രൂപ ചിലവു വരുമെന്നും അറിയാൻ കഴിഞ്ഞു. ഇപ്പോഴത്തെ അവസ്ഥയിൽ 10 രൂപപോലും എടുക്കാൻ പറ്റില്ല. വിസ കിട്ടുമോയെന്നു നോക്കട്ടേ... കിട്ടിയാൽ പിന്നെ എപ്പോഴെങ്കിലും പോകാമല്ലോ"? ഇതു കേട്ട നന്ദൻ പറഞ്ഞു:

"അതൊന്നും എനിക്കറിയില്ല. പക്ഷേ ഞാൻ പറഞ്ഞത് സംഭവിച്ചിരിക്കും".

അങ്ങിനെ ഞാൻ പിറ്റേ ദിവസം മദ്രാസിലേക്കു വിസയ്ക്കു വേണ്ടി പോയി. നേരത്തേ ഒരു പരിചയം ഉള്ളതുകൊണ്ട് അപേക്ഷ പൂരിപ്പിക്കാനൊന്നും ഒരു ബുദ്ധിമുട്ടും വന്നില്ല. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇന്റർവ്യൂ. ഇന്റർവ്യൂവിനു ഹാജരായി വിസ ഓഫീസർ ഒറ്റ ചോദ്യമേ എന്നോടു ചോദിച്ചുള്ളൂ.

"You are a sports critic"?

"Yes"

"Ok, we have granded your Travel Approval. Have a safe Trip"

ഇതുകേട്ടപ്പോൾ എന്റെ തലയിൽ ഒരുതരം പെരുപ്പ് അനുഭവപ്പെട്ടു. വിസ കിട്ടിയെന്നു വിശ്വസിക്കാൻ പോലും പറ്റാത്ത അവസ്ഥ. കോൺസുലേറ്റിൽ നിന്നും പുറത്തിറങ്ങിയ ഞാൻ ഒരു ബസിൽ കയറി നേരെ സെന്റ് തോമസ്

മൗണ്ട്പള്ളിയിലേക്കു പോയി. മുട്ടുകുത്തി നിന്നു പ്രാർത്ഥിച്ചു. ഇതുപോലെ മനസുരുകി പ്രാർത്ഥിച്ചത് ഇത് ആദ്യമായിട്ടാണെന്നു തോന്നുന്നു. പിന്നെ തൊട്ടടുത്ത മറീന ബീച്ചിലെ മണൽപ്പരപ്പിൽ നീലാകാശത്തേക്കും നോക്കി ഞാൻ മലർന്നു കിടന്നു ചിന്തിച്ചു കിടന്നു. അപ്പോഴാണ് നന്ദൻ പറഞ്ഞ കാര്യം ഓർമ്മ വന്നത്. അവൻ പറഞ്ഞത് സത്യമാണെങ്കിൽ എങ്ങിനെ പണം ഉണ്ടാക്കും. കിട്ടാനുള്ള പണം, വീടിന്റെ കാര്യം അങ്ങിനെ നൂറുകൂട്ടം കാര്യങ്ങൾ മനസിലൂടെ കടന്നു പോയി. എന്തു ചെയ്യണമെന്നു അറിയാത്തൊരു അവസ്ഥ. തിരിച്ചു നാട്ടിലേക്കു തീവണ്ടി കയറുമ്പോഴും ഇതുതന്നെയായിരുന്നു അവസ്ഥ. എറണാകുളത്ത് ഇറങ്ങിയ ഞാൻ നേരെ കണ്ടനാട്ടേക്കു പോയി. അളിയനെ കണ്ടു. വിവരമെല്ലാം പറഞ്ഞു. അളിയൻ പറഞ്ഞു. "ഏതായാലും നീ കുഞ്ഞുമോനെ ഒന്നു വിളിക്ക". അതു പ്രകാരം ഞാൻ ചേട്ടനെ വിളിച്ചു വിവരം പറഞ്ഞു. ആലുവായിൽ വന്ന് എന്റെ സുഹൃത്ത് സോമനോട് വിവരങ്ങളെല്ലാം പറഞ്ഞു.

"നീ ഒന്നുകൊണ്ടും വിഷമിക്കണ്ട. പോകാനുള്ള പണം ഞാൻ തരാമെന്നു പറഞ്ഞു". തുടർന്ന് പല കാര്യങ്ങളും സുഹൃത്തുക്കളായ പലരേയും ഏല്പിക്കുന്നു. നേരെ അഡ്മിറൽ ട്രാവൽസിൽ ചെന്ന് തോമസ് വടക്കേ കുറ്റിനെ കണ്ടു. ഞാൻ പറഞ്ഞു എനിക്കു വിസ കിട്ടി. പക്ഷേ ഞാൻ വരുന്നില്ല. പെട്ടെന്നു 15,000 രൂപ എടുക്കാൻ ബുദ്ധിമുട്ടാണ്.

സംസാരത്തിനൊടുവിൽ വടക്കേക്കുറ്റ് പറഞ്ഞു. സണ്ണിയുടെ ബുദ്ധിമുട്ട് ഞാൻ മനസിലാക്കുന്നു. ഞാൻ നിങ്ങൾക്ക് രണ്ടായിരം രൂപ കുറച്ചു തരാം. ഒരു ടീം ആയല്ലോ.

ഞാൻ ഇപ്പോഴും ഓർക്കുന്നു 1984 ജൂലായ് മാസം 28-ാം തീയതി ഒരു സ്പെഷ്യൽ ബസിൽ നിറയെ സുഹൃത്തുക്കൾ എന്നെ കൊച്ചിയിലെ പഴയ എയർപോർട്ടിൽ കൊണ്ടുവന്നു യാത്രാമംഗളം നേർന്നു യാത്രയാക്കി.

അവസരവും കടൽത്തിരയും ആരേയും കാത്തു നിൽക്കുന്നില്ല എന്നൊരു പഴമൊഴിയുണ്ട്. ദൈവം നമ്മേ എല്പിക്കുന്ന നിധിയാണ് അവസരങ്ങൾ. ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ സഹകരിക്കാനാണ് ദൈവം നമുക്ക് അവസരങ്ങൾ തരുന്നത്. ഈ വരികൾ ഞാനിവിടെ കുറിച്ചുകൊണ്ടിരിക്കുമ്പോഴും മനസു തുറന്നു എനിക്കു പറയാൻ കഴിയും ദൈവം എന്നെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കാൻ കഴിയും വിധം ഞാൻ പ്രവർത്തിച്ചിട്ടുണ്ടെന്ന്.

●

# 13

## *"നിന്റെ ഷർട്ടും, പാന്റ്സും, ക്ലോസറ്റിൽ കൊണ്ടുപോയി ഇട്ടേക്കൂ...."*

**ഇ**നിയെന്റെ പ്രവാസി ജീവിതത്തെക്കുറിച്ച്. പ്രവാസി ജീവിതം ഒരുവിധത്തിൽ പറിച്ചുനടലാണ്. പരിചരിച്ച, ഉള്ളറിഞ്ഞ മണ്ണിൽ നിന്നും നിറമോ, മണമോ, ഒന്നുമറിയാത്ത മണ്ണിലേക്കുള്ള ചുവടുമാറ്റം. നല്ലവണ്ണം വേരുറച്ച ഒരു തെങ്ങിൻ തൈ നിന്നിടത്തുനിന്നും പറിച്ചുമാറ്റി മറ്റൊരു സ്ഥലത്തു നട്ടാൽ വേരുറയ്ക്കുംവരെ വെള്ളമൊഴിച്ചു സംരക്ഷിച്ചില്ലെങ്കിൽ ക്രമേണ വളർച്ച മുരടിച്ചു ഉണങ്ങിപ്പോകുമെന്നുള്ള സത്യം ഏവർക്കും അറിവുള്ളതാണല്ലോ? എന്നെ ഈ അമേരിക്കൻ മണ്ണിൽ പറിച്ചുനട്ടപ്പോഴും നിലനിൽപ്പിനുള്ള വെള്ളം തേടി ഒറ്റയ്ക്കു അലയേണ്ടി വന്നു. കാരണം, ഒരു കാരണവശാലും വാടാതെയും ഉണങ്ങിപ്പോകാതെയും വളർന്നു വലുതാകണമെന്ന വാശി.

പച്ചപ്പുതപ്പണിഞ്ഞ നെൽപ്പാടങ്ങൾ. മഞ്ഞുതുള്ളിയുടെ ചുംബനമേറ്റ പുൽക്കൊടികൾ. നാണത്തിൽ പൊതിഞ്ഞ പ്രഭാതങ്ങൾ. വൈകുന്നേരങ്ങളിൽ വിരിയുന്ന നാലുമണിപ്പൂക്കൾ. തണൽമരങ്ങൾ കുടവിരിച്ച നാട്ടിടവഴികൾ. സ്വർഗ്ഗീയമായ എന്റെ നാട്. എല്ലാം സത്യം തന്നെ പക്ഷേ അതിനെല്ലാം ഉപരിയാണല്ലോ വിരഹം. ചേട്ടനു പുറമേ, അച്ചാച്ചനും കൂടി അമേരിക്കയിലേക്കു പോയപ്പോൾ, മനസിലൊരു മരവിപ്പായിരുന്നു. അതിന്റെ നീറ്റൽ അസഹ്യമാ

യപ്പോഴാണ് പ്രവാസിയുടെ കുപ്പായം അണിയാൻ ഞാൻ തീരുമാനിച്ചത്.

സ്നേഹിതരുടെ കണ്ണീരു പുരണ്ട സ്നേഹമുദ്ര മാറോടു ചേർത്തു വിമാനം കയറി. മേഘക്കൂട്ടങ്ങളെ ലക്ഷ്യമാക്കി പ്പറന്ന ആ കൂറ്റൻ പക്ഷിയുടെ മാറിൽ ചേർന്നിരുന്നപ്പോൾ ലോകം തന്നെ പിടിച്ചടക്കിയ സന്തോഷമായിരുന്നെനിക്ക്. കേട്ടറിഞ്ഞ ഭൂമിയിലെ പറുദീസ. അമേരിക്ക!! ആ മണ്ണിലേക്ക് മനസുകൊണ്ടെങ്കിലും യാത്ര പോകാത്ത മലയാളി ഉണ്ടോ? സംശയമാണ്. എന്നാൽ സ്വപ്നത്തിൽപ്പോലും എത്തിനോ ക്കാൻ കഴിയാത്ത ആ സ്വർഗ്ഗഭൂമിയിലേക്കു പറക്കുകയായി രുന്നു ഞാൻ. അതിമനോഹരമായ ആകാശത്തുകൂടി.

നീലനിറമാർന്ന സമുദ്രത്തിൽ ഒഴുകുന്ന വെളുത്ത പഞ്ഞിക്കെ ട്ടുകളായും, ചിലപ്പോഴൊക്കെ ഓറഞ്ചും ചുവപ്പും വർണ്ണ ങ്ങൾ മാത്രം ചാലിച്ച ഒരു ചിത്രകാരന്റെ ക്യാൻവാസായും ആകാശം എന്നെ ഒരുപാടു മോഹിപ്പിച്ചു. കാത്തിരിപ്പിന്റെ നാഴികയ്ക്ക് വിരാമമിട്ടു മഞ്ഞു വീഴ്ചയും കുളിർകാറ്റും നിറഞ്ഞൊരു സായാഹ്നത്തിൽ ജോൺ. എഫ്. കെന്നഡി ഇന്റർനാഷണൽ എയർപോർട്ടിൽ വിമാനം താഴ്ന്നിറങ്ങു മ്പോൾ ചുവപ്പുരാശിയേന്തിയ സൂര്യൻ ആകാശച്ചെരുവിൽ കടലിലേക്കു മുങ്ങാൻ വെമ്പി നിൽക്കുകയായിരുന്നു.

എനിക്ക് ആകെയൊരു പേടിതോന്നി. ശിവരാത്രി മണപ്പു റത്തുപോലും ഇത്രയും തിരക്കു ഞാൻ കണ്ടിട്ടില്ല. എങ്ങോട്ടു പോകണം? പുറത്തേക്കുള്ള വഴി എവിടെയാണ്? എന്താണു ചെയ്യേണ്ടതെന്നു പരിഭ്രമിച്ചു നിൽക്കുമ്പോൾ എന്റെ കൂടെ വന്ന ഒരു അപ്പച്ചനും, അമ്മച്ചിയേയും കണ്ടു. അവരോടു ഞാൻ കാര്യം പറഞ്ഞു.

“അതിനെന്താ ഞങ്ങളുടെ കൂടെപ്പോര്”

പിന്നെ ഞാൻ അവരുടെ കൂടെ കൂടി. യാത്രാരേഖകളുടെ പരിശോധന കഴിഞ്ഞ് പുറത്തേക്കിറങ്ങിയപ്പോൾ അച്ചാച്ച നും, ചേട്ടനും കാത്തു നില്പുണ്ടായിരുന്നു. എന്റെ ലഗേജും

തൂക്കി ഞാൻ കാറിൽ കയറി.

വിശാലമായ റോഡിലേക്ക് കാറ് എത്തിയപ്പോൾ നഗരം ദീപപ്രഭയിൽ വർണ്ണോജ്ജ്വലമായി നിൽക്കുന്നുണ്ടായിരുന്നു. കാറുകൾ ഒന്നിനു പിറകേ ഒന്നായി ഒഴുകുന്നു. റോഡിലെങ്ങും രക്ന കല്ലുകൾ വാരി വിതറിയിട്ടിരിക്കുന്നതു പോലെ കണ്ണഞ്ചിക്കുന്ന പ്രകാശം. ഞാൻ ഇരുവശത്തേക്കും നോക്കി. ഇത്ര ഉയരമുള്ള കെട്ടിടങ്ങൾ ഞാൻ ആദ്യമായാണ് കാണുന്നത്. പന്തംകണ്ട പെരുച്ചാഴിയെപ്പോലെ നോക്കുന്ന എന്നെ ശ്രദ്ധിച്ച ചേട്ടൻ ചോദിച്ചു.

“നീ അമേരിക്കയുടെ രാത്രി ഭംഗി ആസ്വദിക്കുകയാണോ? എങ്കിൽ ഞാൻ കുറച്ചു ഭൂമിശാസ്ത്രവും പറഞ്ഞു തരാം കേട്ടോ. അതായത്. ന്യൂയോർക്ക് സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തു ഹഡ്സൺ നദീമുഖത്താണ് ഈ മഹാ നഗരം സ്ഥിതി ചെയ്യുന്നത്. അഞ്ചു ബറോകളിലായി ന ഗരം വിഭജിക്കപ്പെട്ടിരിക്കുന്നു. മൻഹട്ടൻ, ബ്രൂക്ക്‌ലീൻ, ക്വീൻസ്, ബ്രോൺക്സ്, സ്റ്റാറ്റൻ ഐലന്റ് എന്നിവയാണ് ഈ ബറോകൾ. ഇതെല്ലാം ഒരുകാലത്ത് ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്നു. അന്ന് ഇംഗ്ലണ്ടിലെ ഡ്യൂക്ക് ഓഫ് യോർക്കായിരുന്ന ജെയിംസിന്റെ ഓർമ്മയ്ക്കായിട്ടാണ് ന്യൂയോർക്ക് എന്ന് പേരിട്ടത്.”

ഇതെല്ലാം ഞാൻ കേൾക്കുന്നുണ്ടായിരുന്നെങ്കിലും എന്റെ ശ്രദ്ധ റോഡിലായിരുന്നു. ന്യൂയോർക്കിൽ നിന്നും ന്യൂ ജേഴ്സിയിലേക്കുള്ള യാത്ര. കാറുകളെല്ലാം ഒരേ സ്പീഡിലാണ് നീങ്ങിയിരുന്നത്. എട്ടു റോഡുകളാണ് മുൻപിൽ. നാലെണ്ണം മുന്നിലേക്കും നാലെണ്ണം പിന്നിലേക്കും. വർണ്ണങ്ങളുടെ മായാജാലത്തിൽ തിളങ്ങുന്ന ഒരു പാലത്തിലേക്കു കടന്നു. ഇരുവശവും കെട്ടി ഉയർത്തിയിരിക്കുന്ന ഇരുമ്പു കമ്പികളിൽ പാലം തൂങ്ങിക്കിടക്കുകയാണെന്നു തോന്നി. കാറ് മുന്നോട്ടു നീങ്ങുന്തോറും അംബരചുംബികളായ കെട്ടിടങ്ങൾ പോയ്മറഞ്ഞു.

“യാത്രയൊക്കെ എങ്ങിനെയുണ്ടായിരുന്നെടാ”

അച്ചാച്ചന്റെ ചോദ്യം എന്റെ ശ്രദ്ധയെ കാറിലേക്കു തിരികേ കൊണ്ടുവന്നു.

നീണ്ട യാത്ര. അതൊരു ബോറടി ആയിരുന്നെങ്കിലും അച്ചായനേയും, ചേട്ടനേയും കാണാമല്ലോ എന്ന ത്രില്ലിലായിരുന്നു ഞാൻ."

ഹൈവേയിൽ നിന്നും കാർ ഇടറോഡിലേക്കു തിരിഞ്ഞു. വിശാലമായ പൂന്തോട്ടമൊക്കെയുള്ള ഒരു ഇരുനില കെട്ടിടത്തിന്റെ മുന്നിൽ കാർ നിന്നു. വീടിനകത്തേക്കു കടന്നപ്പോൾ കൗതുകമുണർത്തുന്ന സംവിധാന ഭംഗി കലർന്ന സ്വീകരണമുറി. അവിടെ പതുപതുത്ത സെറ്റിയിൽ ഇരുന്നപ്പോൾ ചേച്ചി തണുത്ത ഓറഞ്ച് ജ്യൂസുമായി എത്തി. പിന്നെ വിശേഷമൊക്കെ ചോദിക്കലായി. അതിനൊടുവിൽ ചേട്ടൻ പറഞ്ഞു:–

"ഒന്നു കുളിച്ചു ഫ്രഷാക് എന്നിട്ട് നിന്റെ മുഷിഞ്ഞ ഷർട്ടും പാന്റും ദേ... ആ മുറിയിലെ ക്ലോസറ്റിൽ കൊണ്ടുപോയി ഇട്ടേക്കൂ..."

എനിക്കു സംശയമായി ഇതെന്താണു ചേട്ടൻ എന്റെ ഷർട്ടും പാന്റും ക്ലോസറ്റിൽ കൊണ്ടുപോയി ഇടാൻ പറഞ്ഞത്...? സംശയിച്ചു നിൽക്കാതെ ഷർട്ടും പാന്റുമായി ഞാൻ ബാത്ത്റൂം തുറന്ന് ക്ലോസറ്റിൽ ഇട്ടു. അല്പം കഴിഞ്ഞ് ചേട്ടൻ ബാത്ത് റൂമിൽ ചെന്നപ്പോൾ എന്റെ ഷർട്ടും പാന്റും അവിടെക്കിടക്കുന്നു. ചിരിച്ചുകൊണ്ട് പുറത്തേക്കിറങ്ങി വന്ന ചേട്ടൻ എന്നെ വിളിച്ചു. "നിന്റെ ഷർട്ടും, പാന്റും എവിടെ...?" ഞാൻ ബാത്ത് റൂമിലെ ക്ലോസറ്റിൽ ഇട്ടല്ലോ? വീണ്ടും ചിരി. ഇതുകേട്ട അച്ചാച്ചനും, ചേച്ചിയും ചിരിയോടു ചിരി. പിന്നീട് എന്നെ ചേട്ടൻ മനസിലാക്കി തന്നു. "എടാ തുണി തൂക്കിയിടുന്ന കബോടിനാണ് ഇവിടെ ക്ലോസെറ്റ് എന്ന് പറയുന്നത്".

രാവേറെ ആകുംവരെ ഞങ്ങൾ വർത്തമാനം പറഞ്ഞിരുന്നു. ഒടുവിൽ ചേട്ടൻ പറഞ്ഞു.

"ഞങ്ങളെല്ലാവരും രാവിലെ 8 മണിക്ക് ജോലിക്കു പോകും. നിനക്കുള്ള ഭക്ഷണമെല്ലാം മേശപ്പുറത്ത് വച്ചേക്കാം. പിന്നെ

10 മണിയാകുമ്പോൾ പ്രായമായൊരു സേവ്യറുചേട്ടൻ വരും നിന്നെ അയാളുടെ വീട്ടിലേക്കു കൊണ്ടു പൊയ്ക്കോളും. ഒറ്റയ്ക്കിരുന്നാൽ നിനക്കു ബോറടിക്കും. വൈകുന്നേരം 8 മണിയാകുമ്പോ അയാൾ തിരികെ ഇവിടെ കൊണ്ടുവന്നാക്കും. നല്ല ക്ഷീണമുള്ളതല്ലേ എന്നാൽ നീ ഉറങ്ങിക്കോ."

കോണിപ്പടികൾ കയറി ചേട്ടൻ പോയപ്പോൾ ഞാൻ കിടപ്പുമുറിയിലേക്കു പോയി. ഏറെ നേരം കഴിഞ്ഞിട്ടും ഉറക്കം വന്നില്ല. അപ്പോൾ ഞാൻ ഓർത്തു നാട്ടിൽ ഇപ്പോൾ പകലാണല്ലോ. അങ്ങിനെ പലതും ഓർത്തു കിടന്ന് ഉറങ്ങിപ്പോയത് അറിഞ്ഞതേയില്ല.

പിറ്റേന്നു ഞാൻ എഴുന്നേറ്റപ്പോൾ ചേട്ടനും, അച്ചാച്ചനും, ചേച്ചിയും (ചേട്ടന്റെ ഭാര്യ) ജോലിക്കു പോയ്ക്കഴിഞ്ഞിരുന്നു. ബാത്ത് റൂമിൽ ചെന്ന് മുഖമൊക്കെ ഒന്നു കഴുകി ഡൈനിംഗ് ഹാളിൽ വന്ന് ഫ്ളാസ്കിൽ ഇരുന്ന ചൂടുചായ കഴിച്ചപ്പോൾ ഒരു ഉന്മേഷം തോന്നി. വീടും, പരിസരവുമെല്ലാമൊന്നു ചുറ്റിക്കണ്ടു. ഒടുവിൽ ഒരു കുളിയും പാസാക്കി മേശപ്പുറത്തിരുന്ന ഭക്ഷണവും കഴിച്ചു മുൻവശത്തെ സ്വീകരണമുറിയിൽ വന്നപ്പോൾ ഫോൺ ബെല്ലടിച്ചു. ചേട്ടൻ ആയിരിക്കുമെന്നു കരുതി ഞാൻ ഫോണെടുത്തു.

"ഹലോ ഞാൻ സേവ്യറു ചേട്ടനാണ്. ആരാ കുഞ്ഞുമോന്റെ അനിയനല്ലേ? എന്റെ കാറ് നിങ്ങളുടെ വീടിനു മുന്നിൽ പാർക്ക് ചെയ്യുന്നുണ്ട്. പുറത്തേക്ക് ഇറങ്ങി വരാമോ?"

ഡോർ തുറന്നു ഞാൻ പുറത്തേക്കു ചെന്നു. നീലനിറമുള്ളൊരു കാറിൽ നരച്ച മുടിയുള്ള ഒരു ചേട്ടൻ. പെട്ടെന്നെനിക്കു കാര്യം പിടികിട്ടി.

"റെഡിയായെങ്കിൽ പോരെ."

സത്യത്തിൽ ഞാൻ റെഡിയായി നിൽക്കുകയായിരുന്നു. പക്ഷേ ഒരു സംശയം വാതിൽ എങ്ങിനെ പൂട്ടും. താക്കോൽ എന്നെ ഏല്പിച്ചിട്ടില്ലല്ലോ. ഞാൻ ആ ചേട്ടനോടു കാര്യം പറഞ്ഞു അദ്ദേഹം പറഞ്ഞുപോലെ ചെയ്തു. ഞാൻ കാറിൽ

കയറി. കാർ നീങ്ങിയപ്പോൾ വാതോരാതെ സംസാരിച്ചു കൊണ്ടിരുന്നു ചേട്ടൻ. കുറെ ദൂരം കാർ ഓടിയശേഷം ഒരു പാർക്കിംഗ് ലോട്ടിലേക്കു കടന്നു. കാർ പാർക്കു ചെയ്ത് പുറത്തിറങ്ങി. Shop Rite എന്ന ജനറൽ സ്റ്റോഴ്സിനെ ലക്ഷ്യം വച്ചു നടന്നു.

സ്റ്റോറിൽ ആകർഷണീയമായി എല്ലാ സാധനങ്ങളും ചിട്ട യായി അടുക്കി വച്ചിരിക്കുന്നു. എല്ലാറ്റിലും മഞ്ഞനിറമുള്ള സ്റ്റിക്കറിൽ അതിന്റെ വിലയും എഴുതി വച്ചിരിക്കുന്നു. കുറെ സാധനങ്ങൾ വാങ്ങിച്ചുകൂട്ടി. വാങ്ങിച്ചതെല്ലാം ഒരു ചെറു വണ്ടിയിൽ അടുക്കിവച്ച് പുറത്ത് കാറ് കിടന്നിടത്തുവന്ന് സാധനങ്ങളെല്ലാം ഡിക്കിയിൽ വച്ച് കാർ സ്റ്റാർട്ടു ചെയ്തു. പാർക്കിംഗ് ലോട്ടും കടന്ന് പ്രധാന റോഡിലേക്കു പ്രവേശി ച്ചു. മനോഹരമായ നിരവധി ബംഗ്ലാവുകൾ നിരനിരയായി നിൽക്കുന്ന ഒരു റോഡിലൂടെഞങ്ങൾ നീങ്ങി. കുറച്ചു ദൂരം ചെന്ന് ഒരു ഇരുനില കെട്ടിടത്തിനു മുന്നിൽ കാറ് നിർത്തിയിട്ട് ചേട്ടൻ പറഞ്ഞു. ഇതാണെന്റെ വീട്. ബെല്ലടിക്കുമ്പോൾ ആരെ ങ്കിലും വന്ന് വാതിൽ തുറക്കുമെന്നു കരുതിയ എന്റെ പ്രതീ ക്ഷയെ തെറ്റിച്ചുകൊണ്ട് കാറിനുള്ളിലെ ഒരു ബട്ടൺ അമർത്തി യപ്പോൾ വാതിൽ തനിയെ തുറന്നു. ഞങ്ങൾ രണ്ടുപേരും കൂടി വാങ്ങിയതെല്ലാം വീടിനകത്തേക്കു കൊണ്ടുപോയി. പരിഷ്ക്കാരത്തിന്റെ മോഡി തുളുമ്പുന്ന അടുക്കളയിലെ മേശപ്പുറത്തു കൊണ്ടു ചെന്നു വച്ചു. ഞാൻ ചുറ്റുപാടും നോക്കി. മൈക്രോ ഓവനും, ഡിഷ്വാഷറും, കുക്കിംഗ് റേഞ്ചും, ഫ്രിഡ്ജും എന്നുവേണ്ട ഉപകരണങ്ങളുടെ ഒരു കോലാഹലം. ഗ്യാസ് ഓൺചെയ്തപ്പോൾ ഓട്ടോമാറ്റിക്കായി കത്തി. ചേട്ടൻ തന്നെ ഭക്ഷണം പാകം ചെയ്തുകൊണ്ടിരു ന്നപ്പോൾ ഫ്രിഡ്ജ് തുറന്ന് അതിൽ നിന്നും ഒരു ടിൻ ബിയർ എടുത്ത് എന്റെ നേരെ നീട്ടി. ഞാനതു പൊട്ടിച്ചു കുടിച്ചുകൊ ണ്ടിരുന്നപ്പോൾ ചോദിച്ചു.

“ചേട്ടന്റെ ഭാര്യയും, മക്കളും”

ചിരിച്ചുകൊണ്ടയാൾ പറഞ്ഞു:– “ഞാനിവിടെ ഒറ്റയ്ക്കാണ്.

ഭാര്യ ഒരു കാലത്തുണ്ടായിരുന്നു. ഇപ്പോഴില്ല. കുട്ടികളും ഇല്ല. ഒരു വിധത്തിൽ അതാണു നല്ലത്. ഞാനെന്നും ഏകാന്തതയിലാണ്. എനിക്കതു സ്വാതന്ത്ര്യം തരുന്നു. എനിക്ക് ആരോടും ഒരു കടപ്പാടുമില്ല. എന്നെ ചോദ്യം ചെയ്യാനും ആരും വരില്ല. ഞാനായി, എന്റെ പാടായി ഇതിലപ്പുറം എന്തു ജീവിതസുഖമാണു വേണ്ടത്.? ജോലിയിൽ നിന്നെനിക്കു നല്ല വരുമാനം കിട്ടുന്നുണ്ട്. പണമുണ്ടെങ്കിൽപ്പിന്നെ ഇവിടെ ജീവിതം സുഖമാണ്. ആവശ്യമുള്ളതെല്ലാം കൈഞൊടിച്ചാൽ കിട്ടും. സർവ്വീസ് കമ്പനികൾ എത്ര വേണമെങ്കിലുമുണ്ട്. വീടു വൃത്തിയാക്കണോ, കാറ് കഴുകണോ ഒരു ടെലിഫോൺ നിർദ്ദേശം കൊടുത്താൽ മതി. ഒന്നിനും വിഷമമില്ല."

"ഒന്നിനും വിഷമമില്ലന്നങ്ങനെ തറപ്പിച്ചു പറയാൻ കഴിയുമോ? നിങ്ങളെ സ്നേഹിക്കാൻ ആരെങ്കിലും വേണ്ടേ? "

"ഞാൻ പറഞ്ഞില്ലേ സണ്ണീ എന്തിനും ആളുണ്ടെന്ന്. ഇതും അക്കൂട്ടത്തിൽ പെടും. ഇത് അമേരിക്കയാണ് വഴിയേ എല്ലാം മനസിലാക്കിക്കോളും. അമേരിക്കയിലുള്ള കുടുംബങ്ങളിൽ ഇരുപത്തിമൂന്നു ശതമാനവും എന്നെപ്പോലെ ഏകാന്തജീവിതം നയിക്കുന്നവരാണ്. സണ്ണി ചിന്തിക്കുന്നത് നമ്മുടെ കേരളത്തിന്റെ പശ്ചാത്തലത്തിലാണ്. അവിടെ ഭാര്യയും, ഭർത്താവും കുട്ടികളും അടങ്ങിയതാണ് കുടുംബം. ഇവിടെ അങ്ങിനെയൊന്നില്ല.

എന്റെ മിഴികൾ പയ്യേ അടയുന്നതുകണ്ട് ചേട്ടൻ പറഞ്ഞു:–

"ഭക്ഷണം കഴിച്ചിട്ട് വേണമെങ്കിലൊന്ന് ഉറങ്ങിക്കോ."

വൈകുന്നേരം വരെ സുഖമായി ഉറങ്ങി. അത്രമേലുണ്ടായിരുന്നു ക്ഷീണം. പിന്നെ ചേട്ടന്റെ വീട്ടിലേക്കു പോയി. ആദ്യത്തെ ഒരാഴ്ച എന്നെ വല്ലാതെ ഉലച്ചു കളഞ്ഞു. പിന്നെ കൊടും തണുപ്പും. ഒന്നിനു മീതെ ഒന്നായി രണ്ടു വസ്ത്രം ധരിച്ച് ഞാനതു പരിഹരിച്ചു. മനോഹരമായ ആ അപ്പാർട്ടുമെന്റിലെ ഊഷ്മളതയിൽ ആവിപറക്കുന്ന ഒരു കപ്പ്

ചായയുമായി ചുണ്ടുകൾക്ക് സൗഹൃദം പകർന്ന് ഒറ്റയ്ക്ക് സ്വപ്നങ്ങളുടെ നഗരിയിലേക്ക് വേരുകളാഴ്ത്തിയ ആ പകലുകൾ ഇന്നും എന്റെ ഓർമ്മയിൽ തെളിഞ്ഞുവരുന്നു.

അങ്ങിനെ ക്ഷീണമെല്ലാം കഴിഞ്ഞ് ഒരു ദിവസം സ്വസ്ഥ മായി ഇരുന്നപ്പോൾ അച്ചാച്ചൻ പറഞ്ഞു. "ജോലി എടുത്തു ജീവിക്കാൻ പറ്റിയ നാടാണ് അമേരിക്ക. പക്ഷേ ഇവിടുത്തെ നിയമങ്ങൾ അനുസരിച്ചേ മതിയാവൂ. നാട്ടിലെ പോലെ ഒരു തട്ടിപ്പും തരികിടയും ഇവിടെ പറ്റില്ല. സത്യസന്ധമായി നമുക്ക് ആരോടും എന്തും ചോദിക്കാം, പറയാം സുഖമായി ജോലിയെടുത്ത് ജീവിക്കാം".

ഞങ്ങളുടെ ഈ സംഭാഷണത്തിൽ ചേട്ടനും ചേർന്നു. "അല്ല ഏതായാലും നീ വന്നു. പെട്ടെന്നു നിനക്കു തിരിച്ചു പോകാൻ പ്ലാനില്ലെങ്കിൽ എന്തെങ്കിലും തൊഴിൽ പഠിക്കുന്ന താണ് നല്ലത്. ഞാനൊരു അഭിപ്രായം പറയാം. തണുപ്പുള്ള സ്ഥലത്തെ വീടിന്റെ അടിയിൽ ബേയ്മെന്റിനു താഴേ, മുറി യിൽ ചൂടു കിട്ടുന്നതിനു വേണ്ടി ബോയ്‌ലർ ഉണ്ട്. സാധാ രണ മിക്കപ്പോഴും എന്തെങ്കിലുമൊക്കെ റിപ്പയറിംങ്ങ് വരും. റിപ്പയറിങ്ങ് അറിയുന്നവർ ഉണ്ടെങ്കിലും അവർക്ക് വലിയ തിരക്കായിരിക്കും. എന്റെ അഭിപ്രായത്തിൽ നീ ആ പണി പ ഠിച്ചെടുത്താൽ വളരെ നല്ലതാണ്. ഇതിന്റെ ഇലക്ട്രിക് വർക്ക് പഠിപ്പിക്കുന്ന ഒരാൾ ഇവിടെ അടുത്ത് ഒരു ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നുണ്ട്. എനിക്കു പരിചയമുള്ളതാണ് വേണമെങ്കിൽ ഞാൻ ഏർപ്പാടാക്കാം".

അങ്ങിനെ എല്ലാ ദിവസവും വൈകിട്ട് ഞാൻ പഠിക്കാൻ പോകും. നടന്നുവേണം പോകാൻ. രണ്ടുമൈൽ നടക്ക ണം. റോഡിലെ പാതവക്കിലൂടെയുള്ള നടത്തം ദിവസം ചെല്ലുന്തോറും എനിക്കൊരു ഹരമായി മാറി. കണ്ണിനും മനസി നും അതൊരു കുളിർമയായിരുന്നു. ഒന്നുരണ്ടു മാസത്തെ പഠനം കഴിഞ്ഞപ്പോൾ വിദഗ്ദ്ധരുടെ സഹായി ആയി ഞാൻ പോകാൻ തുടങ്ങി. അതു മാത്രമല്ല അമേരിക്കൻ ഇംഗ്ലീഷ് അല്പസ്വല്പം പഠിക്കാനും സാധിച്ചു എന്നുള്ളത് വലിയൊരു

കാര്യമായിരുന്നു. പിന്നീടാണ് മനസിലായത് സ്വന്തമായി ഈ പണി ചെയ്യണമെങ്കിൽ **H.V. AC** ലൈസൻസു വേണമെന്നും അതു കിട്ടാൻ വലിയ ബുദ്ധിമുട്ടാണെന്നും. മറ്റു മാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് ഒരാൾ പറഞ്ഞത് ഇവിടെ ഇന്ത്യൻ റെസ്റ്റോറന്റുകളിൽ ജോലി ചെയ്താൽ ഉടമസ്ഥൻ തന്നെ ജോലിചെയ്യുന്നതിനുള്ളവർക്ക് പെർമിറ്റ് ശരിയാക്കി കൊടുക്കുമെന്നു മാത്രമല്ല, ഭക്ഷണവും, താമസസൗകര്യവും കിട്ടുമെന്ന്.

●

# 14

## *മേച്ചിൽപ്പുറങ്ങൾ തേടി ഞാൻ...*

**നീ**യൊരു കാര്യം ചെയ്യ് ന്യൂയോർക്കിൽ വില്ലേജ് ഏരിയായിൽ 'വില്ലേജ് മഹാരാജ' എന്നൊരു ഇന്ത്യൻ റെസ്റ്റോറന്റുണ്ട്. അവിടെ ജമാൽ എന്നൊരാളെ കാണണമെന്നു പറഞ്ഞ് ചേട്ടന്റെ സുഹൃത്ത് എനിക്കൊരു മേൽവിലാസം തന്നു.

എങ്ങിനെയാണു പോകുന്നത്? കൂടെ ഒന്നു വരാൻ ചേട്ടനും ഇല്ല. അച്ചാച്ചനും ഇല്ല. അവർക്ക് ജോലിക്കു പോകാതെ ഒരു നിവർത്തിയും ഇല്ല.

മനുഷ്യ മനസിന്റെ അജയ്യ ശക്തികളെക്കുറിച്ച് പഠിച്ചിട്ടുള്ള ശാസ്ത്രജ്ഞന്മാർ അസന്നിഗ്ദ്ധമായി ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഏതു ദുർബലനായ മനുഷ്യനിലും ശക്തനായ ഒരു വ്യക്തി കുടികൊള്ളുന്നുണ്ട്. ഏതു പരാജിതനിലും ഒരു ജേതാവും. ഇവിടെ പരാജിതനായാൽ എല്ലാം തീർന്നു എന്ന തിരിച്ചറിവോടെ ധൈര്യമായിത്തന്നെ ഞാൻ യാത്ര തിരിച്ചു. ഏതാണ്ട് ഒരു മണിക്കൂർ കൊണ്ടു എത്താൻ പറ്റുമായിരുന്ന സ്ഥലം പത്തു മണിക്കൂർ കൊണ്ട് കണ്ടുപിടിച്ചു. ബംഗ്ലാദേശുകാരനായ ജമാലിനെ കാണണമെന്നു പറഞ്ഞുവിട്ട പ്രകാരം ഞാൻ ജമാലിനെ കാണാൻ കാത്തുനിന്നു. കണ്ടമാത്രയിൽ എന്നോടു ചോദിച്ചു. "നീ ഇതിനു

മുൻപ് ഏതെങ്കിലും ഹോട്ടലിൽ ജോലി ചെയ്തിട്ടുണ്ടോ"? "ഞാൻ ബോംബെ താജ് ഹോട്ടലിൽ ജോലി ചെയ്തിട്ടുന്നെു പറഞ്ഞു". അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

"നീ പറയുന്നതു കള്ളമാണെന്ന് എനിക്കറിയാം. ഞങ്ങൾക്ക് ആളെ ആവശ്യമുള്ളതിനാൽ ഞാൻ നിന്നെ നിർത്താം".

അങ്ങിനെ അവിടെ ജോലിക്കു കയറി. 45 സീറ്റുള്ള ചെറിയൊരു റെസ്റ്റോറന്റാണ് വില്ലേജ് മഹാരാജ. ഇവിടെയുള്ള റെസ്റ്റോറന്റുകളിൽ സീറ്റുകളുടെ എണ്ണം എഴുതി പ്രദർശിപ്പിക്കണം എന്നൊരു നിയമം ഉണ്ട്. നാട്ടിൽ കാണുന്ന റെസ്റ്റോറന്റുപോലെയല്ല. ഒരു ഫൈവ്സ്റ്റാർ ഹോട്ടലിലെ പ്രതീതി ജനിപ്പിക്കുംവിധം എല്ലാ സജ്ജീകരണങ്ങളും.

റസ്റ്റോറന്റിലെ കാര്യങ്ങൾ നോക്കുന്നത് മലയാളിയായ ഷീല എന്ന പെൺകുട്ടിയാണ്. പെട്ടെന്നു പരിചയപ്പെട്ടു. എന്നോടു പറഞ്ഞു:– "സണ്ണീ നീ ബാറിലെ കാര്യങ്ങളൊക്കെ നോക്കണം കൂട്ടത്തിൽ എന്നെ സഹായിക്കണം. കസ്റ്റമേഴ്സിനു കുടിക്കാൻ വെള്ളം കൊടുക്കണം, ടേബിൾ വൃത്തിയാക്കണം". അങ്ങിനെയുള്ള കാര്യങ്ങളാണ് എന്നെ ഏല്പിച്ചത്.

അങ്ങിനെ ഞാൻ ഒരു ടേബിൾ വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ തൊട്ടടുത്ത ടേബിളിൽ ഇരുന്നു ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സായ്പ് എന്നെ വിളിച്ചിട്ടു പറഞ്ഞു:– Give me one Screw Driver കേൾക്കേണ്ട താമസം ഞാൻ ഓടിച്ചെന്ന് ബാർ കൗണ്ടറിൽ സൂക്ഷിച്ചിരുന്ന ടൂൾ ബോക്സിൽ നിന്നും ഒരു Screwdriver എടുത്ത് വളരെ ഭവ്യതയോടെ ആ സായ്പ്പിന്റെ ടേബിളിൽ കൊണ്ടുചെന്നു വച്ചു. സായ്പ് എന്നെ അതിശയത്തോടെ നോക്കി. പിന്നെ Screw driverലേക്കും. അയാൾ പയ്യെ, പയ്യെ ചിരി തുടങ്ങി. ചിരി കൂടിക്കൂടി വന്നു. സായ്പിന്റെ കണ്ണിൽ നിന്നും മൂക്കിൽ നിന്നും വന്ന വെള്ളം അയാൾ നാപ്കിൻ കൊണ്ടു തുടച്ചു.

ചിരി കൂടിക്കൂടി വന്നപ്പോൾ അടുത്ത ടേബിളിൽ ഇരുന്ന വരും ഈ സായ്പിനെ നോക്കി എന്താ കാര്യം എന്ന അർത്ഥ ത്തിൽ സായ്പ് എന്തോ ഇംഗ്ലീഷിൽ പറഞ്ഞു. തുടർന്ന് ഞാൻ കൊണ്ടുചെന്നു വച്ച Screw driver ഉയർത്തിക്കാട്ടി. അവരും ചിരിച്ചുതുടങ്ങി. ആകെയൊരു ബഹളം. ഇതുകേട്ട് ഷീലയും, കിച്ചണിൽ നിന്നു ജമാലും വന്നു. ജമാലിനെ കണ്ടയുടനെ സായ്പ് ജമാലിന്റെ അടുത്തേക്ക് ചെന്ന് ഇംഗ്ലീ ഷിൽ എന്തോ പറഞ്ഞു. കൂട്ടത്തിൽ ആ Screw driver ഉം കാണിച്ചു. കണ്ട മാത്രയിൽ ജമാലും ഷീലയും ചിരിതുടങ്ങി. അപ്പോഴും കാര്യമെന്താണെന്നു മനസിലാകാതെ ഇളിഭ്യ നായി ഞാൻ നിന്നു. അവസാനം ഷീല എന്റെ അടുത്തേക്കു വന്നിട്ടു പറഞ്ഞു:

"സണ്ണീ... സാരമില്ല Screw driver എന്നു പറഞ്ഞാൽ ഒരുതരം ഡ്രിങ്ക്സ് ആണ്. Vodka യും Orange ജൂസും കൂടി മിക്സ് ചെയ്തു കഴിക്കുന്ന ഒരുതരം മദ്യം".

ഈ സംഭവത്തോടു കൂടി ഷീല എനിക്കൊരു പേരിട്ടു Screw driver Sunny. എന്റെ നിസഹായാവസ്ഥ കണ്ടിട്ടായി രിക്കാം എല്ലാവർക്കും എന്നോടു ഒരു കാരുണ്യമായിരുന്നു. സ്നേഹരൂപേണയുള്ള ഒരു പെരുമാറ്റം. ഓടിനടന്ന് എല്ലാ ജോലികളും ഞാൻ ചെയ്യും. പറഞ്ഞതുപോലെ ജമാൽ എനിക്ക് അധികം വൈകാതെ തന്നെ വർക്ക് പെർമിറ്റും, ഡ്രൈവിംഗ് ലൈസൻസും എടുത്തുതന്നു. ജമാൽ എന്നെ പാചക രീതികൾ പഠിപ്പിക്കാൻ തുടങ്ങി. റെസ്റ്റോറന്റിലെ ജോലി കഴിഞ്ഞാൽ താമസിക്കുന്ന സ്ഥലത്തേക്കു ബസു കയറിപ്പോകണം. ചൈന ടൗൺ, മൻഹട്ടൻ ഇതു രണ്ടും കൂടി ചേരുന്ന സ്ഥലമാണ് വില്ലേജ് ഏരിയ. 42 സെക്കന്റ് സ്ട്രീറ്റിലാണ് ബസ് ടെർമിനൽ. അവിടെത്തന്നെയാണ് ട്രെയി നിന്റേയും ടെർമിനൽ. എല്ലാ വൃത്തികേടുകളും അരങ്ങേറുന്ന 42 ാം നമ്പർ തെരുവ് നൈറ്റ് ക്ലബിൽ നിന്നും

ന്യൂഡ്ഷോയും കണ്ട് ആഹ്ലാദിച്ച്. താളാത്മകമായി തെരുവിലൂടെ ഒഴുകുന്നു ജനം. ഇതിൽ ചെറുപ്പക്കാർ മുതൽ പ്രായമായവർവരെ. ഇത്തരം വികൃതവും, വിചിത്രവുമായ നഗ്ന നൃത്തങ്ങൾ അമേരിക്കൻ ജീവിതത്തിന്റെ ഒരു ഭാഗമായി തീന്നിരിക്കുകയാണ്. ഈ സ്വാതന്ത്ര്യം അനുഭവിക്കുന്ന സ്ത്രീ പുരുഷന്മാർ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ല . ലൈംഗികതയ്ക്ക് സർവ്വസ്വാതന്ത്ര്യം ഉളളപ്പോൾ എന്തിനു വിവാഹമെന്ന ഏടാകൂടമെന്ന് പലരും ചിന്തിക്കുന്നു. അഥവാ വിവാഹം കഴിക്കുന്നതോ വളരെ പ്രായം ചെന്നതിനുശേഷവും. അതുകൊണ്ടുതന്നെ പലർക്കും കുട്ടികളേയില്ല . ഇന്ന് അമേരിക്കയിൽ യുവാക്കളേക്കാൾ കൂടുതൽ വൃദ്ധൻന്മാരാണെന്നു സ്ഥിതിവിവര കണക്കുകൾ പറയുന്നു. മയക്കുമരുന്ന് വില്പന, ലൈംഗീക നിർവൃതിക്കു വേണ്ടിയുള്ള ഉപകരണങ്ങൾവില്പന, സെക്സ് ബുക്കുകൾ കൂട്ടിയിട്ട് വില്പന, സിഡികൾ വില്പന, പിടിച്ചുപറി എന്നുവേണ്ട എല്ലാം അലതല്ലി മറിയുന്ന സ്ഥലം. രാത്രിയായാൽ ആകെയൊരു ബഹളമാണ്. ഇതൊക്കെയാണെങ്കിലും തെരുവിന്റെ ഭംഗിയും, മനോഹാരിതയും ഒന്നു വേറെതന്നെയാണ്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും വരുന്ന ടൂറിസ്റ്റുകൾ ആദ്യം വന്നു ചാടുന്ന സ്ഥലം. ഉറക്കമില്ലാത്ത നഗരം.

ഞങ്ങളുടെ റെസ്റ്റോറന്റിൽ സ്ഥിരമായി ഭക്ഷണം കഴിക്കാൻ വരുന്നൊരു മലയാളി ഉണ്ട്. ജോൺ സാർ അദ്ദേഹത്തിനു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ജോലിയാണ്. അദ്ദേഹത്തിനു സ്വന്തമായി മറ്റൊരു റസ്റ്റോറന്റ് ഉണ്ടെന്നുള്ള വിവരം അദ്ദേഹവുമായുള്ള സംസാരത്തിലാണ് ഞാൻ അറിഞ്ഞത്. ഒരു ദിവസം എന്നോടു പറഞ്ഞു:

“എനിക്കൊരു റസ്റ്റോറന്റ് ഉണ്ട്. വരുന്നോ? ഇവിടെ കിട്ടുന്നതിന്റെ ഇരട്ടി ശമ്പളം തരാം. വർക്ക് പെർമിറ്റും, ഡ്രൈവിംഗ്

ലൈസൻസും ഉള്ളതിനാൽ യാത്ര ചെയ്യാൻ ഒരു കാറും തരാം എന്തു പറയുന്നു"? പെട്ടെന്നു മറുപടി പറയാൻ പറ്റിയില്ല. അമേരിക്കയിൽ വന്നിട്ട് എനിക്ക് ആദ്യമായി ജോലി നല്കിയ സ്ഥലം. ഞാൻ പറഞ്ഞു:–

"എനിക്കിവിടെ ചോദിക്കണം".

ഞാൻ ജമാലിനോടു വിവരം പറഞ്ഞു. "കൂടുതൽ ശമ്പള വും, കാറും കിട്ടുമെങ്കിൽ സണ്ണി പോയ്ക്കോ".

ഞാൻ ആ റെസ്റ്റോറന്റിൽ നിന്നു പോരുന്നതിനുമുമ്പ് എന്നെ ജമാൽ മുഗൾസ്റ്റൈയിൽ, കാശ്മീരി എന്നീ സോസു കൾ ഉണ്ടാക്കാനൊക്കെ പഠിപ്പിച്ചിട്ടാണ് പറഞ്ഞയച്ചത്.

കിളികൾ മരങ്ങളിൽ നിന്നു മരങ്ങളിലേക്കു ചേക്കേറി പുതിയ കൂടുകെട്ടുംപോലെ ഞാൻ മെച്ചപ്പെട്ട ജീവിത സൗക ര്യങ്ങൾ തേടി കൂടുമാറ്റം തുടങ്ങി.

വളരെയേറെ വേദനയോടെ ഞാൻ വില്ലേജ് റെസ്റ്റോ റന്റിൽ നിന്നും യാത്ര പറഞ്ഞിറങ്ങിയത്. ന്യൂജേഴ്സിയിലാ യിരുന്നു ജോണേട്ടന്റെ റെസ്റ്റോറന്റ്. വില്ലേജ് മഹാരാജയേ ക്കാളും അഞ്ചിരട്ടി വലുപ്പമുള്ള ഉഗ്രൻ റെസ്റ്റോറന്റ്. പക്ഷേ കസ്റ്റമേഴ്സിനോടുള്ള പെരുമാറ്റം, ഭക്ഷണത്തിന്റെ പോരാ യ്മ എന്നിവ മൂലം കച്ചവടം കുറഞ്ഞിരിക്കുന്ന സമയത്താണ് ഞാനവിടെ ചെല്ലുന്നത്. അന്ന് കിച്ചണിൽ ഒരു പഞ്ചാബി ജോലി നോക്കുന്നുണ്ട്. നല്ലൊരു പാചകക്കാരൻ. ഞങ്ങൾ തമ്മിൽ രണ്ടുമൂന്നു ദിവസം കൊണ്ട് വലിയ അടുപ്പത്തി ലായി. ലോക്കൽ പത്രത്തിൽ പരസ്യം കൊടുത്തും, നല്ല ഭക്ഷണവും, ഡിസ്കൗണ്ട് കൂപ്പണുകളെല്ലാം കൊടുത്ത് കസ്റ്റമേഴ്സിനെ ആകർഷിച്ചെടുത്തു. ബിസിനസ് കൂടി. എന്നെ ജോണേട്ടനു വലിയ കാര്യമായി. പ്രത്യുപകാരമായി പറഞ്ഞപോലെ ഒരു കാറും തന്നു. ഓടിക്കാൻ തുടങ്ങിയ പ്പോഴാണ്, ഇതെന്റെ തലയിൽ മനഃപ്പൂർവ്വം കെട്ടിവച്ചതാ

ണെന്ന്. അതോടെ ചേട്ടനോടുള്ള എന്റെ വിശ്വാസവും നഷ്ടപ്പെട്ടു. പക്ഷേ മറ്റൊരു ഗുണം കിട്ടി. കാറ് ഉള്ളതിനാൽ അതിരാവിലെ പത്രം ഇടുന്നൊരു ജോലി കിട്ടി. മെയിൻ സ്റ്റേഷനിൽ നിന്നം പത്രക്കെട്ട് എടുത്ത് പ്രധാനപ്പെട്ട നാലഞ്ചു സ്ഥലങ്ങളിൽ കൊണ്ടുപോയി ഇടണം. ഡെയ്‌ലി വരുമാനം. മനസിനൊരു സന്തോഷം. പേഴ്‌സിൽ ഡോളറുകൾ കൂടി. ഏറ്റവും ഒടുവിൽ പത്രം ഇടുന്നൊരു സ്ഥലമാണ് “ടീനെക്ക്” അവിടെ രാജു എന്നൊരു മലയാളി നടത്തുന്ന പ്രൊവിഷൻ സ്റ്റോഴ്സ് ഉണ്ട്. പച്ചക്കറി, മീൻ, എന്നുവേണ്ട കേരളത്തിൽ നിന്നും വരുന്ന എല്ലാ സാധനങ്ങളും വിലകുറച്ചു കിട്ടും. അതുകൊണ്ട് എല്ലാ മലയാളികളും അവിടെ വരും. തന്നെയുമല്ല ധാരാളം മലയാളി സുഹൃത്തുക്കളെ എനിക്കു പരിചയപ്പെടാനും കഴിഞ്ഞു.

●

# 15

## *സ്വർണ്ണ നിറമുള്ള മുടിയും,*
## *നീല കണ്ണുകളുമുള്ള റോണിത്ത് കോഹൻ*

ശരിയാംവണ്ണം ഇംഗ്ലീഷ് സംസാരിക്കാൻ പഠിച്ചില്ലെങ്കിൽ പിടിച്ചു നിൽക്കാൻ ബുദ്ധിമുട്ടാണെന്നു കുറച്ചുകാലത്തെ അമേരിക്കൻ ജീവിതത്തിനിടയിൽ എനിക്കു മനസിലായി. പിന്നെ അതിനെക്കുറിച്ചുള്ള ചിന്തയായി. ജോലിയില്ലാതെ വെറുതെയിരിക്കുമ്പോഴാണല്ലോ ചിന്ത മനസിന്റെ കൂട്ടുകാര നാകുന്നത്.

വില്ലേജ് മഹാരാജയിലും, ജോണേട്ടന്റെ റസ്റ്റോറന്റിലും ജോലി നോക്കുമ്പോൾ ഇംഗ്ലീഷ് സംസാരിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ഞാൻ ശരിക്കും മനസിലാക്കിയിരുന്നു. അങ്ങി നെയാണു ഞാൻ ബർഗൻ കമ്മ്യൂണിറ്റി കോളേജിൽ ചേർന്ന് ബേസിക്ക് എഡ്യൂക്കേഷൻ പഠിക്കാൻ തീരുമാനിച്ചത്.

ഞാൻ കോളേജിൽ ചെന്നു. അവർ ആദ്യം എന്നെ ഒരു ബേസിക്ക് ടെസ്റ്റ് നടത്തി. എന്റെ ഇംഗ്ലീഷ് ടീച്ചർ ഒരു സിറി യാക്കാരിയായിരുന്നു. വർഷങ്ങൾക്കുമുൻപ് സിറിയായിൽ നിന്നും അമേരിക്കയിൽ വരുകയും, ഇംഗ്ലീഷിൽ മാസ്റ്റർ ഡിഗ്രി എടുത്തശേഷം കമ്മ്യൂണിറ്റി കോളേജിൽ പഠിപ്പിക്കുന്ന സമ യത്താണ് ഞാനവിടെ ചെല്ലുന്നത്.

ഞാനെന്റെ കാര്യങ്ങളെല്ലാം തുറന്നു പറഞ്ഞു. "എനി

ക്കത്യാവശ്യം ഇംഗ്ലീഷ് വായിക്കുവാനും, മനസിലാക്കാനും ബുദ്ധിമുട്ടില്ല. പക്ഷേ ഞാൻ പറയുന്നത് ആർക്കും മനസിലാകുന്നില്ല.'' അവർ എനിക്കു ചില കുറുക്കു വഴികൾ പറഞ്ഞു തന്നു. അവർ എന്നോട് ഒരു മലയാളം പത്രം വായിച്ചുകേൾപ്പിക്കാൻ പറഞ്ഞു. ഞാൻ വായിച്ചു കേൾപ്പിച്ചു. കേട്ട ശേഷം അവർ പറഞ്ഞു.

"നിന്റെ ഭാഷ വായിക്കുന്നതിൽ നീ വളരെയധികം Stress കൊടുക്കുന്നതായി എനിക്കു തോന്നുന്നു. അതിന്റെ ആവശ്യം ഇല്ല. വളരെ സാവധാനത്തിൽ സംസാരിക്കാൻ ശ്രമിക്കുക. അങ്ങിനെ നീ പരിശീലിച്ചു കഴിഞ്ഞശേഷം ഇംഗ്ലീഷ് സംസാരിക്കുമ്പോൾ അണപ്പല്ലിൽ വിരലുകൾ കടിച്ചുപിടിച്ച്, താടി അനക്കാതെ സംസാരിച്ചുനോക്ക്. അതു പരിശീലിച്ചാൽ മറ്റുള്ളവർ പറയുന്നത് നിനക്കു മനസിലാകും. അതുപോലെ നിനക്കു സംസാരിക്കാനും സാധിക്കും.''

വളരെ ചുരുങ്ങിയസമയംകൊണ്ട് എനിക്കു സംസാരിക്കാനും, വ്യക്തമായി കേൾക്കുന്ന കാര്യം മനസിലാക്കാനും സാധിച്ചു.

രാവിലെ മുതൽ വൈകീട്ട് മൂന്നുമണിവരെയാണ് ക്ലാസ്. ആഴ്ചയിൽ 3 ദിവസം മാത്രം. അങ്ങിനെയിരിക്കേ ഒരു ദിവസം പത്രത്തിൽ ഒരു പരസ്യം കണ്ടു. ജോലി ഒഴിവുണ്ട്, വൈകുന്നേരങ്ങളിൽ മാത്രം. ജൂതന്മാർക്കുവേണ്ടി മാത്രം നടത്തുന്ന ഒരു റെസ്റ്റോറന്റ്. ജൂയീസ് റെസ്റ്റോറന്റ് അതിന്റെ ഓണറിനെ കണ്ടു സംസാരിച്ചു. "അവി"യെന്നാണ് അദ്ദേഹത്തിന്റെ പേര്. ഞാൻ കമ്യൂണിറ്റി കോളേജിൽ പഠിക്കുകയാണ്. വൈകിട്ട് 3 മണിവരെയാണ് ക്ലാസ്. അതു കഴിഞ്ഞ് ഞാൻ ജോലിക്കുവരാം. കിട്ടുന്ന വരുമാനം കൊണ്ട് എനിക്കെന്റെ പഠനം തുടരണം എന്നൊക്കെ പറഞ്ഞപ്പോൾ അദ്ദേഹത്തിനു എന്നോടു വളരെ താല്പര്യം തോന്നി.

എന്നോടു പറഞ്ഞു നിനക്കു സമ്മതമാണെങ്കിൽ

ഇപ്പോൾതന്നെ ജോലിക്കു കയറിക്കൊള്ളൂ. ഞാൻ സമ്മത മാണെന്നു പറഞ്ഞപ്പോൾ എന്നെ കിച്ചണിൽ കൊണ്ടുചെന്ന് ചീഫ് ഷെഫിനെ പരിചയപ്പെടുത്തി. ഞാൻ ജോലിക്കു കയറി. കിച്ചണിൽ ഷെഫ് അസിസ്റ്റന്റ്. ഷെഫ് എന്നോടു പറഞ്ഞു. നീ കിച്ചണിൽ മാത്രം നിന്നാൽ മതി. യാതൊരു കാരണവശാലും റെസ്റ്റോറന്റിലേക്കു പോകരുത്. “അവി”യെന്ന കട ഉടമയും അദ്ദേഹത്തിന്റെ ഭാര്യയും കൂടിയാണ് റെസ്റ്റോറന്റിലെ കാര്യ ങ്ങൾ നോക്കുന്നത്. വെള്ളിയാഴ്ച നല്ല തിരക്കായിരിക്കും. ആ ദിവസം അവരെ സഹായിക്കാൻ അവരുടെ ഇളയമകൾ വരും. “റോണിത്ത് കോഹൻ” എന്നാണ് അവളുടെ പേര്. സ്വർണ്ണ നിറമുള്ള മുടിയും, നീല കണ്ണുകളും, ചുവന്നു തുടുത്ത കവി ളുകളും ഉള്ള അതിമനോഹര സുന്ദരി. അപ്സരസ് എന്നു പറയുന്നതാകും ശരി. അവൾ വരുന്ന ദിവസം ചീഫ് ഷെഫിന്റെ വെപ്രാളവും, ഒരുതരം ആവേശവും കണ്ടപ്പോൾ എനിക്കു മനസിലായി എന്നോടു റെസ്റ്റോറന്റിലേക്കു പോകരു തെന്നു പറഞ്ഞതിന്റെ പൊരുൾ. പിന്നെ ഒരു ദിവസം ഷെഫ് എന്നോടു തുറന്നു പറഞ്ഞു:

“അവൾക്ക് എന്നോടു വലിയ സ്നേഹമാണ്. എന്നെ കാണാൻ വേണ്ടി മാത്രമാണ് അവൾ വെള്ളിയാഴ്ച ദിവസം വരുന്നത്.”

ഞാൻ ഇതെല്ലാം മൂളിക്കേട്ടു. ചിലദിവസം കിച്ചണിലെ പണി പെട്ടെന്നു ചെയ്തു തീർത്ത് ഞാൻ റെസ്റ്റോറന്റിൽ ചെന്ന് അവിടുത്തെ ടേബിളുകളെല്ലാം വൃത്തിയായി തുട ച്ചിടും. ഒരു ദിവസം ഇങ്ങനെ തുടച്ചുകൊണ്ടു നിൽക്കു ന്നത് ഓണർ കണ്ടു. അദ്ദേഹം എന്റെ അടുത്തേക്കു വന്നിട്ട് പറഞ്ഞു: “നിന്റെ ഉത്സാഹം എനിക്കു വളരെ ഇഷ്ടപ്പെട്ടു. നീ ഇനി റസ്റ്റോറന്റിലെ കാര്യങ്ങൾ കൂടി സമയം കിട്ടുമ്പോൾ നോക്കണം.” ഞാൻ പറഞ്ഞു:–

“എപ്പോൾ വരണമെന്നു പറഞ്ഞാൽ മതി. പ്രത്യേകിച്ച്

വെള്ളിയാഴ്ച ദിവസം നല്ല തിരക്കായിരിക്കുമല്ലോ. അന്ന് മുഴുവൻ സമയവും ഞാൻ റെസ്റ്റോറന്റിൽ നിൽക്കാം.”

തലയാട്ടിക്കൊണ്ട് അദ്ദേഹം പോയി. എന്റെ ഉദ്ദേശം മറ്റൊന്നായിരുന്നു. റോണിത്ത് കോഹനുമായി ഒന്നു സംസാരിക്കാനുള്ള അവസരം. പല പല തടസങ്ങൾ പറഞ്ഞ് ചീഫ് ഷെഫ് എന്നെ റെസ്റ്റോറന്റിലേക്കു വിട്ടില്ല. അങ്ങിനെയിരിക്കെ തുടർച്ചയായി നാലഞ്ചു ദിവസത്തേക്കു ഓണർ വന്നില്ല. അദ്ദേഹത്തിന്റെ ഭാര്യയ്ക്കു മാത്രമായിട്ട് റെസ്റ്റോറന്റിലെ കാര്യങ്ങൾ നടത്താൻ പറ്റാതെ വന്നപ്പോൾ എന്നെ നിർബന്ധ പൂർവ്വം കിച്ചണിൽ നിന്നു വിളിപ്പിച്ചു റസ്റ്റോറന്റിൽ നിർത്തി.

കാത്തിരുന്ന വെള്ളിയാഴ്ച വന്നു. പതിവുപോലെ രാവിലെ റോണിത്ത് കോഹനും വന്നു. ഞാൻ വളരെ ഭവ്യതയോടെ ഉത്സാഹത്തോടെ കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ തിരക്കൊഴിഞ്ഞ ഒരു സമയത്ത് റോണിത്ത് എന്റെ അടുത്തേക്കു വന്നു. വിശേഷങ്ങളൊക്കെ ചോദിക്കുന്ന കൂട്ടത്തിൽ പറഞ്ഞു. ഞാനിവിടെ കമ്യൂണിറ്റി കോളേജിൽ ബേസിക്ക് എഡ്യൂക്കേഷൻ പഠിക്കുകയാണെന്നും, പഠനാവശ്യത്തിനുള്ള പണത്തിനു വേണ്ടിയാണ് ഇടവേളകളിൽ ഞാൻ ജോലിക്കു വരുന്നത് എന്നൊക്കെ ഒരു Simpathi കിട്ടാൻ തട്ടിവിട്ടു.

അവൾ എന്നോടു വളരെ താല്പര്യത്തിൽ സംസാരിക്കാൻ തുടങ്ങി. “പഠിക്കാനൊക്കെ പോകുന്നത് എനിക്കു വലിയ ഇഷ്ടമാണ്. പക്ഷേ എന്നെ തനിയെ പുറത്തേക്കു ഒരിടത്തും വിടില്ല. വീട്ടിൽ നിന്നു പുറത്തിറങ്ങുന്നതു തന്നെ ഈ റെസ്റ്റോറന്റിൽ വരുമ്പോൾ മാത്രമാണ്.”

സ്വർണ്ണനിറമുള്ള അവളുടെ മുടികളിലേക്കും, നീല നിറമുള്ള ആ കണ്ണുകളിലേക്കും ഞാൻ നോക്കി. മനസിൽ തളംകെട്ടി നിൽക്കുന്ന ആ ഏകാന്തത, കൂട്ടിൽ അടച്ച കിളിയെപ്പോലെയുള്ള അവളുടെ ജീവിതം പെട്ടെന്നെനിക്കു മന

സിലാക്കാൻ കഴിഞ്ഞു. പിന്നീടുള്ള എന്റെ സംസാരമെല്ലാം അത്തരത്തിലായിരുന്നു.

പിന്നെ തിരക്കുള്ള വെള്ളിയാഴ്ച മാത്രമല്ല, മറ്റു ദിവസങ്ങളിലും ഇടയ്ക്കൊക്കെ വരുന്നത് റോണിത്ത് പതിവാക്കി. ഒരു ദിവസം എന്തോ സംസാരിക്കുന്ന കൂട്ടത്തിൽ ഞാൻ ചീഫ് ഷെഫിനോടു പറഞ്ഞു:

"അവൾക്കു നിന്നോട് ഒരു പ്രേമവുമില്ലെന്നു എനിക്കറിയാം."

അയാൾക്കു പെട്ടെന്നു ദേഷ്യം ഇരച്ചുകയറി. എന്നിട്ടു പറഞ്ഞു:

"പിന്നെ നിന്നോടാണോ അവൾക്കു പ്രേമം? അടിമയെപ്പോലിരിക്കുന്ന നിന്നോട്... ഒന്നു പോടാ...!! !!"

"അടിമയെ പ്രേമിച്ച രാജകുമാരിയുടെ കഥ നീ കേട്ടിട്ടുണ്ടോ? എടാ പെണ്ണിന്റെ മനസു മനസിലാക്കാൻ ആദ്യം പഠിക്കണം. നിനക്ക് ഇന്നുവരെ സാധിക്കാത്ത കാര്യം ഞാൻ രണ്ടാഴ്ചകൊണ്ട് നടത്തിക്കാണിച്ചു തരാം. അവളേം കൂട്ടി ഞാൻ സിനിമയ്ക്കു പോകുന്ന കാഴ്ച."

"നീ അങ്ങിനെ ചെയ്താൽ... പോക്കറ്റിൽ കയ്യിട്ട് കാറിന്റെ താക്കോൽ എടുത്ത് ഉയർത്തിക്കാട്ടിയിട്ടു പറഞ്ഞു."

"ദാ.. ഈ പുതിയ "കമാനോ" കാർ നിനക്കു ഞാൻ തന്നിരിക്കും."പിന്നേയും അയാൾ പോക്കറ്റിൽ കൈയിട്ട് ഒരു കെട്ട് ഡോളർ എടുത്ത് എന്റടുത്തേക്ക് വലിച്ചെറിഞ്ഞിട്ടു പറഞ്ഞു:–"ഈ പണവും ഞാൻ നിനക്കു തരാം."

ഞാൻ പറഞ്ഞു:–"നിന്റെ പണവും, കാറുമൊന്നും എനിക്കു വേണ്ടാ. പക്ഷേ ഒരു ദിവസം ആ താക്കോൽ എനിക്കു തരണം. നീ പറഞ്ഞപോലെ രാജകുമാരിയേയും കൂട്ടി അടിമയായ എനിക്കു സിനിമായ്ക്കു പോകാൻ."

എനിക്കു വാശിയായി. ഇതു നടത്തണം. അല്ലെങ്കിൽ പിന്നെ ഈ റസ്റ്റോറന്റിൽ തന്നെ എനിക്കു നിൽക്കാൻ സാധിക്കില്ല. ഇതിനോടകം ഞാനും റോണിത്തുമായി മന സുകൊണ്ട് വളരെ അടുത്തു. തിമിർത്തു പെയ്യുന്ന ഒരു മഴയായി രുന്നു എനിക്കു റോണിത്ത്. അതോടൊപ്പം ഒരു ഭയവും. യൗവ്വ നത്തിന്റെ തിളപ്പിൽ, ഒരു പെണ്ണിന്റെ മനസിനെ തട്ടി ഉണർത്തി യിട്ട് അവസാനം അതൊരു പ്രശ്നമായാലോ എന്നുള്ള ഭയം. പക്ഷേ ആ സമയത്ത് അതൊന്നും ചിന്തിക്കാനുള്ള സമയമല്ലെന്നു എനിക്കു തോന്നി. കാരണം റോണിത്തിന്റെ സൗമ്യമായ പെരു മാറ്റം. പരസ്പരം എന്തും തുറന്നു പറഞ്ഞുകൊണ്ട് മനസിന്റെ പിരിമുറുക്കം കുറച്ചുകൊണ്ടുള്ള അടുപ്പം. സ്നേഹിക്കാ നും, സ്നേഹിക്കപ്പെടാനും എനിക്ക് ഒരു ആളുണ്ട് എന്ന തോന്നലിൽ ഉടലെടുത്ത ദിവ്യമായൊരു പ്രേമം.

ഒരു ദിവസം ഞാൻ പറഞ്ഞു:-

“റോണിത്ത് നമുക്കൊരു സിനിമായ്ക്കു പോയാലോ...? എപ്പോഴും വീടും, റെസ്റ്റോറന്റുമായി മാത്രം കഴിഞ്ഞാൽ മതി യോ? മനസിനും, ശരീരത്തിനും ഒരു ഉന്മേഷം കിട്ടണമെങ്കിൽ പുറത്തേയ്ക്കൊക്കെ ഒന്നു പോകണം. നാളെ ശനിയാഴ്ച അവധിദിവസമല്ലേ?”

“സണ്ണീ... ശനിയാഴ്ച ഞങ്ങൾ യഹൂതർക്കു ശാപതു ദിന മല്ലേ. ഞായറാഴ്ച പോകാം.” “ഫാദർ അറിഞ്ഞാൽ എന്തെ ങ്കിലും പ്രശ്നം?” “പ്രശ്നമോ?” എന്തു പ്രശ്നം? ഇതൊ ക്കെയൊരു Healthy Relationship അല്ലേ? അമേരിക്കയിൽ ഇങ്ങനെയാണ്. ഇതുവരെ പുറത്തേക്കു പോകാൻ ആരും എന്നെ ക്ഷണിച്ചില്ല. അതുകൊണ്ടു പോയില്ല. തന്നെയുമല്ല, സണ്ണിയുമായി സിനിമായ്ക്കു പോകുകയാണെന്നു പറഞ്ഞാൽ ഫാദറിനു വളരെ സന്തോഷമായിരിക്കും.”

അന്നു രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. വെറുതേ തിരിഞ്ഞും മറിഞ്ഞും കിടന്നു. അപ്പോഴാണ് അഗസ്റ്റിൻ അയച്ച കത്തിനെ

ക്കുറിച്ച് ഓർമ്മവന്നത്. ഞാനതെടുത്തുവായിച്ചു.

"മുറ്റത്തുനിന്ന കൊന്ന പൂത്തു. നിറയെ മഞ്ഞപ്പൂങ്കുലകൾ. വസന്തത്തിന്റെ വരവറിയിക്കുന്ന മഞ്ഞക്കിളി എത്തിത്തുടങ്ങി. ആണ്ടിലൊരിക്കൽ വരുന്ന മഞ്ഞുകാലവും വേനൽക്കാലവും, പൂക്കാലവും പോലെ, വിഷുവും, ഈസ്റ്ററും വന്നുപോയി. പക്ഷേ നിന്റെ കത്തു മാത്രം വന്നില്ല. ഞാൻ എത്ര കത്തയച്ചു. ഒരു മറുപടി പോലും എഴുതാതിരുന്നത് മോശമായിപ്പോയി. ഇന്നലെ നിന്റെ പഴയ ലൈനുണ്ടല്ലോ? അവളെ കണ്ടിരുന്നു. നിന്നെക്കുറിച്ച് അന്വേഷിച്ചു!!"

ഏഴുകടലും കടന്നെന്റെ മനസ് ആലുവ യു.സി. കോളേജിലേക്കു പോയി. അവിടെയാണ്, ആ മുറ്റത്താണ് കവിതയും, പ്രണയവും കാൽപനികതയും മുറ്റി നിന്നത്. ഞങ്ങൾ ഒരേ കോളേജിലായിരുന്നു. അവിടന്നാണ് പ്രണയങ്ങളുടെ തീവ്രാനുഭവങ്ങളും ഞാൻ മനസിലാക്കിയത്. പുതിയൊരു ലോകം തുറന്നു കിട്ടിയതുപോലെയായിരുന്നു ഞങ്ങൾക്ക്. അവന് മറുപടി എഴുതാനായി ഞാനിരുന്നു.

"പ്രിയ അഗസ്റ്റിൻ, സ്വർണ്ണനിറമുള്ള മുടിയും നീലക്കണ്ണുകളുമുള്ളൊരു സുന്ദരി എന്റെ മനസിൽ കൂടുകൂട്ടി." അപ്പോഴേക്കും ഞാൻ ആലസ്യത്തിലേക്കു വീണു പോയിരുന്നു.

പിറ്റേന്നു ഞാൻ ഷെഫിനോടു പറഞ്ഞു "അടുത്ത ഞായറാഴ്ച ഈ അടിമയും രാജകുമാരിയും കൂടി പരാമസിലുള്ള റൂട്ട് 4ൽ ഗാന്ധി സിനിമ കാണാൻ പോകുന്നു." കേട്ടയുടനെ അയാൾ പറഞ്ഞു:–

"ഇന്നലെ രാത്രി നീ ഒട്ടും ഉറങ്ങിയില്ലല്ലേ? സ്വപ്നത്തിൽ നിങ്ങൾ രണ്ടാളും കൂടി സിനിമാ കണ്ട് തീയേറ്ററിൽ ഇരിക്കുന്നതു സ്വപ്നം കണ്ട് ഞെട്ടിയുണർന്നു. പിന്നീട് നിനക്ക് ഉറക്കം വന്നില്ലെന്നു മുഖത്തു നോക്കിയാൽ അറിയാം." "അതു സത്യം. ഞാൻ സിനിമയ്ക്ക് പോകുന്നത് പ്ലാൻ ചെയ്യു

കയായിരുന്നു രാത്രി മുഴുവൻ.”

“ഏതായാലും ശനിയും, ഞായറും കട അവധിയല്ലേ അതു കൊണ്ട് താക്കോൽ വേണം.” ഒരു സംശയത്തോടെയാണ് അയാൾ താക്കോൽ തന്നത്. ഞാൻ പറഞ്ഞു. “സംശയിക്കേണ്ട അന്നു തീയേറ്ററിൽ വന്നാൽ ഞങ്ങളെ കാണാൻ സാധിക്കും.”

ഒരു കയ്യിൽ പോപ്പ്കോൺ, മറുകൈ റോണിത്തിന്റെ തോളിലും ഇട്ട് തീയേറ്ററിലേക്കു കയറിപ്പോകുന്നത് ദൂരെ മാറി നിന്നു ചീഫ് ഷെഫ് ശ്രദ്ധിക്കുന്നത് ഞാൻ ദൂരെ നിന്നു കണ്ടു.

സിനിമയൊന്നും കണ്ടില്ലെന്നുള്ളതാണു സത്യം. വിശന്നിരിക്കുന്നവന്റെ മുന്നിൽ ഇഷ്ടപ്പെട്ട ഭക്ഷണം കൊണ്ടുവച്ചാലുള്ള സ്ഥിതിയായിരുന്നു രണ്ടുപേർക്കും. സിനിമ തുടങ്ങിയതും. തീർന്നതൊന്നും ഞങ്ങൾ അറിഞ്ഞതേയില്ല. തീയേറ്ററിൽ വെളിച്ചം വന്നാൽ ഇറങ്ങിപ്പോരാതെ നിവർത്തിയില്ലല്ലോ?

തീയേറ്ററിൽ നിന്നും നേരെ പോയത് ഫാസ്റ്റ് ഫുഡ് കടയിലേക്കായിരുന്നു. ആദ്യമായിട്ടാണ് ഇങ്ങനെയുള്ള ഫാസ്റ്റ് ഫുഡ് കടയിൽ കയറുന്നതെന്നു അവൾ പറഞ്ഞു. കടയിൽ വച്ച് പലരും ഞങ്ങളെ മാറി മാറി നോക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. കളർ ഫോട്ടോയും Black & White ചിത്രവും തമ്മിലുള്ള വ്യത്യാസം മനസിലാക്കുകയായിരുന്നു അവർ.

ഭക്ഷണമെല്ലാം കഴിഞ്ഞ് തിരിച്ചു റോണിത്തിനെ വീട്ടിൽ കൊണ്ടുചെന്നപ്പോൾ റോണിത്തിന്റെ ഫാദറിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

അമേരിക്കയിൽ ഇങ്ങനെയാണ്. വളർന്ന ഒരു പെൺകുട്ടി ബോയ്ഫ്രണ്ടിനെ കണ്ടുപിടിച്ച്, സിനിമയ്ക്കോ പാർക്കിലോ പോയില്ലെങ്കിൽ അവൾക്ക് എന്തോ കുഴപ്പമുണ്ടെന്നു കരുതുന്ന മാതാപിതാക്കൾ. ഡെയ്റ്റിങ്ങും, മെയ്റ്റിങ്ങും അമേരിക്കൻ സംസ്കാരത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു. അമേരിക്കയിലെ ബാലികാ ബാലന്മാരുടെ മനസ്സിനെ

ഈ വിധത്തിൽ സന്നദ്ധമാക്കിയെടുക്കാൻ ഉപാദികൾ ധാരാളമുണ്ട്. പുതിയ തലമുറ സമൂഹത്തിന് ഒരു പുതിയ താളം സൃഷ്ടിച്ചിരിക്കുന്നു. ലൈംഗീക സ്വാതന്ത്ര്യത്തിന്റെ താളം. ഈ സ്വാതന്ത്യം അനുഭവിക്കുന്ന സ്ത്രീ പുരുഷന്മാർ ഏകാന്തതയിൽ കഴിഞ്ഞുകൂടാൻ ആഗ്രഹിക്കുന്നു. പുരുഷന്റെ ഏകാന്ത ഭവനത്തിൽ യഥേഷ്ടം സ്ത്രീയ്ക്കു കടന്നു ചെല്ലാം. അതുപോലെ സ്ത്രീയുടേയും. പണ്ടൊക്കെ അച്ചനും, അമ്മയും കുട്ടികളും അടങ്ങിയ കുടുംബങ്ങൾ 40 ശതമാനമായിരുന്നെങ്കിൽ ഇന്നത് 25 ശതമാനമായി കുറഞ്ഞു എന്ന സത്യം അറിഞ്ഞിരിക്കേണ്ടതാണ്. ഇതിന്റെ കാറ്റ് നമ്മുടെ കേരളത്തിലും സംഭവിച്ചു തുടങ്ങിയോ എന്നൊരു സംശയം. ഏതായാലും ഞങ്ങളുടെ ഈ ബന്ധം നാൾക്കു നാൾ വളർന്നുകൊണ്ടിരുന്നു. ആഹ്ലാദത്തിമിർപ്പായിരുന്നു രണ്ടാൾക്കും. എന്റെ മടിയിൽ കിടക്കുമ്പോൾ പലപ്പോഴും ഞാനവളുടെ സ്വർണ്ണനിറമുള്ള മുടിയിഴകൾ പൊട്ടിച്ചെടുത്ത് എന്റെ വിരലിൽ ചുറ്റും. ശരിക്കും മോതിരം അണിഞ്ഞതു പോലിരിക്കും. ഞാനവളെ ചുംബനം കൊണ്ടു പൊതിയുന്നത് അവൾക്കൊരു ഹരമാണ്. സൗന്ദര്യ സമ്പത്തിന്റെ സമ്മോഹന മായ ഒരു സമ്മേളനമാണ് അവളുടെ മുഖത്ത്. അപ്പോഴൊക്കെ അവളുടെ മുഖത്തിനു ചുറ്റും ഒരു പ്രകാശം പരക്കും. അതു ഞാൻ ശ്രദ്ധിച്ചിരുന്നു. ബിസ്ക്കറ്റിന്റെ മണമുള്ള ആ സുന്ദ രിയുടെ മുഖം ഞാൻ ഇതെഴുമ്പോൾ മുന്നിൽ തെളിഞ്ഞു നിന്നിരുന്നു.

ഒരു ദിവസം റോണിത്തിനേയും കൂട്ടി ഞാൻ ചേട്ടന്റെ വീട്ടിലേക്കു ചെന്നു. എല്ലാവരും അതിശയ ഭാവത്തിലായിരു ന്നു. എല്ലാവരേയും ഞാൻ പരിചയപ്പെടുത്തി. ചേട്ടൻ ഒന്നും പറഞ്ഞില്ല. പക്ഷേ അച്ചാച്ചൻ പറഞ്ഞു:–

“ഇതേതാടാ ഈ അപ്സരസ്. ഇനി ഇവളെ അന്വേഷിച്ച് തോക്കുമായി ആരെങ്കിലും വരുമോ? ഇത് അമേരിക്കയാണ്

സൂക്ഷിക്കണം.”

“പേടിക്കാനൊന്നുമില്ല അച്ചാച്ചാ. ഞാൻ ജോലി ചെയ്യുന്ന കടയിലെ ഓണറുടെ മകളാ എന്റെ ഒരു സുഹൃത്തു മാത്രം.”

എന്റെ പഠനകാര്യത്തിലൊക്കെ വളരെ ശ്രദ്ധാലുവായിരുന്നു റോണിത്ത്. റോണിത്തിന്റെ വീട്ടിൽ ചെല്ലുമ്പോഴൊക്കെ ഞാൻ വൃത്തിയായി നടക്കാത്തതിന്റെ പേരിൽ അവളുടെ ശകാരം കേൾക്കേണ്ടി വന്നിട്ടുണ്ട്. ഷേവു ചെയ്ത്, നല്ല ഭംഗിയായി മുടിയൊക്കെ വെട്ടി, നല്ല വസ്ത്രം ധരിച്ച്, ശരീരത്തിലെ വിയർപ്പു ഗന്ധം മൂലം മറ്റൊരാൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് എന്നെ മനസിലാക്കിത്തരും. പിന്നെ ഞാനും അതിനു നല്ല പ്രാധാന്യംകൊടുത്ത് വൃത്തിയായി നടക്കാൻ ശ്രമിച്ചു തുടങ്ങി. എനിക്കു നല്ലൊരു സുഹൃത്തും വഴികാട്ടിയും ആയിരുന്നു റോണിത്ത്. ഫാദറിനും, മദറിനും എന്നെ വലിയ കാര്യമായിരുന്നു. കുടുംബത്തിലെ ഒരംഗത്തെപ്പോലെയായിരുന്നു എന്നോടുള്ള പെരുമാറ്റം.

റോണിത്തിന്റെ ഫാദറിന് തിരിച്ചു ഇസ്രായേലിലേക്കു പോകണമെന്ന ആഗ്രഹം കൂടിക്കൂടി വന്നു. ഇതു കേൾക്കുമ്പോ എന്തെന്നില്ലാത്ത ഒരു വിഷമം ആയിരുന്നു റോണിത്തിന്, ഞാനൊരിക്കൽ ചോദിച്ചു ‘‘നിങ്ങളുടെ നാട്ടിലേക്കു പോകുന്നതിന് റോണിത്തിന് എന്താ വിഷമം?”അതിനു അവൾ പറഞ്ഞ മറുപടി എന്നെ വളരെയേറെ വിഷമിപ്പിച്ചു.

‘‘സണ്ണീ ഞാൻ കോഹൻ സമുദായത്തിൽ പെട്ടൊരു പെണ്ണാണ്. (കോഹൻ എന്നു പറഞ്ഞാൽ നമ്മുടെ നാട്ടിലെ നമ്പൂതിരി) അപ്പോൾ എന്നെ കല്യാണം കഴിക്കുന്നത് “റബ്ബായി” എന്നൊരു കൂട്ടരായിരിക്കും. അവരുടെ ഇടയിൽ വൃത്തികെട്ട ഒരു ആചാരം നിലനിൽക്കുന്നുണ്ട്. എന്റെ ജീവിതം ദുഷ്ക്കരമായിരിക്കും. ഞാൻ ഗർഭധാരണത്തിനുവേണ്ടി മാത്രമുള്ള ഒരു ഉപകരണമായി മാറും. കുട്ടികൾ

വേണമെന്നു തോന്നുമ്പോൾ മാത്രമാണ് ഞാൻ ഭർത്താവിനെ കാണുന്നതുതന്നെ. ആ സമയം ഞാൻ ബഡ്ഷീറ്റു പോലുള്ള വസ്ത്രം ധരിച്ചു നിൽക്കണം. അതിൽ ഒരു തുള ഉണ്ടായിരിക്കും. അതിനെ വിശുദ്ധ വസ്ത്രം എന്നു പറയും. Holly Sheet ശരീരത്തിൽ ഒന്നു സ്പർശിക്കുകപോലും ചെയ്യാതെയുള്ള ലൈംഗീക വേഴ്ച്ച. ജീവിതം പാഴാക്കിക്കളയാൻ എനിക്കു താല്പര്യമില്ല.''

''എങ്കിൽ ഫാദറും മദറും കൂടി ഇസ്രായേലിലേക്കു പോകട്ടെ. നിനക്ക് ഇവിടെ ആരെയെങ്കിലും നോക്കിക്കൂടെ.''

''സണ്ണിയുള്ളപ്പോൾ ഞാനെന്തിനു വേറെ ആളെ നോക്കി പോകണം?''

''അതുശരിയാകില്ല. റോണിത്ത് എനിക്കു നിന്നെ വലിയ ഇഷ്ടമാണ്. കല്യാണം കഴിക്കണമെന്ന് ആഗ്രഹവും ഉണ്ട്. പക്ഷേ നിന്റെയും എന്റേയും സമുദായം അതിനു അനുവദിക്കില്ല. നമ്മൾ എന്നും നല്ലൊരു സുഹൃത്തായിരിക്കുന്നതല്ലേ നല്ലത്...?''

ഒന്നും മിണ്ടാതെ റോണിത്ത് കുറെനേരം നിന്നു അതവൾക്ക് വലിയ വിഷമമായി. അതുകൊണ്ടാണ് ഞാനതു പറഞ്ഞപ്പോൾ സഹിക്കാൻ പറ്റാതെ വന്നത്. പിന്നെ ഞാൻ റോണിത്തിന്റെ വീട്ടിൽ പോയി. ഞാനും റോണിത്തിന്റെ ഫാദറും കൂടി ഈ വിഷയം ഗൗരവമായി സംസാരിച്ചു. അദ്ദേഹം റോണിത്തിനെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി. എന്നിട്ട് ഫാദർ എന്നെ കെട്ടിപ്പിടിച്ചു. എല്ലാവർക്കും സന്തോഷമായി. ഞാൻ പറഞ്ഞു: ''എനിക്ക് F.D.U. വിൽ ബിസിനസ് മാനേജ്മെന്റ് കോഴ്സ് പഠിക്കാൻ അഡ്മിഷൻ കിട്ടി''യെന്നു പറഞ്ഞപ്പോൾ റോണിത്തിന്റെ ഫാദർ ഉടനേ അകത്തുപോയി സ്വർണ്ണത്തിന്റെ ഒരു ബ്രേസ് ലേറ്റർ എടുത്തുകൊണ്ടുവന്ന് എന്റെ കയ്യിൽ അണിയിച്ചു. വളരെയേറെ വിഷമത്തോടും പ്രയാസത്തോടും കൂടി

അന്നു ഞാൻ അവരോടു യാത്ര പറഞ്ഞിറങ്ങി. സ്വർണ്ണനിറ മുള്ള മുടിയും, നീലക്കണ്ണുകളുമുള്ള റോണിത്ത് കോഹൻ, നീയിപ്പോൾ എവിടെയാണ്?

●

# 16

## FIRST WOK *എന്നാണ് റെസ്റ്റോറന്റിന്റെ പേര്.*

**ഫെ**യർലി ഡിക്സൺ യൂണിവേഴ്സിറ്റിയുടെ റൂതർ ഫോർഡ് ക്യാംപസിൽ എനിക്ക് അഡ്മിഷൻ കിട്ടി. സ്കോളർഷിപ്പ് കിട്ടണമെങ്കിൽ ഒരു സെമസ്റ്ററിൽ 18 ക്രെഡിറ്റ് എടുക്കണം. ആദ്യ സെമസ്റ്ററിൽ ഞാൻ ജോയിന്റ് ചെയ്തു.

പഠനത്തോടൊപ്പം ജോലിയും ഇല്ലെങ്കിൽ അമേരിക്കയിൽ ജീവിക്കാൻ പറ്റില്ലന്നുള്ള വിവരം, ഇതിനോടകം ഞാൻ മനസിലാക്കി. അങ്ങിനെ ഞാൻ ജോലിക്കുള്ള ശ്രമം തുടങ്ങി. കോളേജിനോട് അടുത്തുള്ള ഒരു ചൈനീസ് റെസ്റ്റോറന്റിൽ ഒരു പാർട്ട്ടൈം മാനേജറെ ആവശ്യമുണ്ടെന്നുള്ള കേട്ടറിവ് പ്രകാരം ഞാൻ അവിടെ ചെന്നു. അതിന്റെ ഓണറുടെ പേര് Hoychin എന്നാണ് അമേരിക്കയിൽ ജനിച്ചു വളർന്ന ചൈനാക്കാരൻ.

റിവർ എഡ്ജ്, വേൾഡ് വീക്ക്, റാദർ ഫോഡ്, എന്നീ മൂന്നു സ്ഥലങ്ങളിലായി അദ്ദേഹത്തിനു ചൈനീസ് റെസ്റ്റോറന്റ് ഉണ്ട്. അദ്ദേഹത്തെ കണ്ട് ഞാൻ വിശദമായി സംസാരിച്ചു. ഇതിനു മുൻപ് ജോലി ചെയ്തിട്ടുള്ള സ്ഥലങ്ങളും, എന്റെ Back ground ഉം പറഞ്ഞപ്പോൾ അദ്ദേഹത്തിനു വളരെയേറെ സന്തോഷമായി. അദ്ദേഹത്തിന്റെ ഒരു സഹായി

ആയി മാത്രം നിന്നാൽ മതിയെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ബാങ്കിങ്ങ് ഇടപാട്, ഡെയ്‌ലി സെയിൽസ് റിപ്പോർട്ട് എന്നിവ എന്റെ പഠനം കഴിഞ്ഞുള്ള സമയങ്ങളിൽ ചെയ്തുകൊടുത്താൽ മതിയെന്നും പറഞ്ഞു. ന്യൂയോർക്ക് ടൈംസിൽ ജോലിയുള്ള Coney Clark ആണ് ഭാര്യ. ഞാൻ F.D.U. വിൽ പഠിക്കുകയാണെന്നൊക്കെ പറഞ്ഞപ്പോൾ അവർക്കും വളരെ സന്തോഷമായി. മാത്രമല്ല ബിസിനസ് ഡെവലപ്പ്മെന്റിനെക്കുറിച്ച് ഞങ്ങൾ പരസ്പരം ധാരാളം സംസാരിക്കുമായിരുന്നു.

18 ക്രെഡിറ്റ് എടുത്തു പഠിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ളതാണെന്നു മനസിലാക്കിയതുകൊണ്ട് 2–ാമത്തെ സെമസ്റ്ററിൽ ഞാൻ മിനിമം ക്രെഡിറ്റിലേക്കു മാറി. അപ്പോൾ ധാരാളം സമയം കിട്ടി. അതുമൂലം ചൈനീസ് റെസ്റ്റോറന്റിൽ എനിക്ക് കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞു. അതു മാത്രമല്ല റെസ്റ്റോറന്റിലെ കിച്ചണിൽ ചെന്ന് ഷെഫുമാരോട് ഫുഡ് ഉണ്ടാക്കുന്ന വിധങ്ങളെക്കുറിച്ച് ചോദിച്ചു മനസിലാക്കുമായിരുന്നു.

ചൈനീസിൽ 4 വിഭാഗം കുഷനുകൾ ഉണ്ട്. ഷെഷുവാൻ, ഹുനാൻ, ക്യാന്റണീസ്, മാൻട്രിൻ ഇതെല്ലാം ചൈനയിലെ പല പ്രവിശ്യകളിലെ ഭക്ഷണ രീതിയാണ്. എന്നിരുന്നാലും ഫ്രൈഡ് റൈസും എഗ്ഗ്റോളും, ജനറൽ പംഗ് ചിക്കൻ, ഓറഞ്ച് ചിക്കൻ എന്നിവയോടാണ് ഇവിടത്തുകാർക്ക് ഇഷ്ടമെന്നു ഞാൻ മനസിലാക്കി. അതു മാത്രമല്ല, ഇതെല്ലാം ഉണ്ടാക്കുന്ന രീതികളും. ചൈനീസ് കുക്കിങ്ങ് വളരെ എളുപ്പമാണ്. ചൈനാക്കാർക്ക് ഇംഗ്ലീഷ് ഭാഷ പഠിക്കാൻ വലിയ ബുദ്ധിമുട്ടാണ്. റെസ്റ്റോറന്റിൽ ജോലി ചെയ്യുന്ന ഷെഫുമാർ ചൈനയിലെ ക്യാൻന്റണീസ് പ്രവിശ്യയിൽ നിന്നു വന്നവരായതുകൊണ്ട് അവരോടു സംസാരിക്കുന്നതിനുവേണ്ടി ആ ഭാഷ പഠിക്കാനും, പറയാനും തുടങ്ങി.

അവിടെ വരുന്ന കസ്റ്റമേഴ്സിനോട് ഇംഗ്ലീഷിൽ സംസാരിക്കുന്നതിനോടൊപ്പം, കിച്ചണിൽ പോയി ക്യാൻന്റണീസ് ഭാഷ

സംസാരിക്കുന്നതെല്ലാം കണ്ടപ്പോൾ ഒരുദിവസം ഹോയ്ച്ചൻ എന്നെ വിളിച്ചു സ്വസ്ഥമായി മാറ്റി നിർത്തിയിട്ടു പറഞ്ഞു:–

"സണ്ണീ.....വാൾഡ് വിക്കിൽ എനിക്കൊരു കട ഉണ്ടെന്നുള്ള വിവരം നിനക്കറിയാമല്ലോ....? എന്റെ ഫാദർ യംഗ്ചിൻ (Yong Chin) ആണ് റെസ്റ്റോറന്റ് നടത്തുന്നത്. ആരോഗ്യപ്രശ്നം മൂലം അദ്ദേഹത്തിനു കടയിൽ വരാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ആ കട സണ്ണിയ്ക്ക് ഏറ്റെടുത്ത് നടത്താൻ പറ്റുമോ....? പറ്റുമെങ്കിൽ ഒരു വില നിശ്ചയിച്ച് ഞാൻ റെസ്റ്റോറന്റ് സണ്ണിയ്ക്കു തരാം. മാസതവണകളായി പണം തന്നാൽ മതി."

ഞാൻ വളരെ സന്തോഷത്തോടെ ആ ഓഫർ സ്വീകരിച്ചു. അങ്ങിനെ അമേരിക്കയിൽ വന്ന് ഒന്നര വർഷം കഴിഞ്ഞപ്പോൾ ഞാൻ ഒരു റെസ്റ്റോറന്റിന്റെ ഉടമയായി. അന്നാണ് അച്ചാച്ചൻ പറഞ്ഞകാര്യം ഞാൻ ഓർത്തത്.

സത്യസന്ധമായി ജോലി ചെയ്യുകയും, സ്നേഹത്തോടും മര്യാദയോടുംകൂടി മറ്റുള്ളവരോടു പെരുമാറിയാൽ അമേരിക്കയിൽ ജീവിക്കാൻ ഒരു ബുദ്ധിമുട്ടും ഇല്ലെന്ന്.

FIRST WOK എന്നാണ് റെസ്റ്റോറന്റിന്റെ പേര്. അതിൽ WOK എന്നു പറഞ്ഞാൽ നമ്മുടെ ഭാഷയിൽ ചീനച്ചട്ടി എന്നു പറയും. ചീനച്ചട്ടി അങ്ങനെ അടുപ്പിൽ കയറി. അതിരാവിലെ ചൈനാ ടൗണിലേക്കു പോകും. മൂന്നു ചൈനാക്കാരെ കുക്കിങ്ങിനായി കൊണ്ടുവരും. വരുന്നവഴി ആവശ്യമുള്ള പച്ചക്കറി, ഫിഷ്, ചിക്കൻ എന്നിവ വാങ്ങി കടയിൽ വരും.

ഹൈസ്ക്കൂളിൽ പഠിക്കുന്ന രണ്ടു മൂന്നു പെൺകുട്ടികളെ ടെലിഫോൺ അറ്റന്റു ചെയ്ത് ഓർഡർ എടുക്കാനായി നിർത്തി. കേട്ടറിഞ്ഞ് ധാരാളം കസ്റ്റമേഴ്സ് എത്തി. കൂടാതെ ലോക്കൽ പത്രത്തിൽ പ്രത്യേക തരത്തിലുള്ള ഒരു പരസ്യവും കൊടുത്തു. അതോടെ കസ്റ്റമേഴ്സിന്റെ പ്രവാഹമായിരുന്നു. എന്റെ റെസ്റ്റോറന്റിനടുത്താണ് പ്രശസ്ത ലളിത

പത്മിനി, രാഗിണി, സഹോദരിമാരിൽ പത്മിനി ചേച്ചി താമസിച്ചിരുന്നത്. ഇടയ്ക്കൊക്കെ ചേച്ചി റെസ്റ്റോറന്റിൽ വരും. ചേച്ചി റെസ്റ്റോറന്റിൽ വരുന്നു എന്നറിഞ്ഞ് ധാരാളം മലയാളികൾ എത്താൻ തുടങ്ങി – കച്ചവടം പൊടിപൂരം. പലപ്പോഴും നടി ശോഭനയുമായി ചേച്ചി റെസ്റ്റോറന്റിൽ വരാറുണ്ട്.

എന്റെ റെസ്റ്റോറന്റിനടുത്ത് റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തുന്ന ബോംബെക്കാരിയായ പാം കോട്ടറ എന്നൊരു സ്ത്രീ താമസിക്കുന്നുണ്ടായിരുന്നു. അവൾ കപ്പൂർ ഫാമിലിയിൽപ്പെട്ട ഒരുവളാണ്. അങ്ങിനെയാണ് രാജ്കപ്പൂറും, ഋഷികപ്പൂറും, ചിംപുകപൂറും ഒക്കെ കടയിൽ വരാനും ധാരാളം സമയം റെസ്റ്റോറന്റിൽ ചിലവഴിക്കാനും തുടങ്ങിയത്.

ഒരു വിധത്തിൽപ്പറഞ്ഞാൽ വളരെസന്തോഷകരമായി ബിസിനസ് ഞാൻ നടത്തി.

●

# 17

### *സ്വപ്നങ്ങൾക്ക് ചിറകു തുന്നിയവർ*

**റൊ**ണീത്ത് കോഹൻ എന്ന യഹൂദ സുന്ദരിയിൽ നിന്നുള്ള അകൽച്ച ഒരുതരം മരവിപ്പു സമ്മാനിച്ചു. ജീവിതം അതിന്റെ എല്ലാ സൗഭാഗ്യങ്ങളും ചൊരിയുമ്പോഴും എവിടെയൊക്കെയോ അവശേഷിക്കുന്ന മരവിപ്പ്, ഏകാന്തത അവയെ പൂരിപ്പിക്കാനായിരുന്നു എന്റെ അടുത്ത ശ്രമം.

എന്റെയൊരു സുഹൃത്തായിരുന്നു ഫിലാഡെൽഫിയായിലുള്ള കുര്യാച്ചൻ. കുര്യാച്ചന്റെ മകന്റെ മാമ്മോദീസായ്ക്ക് അവിടെ ചെന്നപ്പോഴാണ് സത്യത്തിൽ എനിക്കു നേരത്തേ പരിചയം ഉണ്ടായിരുന്ന ആനിയുടെ വിവാഹ ആലോചനയുമായി കുര്യാച്ചന്റെ അളിയൻ പൗലോസ് എന്നെ സമീപിച്ചത്.

എന്നേയും ആനിയേയും സംസാരിക്കാനായി ഒരു മുറിയിലേക്കു പറഞ്ഞുവിട്ടു പൗലോസുചേട്ടൻ. മുറിയിൽ ചെന്നയുടൻ ആനി പറഞ്ഞുതുടങ്ങിയത് ഇപ്പോഴും ഞാൻ ഓർക്കുന്നു.

“നമ്മൾ തമ്മിൽ കണ്ടിട്ടുണ്ട്, സംസാരിച്ചിട്ടുണ്ട്. അപ്പോഴൊന്നും ഒരു അതൃപ്തി എനിക്കു തോന്നിയിട്ടില്ല. പക്ഷേ ഞാനെന്തു പറയാനാണ്....? എല്ലാ കാര്യവും തീരുമാനിക്കുന്നത് ലീലാമണി ചേച്ചിയാണ്. നാട്ടിൽ നിന്നു വന്നതു മുതൽ ഇന്നുവരെ എന്റെ എല്ലാ കാര്യവും നോക്കുന്നത് ചേച്ചിയാ

ണ്."

"തുടക്കത്തിലേ ആനിയോടു ഞാനൊരു കാര്യം പറയട്ടേ....? ഒരു ആക്സിഡന്റൽ മാര്യേജ് എനിക്കിഷ്ടമല്ല."

എന്റെ മുഖത്തേക്കു കുറച്ചുനേരം നോക്കിനിന്നിട്ട് ആനി പറഞ്ഞു:–

"സണ്ണി പറഞ്ഞത് എനിക്കു മനസിലായില്ല."

"പെട്ടെന്ന് ഒരു തീരുമാനമെടുക്കുക. തുടർന്ന് കല്ല്യാണം നടത്തുക. അതിനോട് എനിക്കൊരു യോജിപ്പും ഇല്ല. എന്നാണു ഞാൻ ഉദ്ദേശിച്ചത്. ആനി വളരെ പ്രാക്ടിക്കലായി ചിന്തിക്കുന്ന വ്യക്തിയാണെന്ന് എനിക്കറിയാം. അതുകൊണ്ടു പറയുകയാണ്, എന്നെ സംബന്ധിച്ചിടത്തോളം ആൺ, പെൺ ബന്ധങ്ങൾ പലതാണ്. നാട്ടിൽ എനിക്കൊരു പ്രേമം ഉണ്ടായിരുന്നു. ഇവിടെ അമേരിക്കയിൽ വന്നപ്പോൾ ഒരു ഇസ്രായേലി പെണ്ണുമായി അടുപ്പത്തിലായിരുന്നു, പക്ഷേ ഇവരുമായുള്ള ഇടപെടലുകളിൽ ഒന്നിലും ഒരുമിച്ചുള്ള ഒരു കുടുംബജീവിതത്തെക്കുറിച്ച് ഞാൻ ചിന്തിച്ചിരുന്നു പോലുമില്ല. കെട്ടുറപ്പുള്ള ബന്ധങ്ങളാണ് എനിക്കിഷ്ടം."

"സണ്ണി പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്നവരല്ലേ നമ്മളൊക്കെ. ജീവിതത്തെക്കുറിച്ച് പല കാഴ്ചപ്പാടുകളും ഉണ്ടാകും രണ്ടുപേർക്കും. ജീവിതത്തിന്റെ എല്ലാ വശങ്ങളും തുറന്നുപറഞ്ഞ് നല്ല ആരോഗ്യപരമായ ബന്ധം. അതിനേ നിലനില്പ്പുള്ളു."

അതൊരു തുടക്കമായിരുന്നു. പിന്നെ പലപ്പോഴും ആനിയുമായി സംസാരിക്കുകയും, ആനിയുടേയും എന്റേയും കാഴ്ചപ്പാടിനെക്കുറിച്ച് സംസാരിക്കുന്നതു പതിവായി.

സംസാരങ്ങൾക്കെല്ലാം ഒടുവിൽ 1986 ജൂൺ 21–ാം തീയതി ന്യൂയോർക്ക് യോംങ്കേഴ്സ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു ഞങ്ങളുടെ വിവാഹം നടന്നു.

ആനിയുടെ ചേച്ചിയാണ് ലീലാമണി. കല്ല്യാണം കഴിഞ്ഞ് ഒരു അപ്പാർട്ടുമെന്റിലേക്കു താമസം മാറ്റാനുള്ള പ്ലാൻ ആലോചിച്ചു തുടങ്ങിയപ്പോഴെ ലീലാമണി എതിർത്തു.

“മൂന്നു നിലയും എല്ലാ സൗകര്യങ്ങളും ഉള്ളതുമായ ഈ വീടുള്ളപ്പോൾ നിങ്ങളെന്തിനാണ് വാടകയ്ക്ക് ഒരു അപ്പാർട്ടുമെന്റിലേക്കു മാറുന്നത്....?”

“അതല്ല ചേച്ചീ..... ഇന്നല്ലങ്കി നാളെ ഒരു അപ്പാർട്ടുമെന്റിലേക്കോ സ്വന്തമായി ഒരു വീട്ടിലേക്കോ മാറിയല്ലേ പറ്റു...? എന്നാൽ അത് എത്രയും നേരത്തേ ആകുന്നതല്ലേ നല്ലത്....?” അപ്പാർട്ടുമെന്റിലേക്കു മാറാൻ തയ്യാറായി നിൽക്കുമ്പോൾ പെട്ടിയും തൂക്കി അച്ചാച്ചനും അവിടെ വന്നിട്ടു പറഞ്ഞു,

“ഞാനും വരുന്നു നിങ്ങളുടെയൊപ്പം.”

“അച്ചാച്ചാ അപ്പാർട്ടുമെന്റിൽ സൗകര്യങ്ങൾ കുറവാണല്ലോ....?”

“ഓ.... ! ഉള്ള സൗകര്യമൊക്കെ മതി.”

ആനിക്ക് കോളേജിൽ പോകാനുള്ള സൗകര്യം നോക്കി കാർപ്പന്റർ ലൈനിൽ BRONX എന്ന സ്ഥലത്തായിരുന്നു അപ്പാർട്ടുമെന്റ്. കല്ല്യാണത്തിനു മുൻപുതന്നെ എല്ലാ പാചകരീതിയും ആനി ചേച്ചിയിൽ നിന്നു വശത്താക്കിയിരുന്നു. സാമ്പാർപൊടി ഇട്ടുവച്ച ഇറച്ചിക്കറിയുടെ രുചി ഇപ്പോഴും എന്റെ നാവിൻ തുമ്പത്തുണ്ട്. അപ്പാർട്ടുമെന്റിൽ നിന്നു മുക്കാൽ മണിക്കൂർ ഡ്രൈവു ചെയ്താൽ എന്റെ കടയിൽ എത്താൻ സാധിക്കും. ഞാൻ കടയിൽ നിന്നു പോരുമ്പോൾ ചീഫ് ഷെഫ് നല്ലവണ്ണം ചൈനീസ് സൂപ്പും, ഫുഡും ഉണ്ടാക്കി തന്നുവിടും പക്ഷേ അച്ചാച്ചന് അത്ര ഇഷ്ടമല്ല. അച്ചാച്ചന് നല്ല എരിവുള്ള മീൻ കറിയാണ് ഇഷ്ടം. ആനി മീൻകറി ഉണ്ടാക്കിയാൽ ചാറു വളരെ കുറവായിരിക്കും.

അച്ചാച്ചനാണെങ്കി ചാറ് വളരെ കൂടുതൽ വേണം. ആനിയോടു ഞാൻ പറയും അച്ചാച്ചന്റെ ഇഷ്ടവും കൂടി ഒന്നു നോക്കണമെന്ന്. എന്തു ചെയ്യാനാ സണ്ണി ഞാൻ എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല. എന്നാൽ അച്ചാച്ചനു മാത്രമായി കറി ഉണ്ടാക്കാൻ പറഞ്ഞാൽ ആനി കേൾക്കില്ല.

ഒരു ഞായറാഴ്ച പള്ളീലൊക്കെ പോയി വന്ന് ഭക്ഷണം കഴിക്കാൻ വിളിച്ചിട്ട് അച്ചാച്ചൻ വരുന്നില്ല. കാരണം അന്വേഷിച്ചു.

“എനിക്ക് ഇത്തിരി ചാറോടുകൂടി മീൻകറി ഉണ്ടാക്കിത്തരണമെന്ന് പറഞ്ഞിട്ട് ആരും കേൾക്കുന്നില്ല. ഇനി എത്ര നാൾ ഞാൻ ഉണ്ടാകും. തീരാറായി ജീവിതം എന്റെ ആഗ്രഹം നടത്തിത്തരാൻ ഞാൻ ആരുടെ കാലാണ് സണ്ണി ഇനി പിടിക്കേണ്ടത്?”

എനിക്കു സങ്കടം സഹിക്കാൻ പറ്റിയില്ല – ഞാൻ ആനിയെ വിളിച്ചു: വായിൽ തോന്നിയതൊക്കെ വിളിച്ചുപറഞ്ഞു. ഞെട്ടി വിറങ്ങലിച്ച് പൊട്ടിക്കരഞ്ഞുകൊണ്ടു നിന്നു ആനി. ഇതുകേട്ട അച്ചാച്ചൻ ചാടി എന്റെ നേരെ വന്നു.

‘‘കഴിവേറീടെ മോനെ..... നീയെന്താടാ ആ കൊച്ചിനോടു പറഞ്ഞത്. എടാ.... നിന്റെ ഭാഗ്യമാ ആ കൊച്ച്. അതിന്റെ ഒരു തുള്ളി കണ്ണീർ ഈ വീട്ടിൽ വീഴാൻ ഞാൻ സമ്മതിക്കില്ല.’’ ‘‘പിന്നെ ഞാനെന്തു ചെയ്യണം അച്ചാച്ചാ....?” “നീ ഒരു കോപ്പും ചെയ്യേണ്ട എന്താ വേണ്ടതെന്ന് ഞാനും അവളും കൂടി തീരുമാനിച്ചോളാം....!”

ആ ഒരു സംഭവത്തോടുകൂടി ആനിയും അച്ചാച്ചനും ഒറ്റകൈ. ഞാൻ പുറത്ത്. അച്ചാച്ചൻ മരിക്കുന്നതുവരെ പൊന്നുമോളെ എന്നല്ലാതെ ആനിയെ വിളിച്ചിട്ടില്ല. പിന്നെ ആനി കറിയുണ്ടാക്കുമ്പോൾ അച്ചാച്ചൻ, അടുക്കളയിൽ ആനിയെ സഹായിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. എന്റെ റെസ്റ്റോറന്റിൽ ഹോം മെയ്ഡ് രീതിയിൽ ഉണ്ടാക്കുന്ന ചൈനീസ് ഭക്ഷണത്തിനാണ് ഏറെ രുചി. അതു

ഞാൻ മനസിലാക്കിയത് അവരുടെ ആവശ്യത്തിനു വേണ്ടി ഉണ്ടാക്കിയ ഭക്ഷണം രുചിച്ചു നോക്കിയപ്പോഴാണ്. അവർ ഉണ്ടാക്കുന്നതും ഞങ്ങൾ വില്ക്കുന്നതും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ട്. കോഴിയുടെ കാല്, പശുവിന്റെ പല്ല്, നാക്ക്, ആമ, പാമ്പ് എന്നിവ ചൈനീസ് മാർക്കറ്റിൽ നിന്നു വാങ്ങി അവർ ഭക്ഷണവും സൂപ്പും ഉണ്ടാക്കും.

ആനിയുടെ ഗ്രാജുവേഷൻ കഴിഞ്ഞപ്പോൾ ഞങ്ങൾ ന്യൂ ജേഴ്സിയിൽ എന്റെ കടയുടെ അടുത്തുതന്നെ ഒരു വീട്ടി ലേക്കു താമസം മാറി. ആനിയുടെ ജോലി അതായിരുന്നു അടുത്ത ലക്ഷ്യം. അന്വേഷണം ആരംഭിച്ചു. താമസിക്കുന്ന സ്ഥലത്തുനിന്നും കുറച്ചു മാറി വാലി എന്നൊരു ഹോസ് പിറ്റൽ ഉണ്ടെന്ന അറിവു കിട്ടി. പെട്ടെന്ന് എന്റെ ഓർമ്മ യിൽ ഒരു കാര്യം തെളിഞ്ഞുവന്നു. വാലി ഹോസ്പറ്റലിലെ ഡോക്ടേഴ്സും, സ്റ്റാഫുമെല്ലാം എന്റെ റെസ്റ്റോറന്റിൽ വരാ റുണ്ടെന്നെ കാര്യം. അങ്ങിനെയിരിക്കേ ഭക്ഷണം കഴിക്കാൻ വന്ന ഡോക്ടറോട് ഞാൻ ആനിയുടെ കാര്യം പറഞ്ഞു. ഒട്ടും താമസിക്കാതെ അപേക്ഷ സമർപ്പിക്കണം, ഇന്റർവ്യുവിനു ഹാജരാകണം എന്നു നിർദ്ദേശിക്കുക മാത്രമല്ല മലയാളി നേ ഴ്സുമാരുടെ ആത്മാർത്ഥതയെക്കുറിച്ച് വളരെയേറെ സംസാ രിച്ചു.

ഇന്നു കേരളത്തിൽനിന്നും നേഴ്സിങ്ങ് ജോലിക്കുവേണ്ടി ഇവിടെ എത്തുന്നവരെ രണ്ടു കൈയ്യുംനീട്ടി സ്വീകരിക്കുന്ന തിന്റെ പ്രധാന കാരണം. ഇവർക്കു മുൻപ് എത്തിയിട്ടുള്ളവർ ചെയ്തിട്ടുള്ള ആത്മാർത്ഥമായ സേവനമാണ്. എണ്ണിയാൽ തീരാത്തവിധം നേഴ്സുമാർ കേരളത്തിൽനിന്നു വന്നു അമേരി ക്കയിൽ ജോലി ചെയ്യുന്നുണ്ട്. കഷ്ടപ്പാടുകളും, ദുരിതങ്ങളും സഹിച്ച് ജോലി ചെയ്യുന്നവർ. സ്വന്തം കുഞ്ഞിനെ കെട്ടിപ്പി ടിച്ച് ഒന്നു കിടന്നുറങ്ങാൻപോലും സാധിക്കാതെ മുലപ്പാൽ ബോട്ടിലിൽ നിറച്ചുവച്ച് പിടയുന്ന മനസുമായി ജോലിക്കു

പോകുന്നവർ. രാവിലെ എത്തുമ്പോൾ ജോലിക്കു പോകുന്ന ഭർത്താവ്. ഇതിനിടയിൽ വല്ലപ്പോഴും സന്തോഷിക്കാൻ കിട്ടുന്ന കുറച്ചുസമയം.

സ്വന്തം സ്വപ്നങ്ങൾക്ക് ചിറകു തുന്നിപ്പിടിപ്പിക്കാൻ കടൽ കടന്നെത്തിയ നമുക്ക് നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ലൊരു സ്വപ്നമെങ്കിലും നൽകാനില്ലെങ്കിൽപ്പിന്നെ നമ്മുടെ സ്വ പ്നങ്ങൾ എത്ര വലുതായിട്ടെന്തുകാര്യം?

എല്ലാം നഷ്ടപ്പെടുത്തി, എന്നാൽ എന്തു നേടിയെന്നു ചോദിച്ചാൽ കൃത്യമായൊരു ഉത്തരം പറയാൻ പറ്റില്ല അമേ രിക്കൻ മലയാളികൾക്ക്. ഒരു പഴമൊഴി ഞാൻ ഓർത്തു പോകുന്നു. ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട് ഉണ്ടവന് പാ കിട്ടാഞ്ഞിട്ട്. ഇവിടെ ചോറും കിട്ടി, പായും കിട്ടി പക്ഷേ ഉറക്കം നഷ്ടപ്പെട്ടു. സത്യത്തിൽ അതുതന്നെയാണ് അമേ രിക്കൻ മലയാളികളുടെ ജീവിതം. ആദ്യം എടുത്തുപറയേ ണ്ടത് രണ്ടാംതലമുറക്കാരായ മക്കളെക്കുറിച്ചാണ്. സത്യത്തിൽ പ്രയാസങ്ങൾ ഉള്ളിൽ ഒതുക്കുകയാണ് അവർ.

നാട്ടിലുള്ള കുട്ടികൾക്ക് കേറിച്ചെല്ലാൻ ബന്ധുവീടുകൾ, ഒരേ ഭാഷ സംസാരിക്കുന്ന സുഹൃത്തുക്കൾ സ്കൂളിലും കോ ളേജുകളിലും നടക്കുന്ന കൂട്ടായ്മകൾ സംസ്ഥാന കലോത്സ വങ്ങൾ, കായിക മത്സരത്തിനുള്ള അവസരങ്ങൾ. ഇതൊന്നും ഇല്ലാതെ മാതാപിതാക്കളുടെ കഠിനാധ്വാനത്തിന്റെ മുൻ പിൽ പകച്ചുനില്ക്കേണ്ടിവരുന്ന നമ്മുടെ രണ്ടാം തലമുറ. മാന സിക, ശാരീരിക, വൈകാരിക പിരിമുറുക്കത്തിലൂടെ കടന്നു പോകേണ്ടിവന്ന ബാല്ല്യങ്ങൾ.

ഈയിടെ എനിക്കൊരു അനുഭവം ഉണ്ടായി. എന്റെ യൊരു അകന്ന ബന്ധുവാണ് അമേരിക്കയിൽ BRONX ൽ താമസിക്കുന്ന രാജൻ അങ്കിളും, ഭാര്യ സെലിനും, വളരെ കഷ്ടപ്പാടുകൾ തരണം ചെയ്തു ജീവിക്കുന്ന ഒരു കുടും ബം. ആരോഗ്യപരമായ കാരണങ്ങളാൽ രാജൻ അങ്കി

ളിന് ജോലിയൊന്നും ചെയ്യാൻ സാധിക്കുന്നില്ല. സെലിൻ നേഴ്സായി ഹോസ്പറ്റലിൽ ജോലി ചെയ്യുന്നു. അവർക്കൊരു മകൻ റോണി.

ഞാൻ ചെല്ലുമ്പോഴെല്ലാം അമ്മയും മകനുമായി എപ്പോഴും വഴക്കുകൂടുന്നതു കാണാറുണ്ട്. ഒരുദിവസം ചെന്നപ്പോൾ എനിക്കവനെ ഒറ്റയ്ക്കുകിട്ടി. അപ്പോൾ ഞാൻ ചോദിച്ചു: എന്താ നിന്റെ പ്രശ്നം.

Uncle I dont know what is going on. Mom said she only have 3 meals while, she was at nursing school in Andra Pradesh. Uncle do you all need more than 3 meals those days. I only eat one and a snack.

ഞാനവനെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി. ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചല്ല വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചാണ് ഇവിടംവരെ എത്തിയതെന്നാണ് അമ്മ പറഞ്ഞത്.

പക്ഷേ.... ഒരുവിധത്തിൽ പറഞ്ഞാൽ ഒരു താല്ക്കാലിക ജീവിതമല്ല ഈ കുഞ്ഞുങ്ങൾക്ക് പ്രവാസജീവിതം. മറിച്ച് അവർക്ക് സ്വന്തമെന്ന് പറയാവുന്ന ജീവിതം തന്നെയാണ് ഇവിടം. അവർ ജനിച്ചു വീണതും, കണ്ടുവളർന്നതും, ഇവിടമാണ്. ഈ പ്രവാസമാണ് അവരുടെ ലോകം. അവരുടെ ദേശം. അവർക്കതിൽ ലവലേശം സംശയമുണ്ടെന്നു തോന്നുന്നില്ല. പക്ഷേ.... നമ്മളാകട്ടേ അവരെ അളക്കുന്നത് നമ്മുടെ നാടും നമ്മൾ ജനിച്ച രീതിയുംകൊണ്ടാണ്. അതുകൊണ്ടല്ലേ അമ്മയും മോനും തമ്മിലുണ്ടായ കലഹത്തിനു കാരണം. മലയാളമണ്ണിൽ ജനിച്ചുവീണ് ശൈശവവും, ബാല്യവും. കൗമാരവും ഏറെക്കുറെ യൗവ്വനവും കരുപ്പിടിപ്പിച്ച നമ്മുടെ ജീവിതത്തിന്റെ അളവുകോലുകൾ എങ്ങിനെയാണ് പ്രവാസ മണ്ണിലേയ്ക്ക് പിറന്നുവീണ അഥവാ ഈ മണ്ണിൽ പിച്ചവച്ച ഈ കുഞ്ഞുങ്ങൾക്കു പാകമാവുക. നമ്മുടെ ഓർമ്മകളോ, അനുഭവങ്ങളോ, ഗൃഹാതുരത്വമോ അവർക്കുണ്ടാകുകയില്ല എന്നതു സത്യം.

മാനസിക പിരിമുറുക്കത്തിലായിരുന്നു ആദ്യകാലങ്ങളിൽ മലയാളി നേഴ്സുമാർ. അതിനു ഒരു അയവു വരുത്താൻ വേണ്ടി ചിലർ അവരുടെ അപ്പനേയും അമ്മയേയും നാട്ടിൽ നിന്നു കൊണ്ടുവന്നിട്ടുമുണ്ട്. അതിനെ മറ്റൊരു അർത്ഥത്തിൽ വ്യാഖ്യാനിച്ച് മകന്റെ അല്ലങ്കിൽ മകളുടെ കുട്ടിയെ നോക്കാനാണു കൊണ്ടുവരുന്നതെന്നും നേഴ്സുമാർ അസാന്മാർഗിക മേഖലയിലൂടെ സഞ്ചരിച്ച് പണം സമ്പാദിക്കുന്നവരാണെന്നും വരുത്തിത്തീർക്കാൻ വേണ്ടി അവഹേളിക്കുന്നതരത്തിൽ സിനിമ വരെ പിടിച്ച മലയാളി മാന്യന്മാരെ ഇതെഴുതുമ്പോൾ ഞാൻ ഓർത്തുപോകുന്നു.

എന്റെ അമ്മയുടെ അനുജത്തി അന്നമ്മക്കൊച്ചമ്മയാണ് അമ്മവീട്ടിൽ നിന്നും ആദ്യം അമേരിക്കയിൽ വന്നത്. പിന്നെ എത്ര പേരെ ഇവിടെ കൊണ്ടുവരാനുള്ള സന്മനസുകാട്ടി കൊച്ചമ്മ. കൊച്ചമ്മ മാത്രമല്ല. നാട്ടിൽനിന്നും ബന്ധുക്കളെ കൊണ്ടുവരാനുള്ള സന്മനസുകാട്ടിയവരുടെ പേരുകൾ എഴുതിയാൽ തീരില്ല. അങ്ങിനെയുള്ളവരെ നിന്ദിക്കുകയല്ല ബഹുമാനിക്കുകയാണു വേണ്ടതെന്ന അഭിപ്രായക്കാരനാണു ഞാൻ.

വൈകാതെ തന്നെ ആനി വാലി ഹോസ്പറ്റിൽ ജോലിയിൽ പ്രവേശിച്ചു. ആഴ്ചകൾ കഴിഞ്ഞപ്പോഴാണ് സന്തോഷകരമായ ആ വാർത്തയുമായി ആനി വന്നത് ഞാൻ ഗർഭിണിയാണ്. എല്ലാവർക്കും സന്തോഷത്തിന്റെ നാളുകളായിരുന്നു പിന്നെ. ഒരു കുഞ്ഞിനു ജന്മംകൊടുക്കാനുള്ള തയ്യാറെടുപ്പുകൾ ആനി തുടങ്ങിക്കഴിഞ്ഞു. ഇഷ്ടമുള്ള ഭക്ഷണങ്ങൾ വാങ്ങിക്കൊടുക്കുന്നതിലായിരുന്നു പിന്നെ എന്റെ ശ്രദ്ധ. കൂട്ടത്തിൽ ഗർഭകാലസമയത്ത് പെണ്ണുങ്ങൾക്കെല്ലാം മസാലദോശയോടു ഇത്ര ഇഷ്ടം തോന്നാനുള്ള കാരണം അന്വേഷിക്കലും. അച്ചാച്ചനും വളരെ സന്തോഷത്തിലായിരുന്നു. കാരണം  മകന്റെ കുഞ്ഞിനെ വളർത്താനും സ്നേഹിക്കാനുമുള്ളൊരു മോഹം. കൊച്ചുകൊച്ചു കഥകൾ

പറഞ്ഞ് ചിരിപ്പിക്കാൻ, അവരുടെ ഇണക്കത്തിലും പിണക്കത്തിലും പങ്കുചേരാനുള്ള മോഹം.

ഇടയ്ക്കൊക്കെ ശാരീരികമായ ക്ഷീണം കാണുമ്പോൾ ഞാൻ ആനിയോടു പറയും

“ആനി ഇന്നു ലീവെടുക്ക്”

ആനി ഒരു ചിരിയിൽ ഒതുക്കും. ഇതു പല തവണയായപ്പോൾ ഞാൻ ആനിയോടു ചോദിച്ചു:-

“ഞാൻ ലീവെടുക്കാൻ പറയുമ്പോൾ ആനി എന്താ ചിരിച്ചു തള്ളുന്നത്....?”

“ഞാൻ ചെയ്യുന്ന ജോലിയുടെ ഗൗരവം അറിയാത്തതുകൊണ്ടാണ് സണ്ണി ഇങ്ങനെ പറയുന്നത്. എന്റെ വരവും കാത്തിരിക്കുന്ന രോഗികൾ ഉണ്ടവിടെ. എന്റെ കൈകളിലാണ് അവരുടെ ജീവൻ. ഡോക്ടർ നിർദ്ദേശിച്ച മരുന്നു കൊടുക്കുക എന്നതു മാത്രമല്ല നേഴ്സിന്റെ പണി. ദിവസവും ജോലികഴിഞ്ഞു പോരുമ്പോൾ എന്റെ മനസ ് അവരോടൊപ്പമായിരിക്കും. ഇവിടെയിരുന്ന് എനിക്ക് അറിയാൻ സാധിക്കും അവരുടെ സ്പന്ദനം!!! ലീവു വേണമെങ്കിൽ കിട്ടും. പെട്ടെന്നു പറഞ്ഞാൽ പോരാ. രണ്ടു ദിവസം മുൻപേ അനുവാദം വാങ്ങിയിരിക്കണം. കാരണം ഉത്തരവാദിത്വമുള്ള ജോലിയാണു ഞാൻ ചെയ്യുന്നത്.”

എനിക്കു ആനിയോടു വളരെയേറെ ആദരവു തോന്നി. തിരകൾ അടങ്ങി ശാന്തമായി കാണുന്ന കടൽപോലെയാണു പ്രവാസി ജീവിതമെന്ന് ആരോ പറഞ്ഞത് സത്യമാണ്. ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അലകളും, ചുഴികളും, വിങ്ങലും, വിതുമ്പലും, മുറിഞ്ഞ നിശ്വാസങ്ങളും ആർക്കും അറിയാൻ കഴിയില്ലെന്നുള്ളതു സത്യം. പുറമേനിന്നു നോക്കുമ്പോൾ എത്ര മനോഹരമെന്നു തോന്നിയേക്കാം. പരാതികളില്ലാതെ അപ്രശക്തമായ ജീവിതശൈലികളിൽ ആരും കാണാതെ കണ്ണീരിനെ മൂടിവച്ച

എത്ര രാവുകൾ കടന്നുപോയിരിക്കുന്നു. ഓരോ പ്രവാസവും മറ്റൊരു ജീവിതത്തിന്റെ  വായിച്ചുതീരാത്ത പുസ്തകം.

●

# 18

***അച്ചാച്ചൻ ഇപ്പോഴും എന്നോടൊപ്പം ഉണ്ടെന്ന തോന്നൽ മാത്രം മതി എനിക്കു മുന്നോട്ടുള്ള യാത്രയിൽ.***

സമത്വ സാഹോദര്യം കെട്ടുറപ്പിക്കേണ്ട ആത്മീയ നേതൃത്വത്തിന്റെ അന്തസില്ലാത്ത പ്രവർത്തികൾമൂലം, നാട്ടിൽ വച്ചു തന്നെ പള്ളികളോടും, പട്ടക്കാരോടുമുള്ള ബഹുമാനം നഷ്ടമായതാനെനിക്ക്. ഇവിടെ വന്ന് കല്ല്യാണമൊക്കെ കഴിഞ്ഞ് പള്ളിയിലൊക്കെയൊന്നു പോകാൻ തുടങ്ങിയപ്പോഴാണ് ഒരുകാര്യം എനിക്കു മനസിലായത് നാട്ടിലേക്കാളും മോശസ്ഥിതിയാണ് ഇവിടെയെന്ന്. പള്ളികളും സംഘടനകളും ആവശ്യത്തിലധികം. സംഘടനകൾക്കു മേൽ സംഘടന ആവശ്യമില്ലാത്ത ഗ്രൂപ്പുവഴക്കുകൾ. ഇതെഴുതാൻ തുടങ്ങിയപ്പോഴാണ് രസകരമായൊരു വഴക്കിന് ഞാൻ സാക്ഷിയായ കാര്യം ഓർത്തത്.

കുർബാന തുടങ്ങി എതാണ്ടു പകുതിയാകുമ്പോഴാണ് ഞാൻ സാധാരണ പള്ളിയിൽ എത്താറുള്ളു. നേരത്തേ ചെന്നാൽ ഗ്രൂപ്പുകളിൽ പങ്കെടുക്കേണ്ടി വരുമെന്ന പേടി. അങ്ങിനെ ഒരുദിവസം ഞാൻ പള്ളിയിൽ ചെല്ലുമ്പോൾ കഫറ്റീരിയായിൽ ഡങ്കൺ ഡോണറ്റ് കോഫിയും പിടിച്ചുകൊണ്ട് ആറരഅടി പൊക്കമുള്ള ഒരു പോലീസുകാരൻ നില്ക്കുന്നു. എന്തോ പന്തികേടുണ്ടല്ലോയെന്നു ഞാൻ മനസിലോർത്തു. പോസ്റ്റാഫീസിൽ ജോലി ചെയ്യുന്ന അച്ചൻകുഞ്ഞും എന്റെയൊരു സുഹൃത്തും അടുത്തു നില്പുണ്ട്.

ഈ പോലീസുകാരൻ അച്ചൻകുഞ്ഞിനെ ചോദ്യം ചെയ്യുകയാണ്.

" ആരാണ് 911 ലേക്കു വിളിച്ചത്?"
" ഞാനാണു സാർ".
"എന്താണു നിങ്ങളുടെ പേര്?"
"അച്ചൻ കുഞ്ഞ്".
"നിങ്ങളുടെ ഐഡി കാർഡ് കാണിക്കു".
പോലീസുകാരൻ കാർഡ് വാങ്ങി നോക്കി കൊണ്ട് പറഞ്ഞു.
"സത്യത്തിൽ എന്താണു സംഭവിച്ചത്, വെടിവയ്പ്പ് വല്ലതും ഉണ്ടായോ ആരെങ്കിലും മരിച്ചോ".
"ഇല്ല സർ".
"പിന്നെ എന്താണു സംഭവിച്ചത്".
"സർ ഈ ചർച്ചിൽ രണ്ടു ഗ്രൂപ്പുകൾ ഉണ്ട് അതിൽ പ്രധാനം സെന്റ് തോമസ് ഗ്രൂപ്പാണ്. സത്യത്തിൽ ഞങ്ങളുടേതാണ് ഈ പള്ളി . മറ്റേ ഗ്രൂപ്പുകാർ പറയുന്നു അവരുടേതാണ് പള്ളിയെന്ന്. അങ്ങിനെ ഗ്രൂപ്പ് വഴക്ക് മൂത്തപ്പോഴാണ് ഞാൻ 911 ലേക്ക് വിളിച്ചത്".
"നിങ്ങളൊരു കാര്യം ചെയ്യ് മിസ്റ്റർ സെന്റ് തോമസിനെ പുറത്തേക്ക് വിളിച്ച് വരുത്ത് ഞാൻ അദ്ദേഹത്തോട് സംസാരിക്കാം പ്രശ്നം തീർത്തു തരാം".
"അയ്യോ സർ സെന്റ് തോമസ് is no more".
ഉച്ചത്തിൽ പോലീസുകാർ അച്ചൻ കുഞ്ഞിനോട് കയർത്തു സംസാരിച്ചു.
"നിങ്ങളല്ലേ പറഞ്ഞത് വെടിവയ്പ്പും മരണവും ഒന്നും സംഭവിച്ചിട്ടില്ലെന്ന്".
"സർ സെന്റ് തോമസ് മരിച്ചിട്ട് വർഷങ്ങളായി".ക്ഷുഭിതനായ പോലീസുകാരന്റെ സംസാരത്തിൽ അച്ചൻകുഞ്ഞ് വിയർത്തൊലിക്കുന്നത് കണ്ട് ഞാൻ അടുത്തേക്കു ചെന്നു പോലീസുകാരനോട് കാര്യം പറഞ്ഞ് മനസ്സിലാക്കി. അവസാനം പോലീസുകാരൻ അച്ചൻകുഞ്ഞിനോട്

പറഞ്ഞു 'വിഢിവേഷം കെട്ടിക്കാനുള്ളതല്ല പോലീസ്. വേണമെങ്കിൽ ഈ നിമിഷം നിങ്ങളെ അറസ്റ്റുചെയ്ത് ലോക്കപ്പിലിടാൻ സാധിക്കും, പക്ഷേ ഞാനതു ചെയ്യുന്നില്ല.' കൊടിയ തണുപ്പിലും വിയർക്കുന്ന അച്ചൻ കുഞ്ഞിനെ ഞാൻ പെട്ടന്നു കൂട്ടി കൊണ്ടു പോന്നു.

ആനിയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു പ്രസവ ത്തിനു മുൻപേ സ്വന്തമായൊരു വീട്ടിലേക്കു കയറുക എന്ന ത്. ഞാൻ അന്വേഷണം ആരംഭിച്ചു. അങ്ങിനെ നിറവയറുള്ള ആനിയുടെ കൈയും പിടിച്ച് ഞാനും, അച്ചാച്ചനുംകൂടി 1988 സെപ്തംബർ ഒന്നാം തീയതി 68 സിമിറ്റ് അവന്യുവിൽ ഉള്ള മനോഹരമായ വീട്ടിലേക്ക് കാലെടുത്തുവച്ചു.

താമസം തുടങ്ങി 21 ദിവസം കഴിഞ്ഞപ്പോൾ അതായത് 1988 സെപ്തംബർ 22–ാം തീയതി ആനിയെ വാലി ഹോസ്പിറ്റ ലിൽ അഡ്മിറ്റു ചെയ്തു. ഡോ. ഡി.ഇ. മരിയ ഡിസ്പൻസറി ആയിരുന്നു ഡോക്ടർ. രാത്രി മുഴുവൻ വേദനകൊണ്ടു പിടയുകയായിരുന്നു ആനി. യാതൊരു ഗത്യന്തരവുമി ല്ലെങ്കിൽ മാത്രമേ ഓപ്പറേഷൻ ചെയ്യൂ എന്ന് ഡോക്ടർ പറഞ്ഞിരുന്നെങ്കിലും 23–ാം തീയതി ആയപ്പോഴേക്കും ആനി തളർന്ന് അവശയായി. ഉടനേ തീയേറ്ററിലേക്കു കയറ്റി. ഇവിടെ അമേരിക്കയിൽ ഒരു പ്രത്യേകതയുണ്ട്. ഓപ്പറേഷൻ സമ യത്ത് ഭർത്താവിനും തീയേറ്ററിൽ കയറാം. അതുകൊണ്ട് വൃത്തിയായി കൈയ്യും മുഖവും കഴുകി. പ്രത്യേകതരം ഗൗണും കൈയ്യുറയും ധരിച്ച് ഞാനും തീയേറ്ററിൽ കയറി. ബഡ്ഡിൽ കിടക്കുന്ന ആനിയുടെ മുഖവും കൈയ്യും മാത്രമേ എനിക്കു കാണാൻ സാധിക്കുകയുള്ളു. ബാക്കി ഭാഗം ഓട്ടോ മാറ്റിക് കർട്ടൺ വന്നു മൂടിക്കളയും. ആനി എന്റെ കൈയ്യിൽ മുറുകെ പിടിച്ചു. ഞാൻ തമാശ പറഞ്ഞ് സമാധാനിപ്പിച്ചു കൊണ്ടിരുന്നു.

1988 സെപ്തംബർ 23–ാം തീയതി ഞാൻ ഒരു പിതാവായി.

ആനിയുടെ അടുത്ത് കൂടുതൽ സമയം ചിലവഴിക്കാൻ

ശ്രമിക്കുന്നതിനിടയിലാണ് റെസ്റ്റോറന്റിൽ അദുൾതാക്കറെ എന്നൊരു ബോംബെക്കാരൻ ജോലി അന്വേഷിച്ചുവന്നത്. ഒരു കോണ്ടിനന്റൽ ഷെഫ്. ഒരു പ്രേമ വിവാഹംമൂലം ബോംബെയിൽ നിന്നു പോരുകയും, ലണ്ടനിലൊക്കെ ജോലി ചെയ്ത് അവസാനം അമേരിക്കയിൽ എന്റെ അടുത്ത് എത്തിച്ചേർന്നതും.

ഇത്രയും കഴിവുള്ള ആളായതിനാൽ എന്റെ കൂടെ ഒരു ബിസിനസ് പാർട്ടണറായി നിന്നോളാൻ പറഞ്ഞു അയാളതു സമ്മതിച്ചു. ഞാൻ അയാൾക്കു താമസിക്കാനുള്ള സ്ഥലം ഏർപ്പാടാക്കികൊടുത്തു. രാവിലെ കട തുറക്കും. എല്ലാ കാര്യങ്ങളും ഉത്തരവാദിത്വത്തോടെ ചെയ്യും. എനിക്കൊരു റിലീഫും കിട്ടി.

ഒരുദിവസം റെസ്റ്റോറന്റിൽ ഒരു ഇൻകം ടാക്സ് ഓഫീസർ കയറിവന്നു. ടാക്സിന്റെ കാര്യത്തെക്കുറിച്ച് എനിക്കറിയില്ലായിരുന്നു. മുൻപു കട നടത്തിയിരുന്നവർ എന്നോടു ടാക്സിനെക്കുറിച്ച് പറഞ്ഞിരുന്നുമില്ല. അന്വേഷണത്തിൽ എനിക്കു മനസിലായി നല്ലൊരു തുക ടാക്സ് ഇനത്തിൽ കൊടുക്കേണ്ടിവരുമെന്ന്. ഞാൻ കട വിൽക്കാൻ തീരുമാനിച്ചു.

അങ്ങിനെയിരിക്കേ എന്റെ റെസ്റ്റോറന്റിലെ നിത്യസന്ദർശകനായിരുന്നു ഫാദർ കെ.എം. സൈമൺ. അമേരിക്കയിൽ ആദ്യമായി മലയാളം കുർബ്ബാന ചൊല്ലിയ ഏക വൈദികൻ. ഞാൻ പറഞ്ഞു ''അച്ചോ ഞാൻ എന്റെ റെസ്റ്റോറന്റ് വിൽക്കാനുള്ള ശ്രമത്തിലാണ് ടാക്സ് സംബന്ധമായ ചില പ്രശ്നങ്ങൾ എന്നെ വല്ലാതെ അലട്ടുന്നു. മറ്റെന്തെങ്കിലും ബിസിനസ് തുടങ്ങുന്ന കാര്യത്തെപ്പറ്റി ഞാൻ ആലോചിക്കുന്നു.”

“നീയൊരു കാര്യം ചെയ്യ് എന്റെ മകൻ റോണി ടാക്സി സർവ്വീസ് നടത്തുന്നുണ്ട്. വളരെ ആദായകരമെന്നു മാത്രമല്ല. ഒരു മാനസിക ബുദ്ധിമുട്ടും ഉണ്ടാകില്ല. നിനക്കു വേണ്ട എല്ലാ സഹായങ്ങളും അവൻ ചെയ്തുതരും.”

അങ്ങിനെ റോണിയുടെ നിർദ്ദേശപ്രകാരം ഞാൻ ലിമോസിൻ ടാക്സി സർവ്വീസ് തുടങ്ങി. ബ്ലസനും, റോണിയും കൂടി നല്ല രീതിയിൽ ടാക്സി സർവ്വീസ് നടത്തിയിരുന്നതുകൊണ്ട്. എല്ലാ കാര്യങ്ങളും എനിക്കവർ പറഞ്ഞു തന്നിരുന്നു. പിന്നെ ഞാൻ എന്റെ റെസ്റ്റോറന്റ് വിൽക്കാനുള്ള ശ്രമം നടത്തി. കടയിലെതന്നെ ഒരു ചൈനാക്കാരൻ ഷെഫിനു ഞാൻ കട വിറ്റു.

ഞാൻ റെസ്റ്റോറന്റ് വിറ്റു എന്നറിഞ്ഞ് ആനിയുടെ ബ്രദറും, ആനിയുടെ ചേച്ചിയുടെ ഭർത്താവും ഒരുദിവസം എന്നെ വന്നു കണ്ടിട്ടു പറഞ്ഞു:–

“ടാക്സി സർവ്വീസൊക്കെ നല്ലതായിരിക്കാം. പക്ഷേ നമുക്ക് അതൊന്നും ശരിയാകില്ല. നീ ഞങ്ങൾ പറയണതുപോലെ ചെയ്യ്. ഞാൻ വിചാരിച്ചാൽ വളരെ എളുപ്പത്തിൽ SUB-WAY യിൽ ജോലി കിട്ടും.” (അവർക്കു രണ്ടുപേർക്കും SUB-WAY-യിൽ ആയിരുന്നു ജോലി. SUB-WAY എന്നുപറഞ്ഞാൽ ന്യൂയോർക്കിലെ റെയിൽവേ സിസ്റ്റം)

ഇത്രയുംനാൾ റെസ്റ്റോറന്റ് ഫീൽഡുമായി നടന്നിട്ട് യാതൊരു ബന്ധവുമില്ലാത്ത റെയിൽവേയിൽ ജോലിക്കു കയറുക എന്നത് എനിക്കു ചിന്തിക്കാൻ പോലും പറ്റാത്തതായിരുന്നു. അങ്ങിനെ ഞാൻ ഫാസ്റ്റ് ഫുഡിൽ പ്രമുഖരായ, ബർഗർ കിംങ്ങ്, റോയ്–റോജേഴ്സ് എന്നിവിടങ്ങളിൽ ജോലിക്കു ശ്രമിച്ചു. എന്റെ മുൻകാല പരിചയംകൊണ്ട് അപേക്ഷ കൊടുത്ത എല്ലായിടത്തുനിന്നും അനുകൂല മറുപടി ലഭിച്ചു. എന്നാൽ ഏറ്റവും കൂടുതൽ ശമ്പളം വാഗ്ദാനം ചെയ്ത ബർഗർ കിംഗ്സിൽ ജോലിക്കുകയറാൻ ഞാൻ തീരുമാനിച്ചു. ഫ്ളോറിഡായിലെ മയാമിയിൽ 7 ആഴ്ചത്തെ ട്രെയിനിങ്ങ്. അതിനുശേഷം ന്യൂയോർക്ക് Ossing ലെ ബർഗർ കിംഗ്സ് ചുമതല ഏറ്റെടുത്തു. എന്നെ സംബന്ധിച്ചിടത്തോളം വളരെ എളുപ്പമുള്ള ജോലി. ശനി, ഞായർ അവധി. കൂടാതെ മറ്റ് അവധികളും യാതൊരു ടെൻഷനുമില്ല. വീട്ടിൽ

നിന്നും Tappal-Zee Bridge ലൂടെയുള്ള ഡ്രൈവിങ്ങ് വളരെ രസകരമാണ്. അമേരിക്കയിൽ പഴക്കംചെന്ന SIN-SIN ജയിൽ ഉള്ളത് അവിടെയാണ്.

ബർഗർ കിംഗ്സിന്റെ കോർപ്പറേറ്റ് ഓപ്പറേഷനും ഫ്രാൻഞ്ചയ്സി ഡെവലപ്പ്മെന്റും എനിക്കു വളരെ താല്പര്യമുള്ളതായിരുന്നു. അതുകൊണ്ട് വളരെ ആത്മാർത്ഥമായി ജോലിചെയ്തു ഉടനെ മൾട്ടി യൂണിറ്റ് മാനേജറായി സ്ഥാനക്കയറ്റം കിട്ടി. എല്ലാ ഫ്രാൻഞ്ചയ്സികളിലും പോകണം. അവിടുത്തെ കാര്യങ്ങൾ നോക്കണം. യാത്ര കൂടുമെങ്കിലും ധാരാളം സമയം ഫ്രീ കിട്ടും. ആയിടയ്ക്കാണ് ഞാൻ താരാ ആർട്ട്സിലെ മിസ്റ്റർ വിജയനെ പരിചയപ്പെടുന്നത്. ടെലി കമ്മ്യൂണിക്കേഷൻ എഞ്ചിനീയർ ആയിരുന്നു വിജയേട്ടൻ.

വിജയേട്ടനായിരുന്നു അക്കാലത്ത് കേരളത്തിൽ നിന്നും പ്രശസ്തരായ സിനിമാ നടന്മാരേയും മിമിക്സ് കലാകാരന്മാരേയും അമേരിക്കയിൽ കൊണ്ടുവന്ന് സ്റ്റേജ്ഷോ നടത്തിയിരുന്നത്.

വളരെ താല്പര്യമുള്ള വിഷയമായിരുന്നതിനാൽ ഞാൻ വിജയേട്ടനുമായി സഹകരിക്കാൻ തുടങ്ങി. അങ്ങിനെയാണ് കിലുക്കം എന്ന സിനിമാ അമേരിക്കയിൽ എല്ലായിടത്തും ഞങ്ങൾ പ്രദർശിപ്പിച്ചത്. സാമ്പത്തികമായി നല്ല ഗുണം കിട്ടി.

ഇതറിഞ്ഞ് മാവേലിക്കരക്കാരനായ മോഹൻ, ഉറുമീസ് എന്നൊരാളുമായി കൂട്ടുചേർന്ന് മാവേലി സിനിമ എന്നൊരു പ്രസ്ഥാനം തുടങ്ങി.

സിനിമയുടെ കാര്യങ്ങളും, ഷോയുടെ കാര്യങ്ങളുടേയും ചുമതല പയ്യെ പയ്യേ എന്നെ ഏല്പിക്കാൻ തുടങ്ങി വിജയേട്ടന് ഫ്ളോറിഡായിലേക്കു താമസം മാറാനുള്ള ഉദ്ദേശമുണ്ടായിരുന്നതുകൊണ്ടാണ് എന്നെ ഏല്പിച്ചത്. അന്നു വിജയേട്ട

നോടു ഞാൻ പറഞ്ഞു എനിക്കൊരു സഹായിയെ കിട്ടിയാൽ നന്നായിരിക്കുമെന്ന്. അങ്ങിനെയാണ് എന്റെ ഉറ്റ സുഹൃത്ത് അഗസ്റ്റിനെ അമേരിക്കയിൽ കൊണ്ടുവരാനുള്ള എല്ലാ കാര്യങ്ങളും വിജയേട്ടൻ ചെയ്തത്.

നാലഞ്ചുതവണ വിസയ്ക്ക് അപേക്ഷിച്ചിട്ട് കിട്ടാതിരുന്ന അവസരത്തിലാണ് വളരെ എളുപ്പത്തിൽ അഗസ്റ്റിന് വിജയേട്ടൻ വിസ ശരിയാക്കിയത്.

അഗസ്റ്റിൻ വന്നതോടുകൂടി എനിക്ക് വളരെ ഉത്സാഹമായി. ആയിടയ്ക്കാണ് തമിഴ്നാട്ടിലെ പ്രമുഖ വ്യവസായി ടി.വി.എസ് അയ്യങ്കാർ ഷേണായിയുടെ മകൾ അനിത ലോകപ്രശസ്ത സിത്താർ മാന്ത്രികൻ രവിശങ്കറിന്റെ പ്രോഗ്രാം അമേരിക്കയിൽ അവതരിപ്പിക്കാനുള്ള സഹായം തേടിയത്. അമേരിക്കയിൽ ഉടനീളം ഞങ്ങൾ ഷോ സംഘടിപ്പിച്ചു. ഇതോടെ ഞങ്ങൾ അറിയപ്പെട്ടു തുടങ്ങി. പിന്നീട് ന്യൂജേഴ്സിയിൽ ട്രൈസ്റ്റാർ എന്ന മലയാളി സ്റ്റോർ നടത്തിയിരുന്ന സുനിൽ ഈശോയും, മാവേലി മനോഹനനും, അഗസ്റ്റിനും കൂടി ടി.കെ.ആർ. കേബിളിൽ കൂടി പ്രധാന വാർത്തകൾ, നിങ്ങൾ ആവശ്യപ്പെട്ട ചലച്ചിത്ര ഗാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രോഗ്രാം തുടങ്ങി. മോഹനനാണ് വാർത്ത വായിക്കുന്നത്. നല്ല രീതിയിൽ ഈ പ്രോഗ്രാം നടന്നു വന്നു. ജോലിസംബന്ധമായ യാത്ര ഉണ്ടായിരുന്നെങ്കിലും ഞാനും ഇതിൽ വളരെ സജീവമായിരുന്നു.

ആനിയേയും മക്കളേയും, തനിച്ചാക്കിയിട്ടായിരുന്നു ഇതിന്റെയൊക്കെ പുറകേ നടന്നിരുന്നതെങ്കിലും അച്ചാച്ചൻ വീട്ടിൽ ഉണ്ടല്ലോയെന്ന ഒരു ആശ്വാസം ഉണ്ടായിരുന്നു എനിക്ക്. ഒരുദിവസം വീട്ടിൽ ചെല്ലുമ്പോൾ അച്ചാച്ചന് ഒരു ശ്വാസതടസം. മുഖത്ത് വല്ലാത്ത നീരും കണ്ടു. അച്ചാച്ചൻ അതത്ര കൂട്ടാക്കിയില്ല. പക്ഷേ ആനി പറഞ്ഞു ഇതെന്തോ പ്രശ്നമാണെന്ന്. അച്ചാച്ചന്റെ എതിർപ്പ് വകവയ്ക്കാതെ അച്ചാച്ചനെ ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്തു. പരിശോധന

കഴിഞ്ഞു ഡോക്ടർ പറഞ്ഞു ശ്വാസനാളത്തിൽ ക്യാൻസ റാണെന്ന്. ഉടൻ കീമോയും, മറ്റു ചികിത്സകളും തുടങ്ങണ മെന്നും ഡോക്ടർ നിർദ്ദേശിച്ചെങ്കിലും അച്ചാച്ചൻ പറഞ്ഞു പ്രാഥമിക ചികിത്സ മാത്രം മതിയെന്ന്. ഇവിടെ രോഗിയോടു ഡോക്ടർ രോഗവിവരം മറച്ചുവച്ചു സംസാരിക്കുന്ന പരി പാടി ഇല്ല.

അച്ചാച്ചൻ മരണം മുന്നിൽക്കണ്ടിരുന്നു. അല്ലെങ്കിൽപ്പിന്നെ പ്രാഥമിക ചികിത്സ മാത്രം മതിയെന്നു പറയില്ലായിരുന്നു. ജോലിയുണ്ടായിരുന്നതിനാൽ ഇൻഷുറൻസ് തുകയുടെ കാര്യം സംസാരിക്കാൻ അതു കൈകാര്യം ചെയ്തിരുന്ന Derrick-Hott നെ വിളിച്ചുവരുത്തി കാര്യങ്ങൾ സംസാരിക്കുക. നിർബന്ധപൂർവ്വം എന്നേയും, ആനിയേയും വിളിച്ചുകൊണ്ടു പോയി വീടിനടുത്തെ തടാകത്തിനോടു ചേർന്നുള്ള സിമിത്തേരി ചൂണ്ടിക്കാട്ടി എന്നെ ഇവിടെ അടക്കം ചെയ്താൽ മതി യെന്നു പറയുക. ഇതെല്ലാം തൊട്ടരുകിൽ മരണം കാത്തുനില്പുണ്ട് എന്ന് അറിയാവുന്നതുകൊണ്ടു മാത്രമാണ്.

1994 നവംബർ 24 ന് യാത്ര പറഞ്ഞ് അച്ചാച്ചൻ പോയി. ഇരുട്ടിന്റെ വാതിൽ തുറന്നെത്തുന്ന വെളിച്ചംപോലെ അച്ചാച്ചനെക്കുറിച്ചുള്ള ഓർമ്മകൾ, എന്റെ മനസിൽ വന്നു നിറഞ്ഞു.

ഇന്ന് ഇതെല്ലാം ഓർക്കുമ്പോൾ മനസിലൊരു തേങ്ങൾ ഓർമ്മകൾ ഓടിയെത്തുന്നു. അതെനിക്കു കേൾക്കാം. ആ ശബ്ദം എന്റെ ചെവിയിൽ മുഴങ്ങിത്തുടങ്ങി. അച്ചാച്ചൻ ഇപ്പോഴും എന്നോടൊപ്പം ഉണ്ടെന്ന തോന്നൽ മാത്രം മതി എനിക്കു മുന്നോട്ടുള്ള യാത്രയിൽ.

●

# 19

***ഞാനും, ദിലീപും, നാദിർഷായും കൂടി ഈ പ്രോഗ്രാമിനു വരട്ടേ.***

**പ്ര**ശസ്ത സിനിമാ സംവിധായകൻ ഭരതൻ സംവിധാനം ചെയ്യുന്ന ഒരു മെഗാഷോ വിജയേട്ടൻ പ്ലാൻ ചെയ്യുന്നു. അതിന്റെ കാര്യങ്ങൾക്കുവേണ്ടി എറണാകുളത്ത് ജോസ് ഗ്രാഫിക്കിന്റെ പരസ്യകമ്പനിയുടെ ഓഫീസിൽ ഇരിക്കുമ്പോൾ കലാഭവനിലെ കെ.എസ്. പ്രസാദിനെ കണ്ടു. പ്രസാദു പറഞ്ഞു:– ഞാനും, ദിലീപും, നാദിർഷായും കൂടി ഈ പ്രോഗ്രാമിനു വരട്ടേയെന്നു ചോദിച്ചു. എന്റെ ചേട്ടന്റെ ഉറ്റ സുഹൃത്തിന്റെ അളിയനാണ് കെ.എസ്. പ്രസാദ്. അച്ചാച്ചന്റെ സുഹൃത്തിന്റെ മകനാണു ദിലീപ്. ദിലീപ് എന്റെ വീടിന്റെ അടുത്താണു താമസം. പറ്റില്ലെന്നു പറയാൻ ഒരു വിഷമം. ശരി ആലോചിക്കാമെന്നു പറഞ്ഞു പിരിഞ്ഞു. ഇവിടെ വന്ന് വിജയേട്ടനോടു പറഞ്ഞപ്പോൾ ഇത്രയധികം സിനിമാതാരങ്ങൾ ഉള്ളപ്പോൾ പിന്നെ എന്തിനാണ് ഇവരേയും കൊണ്ടുവരുന്നതെന്നു ചോദിച്ചു. പക്ഷേ... എന്റെ നിർബന്ധത്തിനു വഴങ്ങി വിജയേട്ടൻ എതിരൊന്നും പറഞ്ഞില്ല. അങ്ങിനെ അവരെല്ലാം അമേരിക്കയിൽ എത്തി. നാദിർഷായും, ദിലീപും ചേർന്നാണ് ഐറ്റംസ് പ്ലാൻ

ചെയ്തിരുന്നത്. ഫ്രീ ആയി ഇരിക്കുന്ന സമയത്ത് ഇവർ എന്റെയൊപ്പം ബർഗർ കിംഗ്സിൽ വരും. അങ്ങനെ കാറിൽ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ, ദിലീപും നാദിർഷായും പറഞ്ഞു:–

"സണ്ണിച്ചേട്ടാ.... ഞങ്ങൾ ആലോചിക്കുകയാണ് തിരിച്ചു പോകാതെ ഇവിടെയങ്ങു കൂടിയാലോയെന്ന്....!"
"അതിനെന്താ? കൂടിക്കോ". രണ്ടുപേർക്കും ഞാൻ ജോലിയും ശരിയാക്കിത്തരാം. എന്താ പോരേ....? ദിലീപിനു സന്തോഷമായി. ഇതിനിടയിൽ ഞാൻ മനസിൽ പ്ലാൻ ചെയ്തു ഇവർക്കുള്ള ജോലിയെക്കുറിച്ച്.
ഞാൻ പറഞ്ഞു:–
"ദിലീപേ.... മിമിക്സും മറ്റുമായി നിങ്ങൾ നാട്ടിൽ പയ്യെ പയ്യെ കാലുറപ്പിച്ചു വരുകയല്ലേ...? നല്ലൊരു ഭാവി ഉള്ളവരല്ലേ നിങ്ങൾ...?"
"മിമിക്രിയും കളിച്ചു നടക്കുന്ന ഞങ്ങൾക്കെന്തു ഭാവിയാണു ചേട്ടാ ഉള്ളത്. എങ്ങിനേയും രക്ഷപ്പെടണം".
അന്നു വൈകിട്ട് വീട്ടിൽ എത്തിയ ഉടൻ ദിലീപിനു പെട്രോൾ പമ്പിലും, നാദിർഷായ്ക്ക് ഗ്രോസറി കടയിലും ജോലി ശരിയാക്കി വച്ചു. തിരിച്ചുപോകേണ്ട ദിവസം എത്തി. ഞാൻ ദിലീപിനോടു പറഞ്ഞു:–
"പറഞ്ഞപോലെ രണ്ടുപേർക്കും ജോലി ശരിയാക്കിയിട്ടുണ്ട്. നിങ്ങൾ റെഡിയല്ലേ..."?
"അല്ല സണ്ണിച്ചായാ... ഇപ്പഴും ഒരു തീരുമാനത്തിലെത്താൻ പറ്റണില്ല....."!
"എന്നാ. ഞാനൊരു കാര്യം പറയട്ടേ...? തല്ക്കാലം നിങ്ങൾ തിരിച്ചു പൊയ്ക്കോ. അമേരിക്ക എന്നും ഇവിടെ ഉണ്ടാകും. നാട്ടിൽ പറ്റിയില്ലെങ്കിൽ തിരിച്ചുപോര്.എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്തോളാം. എന്താ പോരേ..?"അവർ നാട്ടിലേയ്ക്കു പോയി. നാളുകൾക്കുശേഷം നാദിർഷായുടെ ഫോൺവ

ന്നു. ദിലീപ് മാനത്തെ കൊട്ടാരം എന്ന സിനിമയിൽ നായക നായി അഭിനയിക്കുന്നുവെന്ന്. പിന്നങ്ങോട്ട് ദിലീപിനെ ഒന്നു ഫോണിൽപോലും കിട്ടാത്ത അവസ്ഥവന്നു. അമേരിക്കയിൽ വന്ന് ഞങ്ങളെയൊക്കെ കുടുകുടാ ചിരിപ്പിച്ചു നടന്ന ദിലീ പിനും മാനസിക വിഷമം. ഒന്നു രക്ഷപെടാൻ പറ്റിയില്ലല്ലോ എന്ന്. നായകനായി അഭിനയിക്കുന്നു എന്നു കേട്ടപ്പോൾ പെട്ടെന്ന് എന്റെ മനസിൽ ഓടിയെത്തിയത് സുപ്രസിദ്ധ സിനി മാതാരം ചാർലി ചാപ്ലിന്റെ കഥയാണ്. ചാപ്ലിൻ സിനിമാരംഗത്ത് വരുന്നതിനു മുൻപ് വളരെ വിഷമിച്ച് വിഷാദനായി ലണ്ടനിൽ താമസിക്കുന്ന സമയം. മാനസിക പ്രയാസത്തിനു പരിഹാരം തേടി അദ്ദേഹം ഒരു ഡോക്ടറെ സമീപിച്ചു. ചാപ്ലിൻ എല്ലാ വിവരവും തുറന്നുപറഞ്ഞു. ഇതുകേട്ട ഡോക്ടർ പറഞ്ഞു:- നിങ്ങൾക്കിപ്പോൾ മനസിനു സന്തോഷമാണുവേണ്ടത്. വിക്ടോറിയ ടെർമിലിനു സമീപം എല്ലാ ശനിയാഴ്ചയും ഒരാൾ കോമഡിഷോ അവതരിപ്പിക്കുന്നുണ്ട്. നിങ്ങൾ കുറ ച്ചുനേരം അതുപോയി കണ്ടാൽ നിങ്ങളുടെ എല്ലാ പ്രയാസ ങ്ങളും മാറും.

ഡോക്ടറിന്റെ മുന്നിൽ വിഷാദനായി ഇരുന്ന ചാപ്ലിൻ പറഞ്ഞു:- ഡോക്ടർ വിക്ടോറിയ ടെർമിലിനു മുന്നിൽ എല്ലാ ശനിയാഴ്ചയും കോമഡിപ്രോഗ്രാം അവതരിപ്പിക്കു ന്നത് ഞാനാണ്.

ജനശ്രദ്ധ നേടാൻ സാധിക്കുന്ന പ്രോഗ്രാമുകളാണ് വിജ യേട്ടൻ അമേരിക്കയിൽ കൊണ്ടുവന്നിരുന്നത്. പള്ളിക്കാ രൊക്കെ ഷോ നടത്തി കാശുണ്ടാക്കാൻ വിജയേട്ടനെ സമീ പിക്കും.

അങ്ങിനെയിരിക്കെ മമ്മൂട്ടിയുടെ ഒരു മെഗാഷോ വിജയേട്ടൻ അനൗൺസു ചെയ്തു. മറ്റു ചില സാങ്കേതിക കാരണങ്ങളാൽ ഷോ മാറ്റി വക്കേണ്ടിവന്നു. അങ്ങിനെ ഒരുദിവസം വിജയേട്ടൻ എന്നെ വിളിച്ചു പറഞ്ഞു:-

സണ്ണീ..... നിന്റെ സുഹൃത്താണല്ലോ ദിലീപ്. നീ ദിലീപുമായി സംസാരിച്ച് പള്ളിക്കാർക്കുവേണ്ടി ഒരു പ്രോഗ്രാം കോ–ഓ ഡിനേറ്റു ചെയ്യണം.
വിജയേട്ടാ.... തലയിരിക്കുമ്പോ, വാല് ആടുന്നത് ശരിയാ ണോ...?
തല പറഞ്ഞാൽ ചിലപ്പോ വാല് ആടേണ്ടിവരും. നീ എത്രയും പെട്ടെന്ന് വേണ്ട ഏർപ്പാട് ഉണ്ടാക്ക്.
ഞാൻ ഉടനേ ദിലീപുമായി സംസാരിച്ചു.
സണ്ണിച്ചേട്ടാ... ഇപ്പോ ഇവിടന്നു മാറിനിൽക്കാൻ ഒരു നിർവ്വാ ഹവുമില്ല. നല്ല തിരക്കായി വരുന്നു. മാത്രമല്ല ഇപ്പോൾ എനിക്ക് ഒരു ടീമിനെ സംഘടിപ്പിക്കുക എന്നത് അത്ര എളുപ്പമല്ല. സണ്ണിച്ചായൻ ഒരു കാര്യം ചെയ്യ്. നമ്മുടെ കെ.എ സ്. പ്രസാദുമായി സംസാരിച്ച് കലാഭവനെ കൊണ്ടുവരുന്ന കാര്യം ആലോചിക്ക്.
അങ്ങിനെ ഞാൻ നാട്ടിൽച്ചെന്നു കെ.എസ്. പ്രസാദിനേയും കൂട്ടി കലാഭവനിൽചെന്നു ആബേലച്ചനെകണ്ടു സംസാരിച്ചു.
“മോനെ സണ്ണീ.. നടക്കില്ല. ഞാൻ ഇതിനു മുമ്പ് കുറച്ചു പേരെയും കൊണ്ട് അമേരിക്കയിൽ ഒരു ഷോയ്ക്കു പോയി. അതിൽ പലരും അവിടെ മുങ്ങി. അതു കാരണം ഇനി വിസയെന്നും പറഞ്ഞ് കോൺസുലേറ്റിൽ പോകാൻ പറ്റില്ല. അവർ വിസ തരില്ല”.
“അച്ചോ... അച്ചൻ ഒന്നുകൊണ്ടും വിഷമിക്കണ്ടാ വിസയുടെ കാര്യങ്ങളെല്ലാം ഞാൻ ഏറ്റു”.
അന്ന് കലാഭവന്റെ എല്ലാ കാര്യവും നോക്കി നടത്തിയിരുന്നത് ഷേർലിയാണ്. ഇത്രയും നല്ല ഒരു അഡ്മിനിസ്ട്രേറ്ററെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. സൗമ്യമായ പെരുമാറ്റം. സം സാരം എല്ലാം എന്നെ വല്ലാതെ ആകർഷിച്ചു.
ഞാൻ ഉടൻ വിജയേട്ടനെ വിളിച്ചു കലാഭവന്റെ കാര്യം പറഞ്ഞു. സന്തോഷമായി. അങ്ങനെ വൈദ്യനാഥ അയ്യരുമായി കൂട്ടു ചേർന്ന് ഈ പ്രോഗ്രാം ചെയ്യാൻ തീരുമാനിച്ചു. ഷേർലിയോട് പ്രതിഫലത്തുക സംസാരിച്ചപ്പോൾ എല്ലാം പ്രസാദു പറയുമെന്നു

പറഞ്ഞു. അതനുസരിച്ച് ഞാൻ കെ.എസ്. പ്രസാദിനോട് ചോദിച്ചു. ട്രൂപ്പിന്റെ എല്ലാ ചിലവുകളും കഴിച്ച് ഒരു പ്രോഗ്രാമിന് 50,000 രൂപ. കൊള്ളാമല്ലോയെന്നു ഞാൻ മനസിൽ വിചാരിച്ചു.

പ്രസാദു മുഖാന്തിരം ദുബായിൽ സെറ്റിൽ ചെയ്തിരിക്കുന്ന ലെൻസ്മാൻ ഷൗക്കത്തിനേയും കൂട്ടി. പ്രോഗ്രാമിന്റെ വിശേഷങ്ങളും, അമേരിക്കൻ യാത്രയും വീഡിയോയിൽ പകർത്തി കാസറ്റ് വിൽക്കാം എന്ന ഉദ്ദേശമായിരുന്നു എനിക്ക്. അങ്ങനെ ഷേർലിയുമായി സഹകരിച്ച് എല്ലാവരുടേയും പേപ്പർ വർക്കുകൾ ശരിയാക്കി. മദ്രാസിൽ പോയി. 22 പേർ അടങ്ങുന്ന സംഘത്തിനു വിസയും ശരിയാക്കി. എന്റെ സുഹൃത്ത് അഗസ്റ്റിനാണ് ഷോകൊണ്ടു നടക്കുന്നതും, മാനേജ് ചെയ്യുന്നതും. ജോലിത്തിരക്കിനിടയിലും ഞാൻ മിക്ക പ്രോഗ്രാമുകളിലും പങ്കെടുത്തിരുന്നു. ഓരോ പ്രോഗ്രാമിനും ജനം ഇരച്ചുകയറുന്ന കാഴ്ചയാണു ഞാൻ കണ്ടത്. പരിപാടി വൻ വിജയം. ആബേലച്ചന്റെ പരിശുദ്ധാത്മാവേ നീയെഴുന്നുള്ളി... എന്ന ഗാനം ജിമ്മി പാടുമ്പോൾ ഓഡിറ്റോറിയം മുഴുവൻ ആത്മീയ നിർവൃതിയിലായിരുന്നു. കലാഭവൻ നവാസിന്റെ കുസൃതി ചോദ്യങ്ങളും, സദസിൽ ഇരിക്കുന്നവരുടെ അടുത്തുചെന്ന് അവരുടെ ഇഷ്ടഗാനങ്ങൾ ചോദിക്കലും ഗാനം ആവശ്യപ്പെട്ടവരെ സ്റ്റേജിലേക്ക് കൂട്ടിക്കൊണ്ടു വരലും എല്ലാം നല്ല രസമായിരുന്നു.

അഞ്ചാറു ഷോ കഴിഞ്ഞപ്പോൾ ഒരുദിവസം ഞാൻ ആബേലച്ചനെ കാണാൻ ചെന്നു. എന്നെ കണ്ടമാത്രയിൽ അച്ചൻ പറഞ്ഞു:–

“ങാ... സണ്ണി.... ഞാൻ നിന്നെയൊന്നു കാണാൻ ഇരിക്കുകയായിരുന്നു. ഈ ഹോട്ടലിലെ ഭക്ഷണം എനിക്കത്ര പിടിക്കിണില്ല. നമ്മുടെ നാട്ടിലെ ചോറും കറിയും കിട്ടാനെന്താ ഒരു മാർഗ്ഗം അതു കിട്ടുന്ന കട വല്ലതും ഉണ്ടോ...”?

“എന്റെ വീട്ടിലേക്കു വന്നാൽ അച്ചനു ഇഷ്ടപ്പെട്ട ചോറും

കറിയും എല്ലാം ഉണ്ടാക്കിത്തരാം”.
“എന്നാൽ അങ്ങിനെ ആകാം. ഞാൻ വരാം”. അങ്ങിനെ ഞാനും അച്ചനുംകൂടി കാറിൽ എന്റെ വീട്ടിലേയ്ക്കുള്ള യാത്രയിൽ നാട്ടുവിശേഷങ്ങൾ ഒക്കെ പറയുന്ന കൂട്ടത്തിൽ പറഞ്ഞു.
“നമ്മുടെ മേരിച്ചേടത്തിയുണ്ടല്ലോ...? അവിടെ അടിയ്ക്കാനും, തൂക്കാനും ഒക്കെവരുന്ന ചേടത്തി. അവരാ എനിക്കു ചന്ദ്രനെ പരിചയപ്പെടുത്തി തന്നത്. അവൻ നല്ലൊരു ഉപകാരിയാ. രണ്ടുദിവസം കൂടുമ്പോ കൂടുമ്പോ അവൻ എന്നെ കാണാൻവരും, ഞാനൊരു 20 രൂപ എടുത്ത് അവനു കൊടുക്കും. അവൻ എനിക്കൊരു മരുന്നു വാങ്ങിക്കൊണ്ടു വന്നുതരും. 18 രൂപയേ അതിനു വിലയുള്ളു. ബാക്കി രണ്ടുരൂപ അവനെടുക്കും. എന്തെങ്കിലുമാകട്ടേയെന്നു കരുതി ബാക്കി ഞാൻ ചോദിക്കാറില്ല. ഭക്ഷണം കഴിക്കുന്നതിനു മുൻപ് അതു രണ്ട് ഔൺസ് കഴിച്ചാൽ നല്ലതാ. നല്ല ഉറക്കം കിട്ടുമെന്നു മാത്രമല്ല വയറ്റിലെ സ്തംബനവും മാറിക്കിട്ടും. ഹണീബി എന്നാ അതിന്റെ പേര്”.
“അതു ബ്രാണ്ടിയല്ലേ...? അത് ഇവിടെ കിട്ടില്ല”.
“ഇല്ലാ... അതുതന്നെ വേണമെന്നില്ല. അതുപോലെയുള്ള എന്തെങ്കിലും ആയാലും മതി. പിന്നെ വാങ്ങുമ്പോൾ 18 രൂപയുടെ കുപ്പി വാങ്ങണ്ടാ. കുറച്ചു വലുതു വാങ്ങിച്ചോ. ചിലപ്പോ എല്ലായിടത്തും അതു കിട്ടിയെന്നു വരില്ല”.
“അച്ചോ... ഇത് അമേരിക്കയാണ്. എനിക്ക് ഒരു കുപ്പി ബ്രാണ്ടിയോ, വിസ്ക്കിയോ വേണമെന്നു പറഞ്ഞാൽപ്പോരെ. ഞാൻ വാങ്ങിത്തരില്ലേ.....? അതിന് ഇങ്ങനെയൊക്കെ പറയേണ്ട ആവശ്യമുണ്ടോ....”?
പോകുന്നവഴി വണ്ടി നിർത്തി രണ്ടുമൂന്നു കുപ്പി നല്ലയിനം ബ്രാണ്ടി വാങ്ങി അച്ചനു കൊടുത്തു. വീട്ടിൽച്ചെന്നു അതീന്നു രണ്ടുമൂന്നു പെഗ്ഗും ഭക്ഷണവും കഴിച്ച് അച്ചൻ സുഖമായി ഉറങ്ങി. രാവിലെ എഴുന്നേറ്റുവന്ന അച്ചൻ പറഞ്ഞു: “എന്താ ഒരു ഭംഗി ഇവിടെയൊക്കെ കാണാൻ. പച്ചപ്പരവധാനി വിരിച്ചതു

പോലുണ്ട്. കേട്ടോ സണ്ണീ നമ്മുടെ നാട്ടിൽ മൂന്നാറിൽ ഇങ്ങനെയാ. നല്ല പച്ചപ്പുള്ള ധാരാളം ചെടികളുണ്ട്. അവിടെ ഉള്ളവർ രാവിലെ ചെടിയുടെ കിളിന്തു നുള്ളിയെടുത്ത് ഉണക്കി പൊടിച്ച് ചൂടുവെള്ളത്തിൽ ഇട്ടുകുടിക്കും. രാവിലെ അതു കഴിക്കുന്നതു നല്ലതാ. ഒരു ഉഷാറ് കിട്ടും".
"ചായയുടെ കാര്യമല്ലേ അച്ചൻ പറയണത്...?
"അതേ... അമേരിക്കയിൽ അങ്ങിനെ കഴിക്കാറുണ്ടോ"?
"എന്റെ അച്ചോ ലോകത്ത് എവിടേയും രാവിലെ എല്ലാവരും ചായകുടിക്കും. ഒരു ചായ വേണമെന്നു പറഞ്ഞാൽപ്പോരെ. അതിനു മൂന്നാറും, കിളിന്തിന്റേയും കഥ പറയുന്നത് എന്തിനാ...?"
"അല്ല സണ്ണീ.... ഇവിടെ അങ്ങിനെ ഇല്ലങ്കിൽപ്പിന്നെ...."
എനിക്കു ചിരിവന്നു. താഴേ കിച്ചണിൽപോയി അച്ചനു നല്ലൊരു ചായ ഉണ്ടാക്കിക്കൊണ്ടുവന്നു.
"ങാ... ഇതു നന്നായിട്ടുണ്ടല്ലോ...? ആരാ ഭാര്യയാ ഇതുണ്ടാക്കിയത്...?"
"അല്ല ഞാനാ". "അപ്പോൾ ഭാര്യ..."?
"അവള് ജോലി കഴിഞ്ഞ് ഉച്ചക്കേ വരൂ"
"അതു ശരി... ഭർത്താക്കന്മാർക്ക് ഭാര്യയല്ലേ രാവിലെ ചായ ഉണ്ടാക്കി കൊടുക്കേണ്ടത്".
ആ യാത്രയിൽ ആബേലച്ചന്റെ രണ്ട് ആഗ്രഹങ്ങൾ പൂർത്തിയായി. ഒന്ന് നല്ല രീതിയിൽ ഒരു പ്രോഗ്രാം നടത്തുക എന്നത്. രണ്ടാമത്തേത് ജിമ്മിയും ഷേർലിയുമായുള്ള വിവാഹം. ഞങ്ങൾ എല്ലാവരുംകൂടി അമേരിക്കയിൽ വച്ച് ഇവർക്ക് വിവാഹ മംഗളാശംസകൾ നേർന്നു.
നാളുകൾക്കുശേഷം അഗസ്റ്റിൻ, വൈദ്യനാഥനുമായി ചേർന്ന് കലാഭവൻ യു.എസ്.എ. എന്ന പേരിൽ കാസറ്റ് പ്രകാശനം ചെയ്തു. വീഡിയോ റാഫയാണ് കാസറ്റ് പ്രകാശനം ചെയ്തത്.

●

# 20

***വേൾഡ് ട്രേയ്ഡ് സെന്റർ***

**2001 സെപ്റ്റംബർ**, 11ലെ അമേരിക്കൻ വേൾഡ് ട്രെയ്ഡ് സെന്റർ ആക്രമണം പലതരത്തിലുള്ള പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചത്. ഒന്നാമതായി സാമ്പത്തിക അടിത്തറ ഇളകി. ന്യൂയോർക്ക് സ്തംഭിച്ചു. ജനങ്ങൾക്ക് പരസ്പര വിശ്വാസം നഷ്ട്ടപ്പെട്ടു. എവിടെയെങ്കിലും ഒരു ഒച്ചകേട്ടാൽ എല്ലാവരും പേടിച്ചു വിറയ്ക്കും. തപാലിലൂടെ കണ്ടുപിടിച്ച വെളുത്ത പൊടി അതിലും ഭയാനകമായൊരു അന്തരീക്ഷമാണ് സൃഷ്ടിച്ചത്. വേൾഡ് ട്രെയ്ഡ് സെന്റർ നിലകൊള്ളുന്നത് ലിബർട്ടി സ്ട്രീറ്റിലാണ്. അതിന് തൊട്ടടുത്താണ് ഞാൻ ജോലിചെയ്യുന്ന ബർഗർ കിംഗ്സ് എന്ന റസ്റ്റോറന്റ്. മൂന്ന് നിലയിൽ പ്രവർത്തിക്കുന്ന വലിയ തിരക്കുള്ള റസ്റ്റോറന്റ്. മൻഹട്ടൻ ലോകത്തിലെ ഏറ്റവും തിരക്കുള്ള നഗരമാണ്. അവി ടെയുള്ള ബർഗർ കിങ്ങ്സിന്റെ എല്ലാ റെസ്റ്റോറന്റുകളും നല്ല രീതിയിൽ നടത്തികൊണ്ട് പൊകേണ്ട ചുമതലയായിരുന്നു അന്നെനിക്ക്.

ഈ ആക്രമണം നടന്ന ദിവസം ബർഗർ കിംഗ്സിന്റെ ഹെഡ് ഓഫീസായ ഫ്ളോറിഡായിൽ നിന്നും വരുന്ന സി എഫ് ഒ യെ ലഗ്ഗ് വാർഡിയ എയർപോർട്ടിൽനിന്നും പിക് ചെയ്ത് മൻഹാട്ടിനിലേക്കു വരുന്ന വഴി ഞാൻ ജോലി ചെയ്യുന്ന ലിബർട്ടി സ്ട്രീറ്റിലുള്ള ബർഗർ കിംഗസ് റെസ്റ്റോ റന്റ് മാനേജർ മിസ് ബ്രൺഡാഹാഡ്ഗ്രോയുടെ ഒരു ഫോൺ വന്നു.

വേൾഡ് ട്രെയ്ഡ് സെന്ററിന് എന്തോ സംഭവിച്ചു. ജനങ്ങളെല്ലാം പരക്കം പായുകയാണ്. പെട്ടെന്ന് എന്റെ മനസ്സിലേക്ക് ഓടിയെത്തിയത് 1990ൽ ഇതുപോലെ ഒരു വാനിൽ ബോംബ് ഭീഷണിയുണ്ടായപ്പോൾ പരിഭ്രാന്തരായി ജനം പേടിച്ച് പരക്കം പാഞ്ഞതുപോലെയായിരിക്കുമെന്നാണ് കരുതിയത്.

അന്നും തുടർന്നുള്ള ദിവസങ്ങളിലും ഞാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ന്യൂയോർക്കിൽ നിന്ന് ഇറങ്ങുന്ന പല പത്രങ്ങളിലും വാർത്ത വന്നു. ഒരു പ്രമുഖ മാഗസിനിൽ വന്ന വാർത്ത ഇതോടൊപ്പം ചേർക്കുന്നു.

# When called by his country

## this Rockwall restaurateur stepped in to servew

by Peggy-Helmic Richardson

Visitors to India Garden in Garland are treated to an array of sensory delights. Visually, the restaurant is adorned in opulent oranges, golds and browns that relax as well as pamper. Ragas performed on the sitar by India's musical icon Ravi Shankar play in the background. And of course, there are the luscious smells and tastes of garlic, onion and ginger to tantalize the hungry.

As customers rise to leave, owner Maliakel Sunny of Rockwall makes it a point to address them, thanking them for coming and wishing them well. Sunny, as he is called by friends, has put significant effort into providing a charming environment for not only his diners but, for staff and himself as well. This is a well-deserved reward for a man who witnessed, up close, one of the most horrifying moments in American history, but also participated in one of this country's most notable times of selfless sacrifice.

Hanging at the entrance of India Garden is a letter from the chairman/ CEO/president and the chief operation officer of Burger King Corporation. Their message lauds Sunny for his "efforts to assist with the relief efforts associated with the September lith attack on america," and continues, Throughout this tragedy, many heroes emerged. We are proud to say that you are one of them. Thank you.

On September ll, 2001, Sunny was a business manager for Burger King, building and managing restaurants in Manhattan for the corporation. These included facilities located at 42nd and Seventh Streets, Rockefeller Center, 34th Street and Fifth Avenue, Maiden Lane, and Liberty Sreet, with the last two near the World Trade Center.

Born in the town of Cochin, in the state of Kerala, in southwestern India, in 1960, Sunny came to United States in 1983, after completing his bachelor's degree in economics. He was following his father, Maliakel Pailo, a veteran of both World War II and the Indian Ind pendence War, who had moved to the U.S. in the late 1970s and worked as an accountant in a Social Security supplemental office in New Jersey.

All of Sunny's i mediate family now lives in the United States, including a brother, two sisters, aunts, uncles and numerous cousins. He adds that his family has the rare distinction in that its history can be traced back to 62 CE and the Christian church the apostle SaintThomas established in Kerala at that time. "My family belongs to one of them," he points out. In Texas, the Sunny family belongs to Peace Way Community Church, in Garland.

After moving to the U.S., Sunny continued his education, earning another degree in health and food at Fairleigh Dickinson University in New Jersey. Over the years in America, both his personal life and career blossomed.

His wife Annie moved to the United States at the age of 19, after attending school for one year at Union Christian College in Kerala. After moving to this country, she continued her education at a community college, earning her nursing degree. Later, after she and Sunny married, she earned her bachelor's degree in nursing at the University of Medicine and Dentistry of New Jersey. With years of cardiac ICU experience, Annie currently works for Vibra Specialty Hospital in Dallas as a nursing supervisor for long-term acute care.

Sunny and Annie were wed in 1986, two years after she had arrived in the United States."It was an arrange marriage, but the families knew each other she explains, pointing out that they grew up in the same community. "I knew of him in high school but we were in a different grade," she notes.

In 1988 Annie earned her American citizenship; Sunny accomplished this milestone the following year. By this time, they also had become parents. Their daughter, Suzanne, is now in her second year of college at Texas A&M in Commerce, son, Zack, is a freshman at Texas Tech in Lubbock, and daughter, Tammi, is a junior at Rockwall High School.

But that day over. seven years ago when two Boeing 767 jets were flown into the North and South Towers of the World Trade Center, Suzanne, Zack and Tammi were in school together at St. Paul Inter-Parochial School in Ramsey, New Jersey. Their mother was at her job as a charge nurse in an intensive care unit in a New Jersey hospital. And as he did most days, their father Sunny was in Manhattan managing the many Burger Kings in this part of New York City.

"I was supposed to take a train and go downtown that day" Sunny states, Throughout this tragedy, many heroes emerged. We are proud to say that you are one of them- "but on September 10, I got a phone call from the corporate

office in Miami saying that I needed to pick up a visitor from Miami at the airport and show him some of the restaurants."

Sunny continues, "At 8:45,1 was at 34th and 5th Avenues with him in my car. That was the time of the first hit. I thought there was a fire." He explains that his initial misconception was because the plane hit the North Tower on the opposite side of the direction from which he was coming. As a result, all he could see was the smoke.

From the corner of 34th and 5th, Sunny points out that he was approximately 15 minutes from the World Trade Center. He also notes that this distance is "five minutes Texas time."

"I dropped my visitor off at 34th and 5th and told him to catch a cab and get to the airport." Sunny goes on to explain that his reason for doing this was multi-fold. Although at that time he suspected that the crisis was nothing more than a fire at the World Trade Center, he knew it still meant an impending and serious traffic tie up in Manhattan. His other reason for sending his visitor back to Miami was because his primary responsibility was to the Manhattan Burger Kings and the employees he managed, and he knew any crisis at the World Trade Center could seriously impact many of these re taurants.

At that same· time, Sunny received a phone call from one of his alarmed managers telling him that there was something wrong at the World Trade Center but that she was unsure of what the problem was.

So Sunny parked his car and went into his Burger King at 34th and 5th where he, along with other Burger King employees and customers could see on television what was happening at the World Trade Center.

Sunny knew then that the only course of action would be to evacuate the employees in the vicinity of the World Trade Center, particularly the restaurant. on Liberty that was

across the street from the complex on the south side and the other on Maiden Lane, two blocks away on the east side. He points out that each of those restaurants had over 30 employees. He also ordered the gas main valves be shut off as required during emergencies.

By this time, people on the street were beginning to panic and running to get away from the World Trade Center as quickly as possible. When all the restaurants were evacuated and secured, Sunny drove his car over the Tappan Zee Bridge, across the Hudson River. He estimates that by this time it was almost 7 p.m. Once he was on the other side of the bridge he waited for his managers. "I wanted to make sure all my people were safe and everybody made it through," he states, then adding, "Some had to walk 10 miles."

That day, Annie was at her job at the hospital, unable to leave. "I was in ICU and couldn't go and all the roads were blocked. We were all so worried!" All she could do was wait until she finally heard from her unaccounted-for husband.

"I did call the children's school," she admits. "I told them their father was okay. I lied to them because I didn't want them to get upset."

Sunny. was finally able to get a telephone call through to his wife around five o'clock that afternoon to let her know he was safe. He finally got back to his New Je sey home that night around 8:30.

But there was only a brief respite at home when his cell phone rang. "I got a phone call from a military officer," he recounts. "He said, tomorrow morning, seven o'clock, I have to report to 14th St. in Manhattan. I asked him 'What did I do" and he said, 'This is a govrn-ment order."

Because streets leading into Manhattan were shut down, on the morning of September 12, Sunny headed

to the New Jersey train station in hopes of finding some means to his mandated destination. There he found miiitary personnel, who when learning of Sunny's orders, arranged for transportation to the police precinct and military post on 14th Street. Dropped off here, Sunny then had to walk to his restaurant on Liberty, across from the southern side of the World Trade Center.

Hewds still uncertain as to why the military had ordered him back to Manhattan. As Sunny walked the streets he was aware that other than "thousands of uniformed people," this otherwise bustling area was deserted. He admits, "I was really nervous."

Sunny was relieved to leanrthat what was needed from him was knowledge of his Liberty Street Burger King building and the complex under ground system beneath his and adjacent structures. "This was the only building that was safe because of the location," he explains "They wanted to use it." But until Sunny arrived and went underground to shut off a broken water line, the building was unusable. He soon solved the problem and the military set up a vital monitoring station at what had been, the day before, a four-story Burger King.

Sunny points out that corporate Burger King' released him from all business obligations, freeing him up to do whatever was requested to help out.

Assigned to assist with services at the Liberty location, Sunny helped monitor the needs of the people working at Ground Zero, fielding calls for requests and seeing that supplies and equipment were delivered to appropriate locales. Tapping into his professional skill, Sunny was also given the responsibility of handing food service coordination.

He was also appointed to the duty of evidence collection.

"I had to number it, put it in a bag, seal it and write down any information there was about it,"he explains. For this job, the typical items he dealt with included "watches, jewelry, glasses, burned wallets ... "

Working for four straight days, Sunny declares, "On the 16th, I was burned out!" From that point on, he worked at the Liberty location, assisting the military during the day, but was allowed to return home in the evenings.

Annie confesses that she was .. sented to him that day, he also dismisses concerned about Sunny being in Manhattan those first days after the attack on the World Trade Center, but she also points out, "That was his job and he gives 100 percent."

"Those first four days, I found out how great people are," Sunny smiles. "I never saw such passionate work. I had to tell people not to work! If I asked for five generators, I got 20." He also points out that his New Jersey neighbors stepped in Manhattan without worry for their concerns.

Later, city officials had Sunny traveling to other cities in that region of the United States to share what he experienced on September ll and the days following, when he volunteered his services to help out near the attack site. "One day I went to six cities!" he comments, listing off Boston, Pittsburgh, Philadelphia, Baltimore, and smaller towns in New Jersey and Connecticut.

Sunny also recalls the day spent with representatives from the Federal Bureau of Investigation. After sharing his experience on September ll with the agents, they questioned him on his job experience and knowledge of other business people in the general vicinity of his restaurants. 'They asked me what time the small vendors were supposed to be open and if anybody was purposely not opened," he recalls. "They also ... showed me satellite pictures on a big movie screen

to identify unknown people." He explains that these people captured on satellite cameras were acting in ways considered odd. "While the people around them were panicking, they were behaving nonchalantly ... eating peanuts and talking on cell phones where all this was going on."

Although he admits to being able 'to identify a few questionable issues pre-to help his family, freeing him up to help more in any requests for specifics with, "I'm not supposed to talk about them."

By October, Sunny's life was starting to settle back into a somewhat normal routine. The Maiden Lane restaurant had reopened with a policy of providing free food to any person in uniform. Because of its use by the military and proximity to the World Trade Center, th Liberty location did not open until the following spring.

Although Sunny soon went back to working his regular job with Burger King, hestill fielded occasional calls to answer questions. He explains that this was primarily because of his knowledge of the city due to his construction experience there. "Even after I was in Dallas a couple of years, someone from Manhattan would sometimes call me to ask questions," he states.

Burger King transferred Sunny to Texas in 2002. He explains, "There wasn't too much happening in Mahattan after September lith." The first year he commuted, leaving his family in New Jersey. They followed him to the Metroplex in 2003. "I liked Dallas and decided to stay," Sunny declares. "My relocation team helped me pick Rockwall because of the schools, the lake, and my wife liked the hospital." Rockwall also proved to be one of the more convenient locations in relation to the Burger Kings he was working with throughout the area.

He continued working with Burger King until 2005, when

the 18 corporate owned restaurants were sold. By this time, Sunny had been employed with the company for 15 years.

Rather than relocate again, Sunny took this change as an opportunity to open his own restaurant. He explains that soon after leaving Burger King, he and a partner started a restaurant in Addison. Deciding to open something closer to home, Sunny sold his share of his first restaurant to his partner and opened India Garden in Garland in 2006. The culinary emphasis at his establishment is on the Moghal cuisine of Northern India, utilizing the tandoor or clay oven with charcoal,but other regional foods are represented as well.

"I built a restaurant the way I want," Sunny asserts. He emphasizes that, in addition to quality food, a significant element to his own restaurant is cleanliness, from the kitchen to the bathrooms. He is not hesitant to show off any or all of India Garden to inquiring patrons. Because of his skills and experience, he also serves as a trainer and proctor/ instructor with ServSafe, which provides instruction and certification for the food industry.

Taking an active interest in his new community, Sunny is involved in several cul¬tural and social programs. As the North Texas representative of AsiaNet, which supports programs in his native Ma-layalam language, Sunny explains that AsiaNet broadcasts programming from Southern India to the U.S. He also points out that there are 13,000 households in North Texas that speak Malayalam.

In addition, Sunny recently became a member of the board of directors of the nonprofit Helping Hands Inc., based in Garland. He proudly notes that this organization, "dedicated to providing food, shelter, clothing, health care and education to the homeless and orphaned children" locally

as well as around the world, recently received 9.5 acres at 1600 Firewheel Parkway in Garland to build a new Global Community Center and Organic Garden that will serve as the headquarters for the organization. The groundbreaking for this facility is sched¬uled in September.

Sunny has been spared the health problems that some of the Sep¬tember llth volunteers have experienced. But he does admit, "When a loud noise comes, it scares me. That always hounds me He also declares that he has no inter¬est in visiting Ground Zero again.

One beneficial result from the experience that Sunny readily points out is that he sees more of the positive side in people. "Since that day, I have taken every day as a gift" he states. "I was worried too much about a lot things, but after this experience, I am more easy going.Today, I take time to say 'goodbye and take care."

●

# 21

*ഏഷ്യാനെറ്റും, പിന്നെ ഞാനും*

അങ്ങനെ ഭീതിജനകമായൊരു അന്തരീക്ഷം മൂലം ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ചത് നാട്ടിൽ നിന്നും അമേരിക്കയിലേക്കു വരാനായി നിൽക്കുന്നവർക്കു നേരിട്ട തടസ്സങ്ങളാണ്. മുൻപ് വിസയുടെ ഏർപ്പാടുകളെല്ലാം വളരെ എളുപ്പത്തിൽ സാധിച്ചിരുന്നെങ്കിൽ ഈ ആക്രമണത്തോടെ നിയമങ്ങൾ വളരെ കർശനമാക്കി. ബർഗർ കിംങ്സിലെ ബിസിനസ്സ് വളരെ മോശമായി. എന്നെ ടെക്സാസിലെ ബർഗർ കിംങ്സിലെ ഓഫീസിലേക്ക് മാറ്റി, ഒരു വർഷത്തെ ജോലിക്കിടയിൽ തിരക്കും ബഹളവുമൊന്നുമില്ലാതെ സ്വസ്ഥമായി ജീവിക്കാൻ പറ്റിയൊരു സ്ഥലമാണെന്നു മനസ്സിലായതോടെ ഞാൻ താമസം ടെക്സാസിലേക്കു മാറ്റി. ജോലിക്കിടയിൽതന്നെ ഞാൻ ഗാർലാന്റിൽ Curry/in/Hurry എന്നൊരു ഫാസ്റ്റ് ഫുഡ് കട തുടങ്ങി. അങ്ങനെ കുറെ സുഹൃത്തുക്കളെ കിട്ടി. അവരുടെ ആത്മാർത്ഥമായ സഹകരണമൂലം വിപുലമായ രീതിയിൽ ഇന്ത്യാ ഗാർഡൻ എന്ന ഇന്ത്യൻ റെസ്റ്റോറന്റ് തുടങ്ങാൻ സാധിച്ചു. ധാരാളം പേരെ അമേരിക്കയിൽ കൊണ്ടുവരാനും ജോലി കൊടുക്കാനും എനിക്കു സാധിച്ചു.

ആയിടയ്ക്കാണ് ബിജുമേനോൻ, പ്രശസ്ത സംവിധായകൻ രഞ്ജിത്, സംയുക്താവർമ്മ, ദിവ്യാ ഉണ്ണി, ലക്ഷ്മി

**ഗോപാലസ്വാമി, ബിജുനാരായണൻ, ജയരാജ് വാര്യർ, തുട ങ്ങിയവർ അണിനിരക്കുന്ന പ്രോഗ്രാം അമേരിക്കയിലെ പല ഭാഗങ്ങളിലും നടത്താൻ വിജയേട്ടൻ തീരുമാനിച്ചത്. ഇവരു ടെ വിസയുടെകാര്യങ്ങളെല്ലാം മാസങ്ങൾക്കു മുൻപേ ശരി യായിരുന്നതിനാൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. പക്ഷേ പ്രശ്നങ്ങൾ ഉണ്ടായത് ഇവിടെ വന്നതിനുശേഷമാണ്.**

**അതായത് ഡാലസിലെ മലയാളി അസോസിയേഷന്റെ പ്രോഗ്രാം കഴിഞ്ഞ് ഇവർ ന്യൂവാർക്ക് എയർപോർട്ടിലേക്ക് പോവുകയായിരുന്നു. എയർപോർട്ടിൽ വിമാനം ഇറങ്ങാൻ തുടങ്ങിയപ്പോൾ സംഘത്തിലെ ചിലർ വിമാനത്തിന്റെ ജന ലിലൂടെ താഴേക്കു നോക്കി. ഗൗരവമായി സംസാരിക്കുന്നതു കണ്ട് വിമാനത്തിലെ ഒരു യാത്രക്കാരിക്ക് ഭയമായി. ഭീകരപ്ര വർത്തനം നടത്താനുള്ള വല്ല പ്ലാനുമാണോ ഇവർ ആലോ ചിക്കുന്നതെന്ന സംശയം തോന്നിയ ഇവർ എയർഹോ സ്റ്റസിനെ വിവരം ധരിപ്പിച്ചു. ഇവർ ഉടൻ വൈമാനികനെ വിവരം ധരിപ്പിച്ചു. വൈമാനികൻ എയർപോർട്ടിലേക്കു സന്ദേശം അയച്ചു. നിമിഷങ്ങൾക്കകം ചോപ്പർ ഫ്ളൈറ്റ് (വി മാനത്തേയും, യാത്രക്കാരേയും നിരീക്ഷിക്കുന്ന പ്ലെയിൻ) സമാന്തരമായി പറന്നു. വിമാനം താഴെയിറങ്ങി. ഉടൻ ആയു ധധാരികളായ പോലീസുകാർ ഈ സംഘത്തെ വളഞ്ഞു. പേടിച്ച് അരണ്ടിരുന്ന ഇവരെ ഒരു പ്രത്യേക മുറിയിലേക്കു കൊണ്ടുപോയി. ഓരോരുത്തരെയായി മാറിമാറി ചോദ്യം ചെയ്തു. വിവരം അറിഞ്ഞ് നിമിഷങ്ങൾക്കകം വിജയേട്ടൻ സ്ഥലത്തെത്തി ഉദ്യോഗസ്ഥരെ കാര്യങ്ങൾ പറഞ്ഞു മനസ്സി ലാക്കിയതിനാൽ എല്ലാവരേയും രക്ഷപ്പെടുത്താൻ സാധി ച്ചു.**

**പിറ്റേദിവസത്തെ എല്ലാ പത്രങ്ങളിലും ഫോട്ടോ സഹിതം വാർത്ത വന്നു. എല്ലാവരിലും അതൊരു സംസാര വിഷയ മായി. പിന്നീടുള്ള മൂന്നു ഷോയുടെ നടത്തിപ്പിനായി വിജ**

യേട്ടൻ എന്നെ വിളിച്ചുവരുത്തി. ആദ്യത്തെ ഷോ ഫിലാഡെൽഫിയാ, രണ്ടാമത് വാഷിംഗ്ടൺ, പിന്നെ ന്യൂയോർക്ക് അതായിരുന്നു ഒടുവിലത്തെ പ്രോഗ്രാം.

അന്ന് വിജയേട്ടൻ പ്രശസ്തരായ ചിലരെ വിളിച്ചുവരുത്തിയിരുന്നു. ഷോ കഴിഞ്ഞ് വലിയൊരു ഡിന്നറും ഏർപ്പാടാക്കി. പെണ്ണുങ്ങളെയെല്ലാം ഞാൻ പ്രോഗ്രാം കഴിഞ്ഞ് ഹോട്ടലിൽ കൊണ്ടുപോയി അവർക്കുവേണ്ട ഭക്ഷണവും ഏർപ്പാടാക്കി തിരിച്ചുവന്നപ്പോൾ ഒരു വലിയ വട്ടമേശയ്ക്കുചുറ്റും ഇരുന്ന് ബിജുമെനോനും, രഞ്ജിത്തും, ചില മലയാളി സുഹൃത്തുക്കളും കൂടി സംസാരിക്കുന്നതുകണ്ടു. ഞാൻ സംഘാടകരുമായി സംസാരിക്കുന്നതിനിടയിൽ വലിയൊരു ശബ്ദം കേട്ടാണ് തിരിഞ്ഞു നോക്കിയത്. ബിജുമേനോൻ അടുത്തുകിടന്ന ഒരു സ്റ്റീൽ കസേര എടുത്ത് നിലത്തേക്കു എറിയുന്ന കാഴ്ച കണ്ട് ഞാൻ ഓടി അടുത്തേക്ക് ചെന്നു. കാഴ്ചയിൽ തന്നെ അതിശക്തനെന്നു തോന്നിക്കുന്ന ഒരാളുടെ നേരെ ബിജുമേനോൻ തല്ലാൻ കൈ ഓങ്ങുന്നു. എല്ലാവരും കൂടി ബിജുവിനെ പിടിച്ചുമാറ്റി. അന്തരീക്ഷം വഷളാകുന്നതുകണ്ട് എല്ലാവരേയും ഉടൻ ഞാൻ ഹാളിൽ നിന്നു പുറത്തേക്കിറക്കി വാനിൽ കയറ്റി ഹോട്ടലിലേക്കു പോകുമ്പോൾ വണ്ടിയിൽ വച്ച് കരയുന്ന ബിജുവിനെ രഞ്ജിത്ത് ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു. ഹോട്ടലിൽ ചെന്ന് ഞാൻ ബിജുവിനോടു കാര്യം തിരക്കി. ബിജു ഗൗരവത്തിലായിരുന്നു എന്നോടു സംസാരിച്ചത്. സണ്ണിച്ചായൻ ഇടപെട്ടതുകൊണ്ടാ ഞാൻ അവനെ തല്ലാതെ വിട്ടത്. അവൻ എന്നോടു ചോദിച്ചതു കേട്ടില്ലേ... ‘‘മ്മടെ സംയുക്തേന്റെ കളിയെങ്ങനേണ്ട് ഒന്ന് കളിക്കാൻ കിട്ട്വോ?’’.

ഒരു കോഴിക്കോട്ടുകാരൻ ആയിരുന്നു ബിജുമേനോനുമായി വഴക്കുണ്ടാക്കിയ വ്യക്തിയെന്നു പിന്നീടെനിക്കു മനസ്സി

ലായി. പിറ്റേദിവസം ഞാൻ അയാളെ കണ്ടു സംസാരിച്ചു.

''അതേ സണ്ണി ഞാൻ സംസാരിച്ച കണ്ണൂർ ഭാഷ ഓന് മനസ്സിലാകാത്തതുകൊണ്ടാ എന്നോടു തട്ടിക്കറിയത്. സംയുക്താവർമ്മേന്റെ ഡാൻസ് എങ്ങിനെയുണ്ട് ഒരു പ്രോഗ്രാമിന് കിട്ടുമോ എന്നാണു ഞാൻ ചോദിച്ചത്. ഓനത് തെറ്റിദ്ധരിച്ചു. ഞാനെന്തു ചെയ്യാനാ?''

ആയിടയ്ക്കാണ് ഏഷ്യാനെറ്റ് അമേരിക്കയിൽ മലയാളികൾക്കുവേണ്ടി സംപ്രേഷണം ചെയ്യാനുള്ള ഒരുക്കങ്ങൾ നടക്കുന്നതായി അറിഞ്ഞത്. ഞാൻ വിജയേട്ടനുമായി സംസാരിച്ചു. വിജയേട്ടൻ പറഞ്ഞു:-

''സണ്ണിയ്ക്കൊരു മുൻപരിചയമുണ്ടല്ലോ? സുനിലും, അഗസ്റ്റിനും, സണ്ണിയും കൂടിയല്ലേ നേരത്തെ ടി.കെ.ആർ. കേബിളിൽ കൂടി നിങ്ങളാവശ്യപ്പെട്ട ചലച്ചിത്രഗാനങ്ങളും, വാർത്തകളും ഒക്കെ പ്രക്ഷേപണം ചെയ്തിരുന്നത്. ധൈര്യമായി മുന്നോട്ട പോയ്ക്കോ''. അതൊരു ധൈര്യമായിരുന്നു. ഞാൻ സുരേഷ് ബാബുവുമായി സംസാരിച്ചു. തുടർന്ന് മലയാളികൾ തിങ്ങിപ്പാർക്കുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിലെ പ്രധാനപ്പെട്ട വ്യക്തികളുമായി സഹകരിച്ച് കാര്യങ്ങൾ നീക്കാൻ തീരുമാനിച്ചു. ന്യൂയോർക്ക് Tristate ഏരിയായിൽ സുനിൽ, ഫിലാഡെൽഫിയായിൽ ക്രിസ്റ്റഫർ ജോൺ, ഫ്ളോറിഡായിൽ മാത്യുവർഗ്ഗീസ്, ഷിക്കാഗോയിൽ ഷാജു, കാലിഫോർണിയായിൽ സോദരൻ, ടെക്സാസിൽ ഞാനും. എന്റെ ജോലിത്തിരക്കുകാരണം ടെക്സാസ് രണ്ടായി തിരിച്ച് ഹ്യൂസ്റ്റണിൽ എന്റെ സുഹൃത്തായ ഡയസിനെ ഏല്പ്പിച്ച് പ്രവർത്തനം തുടങ്ങി.

ഗ്ലോബ് കാസ്റ്റ് എന്ന കമ്പനിയുടെ ഡിഷും സെറ്റ് ബോക്സും വേണം ചാനലിന്റെ സിഗ്നൽ കിട്ടുവാൻ. എല്ലാം കൂടി ഏതാണ്ട് 600 ഡോളർ വരും. ന്യൂയോർക്കിൽ വെച്ച് ഒരു

പ്രസ്സ് കോൺഫറൻസ് നടത്തി ഏഷ്യാനെറ്റ്, എം.ഡി. ഡോ. റജിമേനോന്റെ നേതൃത്വത്തിലായിരുന്നു മീറ്റിംഗ്, അതിൽ പലരും പല സംശയങ്ങളും ചോദിച്ച കൂട്ടത്തിൽ പോൾ കറുകപ്പള്ളി ചോദിച്ചു.

''ഇത്രയധികം പണം ചിലവാക്കാൻ സാധാരണ മലയാളികൾക്ക് ബുദ്ധിമുട്ടാണ്. തന്നെയുമല്ല മുന്നോട്ടു പോകുമെന്ന് എന്താണ് ഉറപ്പ്''.

റെജിമേനോൻ പറഞ്ഞ മറുപടി ഞാൻ ഇന്നും ഓർക്കുന്നുണ്ട്. മലയാളിക്ക് സംശയം കൂടപ്പിറപ്പാണ്. അതുകൊണ്ടാണ് നാട്ടിലൊരു വികസനവും വരാത്തത്. ഒരു വള്ളിക്കുട്ടയിൽ ടയർട്യൂബ് മുറിച്ചു വച്ച് അതിൽ ഐസുമിട്ട് മീൻ വിൽക്കാൻ നടന്നിരുന്നവർ ഇന്നത് വള്ളിക്കുട്ടയ്ക്കു പകരം അലൂമിനിയം പാത്രമാക്കി. കൂടെ കയ്യിൽ ഒരു മൊബൈലും. ഇതാണു നാട്ടിലെ വികസനം. നിങ്ങളുടെ ബുദ്ധിമുട്ട് ഞാൻ മനസ്സിലാക്കുന്നു. തൽക്കാലം പണം ചിലവഴിക്കാൻ താല്പ്പര്യമുള്ളവർ മാത്രം എടുക്കട്ടേ. മുന്നോട്ട് പോകുന്നുണ്ടെന്ന് ഉറപ്പായാൽ മാത്രം മറ്റുള്ളവർ എടുക്കുക അതല്ലേ നല്ലത്.

മരുഭൂമിയിൽ വന്ന പെരുമഴപോലെയായിരുന്നു അമേരിക്കൻ മലയാളികൾ ഏഷ്യാനെറ്റിനെ സ്വീകരിച്ചത്. തങ്ങളുടെ സ്വന്തം സ്വീകരണമുറിയിൽ നാട്ടിൽ നടക്കുന്ന ഓരോ സ്പന്ദനവും അപ്പോഴപ്പോൾ കാണുവാൻ സാധിച്ചത് വലിയൊരു അനുഭവമായിരുന്നു. വേറൊരു സത്യമുണ്ട് മുൻ തലമുറക്കാർ ടെലിവിഷൻ പ്രചാരത്തിലാകുന്നതിനു മുൻപേ കേരളത്തിൽ നിന്നും പോന്നവരാണ്. അവർക്കായിരുന്നു കാണുവാൻ ഏറെ ഉത്സാഹം. ഏതാനും മാസങ്ങൾക്കുള്ളിൽ ഏതാണ്ട് രണ്ടായിരത്തോളം മലയാളി വീടുകളിൽ ഏഷ്യാനെറ്റ് എത്തി. പെട്ടെന്ന് കസ്റ്റമർ കുറഞ്ഞു. ഉടൻ ഞാൻ സുനിലുമായി ആലോചിച്ചു. സുനിൽ പറഞ്ഞു:-

**"പണ്ടു നിങ്ങൾ ടി.കെ.ആർ. കേബൾ നെറ്റ് വർക്കിലൂടെ ഒരു മണിക്കൂർ നിങ്ങൾ ആവശ്യപ്പെട്ട ചലച്ചിത്രഗാനങ്ങൾ ചെയ്തപോലെ ഒരു പരിപാടി തുടങ്ങിയാലോ?"**

**അങ്ങനെ യു.എസ്. വീക്കിലി റൗണ്ട് അപ്പ് എന്ന പേരിൽ സുനിലിന്റെ സഹോദരൻ ജെയിംസിന്റെ ബേസ് മെന്റിൽ മനോഹരമായൊരു ന്യൂസ് റീഡിംഗ് റൂം തയ്യാറാക്കി. അതിൽ അമേരിക്കൻ മലയാളികളെ സംബന്ധിക്കുന്ന കാര്യങ്ങൾ, ക്രിസ്ത്യൻ പള്ളികളുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി പ്രക്ഷേപണം തുടങ്ങി. പ്രേക്ഷകർക്ക് അതൊരു ഉണർവ് കിട്ടിയെന്ന് മനസ്സിലായപ്പോൾ വരുമാന മാർഗ്ഗത്തിനുവേണ്ടി ആഴ്ചയിൽ രണ്ടു ദവസം "Our Guest" എന്നൊരു പ്രോഗ്രാം തുടങ്ങി. വളരെ വിജയകരമായിത്തന്നെ പ്രസ്ഥാനം മുന്നോട്ടു പാഞ്ഞു. ഇന്നു ഞാൻ തിരിഞ്ഞുനോക്കുമ്പോൾ വളരെ സന്തോഷം തോന്നുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ചവർ എന്നെ സ്നേഹിച്ചവരുടെയെല്ലാം പിന്തുണകൊണ്ട് മാത്രമാണ് എനിക്ക് ഇവിടംവരെ എത്താൻ സാധിച്ചതെന്നുള്ളത് ഞാൻ നന്ദിയോടെ ഓർക്കുന്നു. എന്റെ ജീവിതാനുഭവങ്ങൾ ആർക്കെങ്കിലും പ്രചോദനമാകുമെങ്കിൽ ഞാൻ ധന്യനായി.**

"Our life is like a river.

The destination is set, but the
method of our journeying is up to us.

We can cruise down the middle of
the river at top speed.

We can crash over rapids or chart a
safer path between obstacles.

We can slum along the bottom in the mire and slime of sediment, or we can glide along the sparkling surface where the air is clean.

The river is ours from birth to death.

How we'll navigate it is determined by the

hundreds of small choices we make each day.

As I can hear the sound of Ocean I can't wait to Join.